മഹാകവി

കേ. സി. കേശവപിള്ള

1949 മുതൽ

[സ്കൂൾഫൈനൽ പരീക്ഷക്ക് അംഗീകരിക്കപ്പെട്ടതു്.]

ഗ്രന്ഥകർത്താ:

വിദ്വാൻ എ. ഡി. ഹരിശർമ്മാ,

എം. ആർ. എ. എസ്സ്.

TRICHUR.

SARASWATHI (ELECTRIC) PTG. & PBG. HOUSE

2nd. Edition; 1948 June /1123 Edavom.

Price 1-8-0] Copy-right to Publishers [വില 1_8_0.

Biblioteca Nacional
Buenos Aires

F. P. Hammond
Form VI

മഹാകവി

കേ. സി. കേശവപിള്ള

1949 മുതൽ

[സ്കൂൾഫൈനൽ പരീക്ഷക്ക് അംഗീകരിക്കപ്പെട്ടത്.]

ഗ്രന്ഥകർത്താവ്:

വിദ്വാൻ ഏ. ഡി. ഹരിശർമ്മാ,

എം. ആർ. ഏ. എസ്സ്.

TRICHUR.

SARASWATHI (ELECTRIC) PTG. & PBG. HOUSE,

2nt Edition; 1948 June/1123 Edavom.

Price 1-8-0] Copy-right to Publishers [വില 1_8_0.

വിഷയാനുക്രമണിക

അദ്ധ്യായം		ഭാഗം
1.	സമാരംഭം	
	എ. ഉപക്രമം	1
	ബി. ബാല്യവും വിദ്യാഭ്യാസവും	3
	സി. "പാഠം ശിഷ്യഃ സപ്രമേധയം"	10
2.	കാവ്യാഭ്യാസസഞ്ചാരം	11
3.	ഉൽകൃഷ്ടസോപാനം	25
4.	കേ. സി., കവിസംഘത്തിൽ	
	എ. മലയാളമനോരമ	37
	ബി. കവിസമാജം	53
	സി. ഭാഷാപോഷിണി	58
5.	ദ്വിതീയാക്ഷരപ്രാസവാദം	62
6.	കവിതാനിരൂപണം	
	എ. ആമുഖം	111
	ബി. രണ്ടു തർജ്ജമകൾ	112
	സി. നാലു സന്ദേശങ്ങൾ	124
	ഡി. മറ്റു കൃതികൾ	133
	ഇ കേരളീയം	142
7.	പലവക	
	എ. വ്യക്തിമഹത്ത്വം	172
	ബി. കഥകളിയെപ്പറ്റി	175
	സി. ഡയറിയെഴുത്ത്	177
	ഉപസംഹാരം	180

മുഖവുര.

മഹാകവി കേ. സി., കാലയവനികയ്ക്കുള്ളിൽ അന്തർധാനം ചെയ്തിട്ട് മുപ്പതുകൊല്ലം തികയാൻ ഇനി ഏതാനും മാസങ്ങൾ മാത്രമേ വേണ്ടൂ. ഈ നീണ്ട കാലഘട്ടത്തിനിടയിൽ നമ്മുടെ ജീവചരിത്രകാരന്മാരിലാരുതന്നെ അദ്ദേഹത്തെ സ്മരിച്ചതായി കാണുന്നില്ല. ആ കവിയെ യഥാശക്തി പരിഹരിക്കാൻ ചെയ്ത ശ്രമത്തിന്റെ ഫലമാണ് ഈ പുസ്തകം. കേ. സി. യെപ്പറ്റി പറയാനുള്ള സംഗതികളെല്ലാം എണ്ണിയെണ്ണി പറഞ്ഞുതീർക്കുന്നതിലല്ല, പറയുന്നതെല്ലാം പരമാർത്ഥമായിരിക്കുന്നതിലത്രേ, ഞാൻ അധികം ശ്രദ്ധ പതിപ്പിച്ചിട്ടുള്ളതു്. സംഭവവിവരണത്തിന്റെ തണലിൽനിന്നു കൊണ്ടു് സത്യത്തിന്റെ ചായം ഉപയോഗിച്ചാണ് ഇതെഴുതിത്തീർത്തിട്ടുള്ളതെന്നു സാരം.

മലയാളത്തിലെ ജീവചരിത്ര പ്രസ്ഥാനത്തിനു മാർഗ്ഗദർശനം ചെയ്തതു് ഇംഗ്ലീഷ് ഭാഷയാണല്ലൊ. ആ ഭാഷയിൽ പ്രസ്തുത പ്രസ്ഥാനം ഇന്നത്തെ ഉൽകൃഷ്ടനിലയിലെത്തിച്ചേർന്നിട്ടുള്ളതു് എത്രയെല്ലാം പടികൾ കടന്നിട്ടാണെന്നു മലയാളികളായ വായനക്കാർ—ജീവചരിത്രനിർമ്മാണത്തിനെ അനുമോദിക്കുന്നവർ പ്രത്യേകിച്ചും—അറിഞ്ഞിരിക്കുന്നതു നന്നായിരിക്കും. പ്രൊഫസ്സർ പി. ശങ്കരൻനമ്പ്യാരവർകൾ എം. എ., എഴുതിയുള്ള അല്പാക്ഷരവും അന്വർത്ഥവുമായ ഉപോദ്ഘാതത്തിൽ ഇംഗ്ലീഷിലെ ജീവചരിത്രപ്രസ്ഥാനത്തിന്റെ ചരിത്രം, സംക്ഷിപ്തമായിട്ടാണെങ്കിലും സ്ഫടിക സ്ഫുടമായ രീതിയിൽ, വിവരിച്ചിട്ടുണ്ട്. എന്റെ സാഹിത്യസംഭാഷണങ്ങളിൽ ഒരു ഉപദേഷ്ടാവിന്റെയും മാർഗ്ഗദർശിയുടേയും നിലയിൽ എന്നെ നിരന്തരം സഹായിച്ചുകൊണ്ടിരിക്കുന്ന

"സാഹിത്യനിപുണ"നായ ആ സുഹൃദയാഗ്രഗണ്യനോട് ഞാൻ അത്യന്തം കൃതജ്ഞനായിരിക്കുന്നു.

ശ്രീമാൻ ജി. ശങ്കരക്കുറുപ്പിന്റെ സൗഹാർദ്ദവും എന്റെ സാഹിത്യപരിശ്രമങ്ങളിൽ പലപ്പോഴും വെള്ളവീണിട്ടുണ്ട്. പ്രസ്തുതജീവചരിത്രത്തെ സംബന്ധിച്ച് അതിനെക്കുറെ പ്രകടമായ രീതിയിൽ ഉണ്ടായിട്ടുണ്ടെന്നു പറയാം. അല്പേഹം എഴുതിട്ടുള്ള "ആമുഖം" അതിനു് ഒരു പ്രത്യക്ഷോദാഹരണം മാത്രമാകുന്നു. മി: കുറുപ്പിന്റെ നിപുണമായ നിരൂപകദൃഷ്ടി, വള്ളത്തോൾ വൈദഗ്ദ്ധ്യത്തോടുകൂടി ശ്രീമതി രത്നത്തിന്റെ പ്രധാനമർമ്മങ്ങളിലെല്ലാം പതിഞ്ഞിട്ടുണ്ടെന്നു് അതു വായിക്കുന്ന ഓരോരുത്തർക്കും കാണാൻ കഴിയും. ഈ ശ്രീമതിയുടെ ഭയാശങ്കകളോടുകൂടി സുഹൃദയന്മാരെ "മുഖം കാണിക്കുന്നു" ചെല്ലുമ്പോഴും ആ ആമുഖം നിമിത്തമായ മാധ്യസ്ഥ്യം വഹിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. മഹാജനങ്ങളുടെ ഈ മദ്ധ്യസ്ഥതയെ സൃഷ്ടിച്ച ആ മനസ്സുസുഹൃത്തിനോടും ഞാൻ വളരെ കടപ്പെട്ടിരിക്കുന്നു.

കൊരളീദേവിയുടെ തൃപ്പാദങ്ങളിൽ, ഇതാ, ഈ എളിയ ഭക്തന്റെ വക ഒരു പുഷ്പവുംകൂടി! ഭക്തവത്സലയായ ദേവി അതു സസന്തോഷം സ്വീകരിച്ച് ഈ ആരാധകനെ അനുഗ്രഹിച്ചീടുകെ!

ഗ്രന്ഥകർത്താ.

ഉപോദ്ഘാതം

സ്മരിക്കപ്പെടുവാൻ അർഹതയുള്ള ഒരു വ്യക്തിയെയെങ്കിലും ഉത്തമജീവചരിത്രത്തിന്റെ വിഷയം; അതു് അദ്ദേഹത്തിന്റെ യോഗ്യതാംശത്തിനു ചേർന്ന ഒരു സ്മാരകമായിത്തീരത്തക്കവണ്ണം ഉൽകൃഷ്ടവും ശ്രേഷ്ഠവുമായി രചിക്കപ്പെടുകയും വേണം. വ്യക്തിയുടെ ജീവിതത്തേയും സ്വഭാവത്തേയും സ്പർശിക്കുന്ന സംഗതികൾ അസംഖ്യങ്ങളും വിവിധങ്ങളുമായിരിക്കും. അക്കൂട്ടത്തിൽനിന്നു ഗ്രഹിക്കേണ്ടവയെ ഗ്രഹിക്കുകയും ത്യജിക്കേണ്ടവയെ ത്യജിക്കുകയും ചെയ്യുന്ന കാര്യത്തിൽ എത്ര മനസ്സിരുത്തിയാലും അധികമായിപ്പോകുന്നതല്ല. ഓരോ കണ്ടെത്തൽ. വ്യക്തിയെപ്പറ്റിയുള്ള മുഴുവനും തെളിയിച്ചു കാണിക്കുന്നതിനാണ് ജീവചരിത്രകാരന്റെ കഠിനപരിശ്രമം പ്രത്യക്ഷമാകുന്നതു്. അഭിനന്ദനാർഹങ്ങളായ അംശങ്ങളെമാത്രമെടുത്തു്, കുറെ അതിശയോക്തിയും ചേർത്തു്, വർണ്ണിച്ചാൽ അതു വാസ്തവപ്രതീതിക്കു വിരുദ്ധമായിപ്പരിണമിക്കുന്നതാണ്. മറയെക്കുറിച്ചുള്ള മതിപ്പിനു കുറവുവന്നേയ്ക്കുമെന്ന ഭയപ്പെട്ടു്, അദ്ദേഹത്തിന്റെ ന്യൂനതകളെ സൂത്രത്തിൽ വിസ്മരിച്ചുകൊണ്ടും, ഉള്ളതിനെ ഇല്ലാതാക്കിയും, ഇല്ലാത്തതിനെ ഉണ്ടാക്കിയും, രചിക്കുന്ന ജീവചരിത്രം വിശ്വാസയോഗ്യമല്ലെന്നു വായനക്കാർ പരിച്ചാൽ അത്ഭുതമില്ലല്ലോ. അപ്പോൾ അതിനെ അവർ അത്യുത്സുകമാത്രമേ വിലവെയ്ക്കുകയും ചെയ്യുകയുള്ളൂ. എന്നാൽ മറയെകന്റെ ദോഷാംശങ്ങളും മുഴുവനും അങ്ങനെതന്നെ ജീവചരിത്രത്തിൽ എടുത്തുകാണിക്കുക എന്നുവെച്ചാൽ, അതു വൈക്ഷമ്യജടിലമായിരിക്കുമെന്നും സ്പഷ്ടമാകുന്നു. ഒന്നാമതു്, മരിച്ചുപോയവരെപ്പറ്റിയുള്ള ദോഷപ്രഖ്യാപനം ഒരു മഹാപാതകമായിട്ടാണ് നാം കരുതിപ്പോരുന്നതു്. പരേതന്റെ

ശരീരത്തോടൊപ്പംതന്നെ അദ്ദേഹത്തിന്റെ ദോഷംകൊണ്ടുള്ള യും കഴിച്ചുകൂടണമെന്നാണ് സമുദായസങ്കേതം വിധിച്ചിട്ടുള്ളത്. മൽസരാഞ്ഞവരെ ഭക്തിസ്സന്ദർഭങ്ങളോടുകൂടിമാത്രമേ സ്മരിക്കാവൂ, അവരുടെ കാര്യങ്ങളേയും കാവ്യങ്ങളേയും കുത്തിപ്പൊക്കിക്കാണിക്കരുതു്, എന്നാണക്കയാണ് മനുഷ്യർ എല്ലാക്കാലത്തും എല്ലാദേശത്തും നിശ്ചയിച്ചിട്ടുള്ളതു്. സത്യം സമഗ്രമായി പ്രകാശിപ്പിക്കുന്നകാര്യത്തിൽ ജീവചരിത്രകാരന്റെ വഴിയിൽ വിലങ്ങുതടിച്ചുകിടക്കുന്ന ഒരു വലിയ പ്രതിബന്ധമാണ് ഇതു്. കൂടാതെ, പരേതന്റെ ബന്ധുമിത്രങ്ങൾ ജീവിച്ചിരിപ്പുണ്ടെങ്കിൽ അവർക്കുണ്ടാകാവുന്ന വികാരങ്ങളെ പ്രണപ്പെട്ടുത്താതെ നോക്കേണ്ടതായും വരുന്നു. ജീവപ്രഖ്യാപനം ചിലപ്പോൾ അവർക്കു നിർദ്ദയകമായേയ്ക്കാം! അവരുടെ മുഷിച്ചൽ എല്ലാംതിരിക്കേണമെന്ന നിർബ്ബന്ധമുള്ള ജീവചരിത്രകാരൻ, വിഷയത്തിന്റെ ഒരുവശം മിക്കവാറും മറച്ചുവെക്കേണ്ടതായിത്തന്നെവരും. അങ്ങനെ ചെയ്താൽ, മുമ്പുപറഞ്ഞപോലെ, ന്യൂനം, ചരിത്രദൃഷ്ട്യാ നോക്കിയാലും സാഹിത്യദൃഷ്ട്യാ നോക്കിയാലും, അധഃപതിക്കുന്നതായിക്കാണുകയും ചെയ്യും. എന്നുവെച്ച്, നായകന്റെ വ്യക്തിപരമായ ചെറുകലഹങ്ങളേയും ന്യൂനതകളേയും മുഴുവൻ ആരാഞ്ഞറിഞ്ഞു വിസ്തരിച്ചു പ്രതിപാദിക്കുന്നതു് ആവശ്യമാണെന്നും സിദ്ധാന്തിക്കേണ്ടതില്ല. വാസ്തവത്തിൽ ജീവചരിത്രസാമഗ്രികളെ ലേഖരിച്ചു വിലകല്പനചെയ്യുക, ഇക്കാര്യത്തിൽ കൈകൊള്ളാവുന്ന ഒരു നല്ല കലതന്നെയാണ്. അതിനു വിഷയീഭവിക്കുന്ന വ്യക്തിയെ യഥാർത്ഥജീവിതത്തിലെന്നപോലെ നമ്മുടെ മുമ്പിൽ കാണാറാക്കുകയാണ് ഉത്തമജീവചരിത്രംകൊണ്ടു സാധിക്കേണ്ടതു്. അല്പമെങ്കിലും യാതൊരു ന്യൂനതയുമില്ലാത്ത ഒരു മനുഷ്യനാണ് അയാൾ എന്നു വരുത്തിക്കൂട്ടുവാൻ നോ

ക്കിയാൽ, അതിന്റെ ഫലമായി ഗ്രന്ഥത്തിൽ കാണുക ഒരു വ്യക്തിയെ അല്ലാ, ഒരാദർശത്തെ, ഒരാശയത്തെ മാത്രമായിരിക്കും; അതിനൊട്ടു ജീവനുണ്ടായിരിക്കയില്ല.

ചുരുക്കിപ്പറഞ്ഞാൽ, വലിയവരെ ചെറുതാക്കുകയോ, ചെറിയവരെ വലുതാക്കുകയോ അല്ലാ ജീവചരിത്രത്തിന്റെ ഉദ്ദേശ്യമെന്നു് ആദ്യമേ വിശദമാക്കേണ്ടിയിരിക്കുന്നു. അതിനു വിഷയമായ വ്യക്തിയുടെ ജീവിതപ്രയത്നത്തിലെ അനുഭവങ്ങളെ വാസ്തവരൂപത്തിൽ പ്രകാശിപ്പിക്കുകയാണു് അതിന്റെ ധർമ്മം. ഈ രീതിയിലുള്ള ശരിയായ ജീവചരിത്രം യൂറോപ്പിൽ ആവിർഭവിച്ചതു അധുനികയുഗത്തിൽമാത്രമാണു്. പ്രാചീനകാലങ്ങളിലാകട്ടേ, ജീവചരിത്രം രാജ്യചരിത്രത്തിൽ ലയിച്ചുകിടക്കുകയാണു് ചെയ്തിരുന്നതു്. അല്ലെങ്കിൽ, ഏതാനും ചില പാഠങ്ങൾ പഠിപ്പിക്കുകയോ സദാരോപദേശങ്ങൾ നല്കുകയോ ചെയ്യുവാനുള്ള. "സാധന"ങ്ങളായി വ്യക്തികളുടെ ജീവചരിത്രങ്ങൾ എഴുതപ്പെട്ടിരുന്നു; അവയിൽ ഗ്രന്ഥകാരന്മാരുടെ ധർമ്മോപദേശവ്യഗ്രത മുഴച്ചുകാണുകയും ചെയ്യുമായിരുന്നു. പാരമ്പര്യവ്യക്തിയുടെ പുനഃസൃഷ്ടിയിലല്ല, സിദ്ധാന്തസ്ഥാപനത്തിലായിരുന്നു അവർ കൂടുതൽ താൽപര്യം പ്രകടിപ്പിച്ചതെന്നു സാരം. ജീവചരിത്രം മിക്കപ്പോഴും കേവലം സ്തുതിപാഠം മാത്രമായിരുന്നു. മരിച്ചവരെക്കുറിച്ചുള്ള "ചരമപ്രശംസാ" (Funeral Orations) രൂപത്തിലായിരുന്ന അവയിലെ പ്രതിപാദനം. ഓരോ ചില ജീവചരിത്രങ്ങളിൽ വ്യക്തിയെ ഏതെങ്കിലും ഒരു യത്നത്തിന്റെ പ്രതിനിധി എന്ന നിലയിൽ സാമാന്യമായി വർണ്ണിച്ചിട്ടുള്ളതായും കാണാം; ജീവിതമാണു്; വ്യക്തിതമല്ലാ, അവയിൽ പ്രകാശിക്കുന്നതെന്നു പറയേണ്ടതില്ലല്ലോ. ഇങ്ങനെ കേവലം പ്രകീർത്തിക്കുവാനോ, ആദർശങ്ങളെ പ്രചരിപ്പിക്കുവാനോ, പലതരക്കാരായ മനു

ഷ്യരുടെ കൂട്ടത്തിൽ ഏതെങ്കിലും ചില പ്രത്യേകതരക്കാരെ മാത്രമായിട്ടു പോണ പ്രകാശിപ്പിക്കുവാനോ വേണ്ടി പ്രധാനമായ ജീവചരിത്രമെഴുതുക എന്ന സമ്പ്രദായം, പതിനെട്ടാം ശതവർഷമായപ്പോഴേയ്ക്കും വ്യക്തിപ്രധാനമായ നൂതന സമ്പ്രദായത്തിനു വഴികൊടുത്തു പിന്മാറി. ഡോക്ടർ ജോൺസൺ ജീവചരിത്രകാരനുടെ മഹത്വം ഗ്രഹിച്ച് സ്വകൃതികളുടാഹരിച്ചു കാണിച്ചു. അദ്ദേഹത്തിനുശേഷം അനേകം ഉൽകൃഷ്ടജീവചരിത്രങ്ങൾ ഇംഗ്ലീഷിൽ ഇടതടെ ഉണ്ടായിക്കൊണ്ടിരുന്നിട്ടുണ്ട്. അവയിൽവെച്ച് അഗ്രഗണ്യമായിട്ടുള്ളതു, അദ്ദേഹത്തെക്കുറിച്ചു ബോസ്വൽ എഴുതിട്ടുള്ള ആ ജഗൽപ്രസിദ്ധമായ ബൃഹൽഗ്രന്ഥംതന്നെയാണ്. സ്കോട്ടിനെപ്പറ്റി അദ്ദേഹത്തിന്റെ ജാമാതാവായ ലോക്കാർട്ട് നിർമ്മിച്ചിട്ടുള്ള ഗ്രന്ഥം അതിനോടടുത്തുനില്പുണ്ട്. പതിനാലാം ശതവർഷംമുതൽ ഇംഗ്ലീഷിൽ എത്ര ജീവചരിത്രങ്ങളാണ് ആവിർഭവിച്ചിട്ടുള്ളതെന്നതിനു കൈയും കണക്കുമില്ല. അവയിൽ ചിലതു പൂർണ്ണജീവചരിത്രമല്ല,—നായകന്റെ ജീവിതത്തിലെ ഏതെങ്കിലുമൊരംശമാത്രം, ഒരധ്യായം, ഒരു വശം, മാത്രമെടുത്തു സ്ഫടിക സ്ഫുടമായി പ്രകാശിപ്പിക്കുന്നതരത്തിലുള്ളതാണ്. ചിലതു ആഖ്യായികാരൂപത്തിലും നിർമ്മിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ ഇതിൽ വെച്ചു ലിട്ടൺസ്ട്രാച്ചി എന്ന സരസസാഹിത്യകാരൻ എഴുതിട്ടുള്ള ജീവചരിത്രങ്ങൾ സവിശേഷം ശ്രദ്ധാർഹങ്ങളാകുന്നു. അദ്ദേഹം മനുഷ്യരെ മനുഷ്യരായിത്തന്നെ കാണിക്കേണമെന്ന നിർബ്ബന്ധക്കാരനാകയാൽ, നായകന്റേയോ നായികയുടേയോ ഗുണങ്ങളേയും ദോഷങ്ങളേയും ഏകദേശം തുല്യപ്രാധാന്യത്തോടുകൂടി വിഭാവനചെയ്തിട്ടുള്ളതായി കാണാം. ചിലപ്പോൾ അദ്ദേഹം തന്റെ നായകനേയോ നായികയേയോ കല്പിച്ചുകൂട്ടി അപഹസിക്കുന്നുണ്ടോ

എന്നപോലും വായനക്കാർക്ക് സംശയം തോന്നിപ്പോകും. ഏതുൽകൃഷ്ടവ്യക്തിയായാലും വേണ്ടതില്ല, എത്രവലിയ "മഹാ" നെങ്കിലുമായിക്കൊള്ളട്ടേ, അദ്ദേഹത്തെസ്സംബന്ധിച്ചേടത്തോളം, സ്വഭാവത്തിനു നാനാവൽങ്ങളുണ്ടായിരിക്കുമെന്നും, ജീവിതത്തിൽ ഏറെക്കുളം ഇറക്കങ്ങളും കയറ്റമെന്നും, കഴിവുകൾക്കു പരിമിതികളും അസാധാരണശക്തികളോടൊപ്പം ചില സാധാരണ ദൗർബ്ബല്യങ്ങളും പ്രത്യക്ഷമായേയ്ക്കാമെന്നുമുള്ള തത്വം സംക്ഷിപ്തമായി തന്റെ ജീവചരിത്രത്തിൽക്കൂടി അടിസ്ഥാനമായി സ്വീകരിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ രീതിയെ അപലപിക്കുന്ന വിമർശകന്മാരേയും അങ്ങിങ്ങു കാണാൻ കഴിഞ്ഞേയ്ക്കും. എന്തായാലും വാസ്തവത്തെ തിരെ മൂടിവെച്ചുകൊണ്ട്, മനുഷ്യനെ അമനുഷ്യനാക്കിക്കാണിക്കുവാൻ ശ്രമിക്കുന്ന ഗ്രന്ഥകാരനു്, വിശ്വാസയോഗ്യവും സജീവവുമായ ജീവചരിത്രം എഴുതുവാൻ സാധിക്കുന്നതല്ലെന്നു സുസ്പഷ്ടമാണു്.

മലയാളത്തിലെ ജീവചരിത്രകാരന്മാരുടെ കൂട്ടത്തിൽ അഗ്രഗണ്യനായ വിദ്വാൻ ഏ. ഡി. ഹരിശർമ്മ അവർകളും പ്രസ്താവനാരായ പല സാഹിത്യകാരന്മാരേയും നമുക്കു പരിചയപ്പെടുത്തിത്തന്നുകഴിഞ്ഞിരിക്കുന്നു. രണ്ടു സാഹിത്യനായകന്മാർ (കേരളവർമ്മദേവനും മാധവനേയനും), പന്തളത്തു കുമ്പുരൻ, ഒടുവിൽ കുഞ്ഞുകൃഷ്ണമേനോൻ, കുമാരനാശാൻ, കണ്ടത്തിൽ വറുഗീസ്സ് മാപ്പിള മുതലായ അനേകം സൃഷ്ടാക്കന്മാർ അദ്ദേഹത്തിന്റെ മുഖികാവിലാസഹായമായി വായനക്കാരുടെ മുമ്പാകെ, യഥാർത്ഥജീവിതത്തിലെന്നപോലെ, ഇന്നും പ്രത്യക്ഷീഭവിച്ചു പ്രശോഭിക്കുന്ന മഹാത്മത്തിന്റെ കണികകളെ—വിശിഷ്യ സാഹിത്യത്തിൽ—എവിടെ കണ്ടാലും ഉള്ളഴിഞ്ഞാരാധിക്കുന്ന നിഷ്പക്ഷപാതിയാണു് ശ്രീമാൻ ഹരിശർമ്മയുള്ളതു്. ഇതുതന്നെയാണല്ലൊ ഒരു ജീവചരിത്ര

കാരണങ്ങളായിരിക്കേണ്ട പ്രഥമവും പ്രധാനവുമായ യോഗ്യത, പരോപകർഷാസഹിഷ്ണുതയും ഒരഭിമാനവും ജന്മവൈകല്യമായി സിദ്ധിച്ചിട്ടുള്ളവർക്ക് ജീവചരിത്രനിർമ്മിതിയിൽ വിജയം നേടുവാൻ ഞെരുക്കമായിരിക്കും. തന്നെ എവിടെക്കണ്ടാലും മണ്ണുമായി തന്മയത്വം പ്രാപിക്കുക, അന്യന്റെ ഉൽകർഷത്തിൽ ആനന്ദിക്കുക, സ്വതന്ത്രമായ ഇണാംഗത്തിൽ ലയിക്കാറാവുക, ഇത്യാദി നിർമ്മലസദ്ഗുണങ്ങൾ ഒരു ഉത്തമജീവചരിത്രകാരനു വലിയ നേട്ടങ്ങൾതന്നെയായിരിക്കും. ബോസ്വലിന്റെ കൃതി ഇത്ര മെച്ചപ്പെട്ടുവാനുള്ള കാരണം ബോസ്വലിന്റെ—ബാലിശമെന്നുപോലും പറയാവുന്ന—നായകഭക്തിയാണത്രെ. ഈ നായകഭക്തി എന്നു ഇണാംശ്രീമാൻ ഹരിലാൽമായ്ക്കു തികച്ചുമുണ്ടെന്ന് അദ്ദേഹവുമായി അടുത്തു പരിചയിച്ചിട്ടുള്ളവർക്കെല്ലാം നല്ലവണ്ണം അറിയുകയും ചെയ്യാം. എന്നാൽ ജീവചരിത്രങ്ങളിൽ ചിലേടത്തുള്ള തന്റെ അഭിപ്രായപാത്രങ്ങളായ നായകന്മാർക്ക് വൈപുല്യത്തിലുണ്ടായിരുന്നതായി അദ്ദേഹത്തിനു തോന്നീട്ടുള്ള ഏതാനും ചില ദൗർബ്ബല്യങ്ങളെ എടുത്തു കാണിച്ചു വിമർശിക്കുവാൻ അദ്ദേഹം മടിച്ചിട്ടുമില്ല. അതു് അദ്ദേഹം ഉത്തമവിശ്വാസത്തോടുകൂടി ചെയ്തിട്ടുള്ളതാണെന്നും വ്യക്തമാകുന്നു. അഭിപ്രായവ്യത്യാസങ്ങൾക്ക് ഏറ്റം കുറഞ്ഞിടമാണ് അവകാശമില്ലാത്തതു്? അദ്ദേഹത്തിനോടു വിയോജിക്കുന്നവർ അവരുടെ വിചാരാഭിപ്രായങ്ങളെ യുക്തിപൂർവ്വം സ്ഥാപിക്കുന്ന പക്ഷം അതിനെ ഒന്നാമതായി സ്വീകരിക്കുവാൻ അദ്ദേഹംതന്നെ മുന്നോട്ടുവരുന്നതായിരിക്കുമെന്നുള്ളതിനു യാതൊരു സന്ദേഹവുമില്ല.

ശ്രീമാൻ മായ്യുടെ ലേഖനങ്ങളിൽ പ്രതിപാദനേ സമ്പ്രദായത്തിനുള്ള സൈകുമാര്യം, മാഷയുള്ള അക്ലിഷ്ടലാളിത്യം, തൈഖരിക്കുള്ള പ്രസാദം, ആകപ്പാടെയുള്ള ഒഴുക്ക്,

എന്നിവയെല്ലാം സാഹിത്യലോകത്തിനു സുപരിചിതങ്ങളാണല്ലോ. ആവക ഗ്രന്ഥങ്ങളിൽ "കേ. സി. കേശവപിള്ള"യിലും തെളിഞ്ഞുകാണുന്നുണ്ട്. മറ്റു ജീവചരിത്രങ്ങളെ അപേക്ഷിച്ച് പ്രസ്തുത കൃതിക്കുള്ള ഒരു മെച്ചം, ഇതിൽ നായകന്റെ സമകാലികമായ സാഹിത്യപശ്ചാത്തലം വിശദമായി ചിത്രീകരിച്ചു കാണിച്ചിട്ടുണ്ടെന്നുള്ളതാണ്. ഗ്രന്ഥകർത്താവിന്റെ ശൈലി ഇതിൽ സച്ഛന്ദമായി വിഹരിച്ചിട്ടുണ്ട്. ആ സ്വാതന്ത്ര്യത്തിന്റെ സുഖാധിക്യം ഇതിൽ തെളിഞ്ഞുകാണുകയും ചെയ്യാം. ഇംഗ്ലീഷിലെ "സാഹിത്യകാരന്മാർ" (Men of Letters) എന്ന പുസ്തകപരമ്പരയുടെ പ്രതിരൂപം മലയാളത്തിൽ സൃഷ്ടിയിക്കാണിക്കുന്ന ഈ വിശിഷ്ടഗ്രന്ഥം എല്ലാംകൊണ്ടും ഭാഷയിലെ വിമർശസാഹിത്യത്തിനു് ഒരു മാന്യമായ സമ്പാദ്യം തന്നെയാണു്.

ഇതിനെപ്പറ്റി പ്രത്യേകം പറയുവാനുള്ളതെല്ലാം, ആദ്യം തന്നെ ഇതിനു് ഇത്രമേൽ സന്തോഷം വരുത്തിച്ചുതീർത്തതുകൊണ്ടു, സ്വയം പ്രവഹിച്ച അനുഭവലിഖിതശ്ലോകങ്ങളിൽ ഉൾപ്പെടുത്തിച്ചിട്ടുണ്ടു്:—

നേരോടുള്ളൊരു നല്ല തജ്ജ്ഞകളാൽ, പിന്നെ സ്വതന്ത്രങ്ങളാ-
മോരോ സൽകവനങ്ങളാൽ, പലവിധം ഭാഷയ്ക്കു ദൃഷ്ടാശതം
വാരോലുംപടി ചേർത്ത 'ഗദ്യകകവി' ശ്രേഷ്ഠന്റെ വൈശിഷ്ട്യമീ-
യാരോമൽ ചെറുപുസ്തകത്തിൽ മുഴുവൻ ചേണാറെ കാണുന്നു ഞാൻ. 1

ചൊല്ലാം സത്യ'മൊരേയിരുപ്പിൽ മുഴുവൻ വായിച്ചുതീർത്തേനിതെ-
ന്നല്ലാ, വീണ്ടുമതിങ്കലേ നിലയുറപ്പിക്കുന്നിതെന്മാനസം;
എല്ലാർക്കും രസമേകുമീ ലളിതമാം ഭാഷാപ്രവാഹത്തിലി-
ന്നല്ലാസത്തൊടു മുങ്ങുകല്ലൊഴികിപ്പോയിടിലില്ലുത്തമം. 2

മറ്റും ജീവചരിത്രനായകനെഴും സാഹിത്യപശ്ചാത്തലം
മറ്റാരും മണലായ്ന്നിടാതിരുവിധം ചിത്രീകരിച്ചീടുവാൻ
മറ്റുള്ളോർക്കെളുതല്ല; നല്ല മലയാളത്തിൽ പഠിപ്പിക്കുവാൻ
പറ്റും കോമളഗദ്യമേവമെഴുതുന്നോരും പരം ദുർല്ലഭം. 3

"കണ്ടത്തിൽ" പ്രതിപ്രപോദനലസൽസഹിത്യലോകത്തിലെ—
പ്പണ്ടത്തെക്കളരിപ്പയറാമുറയും, പ്രാസോഹവാദങ്ങളും,
രണ്ടദ്ധ്യായമൊഴിച്ചുവിട്ട വിവരിച്ചീള്ളോരു ഭാഗം രസാൽ—
ക്കണ്ടൻപോട്ട പഠിക്കുവാൻ പലതുമുണ്ടിന്നത്തെ ലോകത്തിനും. 4

എൻതോഴൻ ഹരിശർമ്മ, നിർമ്മലമനം കൈക്കൊണ്ട നിർമ്മിച്ചൊരീ—
സന്തോഷാമൃതവർഷശാന്തസുഭഗഗ്രന്ഥാന്തരീക്ഷത്തിലും,
ചിന്തോപപ്ലവകാരി മിന്നലൊളിയെന്നാഹന്ത! കാണുന്നു ഞാ—
നെന്തോ, കണ്ടറിയാമതേതുവഴിയാപ്പാഞ്ഞീടുമെന്നുള്ളതും. 5

ശ്രീമൻ! ജീവചരിത്രലേഖനകലാകാന്താരമാർഗ്ഗങ്ങളിൽ
സാമഞ്ജസ്യമെഴുംപടിക്കു പടവിന്യാസം നടത്തും ഭവാൻ
ഈ മന്നിങ്കലബദ്ധധാരണകളും മൂർഖപ്രിജിഹ്വങ്ങളെ—
സ്സാമർത്ഥ്യത്തൊടകറ്റി നിർത്തുവതിനായ് പ്രത്യേകമോർക്കണം. 6

നിത്യം നല്ലതു ചൊല്ലണം മൃതിയടഞ്ഞോരെക്കുറിച്ചെന്നു താൻ
മർത്ത്യൻ വെച്ചൊരു വെപ്പ്; വീഴ്ചകളും മറക്കേണം മരിച്ചീടുടൻ;
സത്യം സർവ്വമുരയ്ക്കിലായതു രുചിക്കില്ലാ കഥാനായനോ—
ടത്യന്തം ബഹുമാനവും മമതയും തോന്നുന്നവക്കൊക്കെയും. 7

കെ.സി. കേശവപിള്ളതൻ ഗുണഗണം ദോഷങ്ങളോടൊപ്പമായ്
കൂസീടാതിതിലെത്രയും വിശദമായ്ക്കാട്ടുന്ന ഘട്ടങ്ങളിൽ
കേസിന്നായ് വരുവോർമ്മതൻമപരാധോദ്ദാമഭാരംഭൃശം
ഭേസീടുന്നതിനായ് നിവർന്നു നിലകൊണ്ടാലും സഹായം നിർണ്ണയം. 8

പ്രൊഫസ്സർ പി. ശങ്കരൻ നമ്പ്യാർ, എം. എ.,
മഹാരാജകലാശാല, എറണാകുളം.

ആമുഖം

മൃത്യു ജീവിതത്തെ കൊള്ള ചെയ്യുന്നു. എന്നാൽ ലോകത്തിനു മിക്കപ്പോഴും അളകൊണ്ടു വലിയ ചേതം നേരിട്ടു ന്നില്ല. സംവേദിത്വവും സങ്കല്പദരിദ്രവും ആണെങ്കിൽ ആ വ്യക്തിജീവിതം അപഹൃതമായാൽ എന്താണ് വിഷാദിക്കാനുള്ളത്? "കക്കകം തെറിപ്പുതുണ്ടോ നഞ്ചിക്കുന്ന കടൽ?" എന്ന് ഉപഹാസഗർഭമായി പാരസീക കവിയായ ഉമർ ഖയ്യാം ചോദിക്കുന്നുണ്ട് ഈ പ്രപഞ്ചസാഗരത്തെ അനസ്യതിച്ചുകൊണ്ടാണ്. എങ്കിലും മൃത്യുവിന്റെ അലംഭാവരഹിതവും സർവ്വഗ്രാഹകവുമായ കൈയിൽ അകപ്പെടുന്നതു മഴുവൻ കക്കകളല്ലല്ലൊ. അമൂല്യങ്ങളായ അതിദുർല്ലഭരത്നങ്ങളും ആ ബലിഷ്ഠഹസ്തത്തിൽ സമഹരിക്കപ്പെടുന്നുണ്ട്. സത്യപ്രചാരകന്മാരും ധർമ്മപ്രചാരകന്മാരും സൗന്ദര്യപ്രകാരകന്മാരും ആയ മഹാപുരുഷന്മാരുടെ ജീവിതം ലോകത്തിന്റെ സർവ്വതിരസ്കാരിയായ സമ്പത്തുതന്നെയാകുന്നു. ആ ധനത്തെ മുറുകി പിടിച്ചുടക്കുമ്പോൾ സംസാരം നിസ്സാരവും നിസ്സാരവുമായി പരിണമിക്കുന്നതാണ്. ജീവചരിത്രകാരന്റെ മൃതസഞ്ജീവിനിയായ തൂലിക ആ അവസരത്തിലാണ് മരണത്തെ വെല്ലുവിളിക്കുന്നത്. സ്ഥൂലമായ ദേഹികരൂപം മാത്രം മൃത്യുവിനു വിട്ടുകൊടുത്തിട്ട് സൂക്ഷ്മമായ ആത്മാവിന്റെ അനശ്വരവിശേഷത്തെ ആ അനുഗൃഹീത മുകരപ്പിടിക്കയും ആ അഭേദതികോൽസംകൊണ്ട് നാമമില്ലാത്ത ഒരു വ്യക്തിയെ നിർമ്മിക്കയും ചെയ്യുന്നു. ജീവചരിത്രം പരേതന്റെ ഒരു വെറും സ്മാരകചിഹ്നമല്ല; ദേവനയുടെ ദിവ്യധാരയിൽ സ്നാനംചെയ്ത് അമരത്വം പ്രാപിച്ച ആത്മാവിന്റെ സജീവച്ഛായയാകുന്നു.

യഥാർത്ഥസംഭവങ്ങളുടെ ആഖ്യാനമാകയാൽ ചരിത്രത്തിന്റെ വിജ്ഞാനപ്രദമായ ഒരു ഉപശാഖയായിട്ടുമാത്രം താളുകളുതിരയെ കണക്കാക്കാവുന്നതല്ല; ഭാവനാത്മകമായ വ്യാപാരത്തിൽ ആഗ്രഹവും ആവേശവും അനുഭവോച്ചമാകത്തക്കവണ്ണം വ്യക്തിയുടെ ജീവിത സന്ദർഭത്തെയും സ്വഭാവസന്നതത്തെയും ആവിഷ്കരിക്കുന്ന ഗ്രന്ഥമാകയാൽ അതു് ഉൽകൃഷ്ടമായ ഒരു സാഹിത്യവിഭാഗത്തിലാകുന്നു. ജീവിതചരിത്രരചന ഒരു കലയത്രെ. ജീവിതചരിത്രം എഴുതുകയെന്നല്ല, ജീവിതചിത്രണം ചെയ്യുക എന്നാണ് വാസ്തവത്തിൽ പറയേണ്ടതു്. സമർത്ഥനായ ഒരു ആലേഖ്യകാരനാണ്, ആലേഖനവിഷയമായ വസ്തു തന്മയത്വത്തോടുകൂടി വരയ്ക്കുവാൻ എത്രതന്മയനാണ് നിരീക്ഷിക്കേണ്ടതെന്നുകൂടി അന്വേഷണതീക്ഷ്ണതയിലുണ്ടാകുന്ന വിവേകവും ലാവണ്യബോധവും ഉണ്ടായിരിക്കണമെന്നതാകുന്നു. ജീവിതചരിത്രകാരനും സാഹിത്യപാരത്തിനു വേണ്ടതും വേണ്ടത്തക്കതുമായ അറിവുകളും "രേഖ"കളും ധാരാളം സംഭരിച്ചുകൂട്ടുന്നതുമാത്രം മതിയാവില്ല. കൊള്ളാവുന്നതു തള്ളണം; കൊള്ളാവുന്നതു കൊള്ളണം. ഒരു ചോദ്യബോധത്തിന്റെ പരിണതഫലമായിട്ടാണ് ഈ വിഷയത്തിലുണ്ടാകുന്ന സാമർത്ഥ്യമാണ് ഏതു കലാകാരന്റെയും വിജയത്തിനു് ഏകാവലംബം.

പാത്രസ്വഭാവഭേദം അനുസരിച്ചു് പ്രതിപാദനരീതിയിൽ ഔചിത്യം വരുത്തേണ്ടിവരും. ബോസ്വൽ എഴുതിയ ജാൻസന്റെ ജീവചരിത്രം നായകന്റെ ജീവിതത്തിലെ അമൂല്യങ്ങളായൊന്നു തോന്നാവുന്ന സംഭാഷണങ്ങളേയും സംഭവങ്ങളേയുംകൂടി ഉൾക്കൊള്ളുന്ന ഒരു മഹാഗ്രന്ഥമാകുന്നു. ആ വിശിഷ്ടകൃതിയെ പ്രസ്തുത സാഹിത്യശാഖയുടെ പരമോൽകൃഷ്ടമായ പരിണതഫലമായിട്ടാണ് പരിഗണിച്ചുവരുന്നതും. ഇംഗ്ലീഷ്സാഹിത്യചരിത്രത്തിലെ ഒരു പ്രധാന

ക്കേട്ടത്തിന്റെ നേതൃത്വം വഹിച്ചിരുന്ന ഒരു സാധാരണപുരുഷന്റെ സ്വഭാവമുഖമായ സ്വഭാവവിശേഷത്തേയും മനോവ്യാപാരത്തേയും ചിന്താരീതിയേയും സംഭാഷണചാതുര്യത്തേയും പ്രകടിപ്പിക്കുവാൻ ആ സമ്പ്രദായം അത്യന്തോപയോഗിയായിരിക്കും. മലയാളസാഹിത്യകാരന്മാരിൽ അന്നെന്നേക്കുള്ള കാളിദാസനെപ്പോലെയുള്ള ഒരു വ്യക്തിയുടെ ജീവിതം ചിത്രണം ചെയ്യുമ്പോൾ ആ രീതിയായിരിക്കും അധികം ആദരണീയം. എന്നാൽ സ്വഭാവസാധാരണമായി അംഗീകരിക്കാവുന്ന ഒരു മാതൃകയുണ്ടോ അതെന്നു സംശയിക്കേണ്ടതുണ്ട്. ഒരു കവിയുടേയോ തത്ത്വചിന്തകന്റേയോ നിലയിൽ ലോകം സമാദരിക്കുന്ന ഒരു പുരുഷന്റെ പ്രത്യേകാനുഭവത്തെ പ്രകാശിപ്പിക്കുവാൻ സഹായിക്കുന്ന നിസ്സാരസംഗതികളുടെ വിസ്തൃതവിവരണം കൊണ്ട് ഗ്രന്ഥത്തിനു ബൃഹത്വം അല്ലാതെ മഹത്വം ഭവിക്കുമോ എന്നതല്ലപോലെ നിരൂപിക്കേണ്ടതായിട്ടുണ്ടിരിക്കുന്നതു്.

നഗ്നരൂപത്തെ നിരീക്ഷിക്കുന്നതു് അസഭ്യമോ അനാശാസികതത്പരസൂചകമോ ആയിട്ടുണ്ടു് വിചാരിച്ചുവരുന്നതു്. അതുകൊണ്ടായിരിക്കുമോ ചില ജീവചരിത്രകാരന്മാർ നായകജീവിതത്തിലെ അനാസക്തങ്ങളുടെ നേരെ കണ്ണടച്ചിമ്മിക്കുയുന്നതു്? മാനുഷരെല്ലാം മരിച്ചാൽ അമാനുഷരായിത്തീരുമോ എന്നുകൂടി അവരുടെ കൃതികർത്താവായിച്ചാൽ തോന്നിപ്പോകും. ബുദ്ധനോടുള്ള ബഹുമാനത്തിന്റെ ആധിക്യത്താൽ ചില രാജ്യവാസികൾ ആ കുലശ്രേഷ്ഠനായ സുഖസന്യാസിയെ സാലഗ്രാംശുവാക്കി കൊത്തിവയ്ക്കുകയുള്ള രീതിയാണ് ഇവരുടെ കലയ്ക്കു് ആചാര്യസ്ഥാനം വഹിക്കുന്നതു്. മനുഷ്യസഹജങ്ങളായ ഇണദോഷങ്ങൾ വെളിച്ചവും നിഴലും പോലെ ഇണങ്ങിച്ചേർന്നിട്ടുള്ള ജീവിതചരിത്രങ്ങളാണ് യഥാർത്ഥജീവചരിത്രങ്ങൾ എന്നു വിസ്മരിക്കുവാനുള്ളതല്ല.

ലോകത്തെ രമണീയവും, സുഖദുഃഖമിശ്രമായ ജീവിതത്തെ സ്പൃഹണീയവും ആക്കിത്തീർക്കുന്ന ധാർമ്മികസത്ത്വം പ്രകാശിപ്പിക്കയും പ്രസരിപ്പിക്കയും ചെയ്യുന്നവർ ണല്ലൊ കവികളും ഇതരകലാകാരന്മാരും. ആ പ്രതിഭാശാലികളുടെ രചന, അവരുടെ സങ്കല്പരാമണീയകത്തിന്റെ ഏകദേശം മാത്രമേ പ്രത്യക്ഷമാക്കുകയുള്ളൂ. അനുഭവമാണ് പ്രപഞ്ചം സൃഷ്ടികർത്താവിലേയ്ക്കെന്നപോലെ, കാവ്യം കലാനിർമ്മാതാവിലേയ്ക്കും ഭാവുകന്റെ ജിജ്ഞാസാഭരിതവും കൗതുകാകുലിതവും ആയ ഹൃദയത്തെ ആകർഷിക്കുന്നു. കാവ്യകാരന്മാരും ചിത്രകൃത്തുകളും ജീവിച്ചിരുന്ന കാലം, അവരുടെ പ്രതിഭയെ പ്രവർത്തിപ്പിച്ചിരുന്ന അനുകൂലവും പ്രതികൂലവും ആയ പരിതഃസ്ഥിതി, അവരുടെ സങ്കല്പങ്ങൾ, ആദർശങ്ങൾ, ജയപരാജയങ്ങൾ ഇത്യാദി വിഷയങ്ങളെക്കുറിച്ച് കലാസാഹിത്യകുതുകന് ആകാംക്ഷ ജനിക്കുന്നു അത്യന്തം സ്വാഭാവികമാകുന്നു. ഈ ബോധത്തോടുകൂടി രചിക്കുന്ന ജീവചരിത്രം ഓരോ കലാകൃത്തിന്റേയും നിർമ്മിതിരഹസ്യങ്ങളുടെ പൂർണ്ണമായ ആസ്വാദനത്തിനു സഹായകമായിരിക്കയില്ല.

ഈ സാമാന്യതത്ത്വങ്ങളെ അനുസ്മരിച്ചുകൊണ്ടാണ് മഹാകവി, കേ. സി. യുടെ വിശിഷ്ടമായ ജീവചരിത്രം നോക്കിയിരിക്കേണ്ടതു്. വിശിഷ്ടനാണെങ്കിലും ദോഷൈകസഹിതത്തിലെ ഒരുൽപതിഷ്ണുവായിരുന്ന ആ വാസനാലോലൻ. കേരളപാണിനിയുടെ പ്രചോദനത്തോടും പ്രോത്സാഹനത്തോടും കൂടിയായിരിക്കാമെങ്കിലും, സാങ്കേതികമായ മാർഗ്ഗത്തിൽക്കൂടി ഒന്നിനെക്കുറിച്ചും സംശയിക്കാതേയും ഒന്നിനെക്കുറിച്ചും ചോദ്യം ചെയ്യാതേയും സഞ്ചരിച്ചിരുന്ന കേരളീയകവികളെ പെട്ടെന്ന് ആ നിരുപകകവിയെന്ന തടഞ്ഞുനിർത്തി. "കാവ്യത്തിന്റെ ആന്തരസൗഭാഗ്യത്തെ അപ്രധാനകോടിയിൽ തള്ളി ബാഹ്യരചനാഭംഗിയുടെ അം

തരായ ദ്വിതീയാക്ഷരപ്രാസത്തെ മാത്രം സമർത്ഥിക്കണമോ, എന്നായിരുന്നു അദ്ദേഹം അവരോട് ചോദിച്ച ചോദ്യം. ആദ്യം പലരും ഞെട്ടിയെങ്കിലും; എങ്കിലും, അവരെക്കൊണ്ടും ആ ചോദ്യം ചിന്തിപ്പിക്കാതിരുന്നില്ല. ഭാഷാകവിതയുടെ ഗതിയേയും നിരൂപണരീതിയേയും സംബന്ധിച്ചു ഒരു ചരിത്രമായിക്കഴിഞ്ഞിട്ടുണ്ട്, കേരളപരമേശ്വരന്മാരുടെ ആ ദ്വിതീയാക്ഷരപ്രാസവാദകോലാഹലം. കേവലം കക്ഷിപരങ്ങളായ പക്ഷാന്തരങ്ങൾ പോലും സഹിക്കുവാൻ സമർത്ഥരാകാത്ത സാഹിത്യകാരന്മാരുടെ നടുവിൽ സ്വാഭിപ്രായത്തിൽ സ്ഥൈര്യത്തോടുകൂടി തല ഉയർത്തിനിൽക്കുന്ന കേ. സി. യുടെ രൂപം ഈ ഗ്രന്ഥത്തിൽ സർവ്വോജ്ജ്വലമായി കാണുവാനുണ്ട്. ജീവചരിത്രകാരൻ ദ്വിതീയാക്ഷരപ്രാസപക്ഷപാതികളോടു് അധികം മനസ്സാമീപ്യം ഉള്ള ആളാണെന്നുള്ള സൂക്ഷ്മമാണെങ്കിലും, കേരളീയകാരനു് ഒരു നിരൂപകൻ, കവി, ഈ രണ്ടു നിലയിലും ഉള്ള സമുന്നതസ്ഥാനങ്ങളിൽ അന്നെയാണു് അദ്ദേഹത്തെ ആദരപൂർവ്വം പ്രതിഷ്ഠിച്ചിട്ടുള്ളതു്.

ഭാഷാസാഹിത്യത്തിലെ മറ്റു പല ജീവചരിത്രകാരന്മാരും പരീക്ഷിച്ചു നോക്കിയിട്ടില്ലാത്ത ഒരു പ്രതിപാദനസമ്പ്രദായമാണു്, എൻറെ മനസ്സുതുറന്നു് പ്രസ്തുതഗ്രന്ഥത്തിൽ സ്വീകരിച്ചിട്ടുള്ളതു്. സംവേദങ്ങളുടെ അനുക്രമമായ ആവിഷ്കരണംകൊണ്ടു മാത്രം ഈ പ്രശസ്ത ഗ്രന്ഥകാരൻ തൃപ്തനാകുന്നില്ല. ചരിത്രനായകൻറെ ജീവിതം, സമകാലീനസാഹിത്യത്തിലെ ഗതിവിശേഷങ്ങളെ സാമാന്യമായി നിരീക്ഷിക്കുവാനും കലാപരങ്ങളായ വിവിധാഭിപ്രായങ്ങളെ വിശദമായി വിമർശിക്കുവാനുമുള്ള ഒരുപായംകൂടി ആക്കിത്തീർക്കുകയാണു് ചെയ്യുന്നതു്. മാത്രമല്ല, കാവ്യലോകത്തിൽ ഉയർന്നുകാണുന്ന കേ. സി. യുടെ ജീവിതത്തിൻറെ ഉൾത്തുടിപ്പ

ത്തിൽ ദൃഷ്ടിപതിപ്പിച്ചുകൊണ്ട്, സത്യത്തിന്റെ ഒറ്റയടിപ്പാതയിൽക്കൂടി നടന്നു കയറുന്ന അദ്ദേഹം, സാധാരണതയുടെ സമതലത്തിൽ കിടക്കുന്ന ജീവിതപ്രക്രിയയിലേയ്ക്ക് അധികം കുനിഞ്ഞുനോക്കുന്നില്ല; അപ്രധാനങ്ങളായ കാര്യങ്ങളുടെ കൂട്ടം പടലം ദൂരെമാറി, ഉന്നതലക്ഷ്യത്തിൽനിന്നു കണ്ണെടുക്കാതെ, സമൂഹചിത്രങ്ങളെ മിന്നിച്ചുകൊണ്ട് ഉല്ലാസപൂർവ്വം ആരോഹണം ചെയ്യുന്നു. ഗ്രന്ഥപ്രാരംഭത്തിൽത്തന്നെ നായകന്റെ സഹജമായ കഷ്ടപാടുകൾ സൂചിപ്പിച്ച് സ്നേഹാദരങ്ങളുളവാക്കുന്ന [illegible] രംഗത്തിലേക്ക് വിധാനത്തോടുകൂടിയാണ്. ഒരു നോവലിന്റെ ഇടക്കുമധ്യത്തിൽനിന്നോ തോന്നുകയെന്നേയുള്ളൂ. ചിലപ്പോൾ കഷ്ടനിർഗ്രഹണത്തിലും ചിലപ്പോൾ തത്പചിന്തനത്തിലും കടന്നു സഞ്ചരിക്കുന്നു് പൈചിത്ര്യനായകനായിരിക്കുന്നതെന്നു മാത്രമല്ല, നായകസ്വഭാവവിശേഷങ്ങളുടെ വിശദീകരണത്തിനു് അവയെ സാധനങ്ങളാക്കുകയും ചെയ്യുന്നുകൊണ്ട്, കഷ്ടനിർഗ്രഹവിഷയകമായ ഒരു കടന്നുകൂടിയായി അതു വർത്തിക്കുന്നുണ്ട്. ബഹുഖണ്ഡങ്ങളായ ചിന്തകൾ, ചക്രവർത്തിപരമ്പരപോലെ നായകസ്വഭാവവിവരണത്തിൽ ഘടിപ്പിച്ചിരിക്കുന്നു. "കവിതയിൽ പ്രതിഫലിച്ചുകാണുന്ന കേ. സി. കുര്യന്റെ ഒരദ്ധ്യായം വേറെതന്നെ കൊടുക്കാമായിരുന്നു; അല്ലെങ്കിൽ, വ്യക്തിമഹത്ത്വം പ്രതിപാദിക്കുന്ന സന്ദർഭം ആ നിലയിൽ വിവരണം ചെയ്യുമ്പോൾ പോരായ്കയില്ല, എന്നു് എന്നെപ്പോലെ ഈ ഗ്രന്ഥത്തെ ആസ്വാദകരുടെ കൂട്ടത്തിൽ സ്വീകരിക്കുന്ന പലരും പക്ഷേ ആശിച്ചേക്കാം. കൈരളി ഇതു നവ്യമായ ആഭരണം അഭിമാനത്തോടും ആനന്ദത്തോടുകൂടി സകണ്ഠത്തിൽ അണിയാതിരിക്കയില്ല.

മഹാരാജകലാശാല,
എറണാകുളം.

ജി. ശങ്കരക്കുറുപ്പ്.

കേ. സി. കേശവപിള്ള

അദ്ധ്യായം ൧

൧. ഉപക്രമം.

ഒരു ശിവരാത്രിദിവസം; സന്ധ്യാസമയം; കൊല്ലത്തിനടുത്ത പരവൂർ എന്ന ദിക്കിലുള്ള ഒരു നായർഗൃഹത്തിൽ കഥകളിക്കുള്ള ഒരുക്കങ്ങൾ "തകൃതി"യായി നടക്കുന്നു. പ്രധാനന്മാർ വന്നെത്തായ്കയാലോ എന്തോ, ഓടിനടന്നു് ഉദ്യമിയ്ക്കുന്നവരിൽ മിക്കവരും, പന്ത്രണ്ടിനും പതിനഞ്ചിനും ഇടയ്ക്കു പ്രായമുള്ള ബാലന്മാരായിട്ടാണു കാണുന്നതു്. കേളികൊട്ടു് നേരത്തെ കഴിഞ്ഞു. നേരം ഇരുട്ടിത്തുടങ്ങി. അണിയറയിൽ ഓട്ടവും ചാട്ടവുമായി. കൂട്ടത്തിൽ പ്രമാണിയായ കുട്ടിക്കു കഷ്ടിച്ചു പതിന്നാലുവയസ്സു പ്രായം കാണും. കൊഴുത്തുതടിച്ചു പൊക്കംകുറഞ്ഞ ദേഹം; ആഭിജാത്യവും ആനന്ദസ്സും നിറഞ്ഞ മുഖം. അയാളാണു് അണിയറയിലെ പ്രമാണി. മറ്റുള്ളവർ—ആ പതിന്നാലുകാരനെക്കാൾ പ്രായം കൂടിയവർപോലും—വെറും ആജ്ഞാനുവർത്തികൾ.

നേരം പത്തുമണി കഴിഞ്ഞു. കഥകളിക്കു "ചിട്ടകൂട്ടി." തോടയം പുറപ്പാടായി. അണിയറയിൽ പ്രമാണിയായിക്കണ്ട ആ കുട്ടിതന്നെയാണു് ഭാഗവതരായി പാടാനെത്തിയതു്. സാധാരണ കഥകളിയിലെ ഭാഗവതർമാരെപ്പോലെ, തല ഒരു വശത്തേയ്ക്കു ചരിച്ചുചവിട്ടി്, അയാൾ നീട്ടിവലിച്ചു പാടാൻ തുടങ്ങി. ആട്ടം ആരംഭിച്ചു. അടുത്തുള്ള ഏതാനും നായർഗൃഹങ്ങളിലെ സ്ത്രീപുരുഷന്മാർ സന്ദർശകരായി വന്നെത്തിട്ടുണ്ടു്. ശിവരാത്രി ഉറക്കമൊഴിക്കേണ്ട ദിവസമാണല്ലൊ.

അല്പം കഴിഞ്ഞപ്പോൾ, നാം ഭാഗവതരായിക്കണ്ട കുട്ടി പ്രമാണി ചെണ്ട കഴുത്തിൽ കെട്ടിത്തൂക്കി കഥകളിയോഗത്തിലെ ചെണ്ടക്കാരനായി അരങ്ങത്തു പ്രത്യക്ഷപ്പെട്ടു. ചോങ്ങില, താളം, മൂടംതം മുതലായവയും കുട്ടികൾതന്നെ. വേഷക്കാരും തഥൈവ. വേഷവിധാനങ്ങളുടെ കാര്യത്തിലും കുട്ടികളുടെ മനോധർമ്മചിലാസം പ്രത്യക്ഷപ്പെട്ടിരുന്നു. കുട്ടിക്കടലാസ്സ്, വണ്ണത്തകിട് മുതലായ സാധനങ്ങളെക്കൊണ്ടാണ് കിരീടവും മറ്റും നിർമ്മിക്കപ്പെട്ടിരുന്നതു്. യോഗക്കാരുടെ നായകനായി നാം കണ്ട ബാലൻ ഇടയ്ക്കു് വേഷക്കാർക്കു നിർദ്ദേശങ്ങൾ കൊടുക്കാൻ അണിയറയിലേയ്ക്കോടും; ഉടനെ അരങ്ങത്തുവന്ന ഭാഗവതരാകും; പെട്ടെന്നു ചെണ്ട കഴുത്തിൽ കെട്ടിത്തൂക്കി കലാശത്തിനൊപ്പിച്ചു ചെണ്ട കൊട്ടിത്തുടങ്ങും. മറവള്ളവർ അയാളുടെ ആജ്ഞകളെ അനുസരിക്കും. ഇങ്ങനെ, കുട്ടികളുടെ ആ "കളിയോഗം" അവരെക്കൊണ്ടുകഴിയുംവിധം ഭംഗിയായി ആട്ടം നടത്തിക്കൊണ്ടിരുന്നു.

കഥ പകുതിയാകാറായപ്പോൾ, ചെണ്ട ഒരു കുട്ടികുറെ കഴുത്തിൽ കെട്ടിത്തൂക്കി, പാട്ടുപാടുന്ന ജോലി മറ്റൊരു പകരക്കാരനെ ഏല്പിച്ചു്, നമ്മുടെ പ്രമാണി അണിയറയിലേക്കു് ഒരോട്ടം! ഹനുമാന്റെ വേഷംകെട്ടാൻ പോയിരിക്കയാണയാൾ. എല്ലുവരും പുഞ്ചിരിതൂകിക്കൊണ്ടു് മാരുതിയുടെ വരവും കാത്തിരിപ്പായി. അധികം താമസിയാതെ, മന്ദംമന്ദം ആടിയുലഞ്ഞു നടന്നുകൊണ്ടു് ഹനുമാൻ അരങ്ങത്തു പ്രത്യക്ഷനായി. വേഷം കണ്ടതോടുകൂടി എല്ലുവരും ചിരിച്ചുപോയി. വൃത്താകാരമായ ആ വലിയ കിരീടവും ഹനുമാനാകുന്നതിനുവേണ്ടി മുഖത്തു കാട്ടിക്കൂട്ടിയ ശോഷ്ടിയുമൊക്കെ കാണികളെ ചിരിപ്പിച്ചുതു്. ചുരുക്കിപ്പറയാം: ദുര്യോധനവധം കഥ മുഴുവൻ അവിടെ അഭിനയിക്കപ്പെട്ടു. അന്നു് ആ കളിയോഗത്തിന്റെ നേതൃത്വം വഹിച്ചു്, പാട്ടു

പാടി, ചെണ്ടകൊട്ടി, വേഷംകെട്ടി, ആദ്യവസാനക്കാരനായി ഓടിച്ചാടി നടന്ന ആ ബാലനാണ്, പില്ക്കാലത്തു് രണ്ടുമൂന്നു് ആട്ടക്കഥകളുടക്കം പല ഗ്രന്ഥങ്ങളുടേയും കർത്താവായി "സരസഗാനകവിമണി" എന്ന സ്ഥാനപ്പേരിനു് അർഹനായിത്തീർന്ന ശ്രീമാൻ കേ. സി. കേശവപിള്ള.

ബി. ബാല്യവും വിദ്യാഭ്യാസവും.

മേൽപറഞ്ഞ കഥകളിനടന്ന പരവൂർ എന്ന ദിക്കുതന്നെയാണു് ചരിത്രനായകന്റെ സ്വദേശം. വാഴവിള, എന്നാണു് വീട്ടുപേരു്. "ശങ്കരൻ ചെമ്പകരാമൻ" എന്ന പേരിൽ പ്രസിദ്ധനായ സമ്പാധികാര്യക്കാർ ഈ കുടുംബത്തിലെ ഒരംഗമായിരുന്നു. പ്രസ്തുതകുടുംബക്കാർക്കു് "കണക്കു്" എന്നും "ചെമ്പകരാമൻ" എന്നുമുള്ള രണ്ടു സ്ഥാനപ്പേരുകളും തിരുവിതാംകൂർ മഹാരാജാക്കന്മാർ അനുവദിച്ചുകൊടുത്തതു് ഈ സമ്പാധികാര്യക്കാരുടെ കാലംമുതല്ക്കാണെത്രേ. വാഴവിളവീട്ടിൽ, പതിനൊന്നാം നൂറ്റാണ്ടിന്റെ പ്രഥമപാദത്തിൽ ലക്ഷ്മിഅമ്മ എന്ന ഒരു സന്താനവല്ലി ജാതയായി. ഈ സ്ത്രീരത്നം പതിനെട്ടാമത്തെ വയസ്സിൽ പരിണീതയായി. പരവൂർ വലിയ വെളിച്ചപ്പാടുവീട്ടിൽ രാമൻപിള്ള എന്ന ഒരാളായിരുന്നു അവരുടെ ഭർത്തൃപദം പ്രാപിച്ചതു്. കുറേക്കാലം പാർത്തുകൊണ്ടിരുന്നശേഷം അവർ തിരുവിതാംകൂർ മഹാരാജാവിനെ സേവിച്ചിരുന്ന ഇല്ലത്തെ നല്ല ബുദ്ധിശാലിയും വലിയ ആസ്തികനുമായിരുന്ന, സുശീലനും ധാർമ്മികനുമായ ഈ ദമ്പതികളുടെ പേരിൽ യസന്താനമായി നമ്മുടെ ചരിത്രനായകൻ, 1043-മാണ്ടു് മകരമാസം 22-നു് ജനിച്ചു.

ഹിന്ദുക്കളുടെ ഇടയിലുള്ള പതിവനുസരിച്ചു് അച്ഛനമ്മമാർ മകനെ അഞ്ചാമത്തെ വയസ്സിൽ എഴുത്തിനിരുത്തി. പരവൂർ സർക്കാർ മലയാളംപള്ളിക്കൂടത്തിലാണു് ഒന്നാമതായി പഠിക്കാനയച്ചതു്. കുട്ടികളെ സ്കൂളിലേയ്ക്കു പറഞ്ഞയച്ചു കു-

ഴിഞ്ഞാൽ, അവരുടെ വിദ്യാഭ്യാസത്തെ സംബന്ധിച്ചു തങ്ങൾക്കുള്ള ചുമതലകളെല്ലാം തീർന്നു എന്നവിചാരിച്ച് അടങ്ങിയിരിക്കുന്ന ഇന്നത്തെ ചില മാതാപിതാക്കന്മാരെ കൂട്ടത്തിൽ പെട്ടവരല്ലായിരുന്ന ലക്ഷ്മിഅമ്മയും രാമൻപിള്ളയും. കണ്ണിൽ കണ്ട കുട്ടികളുമായി കൂട്ടുപിടിച്ചു നടന്നു് തങ്ങളുടെ പ്രിയപ്പെട്ട "കേശവൻ" നേർവഴി വിട്ടു നടക്കുവാൻ ഇടവരുത്തരുതെന്നുള്ള വിചാരവും അവർക്കുണ്ടായിരുന്നു. അതിനാൽ മകന്റെ പഠിപ്പിലും പെരുമാറ്റത്തിലും ഒരുപോലെ അവരുടെ ശ്രദ്ധ പതിഞ്ഞു. പള്ളിക്കൂടത്തിലെ പഠനങ്ങൾ അന്നന്നു തന്നെ വായിച്ചു പഠിക്കണമെന്നുള്ളതു് അലംഘനീയമായ ഒരാജ്ഞയായിരുന്നു. ആദ്യമൊക്കെ ക്ലാസ്സിലെ വിദ്യാർത്ഥികളുടെ കൂട്ടത്തിൽ ഒരു ഇടത്തരക്കാരൻ മാത്രമായിരുന്ന എങ്കിലും, വീട്ടിലെ നിയന്ത്രണവും മേൽനോട്ടവും നിമിത്തം അധികം താമസിയാതെ ചിരുതനായകനു് ക്ലാസ്സിൽ ഒന്നാം സ്ഥാനം കൈക്കലാക്കാൻ സാധിച്ചു. അതിനുശേഷം മിക്ക ക്ലാസ്സുകളിലും ഒന്നാംസ്ഥാനം കിട്ടിക്കൊണ്ടിരുന്നതു് ഈ കുട്ടിക്കുതന്നെയായിരുന്നു. സ്വതേ ബുദ്ധിശക്തിയുള്ള ഒരു വിദ്യാർത്ഥിക്കു്, ശരിയായ ഒരു നിയന്ത്രകൻകൂടിയുണ്ടായാൽ അതു് സ്വാഭാവത്തിനു സുഗന്ധംപോലെയായിരിക്കുമെന്നു പ്രത്യേകിച്ചു പറയണമെന്നില്ലല്ലോ. ഇന്നത്തെ രീതിയിലുള്ള ഉൽകൃഷ്ടവിദ്യാഭ്യാസമൊന്നും സിദ്ധിച്ചിരുന്നില്ലെങ്കിലും, ജീവിതസമരത്തിൽ വിജയം കൈവരിക്കുന്നതിനുവേണ്ടി പ്രധാനായുധം, മനഃസംസ്കാരമാണെന്നും, അതു വിദ്യാഭ്യാസംകൊണ്ടു മാത്രമേ സിദ്ധിക്കയുള്ളുവെന്നും, സൽസ്വഭാവം മനുഷ്യരുടെ പുരോഗതിക്കുള്ള പന്ഥാവിൽ പൂവിരിക്കുന്നതിനു പര്യാപ്തമാണെന്നും മനസ്സിലാക്കുന്നതിനു വേണ്ട ലോകപരിജ്ഞാനം പിതാവിനുണ്ടായിരുന്നതുകൊണ്ടാണു്, അവൻ ചെറുപ്പത്തിൽ വഴിപിഴച്ചു പോകാതിരുന്നതെന്നു ചരിത്രനായകൻതന്നെ പിന്നീടു പറയുകയുണ്ടായിട്ടുണ്ടു്.

ശ്ലോകം പഠിക്കയും കൂടുതൽ മാർക്കുവാങ്ങിക്കയും ചെയ്യുന്ന കുട്ടികളുടെ നേരെ അധ്യാപകന്മാർക്ക് വത്സല്യം തോന്നുക സാധാരണമാണ്. കേശവപിള്ള ഇങ്ങനെ പാഠശാലയിലെ എല്ലാ അധ്യാപകന്മാരുടേയും കണ്ണിലുണ്ണിയായിത്തീർന്നു. അവർ ആ കുട്ടിയുടെ പഠിപ്പിൽ പ്രത്യേകം ശ്രദ്ധപതിപ്പിച്ചു. ക്ലാസ്സിൽ മനഃപാഠമാക്കേണ്ട പദ്യങ്ങൾ അക്ഷരവ്യക്തിയോടും അങ്കത്തിനു യോജിച്ചരീതിയിലും ചൊല്ലുന്നതിൽ പ്രയുക്തവിദ്യാർത്ഥി കാണിച്ച സാമർത്ഥ്യം അവരെ അത്ഭുതപ്പെടുത്തി. പാഠപുസ്തകങ്ങളിലില്ലാത്തവയും പുതിയ രീതിയിലുള്ളവയുമായ പല നല്ല പദ്യങ്ങളും തിരഞ്ഞു കണ്ടുപിടിച്ച് അവർ കേശവപിള്ളയെ പഠിപ്പിച്ചു. ആ കുട്ടിയെക്കൊണ്ടു ക്ലാസ്സിൽവെച്ചു കൂടക്കൂടെ പദ്യങ്ങൾ ചൊല്ലിക്കുന്നതും അതുപോലെ ചൊല്ലുന്നതിനു മറ്റു കുട്ടികളെ പ്രേരിപ്പിക്കുന്നതും അന്നു് ആ പാഠശാലയിൽ സാധാരണമായിരുന്നുവത്രെ. മലയാംപള്ളിക്കുടത്തിലെ ഈ വിദ്യാഭ്യാസം പത്തോ പതിനൊന്നോ വയസ്സുവരെ മാത്രമേ നീണ്ടുനിന്നുള്ളൂ. ഉയർന്നവിദ്യാഭ്യാസത്തിനു വേണ്ട പാഠശാലകളൊന്നും അന്നു പട്ടൂരിലുണ്ടായിരുന്നില്ല. തങ്ങളുടെ കൊച്ചുകുട്ടിയെ അകലെ അയച്ചു പഠിപ്പിക്കാൻ മാതാപിതാക്കന്മാർക്കു സമ്മതവുമില്ലായിരുന്നു. ഇങ്ങനെ വളരെ ചെറുപ്പത്തിൽത്തന്നെ നമ്മുടെ ചരിത്രനായകൻ പാഠശാലാജീവിതത്തിൽനിന്നു വിരമിക്കേണ്ടിവന്നു.

വലിയ ഈശ്വരഭക്തരായിരുന്ന മാതാപിതാക്കളുടെ സാഹചര്യവും മകനേയും ഒരു മതവിശ്വാസിയാക്കിത്തീർത്തു. വീട്ടിൽ പലപ്പോഴും രാമായണം കിളിപ്പാട്ടു വായിക്കുന്നതു് നമ്മുടെ ചരിത്രനായകൻ കേൾക്കാറുണ്ടായിരുന്നു. പുരാണങ്ങളിലെ ഓരോ കഥകളും അച്ഛനും അമ്മയും മകനെ പറഞ്ഞു കേൾപ്പിക്കാറുണ്ടായിരുന്നു. ഇതിന്റെയൊക്കെ ഫലമായി വിദ്യാർത്ഥിജീവിതകാലത്തുതന്നെ ഏഴത്തച്ഛന്റെ ആധ്യാത്മ

കാര്യമായണം കേരളപിള്ള വായിച്ചുതുടങ്ങിയിരുന്നു. സ്കൂളിലെ പഠിപ്പുനിർത്തിയതോടുകൂടി ഈ പുസ്തകപാരായണം അങ്ങനെ പത്തിരട്ടിയായി വർദ്ധിച്ചു. ഏഴുത്തച്ഛന്റെ കിളിപ്പാട്ടുകളാണ് ചരിത്രനായകനെ പ്രത്യേകമായി ആകർഷിച്ചതു്. സംഗീതത്തിലുള്ള വാസനയും അതിരറ്റ ഭക്തിയും അതിനു് ഒരു വളമായിത്തീർന്നു. ഭക്തിയും കവിതാവാസനയും സംഗീതാഭിരുചിയും അല്പമൊരു രസികത്വവുമുള്ള ഒരു ഹിന്ദുബ്രാഹ്മണന്റെഹൃദയത്തെ ആകർഷിക്കുന്നതിനു് ഏഴുത്തച്ഛന്റെ കിളിപ്പാട്ടുകൾക്കുള്ള—പ്രത്യേകിച്ചു് അധ്യാത്മരാമായണത്തിനുള്ള—ശക്തി ഒന്നു വേറെതന്നെയാണു്. ഇപ്പറഞ്ഞ എല്ലാ ഗുണങ്ങളും നമ്മുടെ ചരിത്രനായകനുണ്ടായിരുന്നു എന്നു നാം കണ്ടുകഴിഞ്ഞുവല്ലൊ. ഈ പുസ്തകപാരായണപാരായണത്തെ കേരളപിള്ളയുടെ ഭാഷാജ്ഞാനത്തെ എന്നപോലെ പുരാണകഥാപരിചയത്തേയും ക്രമേണ വർദ്ധിപ്പിച്ചുകൊണ്ടിരുന്നു.

കഥകളിക്കു് ഇന്നത്തേക്കാൾ ധാരാളം പ്രചാരമുള്ള കാലമായിരുന്നു അതു്. വീടുകളിൽ എന്തെങ്കിലും ഒരടിയന്തരമുണ്ടായാൽ അതോടൊന്നിച്ചു് ഒരു "ആട്ടം" കൂടി നടത്തിയാൽ മാത്രമേ അന്നത്തെ അളുകൾക്കു തൃപ്തിവന്നിരുന്നുള്ളു. കഥകളിയോഗക്കാരും നാടുമുഴുവൻ നിറഞ്ഞിരുന്നു. പരിവൃത്തം ഉണ്ടായിരുന്ന ചില കഥകളിയോഗങ്ങൾ. കൂടക്കുളത്തെ ആശാരിക്കൽ ആട്ടവും ഉണ്ടാകാറുണ്ടായിരുന്നു. സംഗീതവാസനയും പുരാണകഥാപരിചയവുമുണ്ടായിരുന്ന ചരിത്രനായകനെ കഥകളി എളുപ്പത്തിൽ ആകർഷിച്ചതിൽ അത്ഭുതപ്പെടാനില്ല. ആ കൂട്ടി ആട്ടം കാണുക പതിവായിരുന്നു. അതോടുകൂടി, കഷ്ടിച്ചു പതിമൂന്നുവയസ്സു മാത്രം പ്രായമായ ആ "കഥകളിഭ്രാന്തൻ" കഥകളിപുസ്തകങ്ങൾ വായിക്കുന്നംഭിച്ചു. ആവക പുസ്തകങ്ങൾ ഇന്നത്തെപ്പോലെ സുലഭമായ ഒരു കാലമായിരുന്നില്ല അതു്. സ്വദേശത്തു് ഒരാളുടെ കൈയിൽ "56

ദിവസത്തെ ആട്ടക്കഥകൾ" അടങ്ങിയ ഒരു പുസ്തകം ഇരിപ്പുണ്ടെന്ന് ആ കൂട്ടിക്ക് എങ്ങനെയോ മനസ്സിലായി. അനേഷിച്ചതിൽ പുസ്തകം പുറമെ കൊണ്ടുപോകാൻ സമ്മതിക്കയില്ലെന്നും വേണമെങ്കിൽ അവിടെ പോയിരുന്നു പകർത്തിയെടുക്കാമെന്നും മനസ്സിലായി. അന്നുമുതൽ കടലാസ്സും പേനയും മഷിയുമായി ആ "പുസ്തകം സൂക്ഷിപ്പുകാരന്റെ" വീട്ടിൽ ചെന്നിരുന്ന കേശവപ്പിള്ള ആട്ടകഥകൾ പകർത്തിയെടുത്തുതുടങ്ങി. അതേടത്തോടെന്നിച്ചതന്നെ അതു പ്രസിദ്ധമാക്കണമെന്നു ആ ബ്രാഹ്മണൻ അനുമതിച്ചില്ല. ഇങ്ങനെ ഏതാണ്ടു നാലുകൊല്ലം കഴിഞ്ഞപ്പോൾ "ഇനി ഒരാട്ടം നടത്തണം" എന്നായി മോഹം. ആ അതിമോഹത്തിന്റെ ഫലമാണ് ഗ്രന്ഥാരംഭത്തിൽ നാം കണ്ട "ദുര്യോധനവധം."

ഈ ആട്ടക്കഥ എഴുതണമെന്നാണ് ആ പതിനഞ്ചുവയസ്സുകാരനെ പിന്നീടു തോന്നിയതു്. ഒന്നു തോന്നിയാൽ പിന്നെ അതു നീട്ടിവെയ്ക്കുന്ന സ്വഭാവം ചരിത്രകാരനുണ്ടായിരുന്നില്ല. അങ്ങനെ അബാല്യനായ ആ കവിയുടെ പ്രഥമസിയായതെ ഒരാട്ടക്കഥ എഴുതിയുണ്ടാക്കി—പ്രസ്തുത ചരിതം. സംസ്കൃതത്തിലെ പ്രഥമപാഠംപോലും എന്താണെന്നറിഞ്ഞുകൂടാത്ത ഒരു കൂട്ടി ഒരാട്ടക്കഥയെഴുതിയാൽ അതെങ്ങനെയിരിക്കുമെന്നു നമുക്ക് ഏകദേശം ഊഹിക്കാമല്ലൊ. ആട്ടക്കഥാനിർമ്മാണംകൊണ്ടു "കവിയായിത്തീർന്ന" കേശവപിള്ള തന്റെ ആ കവിതയുംകൊണ്ടു പലരുടേയും അടുക്കൽ ചെന്നു് അതു വായിച്ചു കേൾപ്പിച്ചുതുടങ്ങി. പ്രസ്തുതചരിതത്തിലെ ആദ്യത്തെ പദ്യംതന്നെ "അബദ്ധമയ"മായിരുന്നു. പരവൂർ മലയാളംപള്ളിക്കൂത്തിലെ ഒരദ്ധ്യാപകനായിരുന്ന ഇടത്തറ പരമുവാശാൻ ആ പദ്യം യഥാർത്ഥ്യം കണ്ടെന്നതിനിടയായി. "കേശവനു കവിയായാൽ കൊള്ളാമെന്നു മോഹമുണ്ടു്, അല്ലേ? പക്ഷേ, അതിനു് അല്പം

പഠിച്ചെങ്കിലേ "ഒക്കൂ" എന്നു് ആക്ഷേപസംഹിതിലുള്ള ഒരേ പ്രയമാണു് അദ്ദേഹം അതിനെപ്പറ്റി പുറപ്പെടുവിച്ചതു്. ഇതു് നമ്മുടെ കൊച്ചുകവിയുടെ ഹൃദയമർമ്മത്തെ വല്ലാതെ വേദനിപ്പിച്ചു. പുസ്തകം നേരുകുടി പരിശോധിച്ചു നന്നാക്കി അയച്ചുകൊണ്ടു് ആ ഗ്രന്ഥകർത്താവു് പരമ്പൂർ കേരളനാരായണൻ അടുക്കലേയ്ക്കു പോയി. സഹൃദയനായ കേരളനാരായണൻ ആദ്യം പറഞ്ഞ അദ്ധ്യാപകനെപ്പോലെ അത്ര നിർദ്ദയനല്ലായിരുന്നു. ബാലഹൃദയങ്ങളിൽ അങ്കുരിക്കുന്ന കവിതാവാസനയെ നശിയായ പ്രോത്സാഹനമാകുന്ന വളംകൊണ്ടു് ശുശ്രൂഷിക്കുന്നപക്ഷം, അതു കാലാന്തരത്തിൽ തളിർത്തു പുഷ്പിച്ചു് സൽഫലത്തെ പ്രദാനംചെയ്യാൻ സകലമായിത്തീരുമെന്നു മനസ്സിലാക്കിയിരുന്ന അദ്ദേഹം, പ്രസ്തുതചരിതം മുഴുവൻ സശ്രദ്ധം വായിച്ചുനോക്കിയതിനുശേഷം സ്നേഹവചനപൂർവ്വം ഇങ്ങനെ അഭിപ്രായപ്പെട്ടു: "അവിടുന്നു് കുറെ സംസ്കൃതം വായിക്കണം. അങ്ങനെ വായിച്ചാൽ ഇതിനെ സ്വയമേവ തിരുത്തുന്നതിനു സകലനായിത്തീരും." ഇങ്ങനെ പരമ്പരാനുഭവിയായ കേരളനാരായണന്റെ പരിഹാസവും കേരളനാരായണന്റെ ഉപദേശവും ഒരേ വഴിക്കു തിരിഞ്ഞതായിക്കണ്ടപ്പോൾ, നമ്മുടെ യുവകവിക്കു് ഒരു വൈരാഗ്യമാണുണ്ടായതു്. നിസ്സീമമായ ഒരു കാരണത്തിൽനിന്നു് അന്നു് ആ കുട്ടിക്കുണ്ടായ ഈ വൈരാഗ്യമാണു് മലയാളഭാഷാസാഹിത്യത്തിനു് ഒരു ഒന്നാന്തരം "സരസ്സാമയകവിമണി"യെ പ്രദാനംചെയ്തതെന്നോർക്കുമ്പോൾ, ആ വൈരാഗ്യത്തിനു ഹേതുഭൂതമായ രണ്ടാമന്മാരോടും ഭാഷാസാഹിത്യം അത്യന്തം കടപ്പെട്ടിരിക്കുന്നു എന്നുവേണം വിചാരിക്കാൻ.

മേൽപ്പുസ്തകം വിച്ചുവിധം കേരളപിള്ളയുടെ അഭിമാനഭംഗത്തിൽനിന്നുണ്ടായ വൈരാഗ്യമാണു് "കുറെ സംസ്കൃതം പഠിക്കാൻ" അദ്ദേഹത്തെ പ്രേരിപ്പിച്ചതു്. ഭാഷയിൽ

പ്രയോഗക്ഷമമായ പരിജ്ഞാനം സിദ്ധിക്കണമെങ്കിൽ സംസ്കൃതത്തിൽ സാമാന്യമായ ജ്ഞാനമെങ്കിലും സമ്പാദിച്ചിരിക്കണമെന്ന ചരിത്രജ്ഞനായകനു് ആദ്യമായി മനസ്സിലായതു് അന്നായിരുന്നു. "പ്രാചീനചരിതം" വായിച്ചു്, തന്നെ സസ്നേഹം ഉപദേശിച്ച പരേതൻ കേരവനാരായണനെത്തന്നെ കേരവപിള്ള സംസ്കൃതാഭ്യസനത്തിൽ ഗുരുവായി സ്വീകരിച്ചു. മറവുള്ളവരുടെ പ്രേരണയനുസരിച്ചുള്ള പഠിപ്പിനും സ്വന്തം ആവശ്യപ്രകാരം നടത്തുന്ന വിദ്യാഭ്യാസത്തിനും തമ്മിൽ ഗണ്യമായ വ്യത്യാസം കാണാതിരിക്കുകയില്ലല്ലൊ. കേരവപിള്ള സംസ്കൃതം പഠിക്കാൻ തുടങ്ങിയതു് ആരുടേയും പ്രേരണയനുസരിച്ചായിരുന്നില്ല; നേരേമറിച്ചു്, അഭിമാനഭംഗത്തിൽനിന്നുത്ഭവിച്ച വൈരാഗ്യമായിരുന്ന അതിനു പ്രേരകമായിത്തീർന്നതു്. തന്നിമിത്തം സംസ്കൃതാഭ്യസനം നാമമാത്രമായ നിലയിൽ കഴിഞ്ഞുകൂടുകയല്ല ഉണ്ടായതു്. അല്പമൊരു വാരിയേടുകൂടി നടത്തപ്പെട്ട ആ സംസ്കൃതപഠനത്തിന്റെ ഫലമായി, വളരെക്കാലം ചൊല്ലുന്നതിനു മുൻപു്, സംസ്കൃതഭാഷയിൽ സാമാന്യമായ വ്യുൽപത്തി സമ്പാദിക്കുന്നതിനു ചരിത്രജ്ഞനായകനു സാധിച്ചു. മേഘസന്ദേശം, മാഘം, നൈഷധം മുതലായ കാവ്യങ്ങൾ; ലഘുജാതകം, ഉത്തരരാമചരിതം തുടങ്ങിയ നാടകങ്ങൾ; കുവലയാനന്ദംതൊട്ടു് അലങ്കാരഗ്രന്ഥങ്ങൾ; ഇത്രയുമാണു് കേരവനാരായണന്റെ അടുക്കൽ അഭ്യസിച്ചതു്. ഇതോടുകൂടി സംസ്കൃതത്തിൽ സാമാന്യമായ ജ്ഞാനം സിദ്ധിച്ചു എന്നുമാത്രമല്ല, ആ ഭാഷയിൽ കവിത എഴുതാമെന്നുള്ള നിലയും വന്നുകൂടി.

ഭാഷയിൽ കൈകടത്തുംചെയ്യുന്നതിനു സംസ്കൃതത്തിന്റെ സഹായം വേണ്ടിയിരുന്നതുപോലെ, കാവ്യത്തിനൊത്ത ജീവിതം നയിക്കണമെങ്കിൽ ഇംഗ്ലീഷിലും പരിചയം സമ്പാദിക്കേണ്ടതു് അത്യാവശ്യമാണെന്നു് അധികം താമസി

യതെ ചരിത്രനായകനു ബോധപ്പെട്ടു. അതിൻറെ ഫല മായി ആ ഭാഷയിൽ പരിചയമുള്ള ഒരു മനുഷ്യൻറെ അടു ക്കൽ കേരവപിള്ള ഇംഗ്ലീഷു പഠിച്ചുതുടങ്ങി. പക്ഷേ, ഇതു് അധികം നീണ്ടുനിന്നില്ല. ആ മനുഷ്യൻറെ സ്ഥലംമാ റ്റമായിരുന്നു അതിനു കാരണം. പിന്നീടു മറ്റൊരു അധ്യാ പകനെ സമീപിച്ചു് ആംഗലഭാഷാഭ്യസനം കാച്ചുകുഴം കൂടി തുടർന്നു. ദിവസം ഒരു മണിക്കൂർ വീതമായിരുന്ന അതി നുവേണ്ടി ചെലവാക്കിയതു്. സ്വയം പുസ്തകങ്ങൾ വായി ച്ചു മനസ്സിലാക്കാമെന്നായപ്പോൾ അധ്യാപകനിയമം മതിയാക്കി. അതിനു് അധികകാലം വേണ്ടിവന്നില്ലതാനും.

സി. "പഠനം ശിഷ്യഃ സപ്രമാണം"

ഇങ്ങനെ ഗുരുമുഖേനയുള്ള വിദ്യാഭ്യാസം—സംസ്കൃ തത്തെയും ഇംഗ്ലീഷിനെയും സംബന്ധിച്ചു്—മതിയാക്കിയെ കിലും, നിരന്തരമായ പുസ്തകപാരായണംകൊണ്ടു് ആ ഭാ ഷകളിലും കൂടുതൽ ജ്ഞാനം സമ്പാദിക്കുന്നതിൽ ചരിത്ര നായകൻ പിന്നെയും ഉത്സുകനും ഉത്സാഹിയുമായിത്തന്നെ വർത്തിച്ചുവന്നു. പില്ക്കാലത്തു് വിവാഹത്തിനുശേഷം, ഭാര്യയുടെ ജ്യേഷ്ഠത്തിയുടെ ഭർത്താവായിരുന്ന എണ്ണയ്ക്കാട്ടേ ശങ്കരവർമ്മതമ്പുരാൻറെ അടുക്കലും, അതുകഴിഞ്ഞു കൊല്ലം ഫൈസ്കൂളിൽ മുൻഷിയായിരിക്കുന്ന കാലത്തു് ഒരു സ്നേഹി കളുടെ അടുക്കലും, സംസ്കൃതത്തിലെ ഏതാനും ഉപരിഗ്ര ന്ഥങ്ങൾ വായിച്ചുതീർക്കാൻതുടങ്ങി. "തിരുവനന്തപുരത്തെ താമസമാക്കിയതിൽപിന്നെ കേരളപാണിനി മുതലായ പണ്ഡിതാഗ്രേസരന്മാരോടുള്ള നിത്യസഹവാസത്തിൽ സം സ്കൃതഭാഷ മിക്കവാറും മാതൃഭാഷപോലെതന്നെ ഇദ്ദേഹ ത്തിനു സ്വാധീനമായി"ത്തീർന്നു. ഇംഗ്ലീഷുഭാഷയിൽ തന്നി ക്കു സിദ്ധിച്ച ജ്ഞാനത്തെയും ചരിത്രനായകൻ അനുദിനം പോഷിപ്പിച്ചുകൊണ്ടുതന്നെയാണിരുന്നതു്. അക്കാര്യത്തിൽ

സ്ഥാനങ്ങൾ മാത്രമായിരുന്ന അദ്ദേഹത്തിന്റെ ഇങ്ങനത്തെ സ്മരണ. ദിവസംപ്രതി ഒരു മണിക്കൂർ സമയം ഇംഗ്ലീഷ് സ്ഥാനങ്ങൾ വായിക്കുന്നതിനെ വിനിയോഗിച്ചിരുന്നതായി അദ്ദേഹത്തിന്റെ ഡയറികൊണ്ടു കാണുന്നു. ഈ പതിവു് അവസാനകാലംവരെ അദ്ദേഹം പാലിച്ചുപോന്നു. ഇതിന്റെ ഫലമായി ഷെക്സ്പിയർ, മിൽട്ടൻ തുടങ്ങിയ ആംഗ്ലേയമഹാകവികളുടെ കവിതകൾ വായിച്ചാൽ പരസഹായംകൂടാതെ അർത്ഥം മനസ്സിലാക്കുന്നതിനു് അദ്ദേഹത്തിനു സാധിച്ചിരുന്നു. പല ഇംഗ്ലീഷുകവിതകളും അദ്ദേഹം മലയാളത്തിലേക്കു പരിഭാഷപ്പെടുത്തുകയും ചെയ്തിട്ടുണ്ടു്. ചുരുക്കിപ്പറഞ്ഞാൽ, കേ. സി. കേശവപിള്ള, ആജീവനാന്തം ഒരു "വിദ്യാർത്ഥി"യായിരുന്നു. അദ്ദേഹത്തിന്റെ ജീവിതം അതുമാത്രം വിഷയസ്പൃഷ്ടമായിത്തീർന്നതിനുള്ള പ്രധാനകാരണവും ഈ ജ്ഞാനതൃഷ്ണയല്ലാതെ മറ്റൊന്നുമല്ല.

അദ്ധ്യായം ൨

കാവ്യാഭ്യാസസഞ്ചാരം

ജന്മാന്തരസംസ്കാരജന്യമായ ഒരു ശക്തിവിശേഷമാണു വാസന. മാരോഗത്തക്കു കലകളിൽ സിദ്ധിക്കുന്ന നൈപുണ്യം ഈ വാസനയെ ആശ്രയിച്ചിരിക്കുന്നു. കവിതയ്ക്കും വാസന അത്യാവശ്യമാകുന്നു. പൗരസ്ത്യാലങ്കാരികന്മാരിൽ മിക്കവരും ഇതു സമ്മതിക്കുന്നു. പാശ്ചാത്യന്മാരിലും വാസനയെ അംഗീകരിക്കുന്നവരുണ്ടു്; പക്ഷേ, പുനർജ്ജന്മത്തിൽ വിശ്വസിക്കാത്ത അവർ വാസന എന്ന പദത്തിന്റെ അർത്ഥം പറയുമ്പോൾ പൗരസ്ത്യന്മാരിൽനിന്നു് അകന്നു മാറുന്നു എന്നേയുള്ളൂ. വാ

സന ഒരുതരം സംസ്കാരവിശേഷമാണെന്ന് അവരും സമ്മതിക്കുന്നു; അതു ജന്മാന്തരജന്യമാണെന്നുള്ള കാര്യം മാത്രമേ അവർക്കു സമ്മതമല്ലായുള്ളൂ.

കവിതാവിഷയത്തിൽ വാസനയ്ക്കു വലിയ കൈയൊന്നുമില്ലെന്നു വാദിക്കുന്ന മറ്റൊരുകൂട്ടരുണ്ട്. അവരുടെ അഭിപ്രായത്തിൽ സ്ഥിരപരിശ്രമമാണ് കവിതയുടെ ബീജം; അഥവാ, വാസനയ്ക്ക് അവർ കല്പിക്കുന്ന അർത്ഥം സ്ഥിരപരിശ്രമം എന്നാകുന്നു. ഈ അഭിപ്രായക്കാർ സംഖ്യയിൽ അല്പപക്ഷക്കാരായിട്ടാണ് കണ്ടുവരുന്നതു്. കേരളകാളിദാസൻ ഈ അല്പപക്ഷക്കാരിൽ പെട്ട ഒരാളായിരുന്നു. സ്ഥിരമായി പരിശ്രമിക്കുന്നപക്ഷം, ആർക്കും കവിയായിത്തീരാൻ സാധിക്കുമെന്നാണ്. അദ്ദേഹത്തിന്റെ അഭിപ്രായം വ്യൽപത്തിക്കും അഭ്യാസത്തിനുമാണ് കേരളകാളിദാസൻ കവിതാവിഷയത്തിൽ പ്രാധാന്യം കല്പിക്കുന്നതു്. ഭാഷാപോഷിണിസഭയുടെ ഒരു യോഗത്തിൽവെച്ചു സന്ദർഭവശാൽ അദ്ദേഹം ഇങ്ങനെ പറയുകയുണ്ടായി—

".....വാസനയുണ്ടെങ്കിലല്ലാതെ കവിതയ്ക്കു വണ്ണം വരികയില്ലെന്നു വിചാരിക്കുന്നതു് അത്ര ശരിയല്ലെന്നാണ് എന്റെ പക്ഷം. ഏതുതന്നെ വാസനയുണ്ടായിരുന്നാലും വ്യവസായംകൊണ്ടല്ലാതെ ഒന്നുംതന്നെ സാധ്യമല്ല. വാസനയെന്നു പറയുന്നതു്, സാഹിത്യത്തിലും മറ്റും ഒരുത്തനു സവിശേഷമായ ഒരു പ്രതിപത്തി ഉണ്ടാവുക മാത്രമേ ആകുന്നുള്ളൂ എന്നാണ് മഹാന്മാരായ അനേകം പണ്ഡിതന്മാർ വിചാരിച്ചിട്ടുള്ളതു്. ഒരാൾ വാസനയെ "പരിശ്രമം ചെയ്യുന്നതിനുള്ള ശക്തി" എന്നു നിർവ്വചിച്ചിരിക്കുന്നു; മറ്റൊരാൾ അതു കേവലം ക്ഷമയല്ലാതെ മറ്റൊന്നുമല്ലെന്നു പറഞ്ഞിട്ടുണ്ട്. ജന്മാന്തരവാസന എന്നൊന്നു് ഇല്ലാതെ വരാൻ പാടില്ലെന്നു ഞാനും സമ്മതിക്കുന്നു; എന്നാൽ അതിനെ സംഗീതസാഹി

തൃദേഹികർക്ക സാക്ഷാൽകാരണമായി കല്പിക്കുന്നതിനേക്കാൾ, അവയിൽ ചിലർക്കുണ്ടാകുന്ന അഭിരുചിക്ക ഹേതുവായി വിചാരിക്കുന്നതാണ് അധികം യുക്തിയുക്തമായിരിക്കുന്നത് എന്നാണ് എന്റെ അഭിപ്രായം. ആ അഭിരുചിയെ അനുസരിച്ചുള്ള പ്രവൃത്തിയിൽ ഫല വിശേഷം കാണുന്നതു് കരുതന്റെ പരിശ്രമത്തിനു് അനുരൂപമായിട്ടേ ഇരിക്കൂ.....

അഭ്യാസം വളരെ കുറച്ചുമാത്രം ഉണ്ടായിട്ടുള്ള ചില കവികൾ, സഹൃദയന്മാർക്ക് അധികം ചമൽകാരം ജനിപ്പിക്കുന്നതുകൊണ്ടും സഹിക്കുവാൻ വയ്യാത്തവരെപ്പോലുള്ളതിനെ വിചാരിക്കുമ്പോൾ, ജന്മാന്തരവാസന എന്നതിനെ തീരെ നിഷേധിക്കുവാൻ പാടില്ല. ഇപ്രകാരം സഹജവാസനയുള്ള കവികൾ അതിനെ അഭ്യാസത്താൽ ദൃഢമാക്കിച്ചെയ്യുമ്പോൾ അവരുടെ സാഹിത്യത്തിനു് അനന്യസാധാരണമായ ഒരു വിശേഷം ഉണ്ടാകുന്നതാണ്. വാസനയുണ്ടെങ്കിലും, കവിതയ്ക്ക് ഉത്കൃഷ്ടമായകമായ വ്യൽപത്തിഭാർഢ്യം അഭ്യാസൈകലഭ്യമാകുന്നു."

നിരന്തരാഭ്യാസം കവിക്കുണ്ടാകുന്നതു് അത്യന്താപേക്ഷിതമാണെന്നാണ് കേരളവർമ്മവലിയകോയിത്തമ്പുരാൻ പറയുന്നതിന്റെ ചുരുക്കം. "കവിത ശക്തിയുണ്ടെ ജനിക്കുകയും അഭ്യാസംകൊണ്ടെ വർദ്ധിക്കുകയും ചെയ്യുന്നു" * എന്നു പണ്ടുള്ളവരും അഭിപ്രായപ്പെട്ടിട്ടുണ്ട്, മമ്മടൻ, ഭണ്ഡി മുതലായ പ്രാചീനാചാര്യന്മാർ കവിതയ്ക്കു കാരണം ശക്തിയും പ്രതിഭയും മറ്റുമാണെന്നു പറയുന്നുണ്ടെങ്കിലും, അവയെല്ലാം നിരന്തരമായ പ്രയത്നത്തെക്കൂടി ആ കൂട്ടത്തിൽ ഉൾപ്പെടുത്തുന്നുണ്ടെന്നുള്ളതും ഇവിടെ പ്രത്യേകം സ്മരണീയമാകുന്നു. "കവിത്വം അല്പം കുറവായിരുന്നാലും പരിശ്രമശീലന്മാർക്ക്"

---

* കവിതാ ജായതേ ശക്ത്യാ
വ്യുൽപത്ത്യാഭ്യാസയോഗതഃ.

(നല്ല കവിത കൊണ്ട്) വിദ്വാന്മാരെ സന്തോഷിപ്പിക്കാൻ കഴിയും" f എന്ന ഉണ്ടിസ്സിഷ്ടമായിത്തന്നെ പറഞ്ഞിട്ടുണ്ട്.

നമ്മുടെ ചരിത്രനായകനെ സംബന്ധിച്ചു പറയുകയാണെങ്കിൽ, വാസനയും നിരന്തരാഭ്യാസവും അദ്ദേഹത്തിന്റെ കവിതയ്ക്കിന് ഒരുപോലെ ഉത്തരവാദിത്വം വഹിക്കുന്നു. സംസ്കൃതത്തിന്റെ ഗന്ധംപോലുമില്ലെന്നു മാത്രമല്ല, മലയാള ഭാഷയിൽത്തന്നെ ശരിയായ അടിസ്ഥാനം കെട്ടിയുറപ്പിക്കാൻ സാധിക്കാതിരുന്ന ഒരു കാലത്തു് അദ്ദേഹം ഒരു ആട്ടക്കഥ എഴുതിയതായി നാം കണ്ടുവല്ലോ. വ്യുൽപത്തിയുടെ അഭാവം നിമിത്തം പല കുറവുകളും കുറവുകളും ആ കൃതിയിലുണ്ടായിരുന്നു എന്നവരികിലും, തൽകർത്താവിന്റെ കവിതാവാസനയ്ക്കു് അതു് മന്നോന്തരം ഒരു നിദർശനമായിരുന്നു. പതിനൊന്നാമത്തെ വയസ്സിൽ മലയാളപള്ളിക്കൂടത്തിലെ പഠിപ്പു മതിയാക്കിയ ഒരു വിദ്യാർത്ഥി, ഒന്നുകൂലമല്ലാത്ത ഒരു പരിതഃസ്ഥിതിയിൽ ഇരുന്നുകൊണ്ടു്, പരസഹായം കൂടാതെ ഒരു ആട്ടക്കഥ നിർമ്മിക്കണമെങ്കിൽ, അതിനു കാരണം സഹജമായ കവിതാവാസനയല്ലാതെ മറ്റൊന്നുമാകുന്നില്ല. സാധാരണ വിദ്യാർത്ഥികൾ പതിനഞ്ചാമത്തെ വയസ്സിൽ ആട്ടക്കഥ തൊറകൂടാതെ വായിക്കുന്ന കാര്യംപോലും സംശയാസ്പദമാണു്. ആ സ്ഥിതിക്കു്, കേശവപിള്ള ആ പ്രായത്തിൽ ഒരു ആട്ടക്കഥ എഴുതി എന്നു പറഞ്ഞാൽ അതാരെന്നാൽ വിശ്വസിക്കയില്ല. പോരെങ്കിൽ, ചരിത്രനായകന്മാരെ കോമന്മാരാക്കി കാണിക്കുന്നതിനുവേണ്ടി ചിലർ ഉള്ളതു മറച്ചുവെച്ചു്, ഇല്ലാത്തതുണ്ടാക്കിപ്പറഞ്ഞുണ്ടാക്കിയിരിക്കുന്ന കാലത്തു്, തീച്ചയായും അതു് അവിശ്വസനീയമായിട്ടേ ആളുകൾ കരുതുകയുള്ളു; അതിനാൽ ചരിത്ര

---

f കൃശേ കസ്തേപി കൃതോദ്യമോ ജനോ
വിദുഷാഗോഷ്ഠീഷു വിഹർത്തുമീശതേ.

നായകന്റെ വാക്കുകളിൽനിന്നെന്ന ഞാനിന്നുള്ള തെളിവ് ഇ
വിടെ ഉദ്ധരിച്ചുകൊള്ളാം.

"രസികശിരോമണിയായ ചന്തുമേനോൻ അവർകളും
ലഘുസമയായി വർണ്ണിക്കുന്ന കഥകളിൽനിന്നാണ് എനിക്കു കവി
തയിലും സംസ്കൃതഭാഷാലക്ഷ്യത്തിലും ഇടംപ്രഥമമാ
യി ആസക്തിയെ ജനിപ്പിച്ചതെന്നുള്ള വാസ്തവത്തെ നിർല്ല
ജ്ജം പ്രസ്താവിച്ചുകൊള്ളുന്നു. കഥകളി, അല്ലെങ്കിൽ ആട്ടം,
എന്നുള്ള ശബ്ദംതന്നെ എനിക്കു ബാല്യത്തിൽ കണ്ണപിയു
ക്തമായിരുന്നു. മലയാംപള്ളിക്കൂടത്തിലെ പഠിപ്പു നിറുത്തി
യതിന്റെ ശേഷം, രാമായണം, ഭാരതം മുതലായ കിളി
പ്പാട്ടുകളെ വളരെ താൽപ്പര്യത്തോടുകൂടി ഞാൻ വായിക്കാ
രുണ്ടായിരുന്നു. ഇപ്രകാരനിരന്തരം പുരാണകഥകളിൽ അസാ
മാന്യമായ ഒരു പ്രേമവും ബഹുമാനവും ജനിക്കുന്നതിനിട
യായി. ഇതോടുകൂടി സംഗീതത്തിലുള്ള അഭിരുചിയും വ
ർദ്ധിച്ചുതുടങ്ങി. ഈ നിലയിൽ കഥകളി കാണണമെന്നുള്ള
ആഗ്രഹശക്തി ഉണ്ടായതു് അത്ഭുതമല്ലല്ലോ. കഥകളിക്കു കേമി
കൊട്ടുന്നതു കേട്ടുകഴിഞ്ഞാൽ പിന്നെ, അന്നത്തെ രാത്രിയി
യിൽ മനസ്സു വിഷയാന്തരത്തിൽ പ്രവേശിക്കുകയില്ല.
താലോ അഞ്ചോ ദിവസങ്ങളിൽ ഇടവിടാതെ ആട്ടം ഉണ്ടാ
യാലും, ഒരു ദിവസമെങ്കിലും മുടക്കം വരുന്നതുവരെ ആ സ്ഥ
ലത്തു ഹാജർ കൊടുക്കുകയും, പ്രധാനംവരെ നിദ്രയുടെ കഥ
പോലും വിസ്മരിച്ചു് അതൃത്സാഹപൂർവ്വം ആട്ടം കാണുകയും
ചെയ്തുപോന്നിരുന്നു. ഇങ്ങനെ കുറേനാൾ കഴിഞ്ഞപ്പോൾ
ഞാൻ, ആട്ടത്തിൽ ഭാഗവതർ പാടുമ്പോൾ "അവിടെ ചെന്നു
നിന്നു ശങ്കിടി പാടിയെങ്കിൽ കൊള്ളാമായിരുന്നു" എന്നാ
ഗ്രഹം. ഇതിന്റെ ഫലമായി സല്പകാലംകൊണ്ടു
പാട്ടുകൾ സാമാന്യം പാടുന്നതിനും തെറ്റുകൂടാതെ കാണിച്ചാൽ
ഗ്രഹിക്കുന്നതിനും വശമായി ആയിരുന്നു ഞങ്ങളുടെ ദിക്കിൽ

ഒരു ഗ്രന്ഥകർത്താവിന്റെ പക്കൽ 56 ദിവസത്തെ ആട്ടക്കഥകൾ ചേർന്ന ഒരു പുസ്തകമുണ്ടായിരുന്നു. ഒരു സന്ദർഭവശാൽ അദ്ദേഹത്തിന് അത്യാവശ്യമായിരുന്ന ആ പുസ്തകം കുറച്ചു പകർത്തി എഴുതുന്നതിനായി ഏതാനും ദിവസത്തേയ്ക്കു തരണമെന്ന് അദ്ദേഹത്തോടു പേക്ഷിച്ചു. "തന്നയയ്ക്കാൻ പാടില്ല; വേണമെങ്കിൽ ഇവിടെ വന്നിരുന്നു പകർത്തിക്കൊള്ളണം" എന്നാണ് മറുപടി ഉണ്ടായത്. അന്നുമുതൽ കടലാസ്സും മഷിയും പേനയും സമ്പാദിച്ചുകൊണ്ട് അവിടെ ചെന്നിരുന്ന് ഏതാനും കഥകൾ കുറെ ദിവസംകൊണ്ടു പകർത്തി എഴുതുകയും പഠിക്കുകയും ചെയ്തു. അത്രയുമായപ്പോൾ "ഇനി ഒരാട്ടം നടത്തണം" എന്നായി മോഹം. രാമേസിയാതെ ഏതാനും വ്യസ്നരെ കൂട്ടിച്ചേർത്തു ഒരു യോഗം ഉണ്ടാക്കി. കഥ ഉറപ്പിച്ചു മനവധം എന്ന് തീർച്ചപ്പെടുത്തി ഓരോരുത്തർക്ക് ഓരോ വേഷവും നിശ്ചയിച്ചു. അവരവരുടെ വേഷത്തിനുള്ള കോപ്പുകൾ അവരവർ തന്നെ കടലാസ്സുകൊണ്ടും മറ്റും ഉണ്ടാക്കിക്കൊള്ളണം എന്നായിരുന്നു ഏർപ്പാട്. എനിക്ക് ചെണ്ട കൊട്ട്, പാട്ട്, ഹനുമാന്റെ വേഷം, ഇത്രയുമാണ് നിശ്ചയിക്കപ്പെട്ടതു്. ഏതാനും ദിവസം അതൃക്കണ്ണയോടുകൂടി പ്രയത്നംചെയ്ത് ഞാൻ കടലാസ്സുകൊണ്ടുണ്ടാക്കിയ ഹനുമൽകിരീടത്തിന്റെ ആ വിചിത്രരൂപമുള്ള പ്രതിമ ഇപ്പോഴും എന്റെ മനസ്സിൽ ആവിർഭവിച്ച് മന്ദഹാസത്തെ ജനിപ്പിക്കുന്നു. അതിനെ ഒരു വീട്ടിൽവെച്ച് ആയിടയ്ക്കുള്ള ഒരു നിശാരാത്രിയാളിൽ കേവലം ബാലന്മാരായ ഞങ്ങൾ കൊട്ടിപ്പാടിയ രാക്ഷസികൾ ഒക്കുമ്പോൾ ഇന്നു വളരെ ലജ്ജ തോന്നുന്നുണ്ട്. പുത്രവാത്സല്യനിധിയായ എന്റെ അച്ഛനൊഴികെ മറ്റുള്ള രക്ഷകർത്താക്കളെല്ലാവരും ഇതറിഞ്ഞ് എന്നെ വളരെ ശാസിക്കയുണ്ടായി. ഇങ്ങനെ ബാല്യകാലപ്രവൃത്തികൾ പോലെ രസമായ കഥകളിലൊന്നു്, "ഇനി ഒരാട്ടക്കഥയുണ്ടാക്കണം" എന്നുള്ള

ട്ടുമ്മാഥത്തെയാണ് പിന്നെ മനസ്സിൽ അങ്കുരിപ്പിച്ചതു്. അപ്പോഴും ഞാൻ സിലശുപംപോലും നോക്കിയിരുന്നില്ല. കാരണമെന്തെന്നാൽ വായിച്ചതുകൊണ്ടുള്ള അറിവേയുള്ളു. എങ്ങനെയോ കയ്യിൽ വന്നുചേർന്ന ഒരു അമരം തമിഴ്ക്കത്തിന്റെ സഹായവുമുണ്ട്. എന്തിനധികം? കുറെനാൾ കഴിഞ്ഞപ്പോൾ, എന്റെ കൃതിയായി "പ്രസ്റ്റോദചരിതം" എന്ന കരട്ടുകഥയുണ്ടായി എന്നു പറഞ്ഞാൽ കഴിഞ്ഞല്ലൊ..... ഇതു് എന്റെ പതിനഞ്ചാമത്തെ വയസ്സിലെ കൃതിയാകുന്നു."

"കല്യാണോദധി നിർജ്ജരാനപവരൻ
മല്ലാരിഭക്തോത്തമൻ
സർവ്വലോകാധിപനംബുസംഭവസുതാ
കാന്തോദ്ഭജൻ താൻ നിജ
കല്യണംഗികളായ വല്ലഭകളോ-
ടുല്ലാസമോടാശു താൻ-
സർവ്വലോകേ സുഖമൊട്ടു വാണിതു മന-
സ്സന്തോഷമർന്നോരവും"

ഇതായിരുന്നു പ്രസ്റ്റോദചരിതത്തിലെ പ്രഥമശ്ലോകം. വരിയിൽ അക്ഷരങ്ങൾ എണ്ണിയെടുപ്പിച്ചു് പദ്യങ്ങളെഴുതിച്ചു് അഭ്യസിക്കുന്നവരുടെ ചുവടുപിടിയാകാനുള്ള യോഗ്യതമാത്രമേ വൃത്തത്തിൽ ഈ ശ്ലോകത്തിനുള്ളു. എന്നാൽ ഇതെഴുതിയ ആളുടെ പാണ്ഡിത്യം പ്രായവും കൂടി ആലോചിച്ചു് ഒരു വിധി കല്പിക്കുന്നതു ക്ഷമ്യം. അതു് അത്രയൊന്നും ഇച്ഛാഭംഗജനകമാകുന്നതിടയില്ല. അക്കഥ എങ്ങിനെയെങ്കിലുമിരിക്കട്ടെ. പ്രസ്തുത പദ്യം വായിച്ചുകേട്ട പരമുവാശാൻ പുറപ്പെടുവിച്ച അക്ഷോഭ്യമായ അഭിപ്രായം പദ്യകർത്താവിനെ ഒരു സംസ്കൃതവിദ്വത്പീയുക്കിനിർത്തുവാൻ മാത്രം തക്കം ഗ്രഹിച്ചുകഴിഞ്ഞു. കേശവനാശാന്റെ അടുക്കൽ സംസ്കൃതം പഠിച്ചുകൊണ്ടിരിക്കെത്തന്നെ കേശവപിള്ള പ്രസ്റ്റോദചരിതത്തെ പരിപ്പു

രിച്ചുകൊണ്ടാണിരുന്നതു്. ഈ പരിഷ്കാരം അടിമുതൽ മുടിവരെ വേണ്ടിവന്നു. അതിന്റെ ഒരു ഏകദേശസ്വരൂപം മനസ്സിലാകുന്നതിനുവേണ്ടി, മേല്പുണിച്ച പദ്യത്തിന്റെ പരിഷ്കൃതരൂപംകൂടി ഇവിടെ ഉദ്ധരിക്കാം. തരതമ്യനിരൂപണം വായനക്കാർക്കായി വിടുന്നു.

"ശ്രീമൻ മഹോച്ചൈരായസഹോ ജാതാരിഃ
ശ്രീനാഥസേവൈകരതോ മഹാത്മാ
നാകേ നിജാഭിഃ സുരസുന്ദരീഭി—
സ്സാകം സുരേശസ്സരസം ന്യവാത്സീൽ"

അന്തർജ്ജനപദങ്ങൾ പോയപ്പോൾ വൃത്തം ചുരുങ്ങി, ആശയം ഭംഗിയായി അവിഷ്കരിക്കാൻ കഴിഞ്ഞു. ഇങ്ങനെയൊക്കെയാണെങ്കിലും ഒരു മിനുക്കുപണികൂടി അതിൽ ഇടമുണ്ടെന്നു കാണാം. അതുകൂടി കാത്തിരിക്കാൻ തൽക്കർത്താവിനു ക്ഷമയുണ്ടായില്ല. പതിനേഴാമത്തെ വയസ്സിൽ ആ കവിയശ്പ്രാർത്ഥി അച്ചടിപ്പിച്ചു. ചില കഥകളിയോഗക്കാർ അതു പഠിച്ചു ആടുകയും ചെയ്തു. ഇതു കവിക്കു് പ്രോത്സാഹകമായിത്തീർന്നു. തൽഫലമായി അദ്ദേഹം പതിനാൻപതാമത്തെ വയസ്സിൽ "ത്രൈപുരാസുരവധ"വും ഇരുപതാമത്തെ വയസ്സിൽ "ശ്രീകൃഷ്ണവിജയ"വും നിർമ്മിച്ചു. രണ്ടും ആട്ടകഥകൾതന്നെ. പരമ്പരാ സമീപപ്രദേശങ്ങളിലുള്ള കഥകളിയോഗക്കാർ ഈ മൂന്നു കഥകളും അക്കാലത്തു പഠിച്ചു് ആടിയിരുന്നു. കവിതാഗോപം നോക്കിയാൽ ഈ മൂന്നുകൃതികളെ സംബന്ധിച്ചും "തരക്കേടില്ല" എന്നു പറയുന്നേ നിവൃത്തിയുള്ളൂ. "എനിക്കു കവിതയിൽ പറയത്തക്ക പരിചയമോ പഴക്കമോ സിദ്ധിക്കുന്നതിനുമുൻപാണു് ഈ മൂന്നു കഥകളും എഴുതുന്നതിടയായതെന്നു് സ്പഷ്ടമാണല്ലൊ. അതിനാൽ ഇപ്പോൾ നോക്കുന്ന സമയങ്ങളിൽ ഇവയിലെ പല ഭാഗങ്ങളും "പോര, നന്നായില്ല" എന്നൊക്കെ എനിക്കുതന്നെ തോന്നാറുണ്ടു്. എങ്കിലും കാലദേശത്തിൽ

പലക്കും കഥകളിയിൽ തോന്നിത്തുടങ്ങിയിട്ടുള്ള വൈമുഖ്യം നിമിത്തം ഇവയെ പരിഷ്കരിച്ച് അച്ചടിപ്പിക്കണമെന്നു വിചാരിച്ചു. അങ്ങനെ ആട്ടക്കഥകൾ നിർമ്മിക്കണമെന്നോ എനിക്ക് ഉത്സാഹം ഉണ്ടായിരുന്നില്ല" എന്നു് ഗ്രന്ഥകർത്താവുതന്നെ പിന്നീടു പ്രസ്താവിക്കയുണ്ടായിട്ടുണ്ടു്.

"തരക്കേടില്ല" എന്ന അഭിപ്രായം പറഞ്ഞതു് കവിതാഭാഗത്തെ സംബന്ധിച്ചുമാത്രമാണു്. ആട്ടവും പാട്ടുമാണു് ആ കൃതികൾ ഒരു മേശമല്ലെന്നാണു് ആട്ടക്കാരുടെ അഭിപ്രായം. ശബ്ദാഡംബരവും ഒട്ടും കുറവല്ല. ചില ദിക്കിൽ കുറെ കൂടിപ്പോയിട്ടുണ്ടെങ്കിലേയുള്ളു:

"ഹരിഹയനതിപാത്രം ഹാടകാപീതനേത്രം
കരധൃതകുലഗോത്രം കല്മഷധ്വാന്തമിത്രം
ജലധരനിഭഗാത്രം ദന്ദശൂകാരിപുത്രം
സരസിജദളനേത്രം സംശ്രയേ നന്ദപുത്രം"

എന്നു തുടങ്ങി പ്രാസപ്രചുരങ്ങളായ പ്രയോഗങ്ങളുടെ കഥയിരിക്കട്ടെ.

"നനനനനാ നനനനനാ നനനനനാനനനനനാ
നനനനനാനനനനനാ നനനനനനനനനനനാ"

എന്നിങ്ങനെ വലിയ പണ്ഡിതന്മാരെക്കൂടി സംഭ്രമിപ്പിക്കാൻ പര്യാപ്തമായ ഏകാക്ഷരപദ്യംപോലും കേശവപിള്ളയുടെ ആട്ടകഥകളിൽ കാണാം. പ്രൗഢകവികൾക്കുപോലും ദുഷ്കരമായ ഒരു കൃത്യമാണിതു്. ചരിത്രനായകൻ ചെറുപ്പത്തിൽത്തന്നെ ശബ്ദങ്ങളെ തന്റെ ചൊല്പടിക്കു നിറുത്തിയിരുന്നു എന്നുള്ളതിനു് ഇതു് ഒന്നാംതരം തെളിവാകുന്നു. സാധാരണ ആട്ടക്കഥകളിലെ സമ്പ്രദായമനുസരിച്ചു് ശ്ലോകങ്ങൾ ഒട്ടുമിക്കതും തനിസ്സംസ്കൃതത്തിലാണു് രചിച്ചിട്ടുള്ളതു്. നല്ല മഴക്കുള്ള പദ്യങ്ങളും അക്കൂട്ടത്തിൽ ധാരാളമുണ്ടു്. തന്റെ അഭ്യുദയത്തിനു ഹേതുഭൂതനായ ഇരുനാഥനെ

അനുസ്മരിച്ചുകൊണ്ട്, "ഹിരണ്യാസുരവധം ആട്ടക്കഥ"യുടെ ആരംഭത്തിൽ കവി എഴുതിച്ചേർത്തിട്ടുള്ള പദ്യംതന്നെ നോക്കുക:

"വിബുധാനന്ദസന്ദായീ വിദ്യാകേളിവിശാരദഃ
വിഭാതു ഹൃദയേ നിത്യം ദേശികഃ കേശവാഹ്വയഃ.

രചന എത്ര അക്ലിഷ്ടമായിരിക്കുന്നു! എല്ലാ പദ്യങ്ങളും ഇതുപോലെ സുന്ദരങ്ങളാണെന്നു പറയാൻ നിവൃത്തിയില്ലെങ്കിലും, ചരിത്രനായകന്റെ സൗന്ദര്യമായുള്ള സംസ്കൃതകവിതാമണ്ഡലിക്ക് ഒരു നിർമ്മലമെന്ന നിലയിൽ ഇതിനെ അംഗീകരിക്കാം. ഇടയ്ക്കിടയ്ക്ക് ഒന്നാംതരം മണിപ്രവാളശ്ലോകങ്ങളും കാണാനുണ്ട്:—

"കാമൽപ്പഞ്ചിരിവെണ്ണിലാവിലലിയും
ശ്രീവന്മുഖം താഴ്ത്തിയും
പ്രേമക്കോപമയിർകൊണ്ട കൊങ്കലണിയും
പൂമേനിമേൽ നോക്കിയും
കാമം കാമശരങ്ങളേറവ വലയും
വാമാക്ഷിമാർമൗലിയോ—
ടാമോദാകുലമേവമോതി ഭഗവാൻ
ക്ഷേത്രപ്രിയൻ ദേവചരൻ."

"മല്ലപ്പൂമലയൊട്ടുക്കചേരമതിലാ—
ലോലമായുല്ലസിക്കേ
മുല്ലപ്പൂബാണനേറേറം ശരനിരകളം ചൊരി—
ഞ്ഞീടവേ പാടവേന
പൊല്ലപ്പോകാത ദിവ്യപ്രഭയെഴുമമല—
ശ്രീമുകുന്ദന്റെയോമൽ—
ച്ചെല്ലപ്പൂമേനികണ്ടുവലയമിഴിയാകം
മുങ്ങിയാനന്ദസിന്ധൗ."

ആട്ടക്കഥകളിലെ "പദ"ങ്ങളും വളരെ മനോഹരങ്ങളായിട്ടുണ്ട്. "ഹാ ഹാ നോകുമവല്ലഭ പാലയ കൃഷ്ണ"! എന്നിത്യാദി പദങ്ങളും പ്രശംസിക്കപ്പെടുകയുണ്ടായി. ആകർഷകങ്ങളും ക്ഷോഭജ്യോ

തകങ്ങളുമത്രേ, "ജയ ജയ ഗുരു മഹാശയരേ! ജയ ജയ ദാനവനാഥ വിദേ" എന്നു തുടങ്ങുന്ന കുമ്മി മറ്റാട്ടക്കഥകളിലെ ഏതു കുമ്മിയോടും കിടനില്ക്കാൻ മതിയായതാണെന്നുള്ളതിനു സംശയമില്ല.

"ഏവം നിശമ്യ നിജമോദം കുറഞ്ഞധിക-
ഖേദം വളർന്ന സുരപാലൻ
അരികം കുലകാലൻ പരുഷതരശീലൻ
വിനയനിധി തനയയുടെ ദുർജരിപുഭക്തിയാ-
ലനവരതമധികതരലോലൻ."

എന്നാരംഭിക്കുന്ന ദണ്ഡകം സുകുമാര്യംകൊണ്ടും, സാരസ്യം കൊണ്ടും പ്രാധാന്യത്തെ അഹ്നിക്കുന്ന ഒന്നാകുന്നു.

സംഗീതഭാഗംകൊണ്ടു നോക്കിയാൽ കേരവപിള്ളയുടെ ആട്ടക്കഥകളിൽ ഒട്ടും അപ്രധാനമല്ലാത്ത ഒരു സ്ഥാനത്തെ അഹ്നിക്കുന്നു. കവി ചെറുപ്പത്തിൽത്തന്നെ കഥകളിപ്പദങ്ങൾ കണ്ണുമധുരമായി പാടാൻ ശീലിച്ചിരുന്നതുകൊണ്ട്, താൻ നിർമ്മിക്കുന്ന പദങ്ങളെല്ലാം പാടിനോക്കി ശരിപ്പെടുത്താൻ അദ്ദേഹത്തിനു സാധിച്ചു. സാധാരണകവികൾക്കു ദുർല്ലഭമായ ഒരു സൗകര്യമാണല്ലൊ ഇതു്. ഇക്കാരണത്താൽ മേൽപറഞ്ഞ മൂന്നാട്ടക്കഥകളിലേയും മിക്ക പദങ്ങളും പാടിക്കേൾക്കാൻ സുഖമുള്ളവയായിരിക്കുന്നു. ആ കഥകൾ മനഃപാഠമാക്കീട്ടുള്ള ഭാഗവതർമാരുടെ അഭിപ്രായമാണിതു്.

കേരവപിള്ളയുടെ ആട്ടക്കഥകൾ, കഥകളിയോഗക്കാർവഴിയായും മറ്റുവിധത്തിലും വളരെ വേഗത്തിൽ ബഹുജനങ്ങളുടെ ശ്രദ്ധയെ ആകർഷിച്ചു. ആട്ടത്തിനും ആട്ടക്കഥകൾക്കും ക്ഷീണത്തിനു പ്രചാരമുള്ള കാലമായിരുന്ന അതെന്നു മുൻപു സൂചിപ്പിച്ചിട്ടുണ്ടല്ലൊ. സുപ്രസിദ്ധനായ മുൻഷി രാമകൃഷ്ണൻ ബി. എ. "ഹിരണ്യാസുരവധം ആട്ടക്കഥ" * വായിച്ചുനോക്കി അഭിപ്രായപ്പെട്ടതു് ഇങ്ങനെയാണു്: "ഈ കൃ

*'പ്രഹ്ലാദചരിതം' പരിഷ്കരിച്ചച്ചടിച്ചതു് ഈ പേരിലായിരുന്നു.

തിയുടെ കത്തുവു് ഇപ്രകാരമുള്ള കവിതകളിൽ പരിശ്രമിച്ചുകൊണ്ടിരിക്കുന്നപക്ഷം, ഇനി ഒരിക്കൽ ഉൽകൃഷ്ടമായ കവിതകൊണ്ടു് നമ്മെ വിസ്മയിപ്പിക്കുന്നതിനു് ശക്തനായിത്തീരുമെന്നു ഞാൻ വിശ്വസിക്കുന്നു. ഇതിൽ ഞാൻ വായിച്ചുനോക്കിയ ഏതൊന്നും ഭാഗം എനിക്കു് ഏറ്റവും പ്രിയപ്പെട്ടതായിത്തോന്നിയിരിക്കുന്നു." ഒരു കാലത്തു് സംസ്കൃതസാഹിത്യലോകത്തിൽ വലിയ ഒച്ചപ്പാടുണ്ടാക്കിയ "ചക്രീചങ്കരം"ത്തിന്റെ കത്തുവിൽനിന്നു് ഇങ്ങനെ ഒരു സർട്ടിഫിക്കറ്റു കിട്ടുക എന്നതു്—അതിൽ അഥവാ അല്പം മുള്ളു കൊള്ളിച്ചിട്ടുണ്ടെങ്കിൽത്തന്നെയും—അക്കാലസ്ഥിതിക്കു് വലിയ ഒരു കാര്യമായിരുന്നു. രണ്ടാമത്തെ കൃതിക്കു്, സാക്ഷാൽ കേരളകാളിദാസൻതന്നെ, അദ്ദേഹത്തിനു സഹജമായ സൗജന്യത്തോടുകൂടി ഒരു മുഖക്കുറിപ്പു് ചാർത്തി. "അദ്യതനയുവകവികളിൽ വെച്ചു് അഗ്രഗണ്യനായ പരവൂർ കേശവപിള്ളയുടെ കൃതിയായ ഈ "ത്രൈപുരസുരവധം" ആട്ടക്കഥ, ഞാൻ ഒരുപാടു വായിച്ചുനോക്കി. കവിതാഗുണങ്ങൾ പലതും ഇതിൽ ഉള്ളതുകൊണ്ടായിരിക്കണമെന്നതോന്നുന്നു." ഇരുപതു വയസ്സു തികയാത്ത ഒരു യുവാവിനു സാഹിത്യസാമ്രാജ്യചക്രവർത്തിയുടെ ഈ അഭിപ്രായം എത്രമാത്രം പ്രോത്സാഹജനകമായിരിക്കുമെന്നു പ്രത്യേകിച്ചു പറയേണ്ടതുണ്ടോ? അതിന്റെ ഫലമായിട്ടുകൂടിയായിരിക്കണം അധികം താമസിയാതെ മൂന്നാമതു് ഒരാട്ടക്കഥകൂടി എഴുതാൻ അദ്ദേഹം ഉദ്യമിച്ചതു്. മേലുദ്ധരിച്ചതുപോലെ അഭിപ്രായങ്ങളേയും അതിലധികത്തക്കവിധത്തിലുള്ള ഒരു സർട്ടിഫിക്കറ്റും ആ കൃതിക്കു കിട്ടി "ഈ "ശ്രീകൃഷ്ണവിജയം ആട്ടക്കഥ" മുഴുവനും ഞാൻ സാവധാനമായി വായിച്ചു. കേശവപിള്ളയ്ക്കു് മലയാളഭാഷയിലും സംസ്കൃതത്തിലും സംഗീതത്തിലും ഉള്ള അസാധാരണമായ പാണ്ഡിത്യത്തെ

യും കവനത്തിലുള്ള സഹജവാസനയേയും രസികതയേയും ആലോചിക്കുമ്പോൾ ഈ ആട്ടക്കഥ ഇതുമേൽ നന്നായിരിക്കുന്നതിനെക്കുറിച്ച് ആശ്ചര്യപ്പെടാനില്ല." സഹൃദയശ്രേഷ്ഠനായിരുന്ന രാജരാജവർമ്മ മുത്തകോയിത്തമ്പുരാന്റെ അഭിപ്രായമാണിത്, ഇങ്ങനെ ലഭിച്ചുകൊണ്ടിരുന്ന പ്രോത്സാഹനത്തിന്റെ ഫലമായി ചരിത്രനായകന്റെ കാവ്യാലാപനത്തിനേരം, ഉത്തരോത്തരം പ്രശംസയെ അഹ്നിക്കത്തക്കവിധം, അപ്രതിഹതമായി പുരോഗതിയെ പ്രാപിച്ചുകൊണ്ടിരുന്നു. ബാല്യകവനങ്ങളിൽ മികച്ചുനില്ക്കുന്നത് "നാരായണനാമമാഹാത്മ്യം" കിളിപ്പാട്ടാകുന്നു. പുരാണപ്രസിദ്ധമായ അജാമിളചരിതമാണ് അതിലെ കഥ. നാലദ്ധ്യായങ്ങളുള്ള ആകൃതി, കിളിപ്പാട്ടുരീതിയിൽ കവിതയെഴുതുന്നതിനു ചരിത്രനായകനുള്ള വൈഭവത്തെ പ്രത്യക്ഷപ്പെടുത്തുന്നു. പക്ഷെ, ആ കൃതിക്ക് സാഹിത്യലോകത്തിൽ അതർഹിക്കുന്ന പ്രചാരം സിദ്ധിച്ചതായി കണ്ടെന്നില്ല.

അച്ചടിച്ചു പ്രസിദ്ധീകരിച്ചിട്ടുള്ള ബാല്യകൃതികളുടെ കഥയാണ് ഇപ്പറഞ്ഞതു്. അന്നത്തെ പല കൃതികളും അച്ചുക്കൂടത്തിൽ കടക്കുമുമ്പേ നാമാവശേഷമായിത്തീർന്നുപോയിട്ടുണ്ടു്. പാർവ്വതീസ്വയംവരം അമ്മാനപ്പാട്ട്, വൃകാസുരവധം വഞ്ചിപ്പാട്ട്, രുക്മിണീസ്വയംവരം കമ്പടിക്കളിപ്പാട്ട് മുതലായവ ഇക്കൂട്ടത്തിൽ പെടുന്നു. സംസ്കൃതം പഠിച്ചുതുടങ്ങുന്നതിനു മുൻപു്—പതിനാറാമത്തെ വയസ്സിലോ അതിനു മുൻപോ—എഴുതിയതാണ് ഈ കൃതികളെല്ലാം. വെറും ബാല്യചാപല്യത്തിന്റെ ഫലങ്ങൾ മാത്രം. തൽകർത്താവും അവയ്ക്ക് ആ വില മാത്രമേ കല്പിച്ചിരുന്നുള്ളു. അതുകൊണ്ടാണെന്നു തോന്നുന്നു അദ്ദേഹം അതു പുറത്തുവിടാതിരുന്നതു്.

ഏതുകാലത്തും ഏതുദേശത്തും, പിച്ചവെയ്ത്തു പേരുകേട്ട കവികളോ മഹാകവികളോ ആയിത്തീർന്നിട്ടുള്ളവരൊക്കെയും

ചെറുപ്പത്തിൽ ഈവിധത്തിലുള്ള കാവ്യാധ്വാവിൽക്കൂടി സഞ്ചരിച്ചിട്ടുള്ളവരാണെന്ന് അവരുടെ ചരിത്രം പരിശോധിച്ചാലറിയാം. പക്ഷേ, അവരിൽ പലരെ സംബന്ധിച്ചും ബാഹ്യചരിത്രം അജ്ഞാതമായിട്ടാണ് കാണുക പതിവു്. പരമാർത്ഥം പറയുകയാണെങ്കിൽ കവികളുടെ ഈ വക കാവ്യാധ്വാസഞ്ചാരചരിത്രം, തട്ടുതകർന്ന മാർഗ്ഗത്തിൽക്കൂടി സഞ്ചരിക്കാനൊരുങ്ങുന്ന മറ്റുള്ളവർക്ക് ധൈര്യത്തെ പ്രദാനംചെയ്യുന്ന ഒന്നാകയാൽ ചരിത്രകാരന്മാർ തീച്ചയായും രേഖപ്പെടുത്താൻ ശ്രമിക്കേണ്ടതാണു്. "പരാജയങ്ങൾ വിജയസാധ്യതിലേക്കുള്ള സോപാനങ്ങളാകുന്നു" എന്ന ചൊല്ലു് സാഹിത്യപരിശ്രമത്തെ സംബന്ധിച്ചു് അക്ഷരംപ്രതി അനർത്ഥമാണെന്ന് ആ മാർഗ്ഗം തെളിയിക്കും. ആത്മവിശ്വാസത്തിന്റെ കുറവുകൊണ്ടു് ചെറുപ്പത്തിൽത്തന്നെ സാഹിത്യപരിശ്രമങ്ങളിൽനിന്നു പിൻതിരിയുന്ന പലരും ഇന്നു നമ്മുടെ ഇടയിലുണ്ടു്. തങ്ങളുടെ മാർഗ്ഗത്തെ പരീക്ഷിച്ചുനോക്കുന്നതിനുള്ള ക്ഷമപോലും അവർ പ്രദർശിപ്പിക്കുന്നില്ല. "വാസന"യെ സംബന്ധിച്ചു് കേരളകൗമുദിവാസനാങ്കത്തിൽ വന്ന അഭിപ്രായം അക്കൂട്ടർ നല്ലപോലെ മനസ്സിലാക്കിയിരിക്കേണ്ടതാണു്. വിലയേറിയ ആ അഭിപ്രായം ഈ അദ്ധ്യായത്തിന്റെ ആരംഭത്തിൽ ഉദ്ധരിച്ചിട്ടുണ്ടല്ലോ; ചരിത്രനായകന്റെ സാഹിത്യപരിശ്രമം വാസനയിൽനിന്നാണു് ക്രമപ്പെട്ടതെങ്കിലും, അഴകുള്ളതാണു് നിസ്തുലമായ നിരന്തരാഭ്യാസംകൊണ്ടാണെന്നും നാം കണ്ടുകഴിഞ്ഞു. അടുത്ത അദ്ധ്യായങ്ങളിൽ അതു കൂടുതൽ വ്യക്തമാകുകയും ചെയ്യും. നമ്മുടെ സാഹിത്യവിദ്യാർത്ഥികൾ ഈ വക സംഗതികളെ തങ്ങളുടെ പ്രവൃത്തിപഥത്തിലേക്കുള്ള വഴികാട്ടികളായി സ്വീകരിക്കുന്നതു് സർവ്വഥാ ആരോഗ്യമായിരിക്കും.

അദ്ധ്യായം നാല

ഉൽകഷ്ടസോപാനം

അനുകൂലമായ പരിസരവും വേണ്ടവിധത്തിലുള്ള പ്രോത്സാഹനവുമാണ് ഒരാളുടെ ജീവിതത്തെ വിജയപ്രദമായിത്തീർക്കുന്നതെന്നുള്ളതിനു പല ദൃഷ്ടാന്തങ്ങളുമുണ്ട്. ഒരു വ്യക്തി എത്രമാത്രം യോഗ്യനായിരുന്നാലും ആ യോഗ്യതയെ പ്രകാശിപ്പിക്കാനുള്ള അവസരം കിട്ടാത്തപക്ഷം, അയാൾ ഒരു സാധാരണക്കാരൻതന്നെ നിലയിൽ കഴിഞ്ഞുകൂടുകയേ നിവൃത്തിയുള്ളൂ. നേരേമറിച്ച്, യോഗ്യതയിൽ അല്പം പിന്നോക്കമായിരുന്നാലും, പ്രോത്സാഹിപ്പിക്കാനും സഹായിക്കാനും ആളുണ്ടെങ്കിൽ, ആ വ്യക്തി അസൂയാവഹമായ ഉന്നതപദവിയിൽ എത്തിപ്രശോഭിക്കുന്നതായും കാണാം. ഒരുദ്യോഗികലോകത്തിന്റെ എന്നപോലെ, വിദ്യാലോകത്തിന്റെ സ്ഥിതിയും ഇതുതന്നെയാണ്. തങ്ങളുടെ അറിവിനെ മറ്റുള്ളവർക്കുകൂടി പ്രയോജനകരമായവിധം വിനിയോഗിക്കുന്നതിനു് അനുകൂലമായ പരിതഃസ്ഥിതികൾ ലഭിക്കാതെ, എത്രവിദ്വാന്മാരാണ് "ഘടദീപ"ങ്ങളായി സ്വയം എരിഞ്ഞടങ്ങിപ്പോകുന്നതു്! ന്യായമായി അർഹിക്കുന്ന പ്രോത്സാഹനം സിദ്ധിക്കാത്തതിനാൽ മോശക്കാരായിത്തീർന്ന എത്രയെത്ര യോഗ്യന്മാരാണു്, വെറും യന്ത്രപ്പാവകളെപ്പോലെ നാമമാത്രമായി ജോലിചെയ്യു്, തങ്ങളുടെ വിജ്ഞാനഭണ്ഡാരത്തെ അക്കമേളും ഉപയോഗപ്രദമാക്കിത്തീർക്കാൻ അവസരം കിട്ടാതെ, ജീവിതത്തെ അവസാനിപ്പിക്കുന്നതു്!!

തന്റെ പരിസരങ്ങളെ, തനിക്കനുകൂലമാക്കിത്തീർക്കേണ്ടതു് അവനവൻതന്നെയാണ് എന്നുള്ള ഒരഭിപ്രായക്കാരും ഇല്ലെന്നില്ല. "മനുഷ്യനാണ് പരിസരങ്ങളെ സൃഷ്ടിക്കുന്നതു്"

എന്നവർ പറയുന്നു. പക്ഷേ, ഇതു് ഒരവരം ആദർശപരമായ ഒരഭിപ്രായം മാത്രമാണെന്നാണു് അനുഭവം ചൂണ്ടിക്കാണിക്കുന്നതു്. തങ്ങളെ ലോകസമക്ഷം ഉയർത്തിക്കൊണ്ടുവന്ന ശക്തി മറവുചെയ്ക്കു് അജ്ഞാതമായിരിക്ക, ആ ശക്തിയെ ബഹുജന സമക്ഷം അവതരിപ്പിക്കുന്നതു് ഏതെങ്കിലും തരത്തിൽ അനുചിതമാകുമിരിക്ക, ഇങ്ങനെ വരുമ്പോഴാണു് തങ്ങളുടെ പരിസരങ്ങളെ സൃഷ്ടിച്ചതു മറ്റാരുമല്ലെന്നു് ചിലർ പറയുകയും നടിക്കയും ചെയ്യുന്നതു്. മനോഗതിയെ അളക്കാനുള്ള വല്ല യന്ത്രവും ഉണ്ടായിരുന്നു എന്നുവരികിൽ, ഇക്കൂട്ടരിൽ ചിലരുടെ മനസ്സു് തങ്ങളെ ഉന്നതപദവിയിലെത്തിച്ചവരുടെ നേരെയുള്ള കൃതജ്ഞതകൊണ്ടു നിറഞ്ഞിരിക്കുന്നതായും, മറ്റു ചിലരുടേതു് ഉൽകൃഷ്ടസൗധത്തിലേക്കു കയറിവന്ന സോപാനങ്ങളുടെ നേരെതോന്നി ലജ്ജാവനതമായിത്തീരുന്നതായും കാണാൻ കഴിയുമായിരുന്നു

ഭാഗ്യം!—ഈ വാക്കു് തീരെ അർത്ഥഹീനമല്ല. അങ്ങനെ അഭിപ്രായപ്പെടുന്ന ചിലരുണ്ടെങ്കിലും അതു സ്വീകാര്യമാണെന്നു തോന്നുന്നില്ല. പക്ഷേ, ഭാഗ്യമാണെന്നു തെറ്റിദ്ധരിക്കപ്പെടുന്നതിൽ വലിയ ഒരു പങ്കിനും ഉത്തരവാദി, ചില പ്പോഴും, മേൽപ്രസ്താവിച്ച തരത്തിലുള്ള വല്ല അജ്ഞാതശക്തിയുടേയും പ്രവർത്തനമായി എന്നു വരാം, എന്നുമെച്ചു്, ഭാഗ്യത്തെ നമുക്കു തീരെ അവഗണിക്കാൻ നിവൃത്തിയില്ല. "തൊട്ടതെല്ലാം പൊന്നു"മായിത്തീരുന്ന അപൂർവ്വം ചിലരെ ലോകത്തിൽ കാണുന്നുണ്ടു്. യോഗ്യതാംശത്തിൽ അവർ അത്ര മികച്ചവരല്ലെന്നവരാം; അവരേക്കാളും യോഗ്യന്മാർ എത്രയോ താഴ്ന്നനിലയിൽ കഴിഞ്ഞുകൂടുന്നുണ്ടായിരിക്കയും ചെയ്യും; യാതൊരു ദിഗ്വിജയശക്തിയും അവരുടെ ഉയർച്ചയ്ക്കുപിൻപുണ്ടെന്നു കാണുകയുമില്ല. മാത്രമല്ല, ഒരുപക്ഷേ അസൂയാലുക്കളായ വല്ലവരും അവരുടെ പുരോഗതിപഥത്തിൽ വിലങ്ങടിച്ചു

ക്കില്ലെന്നുണ്ടെന്നും വരാം. ഇങ്ങനെയൊക്കെയായാലും അക്ഷ്ടർ യഥേഷ്ടം തടസ്സവുംകൂടാതെ ശരിക്കു പുരോഗമിക്കുന്നതായിക്കാണാം. ഇതു ഭാഗ്യം കൊണ്ടാണെന്നേ പറയാൻ നിവൃത്തിയുള്ളൂ.

ഭാഗ്യമെന്നു പറയുന്നതു് ഉത്സാഹത്തിന്റെ ഒരു പര്യായം മാത്രമാണെന്നു വിധിക്കുന്ന ഒരു കൂട്ടരുണ്ടു്. "ഉത്സാഹിനം പുരുഷസിംഹമുപൈതി ലക്ഷ്മീഃ" എന്നാണു് അവരുടെ അഭിപ്രായം. രൂപ്പികൾ ഒരുപോലെ വേണ്ടതിലധികം അധ്വാനിക്കയും ഉത്സാഹത്തിന്റെ മൂർത്തികളായി വർത്തിക്കയും ചെയ്യുന്ന ചിലർ കടത്ത പട്ടിണിക്കാരായി കഴിഞ്ഞുകൂടുന്നതു കാണുമ്പോൾ, ഉത്സാഹത്തെ ഭാഗ്യത്തിന്റെ പര്യായമായി പറയുന്നതു് മൂഢവൻ ശരിയാണോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. ഭാഗ്യം ഫലിച്ചു കാണുന്നതിനും ഉത്സാഹിക്കാതെ കഴിയുകയില്ലെന്നുള്ളതുകൊണ്ടു്, ഉത്സാഹത്തിനു മനുഷ്യജീവിതത്തിൽ വലിയ ഒരു സ്ഥാനം കല്പിക്കേണ്ടതാണെന്നു മാത്രമേ അതിൽനിന്നു മനസ്സിലാക്കേണ്ടതായിട്ടുള്ളൂ. ആപ്തവാക്യങ്ങളെ മാത്രം പ്രമാണമാക്കിക്കൊണ്ടു് ഈ വക കാര്യങ്ങളിൽ ഒരു വിധി കല്പിക്കുന്നതു ശരിയായിരിക്കണമെന്നില്ല. "ദൈവേന ദേയമിതി കാപുരുഷാ വദന്തി" എന്നു് ഉത്സാഹപക്ഷപാതികൾ വാദിക്കുമ്പോൾ "ഭാഗ്യം ഫലതി സർവ്വത്ര ന വിദ്യാ ന ച പൗരുഷം" എന്നുള്ള പ്രമാണംകൊണ്ടു് എതിരാളികൾക്കു തടുത്തുനിൽക്കുവാൻ കഴിയും. ഒരു കേസ്സിൽ വാദിയേക്കാളധികം പ്രതിയുടെ വേണ്ടി വാദിക്കുന്ന അഭിഭാഷകന്മാർ തന്താങ്ങൾക്കനുകൂലമായ വകുപ്പുകളെ നിയമസംഹിതയിൽനിന്നും ഉലാഭിച്ചു ശരിമയായി വാദിച്ചേക്കാം. എന്നാൽ ആ വകുപ്പുകളുടെ ഇരുലഘുത്വം നോക്കി ശരിയായ വിധി കല്പിക്കേണ്ട ചുമതല പ്രൊഡിവാകുകിലാണു് സ്ഥിതിചെയ്യുന്നതു്.

അതുപോലെ ഭാഗ്യത്തിന്റേയും ഉത്സാഹത്തിന്റേയും വക്കത്തു പിടിച്ചു് ആടല്ലും എന്തെല്ലാം വാദിച്ചാലും, അക്കാര്യത്തിൽ വിധി കല്പിക്കേണ്ടതു് അനുഭവമാകുന്ന പ്രഗ്ഭവിധികനത്രെ.

മുക്കാൽ ചില വ്യത്യസ്തങ്ങളും അപവാദങ്ങളും കണ്ടേക്കാമെങ്കിലും, സാമാന്യമായി പരിശോധിച്ചുനോക്കുകയാണെങ്കിൽ മനുഷ്യരിൽ അധികംപേരുടേയും ജീവിതത്തെ ശുപവൽകരിച്ചിട്ടുള്ളതു് അവരുടെ പരിസരമാണെന്നു കാണാം. കേ. സി. കേശവപിള്ളയുടെ ജീവിതവും ഇതിനു് ഒരു ഉത്തമദൃഷ്ടാന്തമാകുന്നു. ആദ്യകാലത്തു് പിതാവിനേയും മാതൃഭവനേയും സഹായിക്കുന്നതിനുവേണ്ടി അദ്ദേഹം കുറച്ചു കാലം പ്രവൃത്തിക്കേണ്ടിവരികയിൽ കണക്കെഴുത്തുജോലി നോക്കിയിരുന്നതായി കാണുന്നു. ഇരുപതാമത്തെ വയസ്സിൽ കൊല്ലത്തെത്തി ഒരു വൈദ്യശാലയിൽ ചിലരെ സംസ്കൃതം പഠിപ്പിച്ചുകൊണ്ടിരുന്നതായും കാണുന്നുണ്ടു്. ഈ അധ്യാപകവൃത്തി ഒരു കൊല്ലത്തേക്കുമാത്രമേ നീണ്ടുനിന്നുള്ളൂ. ഇതുമായപ്പോഴേക്കും കേ. സി. കേശവപിള്ളയും അദ്ദേഹത്തിന്റെ പാണ്ഡിത്യവും പലർക്കും പരിചിതമായിത്തീർന്നു. ക്രമേണ ആവശ്യങ്ങൾക്കായി പലരും അദ്ദേഹത്തോടു കവിതകളും ആവശ്യപ്പെട്ടുതുടങ്ങി. കവിതയെഴുത്തു് അദ്ദേഹത്തിനു് എത്രയും പ്രിയതരമായ ഒരു കൃത്യമായിരുന്നുവെന്നു നാം കണ്ടുകഴിഞ്ഞുവല്ലോ.

ഈ അവസരത്തിൽ അന്നത്തെ കാലസ്ഥിതിയെപ്പറ്റിയുംകൂടി രണ്ടുവാക്കു പറയേണ്ടതായിട്ടുണ്ടു്. പകുതി നൂറ്റാണ്ടിനു മുൻപുനടന്ന ഒരു കാര്യത്തെപ്പറ്റിയാണു് ഇവിടെ പ്രസ്താവിക്കുന്നതെന്നു പ്രത്യേകം ഓർക്കണം, അന്നുള്ള ഭാഷയുടെ സ്ഥിതി ഇന്നത്തെപ്പോലെ അത്ര സോഭനമായിരുന്നില്ല അന്നു്; ഭാഷയേയോ സാഹിത്യത്തേയോപ്പറ്റി ഒരു മമത

യോ അഭിമാനമോ അധികംപേരിലും വേരുറച്ചിരുന്നില്ല. സാഹിത്യവ്യവസായത്തിൽ ഏർപ്പെട്ടിരുന്നവരുടെ സംഖ്യ വിരൽക്കൊണ്ടു് എണ്ണിത്തീർക്കാവുന്നിടത്തോളമേ ഉണ്ടായിരുന്നുള്ളൂ. ഭാഷാലോകത്തിൽ ഒരു വലിയ കോളിളക്കമുണ്ടാക്കിത്തീർത്ത "മലയാളമനോരമ" ഗർഭത്തിൽ രൂപമെടുത്തു തുടങ്ങിയിരുന്നതേയുള്ളൂ. ഇങ്ങനെയുള്ള ഒരു കാലഘട്ടത്തിൽ, പതിനഞ്ചുമേതൊരു വയസ്സിൽ ഒരാട്ടക്കഥയെഴുതുകയും ഇരുപതുമേതൊരു വയസ്സിനു മുൻപു് അഞ്ചെട്ടു കൃതികളുടെ "ഗ്രന്ഥകർത്താ"വായിത്തീരുകയും ചെയ്ത ഒരാളെപ്പറ്റി സാധാരണന്മാർക്കുള്ള മതിപ്പു് ഇന്ന തരത്തിലായിരിക്കുമെന്നു് നമുക്കു് ഏകദേശം ഊഹിക്കാമല്ലോ. പരവൂർദേശക്കാർക്കു കേരളവർമ്മപിള്ള വലിയ ഒരു അഭിമാനഭാജനമായിത്തീർന്നു. ആട്ടക്കഥകളും കഥകളിയോഗക്കാരും തുള്ളൽപ്രസ്ഥാനത്തിൽ നടത്തിയ പ്രചരണവേല അത്ര നിസ്സാരമല്ലായിരുന്നു. കഥകളിയോഗക്കാർ ചെന്നു കണ്ടിരുന്ന കളികളിലെല്ലാം ചരിത്രനായകന്റെ പേരു പരന്നു. കേരളവർമ്മവലിയകോയിത്തമ്പുരാൻ, അനന്തപുരത്തു മുത്തകോയിത്തമ്പുരാൻ, മൻഷിരാമക്കുറുപ്പു് മുതലായവരുടെ സാക്ഷ്യപത്രങ്ങളോടുകൂടി അച്ചടിപ്പിച്ച ആ ആട്ടക്കഥകളും തൽകർത്താവിന്റെ നാമധേയത്തെ പല കണ്ടിരുന്നവരിലും പരത്തി. അക്കാലത്തു് വലിയകോയിത്തമ്പുരാന്റെ സാക്ഷ്യപത്രം, സാഹിത്യലോകത്തിലേയ്ക്കുള്ള അനിഷേധ്യമായ പ്രവേശനാനുമതിമുദ്രയായിട്ടാണു് പരിഗണിക്കപ്പെട്ടിരുന്നതു്. സാഹിത്യസാമ്രാജ്യത്തിൽ അദ്ദേഹത്തിന്റെ ഏകച്ഛത്രാധിപത്യം അന്നു് ഏതുംതോല്പ്യം ചെയ്യപ്പെട്ടിരുന്നില്ല സാധാരണന്മാർക്കുമാത്രമല്ല പണ്ഡിതന്മാർക്കുപോലും, വലിയകോയിത്തമ്പുരാന്റെ സാക്ഷ്യപത്രങ്ങളുടെ നേരെ എന്തെന്നില്ലാത്ത ഒരാദരവുമുണ്ടായിരുന്നു. രാഷ്ട്രീയവിഷയങ്ങളിലെന്നപോലെ സാഹിത്യവിഷയത്തിലും പ്രജാധിപത്യവാദ

ത്തിന് ഇന്നത്തെപ്പോലെയുള്ള പ്രാബല്യം അന്നു കിട്ടിക്കഴിഞ്ഞിരുന്നില്ല. ഏകച്ഛത്രാധിപത്യമായിരുന്ന അന്ന് എങ്ങും വിളയാടിക്കൊണ്ടിരുന്നതു്. കൊട്ടങ്ങല്ലൂർ കഞ്ഞിക്കുട്ടൻ തമ്പുരാൻ, വെണ്മണിമഹൻ, നടുവത്തച്ഛൻ മുതലായ അന്നത്തെ മഹാരഥന്മാർ, ആ ഏകച്ഛത്രാധിപത്യത്തിന്റെ തണലിൽ അണിനിരന്നതുകൊണ്ടു് സാഹിത്യത്തിന്റെ പുരോഗതിക്കുവേണ്ടി നടത്തിയ മഹാരഥപ്രയത്നം ഇന്നത്തെ രോമാഞ്ചത്തോടുകൂടിയല്ലാതെ ഒരു മലയാളിമാനിക്കു സ്മരിക്കാൻ സാധിക്കയില്ല. ആ മഹനീയശ്രമം അന്നത്തെ കാലസ്ഥിതിയനുസരിച്ചു സാഹിത്യലോകത്തിൽ ആലസ്യമായ പല പരിഷ്കാരങ്ങൾക്കും കാരണമായിത്തീരുകയും ചെയ്തു.

വലിയകോയിത്തമ്പുരാനിൽനിന്നു കിട്ടിയ സാക്ഷിപത്രം നമ്മുടെ ചരിത്രനായകനു് അന്നു് എത്രത്തോളം ഉത്തേജകമായിത്തീർന്നുവെന്നു തെളിയിക്കേണ്ടതിനുവേണ്ടിയാണു് ഇത്രഭാഗം ഇത്രയും വിസ്തരിച്ചു വിവരിച്ചതു്. ഈ ഉത്തേജനം കവിതാസരണിയിൽക്കൂടി വീണ്ടുംവീണ്ടും പുരോഗമിച്ചുകൊണ്ടിരിക്കാൻ അദ്ദേഹത്തിനു പ്രോത്സാഹകമായിത്തീർന്നു. ചക്രവർത്തിയുടെ ആ സാക്ഷ്യപത്രം ചരിത്രനായകന്റെ കവിതയ്ക്കുള്ള ഒരംഗീകാരമുദ്രയായിത്തീർന്നതിനാൽ ജനങ്ങളിൽനിന്നുള്ള പ്രോത്സാഹനവും വർദ്ധിച്ചുകൊണ്ടതന്നെ വന്നു. ഏകദേശം ഇക്കാലത്താണു് (1065 ൽ) ഉത്സാഹമൂർത്തിയായ കണ്ടത്തിൽ വറുഗീസു് മാപ്പിളയുടെ അധിപത്യത്തിൽ കോട്ടയത്തുനിന്നു് "മലയാളമനോരമ" പുറപ്പെട്ടതു്. ആ പത്രം ദോഷൈകദൃക്കുകളെ ഏതെല്ലാം തരത്തിലാണു് പോഷിപ്പിച്ചുതെന്നും, അതിന്റെ അധിപർ ദോഷാന്വേഷികളെ ഏതെല്ലാം രൂപത്തിലാണു് പ്രോത്സാഹിപ്പിച്ചിരുന്നതെന്നും, ചുരുങ്ങിയ വാക്കുകളിൽ പറഞ്ഞുതീർക്കുക സാധ്യമല്ല. "കവിതാവാസനയുള്ളവരേയും ഗ്രന്ഥാചനയ്ക്കു സാമർത്ഥ്യമു

ള്ളവരേയും അന്വേഷിച്ചു കണ്ടറിഞ്ഞു, ധനംകൊണ്ടും സ്തുതികൊണ്ടും അവരെ പ്രോത്സാഹിപ്പിച്ചുപോരുകയും, അങ്ങനെ ചെയ്യുന്നത് ദേശവ്യത്യാസമോ ജാതിവ്യത്യാസമോ മതവ്യത്യാസമോ അശേഷം ഗണിക്കാതിരിക്കയും ചെയ്തു" പോന്ന കണ്ടത്തിൽ വറുഗീസ് മാപ്പിള മനോരമയുടെ ആരംഭകാലത്തുതന്നെ കെ. സി. യുടെ സഹായം അപേക്ഷിച്ചും അദ്ദേഹം ആ അപേക്ഷ സസന്തോഷം സ്വീകരിച്ച് മനോരമയെ ഏടയപൂവ്വം സഹായിച്ചുകൊണ്ടിരിക്കയും ചെയ്തും ഓഷോയും സൗഹാർദ്ദത്തെയും സംബന്ധിച്ച കാര്യങ്ങളിൽ വറുഗീസ് മാപ്പിളയുടെ പ്രത്യക്ഷദൈവമായിരുന്ന കേരളവർമ്മദേവനും കേരവപിള്ളയുടെ നേരെയുള്ള മമത തഴച്ചുവളരാൻ ഇടയാക്കുകയുണ്ടായിരുന്നു.

അന്നു കേരവപിള്ള സ്വദേശത്തിനടുത്ത് പെരിനാട്ട് എന്ന സ്ഥലത്തു ചിലരുടെ അപേക്ഷയനുസരിച്ച് ഒരു സംസ്കൃതപാഠശാല നടത്തിവരികയായിരുന്നു. "മലയാള മനോരമ" ആരംഭിച്ച് ഒരു കൊല്ലം കഴിഞ്ഞപ്പോൾ ആ പാഠശാല സ്വദേശത്തേയ്ക്കു മാറ്റി. പ്രസ്തുതപാഠശാലയ്ക്ക് സർക്കാരിൽനിന്നു സാഹായ്യധനം കിട്ടിക്കൊണ്ടിരുന്നതായി കാണുന്നുണ്ട്. മറ്റുള്ളവരുടെ ദൃഷ്ടിയിൽ അധ്യാപകവൃത്തിയായിട്ട് നടത്തിക്കൊണ്ടിരുന്നതെങ്കിലും, വാസ്തവത്തിൽ അതും ഒരു അജ്ഞാതസേവയായിത്തന്നെയാണ് ചരിത്രകാരൻ വർത്തിച്ചിരുന്നത്. ഒരു വശത്തു മറ്റുള്ളവരെ സംസ്കൃതം പഠിപ്പിച്ചുകൊണ്ടിരിക്കുമ്പോൾതന്നെ, മറ്റൊരുവശത്തുകൂടി ആ ഭാഷയിലെ ഉപരിഗ്രന്ഥങ്ങളെ സ്വയം പരിശീലിച്ചു തന്നെത്താൻ സംസ്കൃതം പഠിക്കുന്ന കൃത്യവും അദ്ദേഹം നിർവ്വഹിച്ചിരുന്നു. മേല്പുത്തൂർ നാരായണഭട്ടതിരിപ്പാട്ടിന്റെ "നാരായണീയം" ഭാഷയിലേയ്ക്കു തർജ്ജമചെയ്യുന്ന ജോലിയിലേർപ്പെട്ടതും അക്കാലത്തായിരുന്നു. 1067-വൃശ്ചികത്തിൽ കേര

ട്ടയത്തുവെച്ചു നടന്ന കവിസമ്മേളനം, അന്നു നടത്തിയ കവിതാപ്രതിഭാപരീക്ഷയിൽ ചരിത്രനായകനു നിഷ്പ്രയാസം അത്ഭുതാവഹമായ വിജയവും, സാഹിത്യലോകത്തിൽ അദ്ദേഹത്തിന്റെ സ്ഥാനത്തെ അചഞ്ചലമാക്കിത്തീർത്തു. കേരളവ്യാസനായ കുഞ്ഞിക്കുട്ടൻതമ്പുരാനെപ്പോലും തോല്പിച്ചു കൊണ്ടു് "ഘടികാവിംശതി"യിൽ ചരിത്രനായകൻ കൈക്കലാക്കിയ വിജയം വസ്തുവത്തിൽ അസൂയാവഹംതന്നെയായിരുന്നു. അതിനെപ്പറ്റി വിസ്തരിച്ചു പിന്നീടു് വിവരിക്കാം. ആ സംഭവം കേരളപുത്രിയുടെ കീർത്തിയെ ശതഗുണം വർദ്ധിപ്പിച്ചു എന്നും, വലിയകോയിത്തമ്പുരാനു് അദ്ദേഹത്തിന്റെ നേരെയുള്ള വാത്സല്യം ദ്വിഗുണമായി വർദ്ധിക്കുന്നതിനു് ഈ കാരണമായിത്തീർന്നു എന്നുംമാത്രം ഇപ്പോൾ മനസ്സിലാക്കിയാൽ മതി. കേരളവപിള്ളയും കോയിത്തമ്പുരാന്റെ നേരെയുള്ള ബഹുമാനവും നിസ്സീമമായിരുന്നു. 1071-ൽ വലിയകോയിത്തമ്പുരാനു് 50 വയസ്സു് തികഞ്ഞ അവസരത്തിൽ അദ്ദേഹത്തിന്റെ അപദാനങ്ങളെ പ്രകീർത്തനംചെയ്തുകൊണ്ടു് "കേരളവർമ്മവിലാസം" എന്ന പേരിൽ 100 പദ്യങ്ങളടങ്ങിയ ഒരു ഖണ്ഡകാവ്യം കേരളവപിള്ള സംസ്കൃതത്തിൽ നിർമ്മിക്കയുണ്ടായി. കവി, കേരളകൗമുദിസമ്പാദകനും ബഹുമാന്യനുമായിരുന്നുവെന്നു് അതിൽനിന്നു വ്യക്തമാകുന്നുണ്ടു്.

"ഗവർമ്മെണ്ടുദ്യോഗത്തിനു"—പ്രത്യേകിച്ചു് "മുൻഷിപ്പണിക്കു്"—പരീക്ഷായോഗ്യത കൂടിയേ തീരൂ എന്നുള്ള നിബ്ബന്ധം അന്നുണ്ടായിരുന്നില്ല. സമ്മതപത്രമായ വിദ്യാസമ്പന്നതയുടെ സാക്ഷ്യപത്രമുണ്ടെങ്കിൽ ജോലി എളുപ്പത്തിൽ കിട്ടാൻ പ്രയാസമില്ലായിരുന്നു. കേരളവർമ്മ, കേരളപാണിനി മുതലായവരുടെ സാക്ഷ്യപത്രമാണെങ്കിൽ പിന്നത്തെ കഥ പറയേണ്ടതില്ലല്ലൊ. 1072-ൽ ചരിത്രനായകൻ കൊല്ലം മലയാളം

പള്ളിക്കൂടത്തിൽ ഒരധ്യാപകനായി നിയമിക്കപ്പെട്ടു. 1076-ൽ അവിടെത്തന്നെ ഇംഗ്ലീഷ് ഹൈസ്കൂളിൽ മൻഷി യായി ഉയർന്നു. അന്നും അദ്ദേഹത്തിന്റെ വിജ്ഞാനതൃഷ്ണ ശമിച്ചിരുന്നില്ല. ഇംഗ്ലീഷും സംസ്കൃതവും അന്നും അദ്ദേഹം പഠിച്ചുകൊണ്ടിരുന്നു. ആയിടയ്ക്കു കുഞ്ഞിക്കുട്ടൻതമ്പുരാൻ കേ. സി. സ്സ്വയച്ച ഒരു കത്തിൽ ഇങ്ങനെ എഴുതിക്കാണുന്നു:

"കൊല്ലം ഹൈസ്കൂളിൽ മൻഷിപ്പണിയുടെ തിര-
ക്കിന്നുമസ്സംസ്കൃതത്തിൽ
കൊല്ലംതോറും വിശേഷജ്ഞത വളരുമൊരാ-
പ്രക്രമപ്രൗഢിമയ്ക്കും
മെല്ലെന്നിംഗ്ലീഷുശീലിപ്പതിനുമധികമായ്
വിഘ്നമാകുന്നമട്ടിൽ
കില്ലെന്നേ സ്വാന്തരോഷാകുലതയുമിടയിൽ
താകുലം താങ്ങുന്ന വീരൻ"

കുഞ്ഞിക്കുട്ടൻതമ്പുരാന്റെ അക്കാലത്തെ ചരിത്രനായകനു് സംസ്കൃതത്തിലെഴുതിയ ചില കത്തുകളിലും ഇംഗ്ലീഷു് പഠിപ്പിനെപ്പറ്റി സൂചിപ്പിച്ചുകാണുന്നുണ്ടു്. * ഈ കത്തുകൾ കുഞ്ഞിക്കുട്ടൻതമ്പുരാന്റെ സാധാരണസ്വഭാവത്തിനു വിപരീതമായി സംസ്കൃതത്തിൽ എഴുതിക്കാണുന്നതിൽനിന്നും, പ്രത്യേകിച്ചു് അമ്പാലകാരെ അതിൽ കോരിവാരിച്ചൊരിഞ്ഞിരിക്കുന്നതിൽനിന്നും, അന്നു് കേ. സി., കുഞ്ഞിക്കുട്ടൻതമ്പുരാനു് സംസ്കൃതത്തിൽ എഴുതയച്ചിരിക്കണമെന്നും അതിന്റെ രീതിയും ഇതായിരുന്നിരിക്കണമെന്നും ഏകദേശം തമുക്കൂഹിക്കാം.

---

* അധിപാഠകശാലമീയുഷാ വിധിവൽ പാഠകതാം ചിരായുഷാ
ഭവതാദ്യതഭൂണവാകൃഷാ സചയസ്യുഃ കിമു വിസ്മൃതാ മൃഷഃ
വയമപ്യവിമുക്തതന്ത്രിഭിഃ കവിതാകർമ്മപരിശ്രമോന്മിഭിഃ
പ്രചലായിതചിത്തവൃത്തയഃ ക്ഷപയാമോ ദിവസാനവൃത്തയഃ.

കൊല്ലം മൈസ്കൂളിലെ മുൻഷിപ്പണി ഒന്നരണ്ടു കൊല്ലത്തോളം കാലത്തേക്കു മാത്രമേ നിണ്ടുനിന്നുള്ളു. അപ്പോഴേക്കും ചരിത്രനായകൻ, വടശ്ശേരി അമ്മവീട്ടിൽ ശ്രീ വേലായുധൻതമ്പിയുടെ അദ്ധ്യാപകപദവിയിലേയ്ക്ക്, തിരുവനന്തപുരം കൊട്ടാരത്തിൽനിന്നു് ക്ഷണിക്കപ്പെട്ടു. പിന്നീടു ജീവിതാവസാനംവരെ കേ. സി. തിരുവനന്തപുരത്തുതന്നെയാണു് കഴിച്ചുകൂട്ടിയതു്. ആ താമസത്തിനിടയിൽ വടശ്ശേരി ഭഗവതിപ്പിള്ളക്കൊച്ചമ്മച്ചി അവർകളേയും, പില്ക്കാലത്തു തിരുവനന്തപുരം മഹാരാജകലാശാലയിലെ പൌരസ്ത്യഭാഷാപണ്ഡിതനായിരിക്കെ അകാലചരമംപ്രാപിച്ചുവി. കൃഷ്ണൻതമ്പി അവർകളേയും പഠിപ്പിക്കാനുള്ള അവസരവും കുറച്ചുകാലത്തേക്കു് അദ്ദേഹത്തിനു സിദ്ധിച്ചു. തിരുവനന്തപുരത്തെ ഈ താമസമാണു് കേ. സി. കേശവപിള്ളയുടെ ജീവിതത്തെ അത്യന്തം സുഭിക്ഷമാക്കിത്തീർത്തതു്. കേരളകാളിദാസൻ, കേരളപാണിനി, ഗണപതിസ്തുതികാരൻ, ഉള്ളൂർ, പന്തളം തുടങ്ങി ഞനവധി സാഹിത്യമഹാരഥന്മാരുമായി അടുത്തു പെരുമാറുന്നതിനു് ഈ നിമിത്തം അദ്ദേഹത്തിനു സാധിച്ചു. കേരളകാളിദാസൻ ഞനും ചരിത്രനായകന്റെ ആരാധനാപാത്രമായിരുന്ന എന്നുള്ളതിനു്, 1080-ൽ ആ സാഹിത്യസാമ്രാട്ടിന്റെ ഷഷ്ടിപൂർത്തി പ്രമാണിച്ചു് സുഭൂപുരുഷൻ എഴുതിയ "ഷഷ്ടിപൂർത്തി" എന്ന കൃതിതന്നെ ഉത്തമസാക്ഷ്യമത്രേ. "മലയാളഭാഷയിൽ ഈ ചമ്പുവും അലങ്കാരപുഷ്പിയും ചമൽക്കാരവും സാഹിത്യഹൃദയാഹ്ലാദകതവും ചേർന്നിട്ടുള്ളതായി ഒരു കവിത ഇതിനു മുൻപു് ഞാൻ കണ്ടിട്ടില്ല" എന്നാണു് ഈ "ഷഷ്ടിപൂർത്തിഷഷ്ടി"യെപ്പറ്റി വലിയകോയിത്തമ്പുരാൻ അഭിപ്രായപ്പെട്ടിട്ടുള്ളതു്. ചരിത്രനായകൻ അതിനുമുൻപു് അതുവരെ കാലത്തെഴുതിയ ഓരോ പുസ്തകങ്ങളേപ്പറ്റി കേരളകാളിദാസൻ രേഖപ്പെടുത്തിട്ടുള്ള അഭിപ്രായ

ങ്ങളെയെല്ലാം അതിശയിക്കുന്ന ഒരു സാക്ഷ്യപത്രമായിരുന്നു അതു്. സ്വയം നല്ല സർട്ടിഫിക്കറുകൾ കൊടുത്തിട്ടുണ്ടെന്നു മാത്രമല്ല, മറുള്ളവരുടെ ആക്രമണത്തിൽനിന്നു് കേരവപിള്ളയേയും അദ്ദേഹത്തിന്റെ കൃതികളേയും കേരളകൗമുദി സൻ രക്ഷിക്കുകൂടി ചെയ്തിട്ടുണ്ടു്. "ഭാഷാനാരായണീയം" ഭാഷാപോഷിണിസഭയുടെ പരിശോധനയ്ക്കായി വന്നപ്പോൾ, ചില പരിശോധകന്മാർ അതിനു പരിതോഷികം കൊടുക്കുന്ന കാര്യത്തിൽ എതിരഭിപ്രായം പുറപ്പെടുവിക്കയുണ്ടായി. അതൊന്നും വകവെക്കാതെ, ആ പുസ്തകത്തിനു സഭവകയായി നല്ല ഒരു പാരിതോഷികം കൊടുപ്പിച്ചതു് സഭയുടെ അദ്ധ്യക്ഷനായിരുന്ന കേരളവർമ്മ വലിയകോയിത്തമ്പുരാനായിരുന്നു. ഒടുവിൽ അതു് വലിയ ചെപ്പടിവിദ്യക്കു. പരിശോധകന്മാരിൽ ഒരാൾ ഭാഷാപോഷിണി സഭയുടെ കാര്യാലയത്തിൽ രജിസ്റ്റർ നോട്ടീസുപോലും അയച്ചു. കോഴിക്കോട്ടുവെച്ചു നടന്ന ഭാഷാപോഷിണി സഭയുടെ മൂന്നാം വാർഷികയോഗത്തിൽ അതിനെ സംബന്ധിച്ചു് വലിയ ഒരു വാഗ്വൈതിവാദംതന്നെയുണ്ടായി. "അധ്യക്ഷൻ കേരവപിള്ളയുടെനേരെ പക്ഷപാതം പ്രദർശിപ്പിച്ചു" എന്നായിരുന്നു ചാർജ്ജു്. "ഭാഷാപോഷിണിസഭയുടെ ജീവനാഡിയായ വലിയ കോയിത്തമ്പുരാന്റെ തിരുമനമകയാൽ നാം അതിനെപ്പറ്റി ബഹളംകൂട്ടുന്നതു ശരിയല്ല"ന്നുള്ള മാനവിക്രമന്റെ തമ്പുരാന്റെ മധ്യസ്ഥവിധികൊണ്ടാണു് ആ കാര്യം ഒതുങ്ങിയതു്. ഇതുപോലെയുള്ള ഒരു സംഭവം "സഭാരാമ" എന്ന നാടകത്തെസംബന്ധിച്ചും ഉണ്ടായിട്ടുണ്ടു്. ആ നാടകം പുറത്തുവന്ന അവസരത്തിൽ (1079) ചില അസൂയാലുക്കൾ അതിന്റെ മുഖത്തു കരിതേക്കാൻ ശ്രമിച്ചുനോക്കി. എന്തോ ഒരു വിദ്വാൻ സഭാരാമയെ ആപാദചൂഡം എതിർത്തുകൊണ്ടു് സഭാദേശാഭിമാനിയിൽ പേരു വെക്കാതെ ഒരു നീണ്ട നിരൂപണം പ്രസി

ഞാപ്പെട്ടത്തി. അതു വായിച്ചു ഉടനെ വലിയകോയിത്തമ്പുരാൻ ആ നാടകഭാഗത്തെ മണ്ഡനശ്ലോകത്തിൽ വിമർശിച്ചുകൊണ്ടു് "മലയാളമനോരമ" യ്ക്കു് ഒരു ദീർഘലേഖനം അയച്ചുകൊടുത്തു. അതിൽ ഇപ്രകാരം അഭിപ്രായപ്പെട്ടുകാണുന്നു:

".....സഭാഭേദിമാനിയിൽ ഈ (സദാരാമ) നാടകത്തെക്കുറിച്ചു് ഒരു നിരൂപണം ആരോ എഴുതുന്നതു ഞങ്ങൾ കാണുകയുണ്ടായി. കുറെ വായിച്ചുനോക്കിയപ്പോൾതന്നെ ഞങ്ങൾക്കു് കേവലം ഒരു സ്ഖലൽസംരംഭവിജൃംഭിതമാണെന്നു് എനിക്കു് മനസ്സിലായി. ഒരാളോടുള്ള മത്സരംനിമിത്തം അയാളുടെ കവിതയിൽ ഇല്ലാത്ത ദോഷങ്ങളെ കൃത്രിമമായി ആരോപിച്ചു ദുഷിക്കുന്നതു് സൽപുരുഷോചിതമായ കൃത്യമല്ല. എതാദൃശങ്ങളായ നിസ്സാരദുർദ്ദർശനംകൊണ്ടു് "സദാരാമ" യെപ്പോലെയുള്ള ഒരു ശ്ലോഷ്ണകൃതിയുടെ ഗുണപരിപ്പുലബ്ധിക്കു് യാതൊരു ഹാനിയും സംഭവിക്കുന്നതല്ല"

വലിയകോയിത്തമ്പുരാൻ പുസ്തകങ്ങൾക്കു ധാരാളം സർട്ടിഫിക്കറ്റുകൾ കൊടുക്കാറുണ്ടായിരുന്നു. എങ്കിലും, പത്രങ്ങളിൽ ഇത്തരത്തിലുള്ള വാദപ്രതിവാദങ്ങളിലേർപ്പെട്ടു് മറ്റുള്ളവരെ തെറ്റുകയോ എതിർക്കയോ ചെയ്യുക പതിവില്ലായിരുന്നു. അതിനു വിപരീതമായി ഇങ്ങനെ ചെയ്യുകാണുന്നതുകൊണ്ടുതന്നെ ആ സാഹിത്യസംഭവമാനം, ചരിത്രനായകന്റെ നേരെയുണ്ടായിരുന്ന സ്നേഹാതിരേകം സുതരാം സ്പഷ്ടമാക്കുന്നുണ്ടല്ലൊ. എന്നാൽ കാലക്രമത്തിൽ അവർ തമ്മിലുള്ള ആ ഭദ്രബന്ധത്തിനു തൽക്കാലികമായിട്ടെങ്കിലും അല്പം മന്ദഗതിലഭ്യം സംഭവിച്ചതായി കാണുന്നുണ്ടു്. സുപ്രസിദ്ധമായ "ചിതീയക്ഷരപ്രാസവാദ"മാണു് അതിനു കാരണം. "ഇങ്ങളിൽ എത്രയോ ഭദ്രമായ പ്രേമബന്ധം ഉണ്ടായിരിക്കേണ്ടുന്ന രണ്ടുപേർക്കു് അസ്വാരസ്യം ജനിപ്പിക്കത്തക്കവണ്ണം ഛോഷ്ടികാട്ടുന്ന നമ്മുടെ ഭാഗ്യം" (കെ. സി. കേശവപിള്ളയുടെ)

ഇതിന്റെ ഫലം ഒരുകാലത്തു് അനുഭവിക്കേണ്ടിവരും. ഞാൻ വൃദ്ധനായിപ്പോയതുകൊണ്ടു് ഇനി എന്നെ വകവെക്കേണ്ടില്ലെന്നായിരിക്കും അയാളുടെ വിചാരം" എന്നു് മൂന്നാമതൊരാൾക്കു് എഴുതി അയയ്ക്കുന്ന ഇടത്തരക്കാരുടെ സ്വഭാവം, അതുമാത്രം പരിഭവത്തിനു കാരണമായിത്തീർന്ന, അതിന്റെ ചരിത്രം അടുത്ത ഒരദ്ധ്യായത്തിൽ വിവരിക്കാം.

അദ്ധ്യായം ൪.

കെ. സി. കവിസംഘത്തിൽ

എ. മലയാളമനോരമ

1065-മീനത്തിൽ "മലയാളമനോരമ" ആരംഭിച്ചുകാലത്തു് കണ്ടത്തിൽ വറുഗീസ് മാപ്പിള കെ. സി. കേശവപിള്ളയുടെ സഹായം ആവശ്യപ്പെട്ടിരുന്നുവെന്നും, അദ്ദേഹം അതു സ്വീകരിച്ചു് മനോരമയെ ഏതുപ്രകാരവും സഹായിച്ചുകൊണ്ടിരുന്നുവെന്നും കഴിഞ്ഞ അദ്ധ്യായത്തിൽ പ്രസ്താവിച്ചിട്ടുണ്ടല്ലൊ. കണ്ടത്തിൽ വറുഗീസ് മാപ്പിളയുമായുണ്ടായ ആ ബന്ധം ചരിത്രനായകന്റെ കവിതാരംഭത്തിനു് അത്യന്തം ഉത്തേജനം നല്കിയ കഥകയാൽ അതിനെപ്പറ്റി അല്പം വിവരിക്കേണ്ടിയിരിക്കുന്നു. "മലയാളമനോരമ" എന്നു കേൾക്കുമ്പോൾ ഇന്നത്തെ വർത്തമാനപത്രങ്ങളുടെ ഒരു രൂപമായിരിക്കും വായനക്കാരുടെ മനസ്സിൽ പെട്ടെന്നുദിക്കുക. സ്വദേശവർത്ത, വിദേശവർത്ത, ലോകവർത്ത, പ്രാദേശികവർത്ത, പരദേശംകുറി, ഒന്നാംതരം ലേഖനങ്ങൾ, ഇതുമായി ഇന്നത്തെ വർത്തമാനപത്രമായി. പ്രതിദിനം പ്രസിദ്ധീകരിക്കപ്പെടുന്ന പത്രങ്ങളായാൽപ്പിന്നെ ഇതുമുണ്ടു്

ങ്ങൾ ചേർക്കുന്നതിനുമാത്രമേ അവർക്ക് ഇടം കിട്ടുന്നുള്ളൂ. യുദ്ധകാലമായതിൽ ഇതിനുപോലും സ്ഥലം മതിയാകയുമില്ല. ആ സ്ഥിതിക്ക് പ്രതിവാരം നാലു പേജോട്ടുകൂടി പ്രസിദ്ധീകരിച്ചുതുടങ്ങിയ മലയാളമനോരമ "വാർത്തകൾ" പ്രസിദ്ധീകരിക്കുൻതന്നെ സ്ഥലം കിട്ടാതെ ഞെരുങ്ങിയിരുന്നിരിക്കണം എന്നുപോലും ചിലർ അനുമാനിച്ചേക്കാം. എന്നാൽ വാസ്തവം അതല്ലായിരുന്നു. മനോരമ തുടങ്ങിയ കാലത്തു് പത്രപ്രവർത്തനം കേരളത്തിൽ കാലുന്നിത്തുടങ്ങിയിരുന്നതേയുള്ളൂ. കേരളമൊട്ടുക്കു നോക്കിയാൽ നാലോ അഞ്ചോ പത്രങ്ങൾമാത്രമേ അന്നുണ്ടായിരുന്നുള്ളൂ. പത്രലേഖകന്മാരുടെ സംഖ്യയും വളരെ കുറവായിരുന്നു. ഇതിനെല്ലാറ്റിനുംപുറമേ, വെറും വാർത്താപ്രചരണംകൊണ്ടുമാത്രം തൃപ്തിപ്പെടുന്നതിനു വായനക്കാർ മുതിരുകയുമില്ലായിരുന്നു. മനുഷ്യനെ പോഷിപ്പിക്കേണ്ട ചുമതലകൂടി പത്രാധിപന്മാർക്കുണ്ടെന്നുള്ള പക്ഷക്കാരനായിരുന്നു അദ്ദേഹം. അതുകൊണ്ടു സാഹിത്യകാരന്മാരെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള സന്നദ്ധത ആദ്യത്തെ ലക്കം മുതല്ക്കുതന്നെ അദ്ദേഹം പ്രകടിപ്പിച്ചു. നോം ലക്കത്തിൽ കാണുന്ന ഒരു കുറിപ്പ് ഇവിടെ പകർത്തുന്നു:

"മലയാളഭാഷയുടെ അഭിവൃദ്ധിക്കായി തങ്ങളുടെ വാസനാവൈഭവത്തെ സരസമായി ഉപയോഗിക്കുന്ന കവികൾ, അവിഹിതമല്ലാത്ത ഏതെങ്കിലും പ്രകൃതത്തെക്കുറിച്ചു് ഉണ്ടാക്കി അയയ്ക്കുന്ന ഒറ്റശ്ലോകങ്ങൾ, സമസ്യകൾ മുതലായവയും മറ്റുതരത്തിലുള്ള പദ്യങ്ങളും ഞങ്ങൾക്കു് എപ്പോഴെപ്പോൾ നോക്കിയുകതംപോലെ പ്രസിദ്ധപ്പെടുത്തുന്നതിനായി വേണ്ടിവന്നാൽ ഒരു പ്രത്യേകപംക്തിതന്നെ വിട്ടുകൊടുക്കുവുന്നതാണ്."

ഇങ്ങനെയുള്ള ഒരു "നോട്ടീസ്"കൊണ്ടു മാത്രം വലിയ പ്രയോജനമൊന്നുമുണ്ടാകയില്ലെന്നു മുൻകൂട്ടിക്കണ്ട പത്രാധി

ചർ മാറ്റിമറിച്ചതിനുശേഷം താഴെ കാണുന്ന മൂന്നു സമസ്യകൾ കൂടി ആ ലക്കത്തിൽതന്നെ ചേർക്കുന്നുണ്ടായിരുന്നു:

1. വാക്കിൽ തോറ്റവരില്ല; മുക്കിനുകമേ
പോയൊരുമില്ലോക്കണം.
2. നാഴിയുകത്തോരിരുനാഴിപോലേ.
3. ആറും പിന്നെയൊരാറുമുണ്ടിവ ഗണി-
ച്ചീടുമ്പൊഴേഴായ്തരും.

ഇതു കണ്ടിക്കുകൊണ്ടു. അടുത്ത ലക്കംമുതൽ സമസ്യാപൂരണങ്ങളും പുതിയ സമസ്യകളും ധാരാളം കിട്ടിത്തുടങ്ങി. അധികം താമസിയാതെ മനോരമയുടെ ഒരു പേജു മുഴുവൻ "കവിപഞ്ചക്ഷി" എന്ന പേരിൽ ഈ വക സാഹിത്യവിനോദങ്ങൾക്കായി നീക്കിവെക്കേണ്ടിവന്നു. വൈകാതെ ഒരു പോഷിസ്റ്റ് കൺസ്റ്റബിളായ ആതിച്ചൻനായർ മുതൽ സാഹിത്യസാമ്രാജ്യസാർവ്വഭൗമനായ കേരളവർമ്മ വലിയ കോയിത്തമ്പുരാൻവരെയുള്ള സാഹിത്യകാരന്മാർക്ക് ആ കവിപഞ്ചകിയിൽ ഒരുപോലെ വിഹരിക്കുന്നതിനുള്ള അവകാശമുണ്ടായിരുന്നു.

ഇങ്ങനെ വിശാലവും ഉത്സാഹകല്ലോലിതവുമായ ഒരു രംഗത്തിലേക്കാണ് വാഗീശ്വരിപ്പിള്ള കേശവപിള്ളയെ ക്ഷണിച്ചുള്ളൂ. അന്നു മുതൽ പതിവായി അദ്ദേഹം പത്രത്തിലെ കവിപഞ്ചകിയിൽ പ്രത്യക്ഷപ്പെട്ടുതുടങ്ങി. അക്കാലത്തു് ചരിത്രനായകൻ ആ പത്രത്തിലേക്കെഴുതിയ ഒറ്റശ്ലോകങ്ങൾക്കും മറ്റു കവിതകൾക്കും ഒരു കൈയും കണക്കുമില്ല. "സമസ്യാപൂരണം" എന്ന ഒരിനത്തിൽതന്നെ അനവധി പദ്യങ്ങൾ കാണാം. കേശവപിള്ളയുടെ സമസ്യാപൂരണങ്ങൾക്ക് ഒരു പ്രത്യേകത കാണുന്നുണ്ട്. എന്തെങ്കിലും ഒരു ജീവൽപ്രശ്നത്തെയും കൂടി ഉൾപ്പെടുത്തിക്കൊണ്ടായിരിക്കും അദ്ദേഹം മിക്കപ്പോഴും സമസ്യകളെ പൂരിപ്പിക്കുന്നതു്. ഒന്നുണ്ടുറപ്പാണംകൊണ്ടു് ഇതു തെളിയിക്കാം. "ഇല്ലായ്മയെ

യിവരുമെന്നിഹ തോന്നിടുന്നു" എന്ന ഒരു സമസ്യ ഒരിക്കൽ ആരോ പത്രത്തിൽ ചേർത്തിരുന്നു. മലയാളം എഴുതുകയോ സംസാരിക്കുകയോ ചെയ്യുമ്പോൾ ഇടയ്ക്കു ധാരാളം ഇംഗ്ലീഷ് വാക്കുകൾ കൂട്ടിച്ചേർക്കുന്നതിന്റെ ഔചിത്യത്തെപ്പറ്റി അനുകൂലമായും പ്രതികൂലമായും വലിയ ഒരു വാദപ്രതിവാദം നടന്നുവരുന്ന കാലമായിരുന്നു അതു്. ഈ മനസ്സിൽ വെച്ചുകൊണ്ടു ചരിത്രാധ്യാപകൻ ആ സമസ്യ പൂരിപ്പിച്ചതു് ഇങ്ങനെയാണു്:—

"കല്യാണി ഹരണി മതിയേതിനുമെന്ന വാക്കിൽ
കല്യാശയതാമിയ്ക്കുന്നവർ കണ്ണടയ്ക്കിൽ
ചൊല്ലാൻ നമ്മളടെ കൈരളി ഹന്ത! മേലി—
ലില്ലാതെയായി വരുമെന്നിഹ തോന്നിടുന്നു."

ഇതുപോലെയുള്ള മറ്റു രണ്ടു സമസ്യാപൂരണങ്ങളുടെ കഥയാണു് തുടർന്നു ചേർക്കുന്നതു്. കേരവപിള്ളയുടെ ഏതോ ചില കൃതികളെപ്പറ്റി ചില അസൂയാലുക്കൾ കുറ്റംപറഞ്ഞു നടന്നിരുന്ന കാലമായിരുന്നു അതു്. ആവക ആക്ഷേപങ്ങൾ കേട്ടപ്പോൾ "വാക്കിനു വാക്കായി" മറുപടി പറയുന്നതിനു് അദ്ദേഹം മടുങ്ങിയില്ല. കേരള കാളിദാസൻ ഇടങ്ങിയ നിഷ്പക്ഷപാതികൾ തദ്വിഷയമായ ഒരുത്തിൽ ഏറ്റപ്പടുത്തെന്നു പറഞ്ഞു് അദ്ദേഹത്തെ പ്രത്യേകം തുടക്കുകയും ചെയ്തിരുന്നു. അങ്ങനെയിരിക്കെ, മനോരമയിൽ "നിനയ്ക്കുന്നുണ്ടിപ്പോൾ .....വസതികൾ" എന്നും, "ഗ്രഹിക്കാമതു രസനയിലെ ട്ടോക്ഷമെന്നീക്ഷലെന്നു" എന്നുമുള്ള രണ്ടു സമസ്യകളും പ്രത്യക്ഷപ്പെട്ടു. അദ്ദേഹം അതു രണ്ടും താഴെ കാണുംവിധം പൂരിപ്പിച്ചു.

"എനിക്കില്ലും പഴുവമിയെഴുതുവാൻ
നൈപുണമഹോ
മിനക്കെട്ടാലുണ്ടാകിലുമതു പിഴ—
ച്ചീടുമതിനാൽ

കനക്കുന്നാക്ഷേപം കവികളിലൂര
ഷ്ണമിതി സഭാ
നിനയ്ക്കുന്നുണ്ടിപ്പോഠം ചിലർ പരമസു-
യാവസതികം.''

''സാമാന്യാതീതമാകും ഗുണമിയലിന സ-
ഹിതുമേറാം ചുരുക്കം ;
സാമാന്യം നല്ലതെന്നോതുവതിനു പലതും
യോഗ്യമായിട്ടിരിക്കും ;
ആമട്ടോലും പ്രബന്ധത്തെയുമധമമതായ്
ചൊൽവതോത്തീടിൽ മൂഢ-
സ്തോമത്തിന്നും ഗ്രഹിക്കാമതു രസനയിലെ-
ദ്ദോഷമെന്നീഷലെന്യേ.''

സമസ്യാപൂരണംമാത്രമല്ല ചിത്രപ്രശ്നം, വർണ്ണനം, ചോദ്യോത്തരം മുതലായി കവികളെ പ്രോത്സാഹിപ്പിക്കുന്ന വേറെ പലതുംകൂടി "കവിപഞ്ചക"ത്തിൽ ചേർക്കേണ്ടതായിരുന്നു. സംസ്കൃതത്തിന്റെ സഹായംകൊണ്ടല്ലാതെ ഉത്തരം പറയാൻ സാധിക്കാത്ത ചില ചിത്രപ്രശ്നങ്ങളും ചരിത്രാന്വേഷകൻ ഒരിക്കൽ ആ പഞ്ചകത്തിൽ പ്രവേശിപ്പിച്ചു. കേരളവർമ്മ വലിയകോയിത്തമ്പുരാനാണ് അതിനു രസകരമായ ഉത്തരമെഴുതിയയച്ചത്. രണ്ടു ചോദ്യവും രണ്ടുത്തരവും മാത്രം ഇവിടെ ഉദ്ധരിക്കാം:

ചോദ്യം

''തണ്ടാർസായകനാകുമേകപദമായ്-
ക്കണ്ടാൽ ; അതിൽത്തന്നെ 'നീ'-
യുണ്ടായീടരുതെ'ന്നൊരർത്ഥമുറവാം
രണ്ടായ് മുറിച്ചീടുകിൽ ;
വണ്ടാർപൂവണിവേണിമാർകുറി ഹരിയിൽ
കൊണ്ടാട്ടവോരും വരും
രണ്ടാം ; എന്തിതു ഹന്ത ! കേൾക്കുവതിനായ്-
ക്കൊണ്ടാശയുണ്ടാശയേ.''

ഉത്തരം

"പേശല സംസ്കൃതകൗശല—
കേശവകവി ചെയ്ത ചിത്രപ്പണിയ്ക്ക്
ക്ലേശമതേ ഗതസംശയ—
ലേശമഹം ചൊൽവനുത്തരം മാദൃഃ"

ചോദ്യം

"വൈദേഹിയെജ്ജനിപ്പിച്ച
ഭൂദേവിക്കും, നൃപേന്ദ്രനും
വൈദേഹീകാന്തനും നാമ—
മാദേശിക്കണമൊന്നുതാൻ."

ഉത്തരം

'കേശവകവികേസരിയുടെ
പേശലതരമായ ചിത്രപ്പണിയ്ക്ക്
വീതശങ്കമൊരുത്തര—
മേതുമേതത്തു ജനകജാമാതാ.'

ഇങ്ങനെ ഒന്നിലധികം ചോദ്യങ്ങൾക്കുള്ള ഉത്തരം ഒന്നിച്ച് ഒരു വാക്കുകൊണ്ടു പറയുന്നതിനുള്ള സമർത്ഥ്യവും സാധാരണമായി സംസ്കൃതകവിതയിൽ കാണാവുന്നതല്ല. കേ. സി. യുടെ ആ മനോധർമ്മവിലാസം മലയാളത്തിലും ആകാമോ എന്നു പരീക്ഷിച്ചുനോക്കി. ഫലം വിസ്മയാവഹമായിരുന്നു. പക്ഷേ, മനോരമയിലെ കവിപംക്തിയിൽ പതിവായി പ്രത്യക്ഷപ്പെടാറുണ്ടായിരുന്ന അനവധി കവികളിൽ അപൂർവ്വം ചിലർക്കുമാത്രമേ അതിന്റെ ഉത്തരം കണ്ടുപിടിക്കുവാൻ കഴിഞ്ഞുള്ളൂ.

ചോദ്യം

"ഇപ്പാരിൽ പ്രാണികൾക്കെന്തധികമുതകിടും
പ്രാണസന്ധാരണാർത്ഥം ?
ചൊല്ലൊന്നും സജ്ജനത്തിൻ മുഷികനും പറയുവാൻ
മുഷ്ടരൊട്ടേറെയില്ലേ ?

ഇപ്രശ്നങ്ങൾക്കുചേരും പ്രതിവചനയുഗം
ചേർത്തുടൻ ചീത്ത മോടോൽ
നല്ലേറും വിഗ്രഹാലങ്കൃതികളിലധികം
മുഖ്യമെന്തെന്നു ചൊൽവിൻ''

ഉത്തരം

''കരുത്തനാം സൽകവി കേ. സി. യൊന്നാം..
തരത്തിൽ വിട്ടുള്ളൊരു ചോദ്യമേത്തോൽ
കരത്തിൽ നന്നായൊരു വെള്ളമുണ്ട്
തരത്തിലാരും രസമോടെടുക്കും.''

ഏവൂർ എൻ. വേലുപ്പിള്ള എന്ന ഒരാളാണ് ഈ ഉത്തരമെഴുതിയതു്. ഇത്തരത്തിലുള്ള ചോദ്യോത്തരങ്ങളും മറ്റും, കവിതാസരണിയിൽക്കൂടി സഞ്ചരിച്ചുതുടങ്ങുന്നവരെ ഏറ്റവും പ്രോത്സാഹിപ്പിച്ചിരുന്നുവെന്നുള്ളതു് അന്നത്തെ മനോരമലക്കങ്ങൾ കണ്ടിട്ടുള്ളവർക്കല്ലാതെ മനസ്സിലാക്കാൻ സാധിക്കയില്ല. കേരളകാളിദാസൻ, കേരളപാണിനി, കേരളവ്യാസൻ, കടവം, നടവം തുടങ്ങിയ കവീശ്വരന്മാർ ആയക സാഹിത്യവിനോദങ്ങളിൽ പങ്കുകൊണ്ടു് യുവകവികളെ പ്രത്യേകം പ്രോത്സാഹിപ്പിക്കയും ചെയ്തിരുന്നു. കേ. സി. യ്ക്കു്. അതിലുണ്ടായിരുന്ന പങ്കു് അധിപ്രധാനമായ ഒന്നായിരുന്നു എന്നും നമുക്കു മനസ്സിലായല്ലൊ.

മനോരമയിലെ "കവിപഞ്ചക്കി"യെ ഏതെങ്കിലുംവിധത്തിൽ പരിഷ്കരിച്ചിട്ടുള്ളപ്പോഴെല്ലാം ചരിത്രനായകനോടാലോചിക്കയും അദ്ദേഹത്തിന്റെ അഭിപ്രായം അറിയുകയും ചെയ്തിരുന്നു എന്നുള്ളതിനു് വരദിസം മാപ്പിള (1070 ൽ) കേ. സി. യ്ക്കയച്ച താഴെ ഉദ്ധരിക്കുന്ന കത്തു് സാക്ഷ്യം വഹിക്കും.—

കൊല്ലം,
കന്നി 27.

"ഞാൻ ഇന്നലെ ഉച്ചയ്ക്കു് തിരുവനന്തപുരത്തുനിന്നു പുറപ്പെട്ടു് ഇന്നു വൈകിട്ടു ഇവിടെ എത്തി. നിങ്ങളെ പി

ഒന്നു കാണാൻ ഇടയാകാത്തതുകൊണ്ടു് ഇച്ഛാഭംഗമുണ്ടു്. പകലായിരുന്നുവെങ്കിൽ പരാജയം അനേപക്ഷിക്കുമായിരുന്നു.

വിശേഷിച്ചു് മനോരമയിൽ ഇന്നി ഒരുവക പുതിയ രംഗം മാഷാകവിത തുടങ്ങണമെന്നു വിചാരിക്കുന്നു. ചിലവിഷയങ്ങളെ പറയാം. തിരുവനന്തപുരം കാഴ്ചബംഗ്ലാവു്, തേവള്ളിക്കൊട്ടാരം, ചാന്നാങ്കരതോട്ടു്, അഞ്ചുതെങ്ങുകായൽ, കൊല്ലം തുറമുഖപ്പീസ്സു്, മുതലപ്പൊഴി, കിഴക്കേ കോട്ടവാതിൽ, ഇങ്ങനെ പലതും ആകാം. ഒരോ സംഗതിയെക്കുറിച്ചു് അഞ്ചിൽ കുറയാതേയും പത്തിൽ അധികപ്പെടാതേയും പദ്യങ്ങൾ, ഒരോ കവിയുടെമാത്രം, ഒരോ പത്രത്തിൽ വേണമെന്നാണു് വിചാരിക്കുന്നതു്. വേറെ വിവരണമെഴുന്നതുപോലെ കണ്ണിൽ കണ്ടതെല്ലാം പറയുകയല്ല വേണ്ടതു്. അനുഭവയോഗ്യമായ സംഗതികൾ ചിലതുമാത്രം ചിലതിനെക്കുറിച്ചു കവികൾ പറഞ്ഞാൽ, "ഇതു് എനിക്കു തോന്നിയില്ലല്ലൊ" എന്നു് ആക്ഷേപം തോന്നാം. ഇതിനെക്കുറിച്ചു് നിങ്ങളുടെ അഭിപ്രായത്തെപ്പറ്റിക്കുടി ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ചു് ഏതാനും ശ്ലോകങ്ങൾ കഴിയുന്നതുമാത്രത്തിൽ അയച്ചുതരണമെന്നപേക്ഷിക്കുന്നു. വൃത്തം അതു വലുതായിരിക്കരുതു്. കഷ്ടിച്ചാൽ പതിനാലക്ഷരം. പല വൃത്തങ്ങളും കൂട്ടിക്കലർത്തുന്നതു നന്നല്ല. ശേഷം പിന്നാലെ.

എന്നു സ്വന്തം വരദീസുമാപ്പിള.

* * * * *

ചോദ്യോത്തരങ്ങളായും മറ്റും അന്നു മനോരമയിൽ പ്രത്യക്ഷപ്പെട്ടിരുന്ന പദ്യങ്ങൾ, കവികൾ തമ്മിലുള്ള സൗഹാർദ്ദത്തിനു് ഒന്നാന്തരം തെളിവുകളായിരുന്നു. ഒരാൾക്കു് എന്തെങ്കിലും ഒരു തെറ്റുപറ്റിയാൽ ഉടനെ മറ്റൊരാൾ കവിചാതുരിയിൽ കവിതാരൂപത്തിൽ അതു ചൂണ്ടിക്കാണിക്കയായി. ഇവ്വക കാര്യങ്ങളിൽ ആരും പരസ്യമായി കലഹി

ച്ചിരുന്നില്ല. അതെല്ലാം തന്റെ "വിനോദ"മായിട്ടുമാത്രമേ അവർ കണക്കാക്കിയിരുന്നുള്ളൂ: അതേ, സാഹിത്യവിനോദം. ഈ വിനോദത്തിൽ ആഴം തരവും നോക്കാറുണ്ടായിരുന്നില്ല. കളിയിലുണ്ടോ വലുപ്പവും ചെറുപ്പവും!

ഒരിക്കൽ സ്വഭാവോക്ത്യലങ്കാരം പ്രയോഗിച്ച് പ്രഭാതത്തെ വർണ്ണിക്കണമെന്നുള്ള ഒരു ചോദ്യം ആരോ പത്രത്തിൽ ചേർത്തിരുന്നു. പതിവുപോലെ പലരും ആ വർണ്ണനയിൽ പങ്കുകൊണ്ടു. കൊട്ടാരത്തിൽ ശങ്കുണ്ണിയുടെ പദ്യത്തിൽ ശ്രുതകാലങ്കാരമാണുണ്ടായിരുന്നതു്. അതു കണ്ട ഉടനേ ഒടുവിൽ കുഞ്ഞുകുഞ്ഞുമേനോൻ കൊട്ടാരത്തിൽ ശങ്കുണ്ണിയോടായി ഇങ്ങനെ ചോദിച്ചു:

'സ്വഭാവോക്ത്യലങ്കാരമാം പദ്യശ്രവൽ
പ്രഭാതത്തെ വർണ്ണിക്കുവാൻ ചൊന്നനേരം
വിഭോ! ശ്രുതകംചേർത്തു പദ്യം ചിരേണ്ട്രു–
പ്രഭവം ഹരിക്കും ഭവാൻ തിർത്തതെന്തേ;'

കൊട്ടാരത്തിൽ ശങ്കുണ്ണിയുടെ മറുപടി ഇതായിരുന്നു:

'തെറ്റെന്നു തങ്കളരചെയ്യുന്ന വാസ്തവത്തിൽ
തെറ്റെന്നതന്നെ പറയാം; അറിയാതിവണ്ണം
പറയുന്നതാര പറയുന്നതതന്നെ യോഗ്യം
മറ്റെന്നിലിങ്ങനെ വരാതെയിരിക്കമല്ലോ.'

ഇന്നാണെങ്കിൽ ഇതായിരിക്കുമോ സ്ഥിതി; തെറ്റു ചൂണ്ടിക്കാണിക്കുന്നവന്റെ പാണ്ഡിത്യം, പ്രായം എന്നിത്യാദിയായിരിക്കും ഒന്നാമതായി നോക്കുക. ഒരു തിരുത്തിയുണ്ടെങ്കിൽ ആ മനുഷ്യനിൽ "അഹങ്കാരം" ആരോപിക്കാൻ ശ്രമിച്ചു നോക്കും; അതു സാധിക്കുന്നില്ലെന്നു കണ്ടാൽ, ആ കാര്യത്തിനു് ഒരു സാമുദായികച്ഛായ കൊടുത്തു സമുദായത്തിന്റെ വിശാലമായ തണലിൽ രക്ഷനേടാൻ വല്ല വഴിയുമുണ്ടോ എന്നു നോക്കും; ഇതൊന്നും നടക്കാത്തപക്ഷം, തെറ്റു ചൂണ്ടിക്കാണിച്ച ആളുടെ മുഖത്തു് ഏതെങ്കിലും തരത്തിൽ കരി

ത്തെയ്ക്കാനുള്ള അവസരവും നോക്കി, വേണ്ടിവന്നിൽ അപ വാദവ്യവസായത്തിനുപോലും മടിക്കാതെ, പ്രതികാരബുദ്ധി ക്കടിമപ്പെട്ട് അടങ്ങിയിരിക്കും.

അന്ന് അധികം ആളുകളിലും സ്വാധീനമാണ മുന്നിട്ടു നിന്നിരുന്നത്. തെറ്റു ചൂണ്ടിക്കാണിക്കുന്നവന്റെ ജാതിയും മതവും ഏതായിരുന്നാലും, തെറ്റു തെറ്റായിട്ടല്ലാതെ വരി കയില്ലെന്ന് എല്ലാവരും മനസ്സിലാക്കിയിരുന്നു. ഈ ബോ ധംതന്നിമിത്തം അവർക്ക് ഇണമല്ലാതെ ദോഷമൊന്നുമുണ്ടായ തായി കാണുന്നുമില്ല. കൊട്ടാരത്തിൽ ശങ്കുണ്ണിയുടെ മറുപടി യിൽനിന്ന് ഇതു വ്യക്തമാകുന്നുണ്ട്. തെറ്റു ചൂണ്ടിക്കാണി ക്കുന്നവരുടെ നേരേ ഒരു കൃതജ്ഞഭാവം പ്രദർശിപ്പിക്കാൻപോ ലും അവർക്ക് സങ്കോചമുണ്ടായിരുന്നില്ല. "ഇനി മേലിൽ ഇ ത്തരത്തിലുള്ള തെറ്റു പറ്റാതിരിക്കാൻ ഇടവരുത്തിയതു കൊണ്ടുകയിൽ ഞാൻ താങ്കളോടു നേരേ അത്യന്തം കൃതജ്ഞ നായിരിക്കുന്നു" എന്ന നിലയാണ് അവർ ആവക കാര്യങ്ങ ളിൽ സ്വീകരിച്ചിരുന്നത്.

ഇതുപോലെ പറഞ്ഞുകൊണ്ട്, വാദപ്രതിവാദങ്ങൾ അന്ന് തീരെ നടപ്പുണ്ടായിരുന്നില്ലെന്നും ആരും തെറ്റിലാരിക്കരുത്. പക്ഷേ, ആ വാദപ്രതിവാദങ്ങളിലും ഒരു "തറവാടിത്തം" കാണാമായിരുന്നു. തെറ്റിലാരെങ്കിലുണ്ടെങ്കിൽ അവരെങ്കിലും വല്ല വാദപ്രതിവാദങ്ങളിലും ഏർപ്പെട്ടാൽത്തന്നെ, വാസ്തവം മന സ്സിലായാൽ ഉടനേ അതിൽനിന്നു പിൻമാറാൻ അവർ ഒട്ടും മടികാണിച്ചിരുന്നില്ല. ഉദ്ദേശ്യശുദ്ധിക്ക് എല്ലാവരും വളരെ പ്രാധാന്യം കല്പിച്ചിരുന്നു. അതില്ലാത്ത സ്ഥലത്ത് കക്ഷി പിടിത്തവും വഴക്കും ഒരുപക്ഷേ വർദ്ധിച്ചിട്ടുണ്ടെന്നുവരാം. എന്നാൽ ഇതിനുള്ള ദൃഷ്ടാന്തങ്ങൾ വളരെ ചുരുക്കമായിട്ടേ കാണുകയുള്ളൂ. വാദപ്രതിവാദങ്ങളിൽ തെറ്റുണ്ടാവില്ല, തെറ്റുണ്ടാവുന്നതുതന്നെയും വെറും സാഹിത്യവിനോദമെന്ന നില

യിൽമാത്രം കഴിഞ്ഞുകൂടുകയാണ് ചെയ്തിരുന്നത് എന്നു മാത്രമേ ഇവിടെ പറയുന്നുള്ളൂ.

ചരിത്രനായകനും ഇപ്രകാരവിനോദങ്ങളിൽ ഏർപ്പെട്ടകവിയായിരുന്നു. രേക്കൽ അച്ചോഫം കൊട്ടാരത്തിൽ രങ്കണ്ണിയുടെ "കചേലഗോപാലം" എന്ന നാടകത്തെ അഭിനന്ദിച്ചുകൊണ്ട് ചില പദ്യങ്ങളെഴുതി. അതിലൊന്ന് ഇതായിരുന്നു:

"വ്യർത്ഥത്വം കലരും പദങ്ങളൊഴികെ—
പ്പാരം ചമൽകാരമോ—
ടർത്ഥപ്രാസരസം കലർന്ന സരസാ
സാദ്യങ്ങളാം പദ്യങ്ങളും
അത്യന്തം സരളത്വമാർന്ന വിലസും
ഗദ്യങ്ങളും പാർക്കിൽ—
പ്പുത്തൻ നാടകമുത്തമം, വിഷയവും
ശ്രീകൃഷ്ണഭക്തിപ്രദം."

രങ്കണ്ണിക്ക്, അതു വായിച്ചുകേൾപ്പിച്ചപ്പോൾ അതിൽ എന്തോ ശ്രദ്ധാർത്ഥം കൊള്ളിച്ചിട്ടുണ്ടെന്നാണ് പെട്ടെന്നു തോന്നിയത്. അച്ചോഫം ഇങ്ങനെ മറുപടിയെഴുതി:—

"മൂഢൻതാനപി ഞാൻ ചമച്ച കൃതിയെ—
പ്പാർവ്വിഷ്ഠോനേരവും
ശ്രദ്ധാർത്ഥത്തോടുമിമനോരമയതിൽ
ചേർത്തോരു പദ്യങ്ങളെ
ഇപ്രാടേയം കവിയുന്നമാസകലയും
ചൂടുന്ന വൈഖ്യാതിമാ—
യീടും സൽഗുണവാരിധേ! ബഹുരസം
പൂണ്ടിങ്ങുകണ്ടേനഹം."

ഇതിനെത്തുടർന്ന് ചോദ്യോത്തരരൂപത്തിൽ മറ്റൊരു പദ്യവുംകൂടി അവരെഴുതി. അതുമയച്ചപ്പോൾ അക്കാര്യം അവസാനിച്ചു; എന്നുമാത്രമല്ല, മറ്റുചോദിക്കലും കൂടികഴിഞ്ഞു. ആ പദ്യങ്ങളും ഇവിടെ പകർത്താം:

"ഗ്രന്ഥാർത്ഥം തോന്നിയെന്നാലതു മമ ഹൃദയേ
പാർത്തതല്ലോർത്തിടേണം;
ഗ്രന്ഥാർത്ഥം തേടിനോക്കീടുകിലതു പല പ-
ദ്യത്തിലും കാണ്മതല്ലോ!
ഈ ടേറും താങ്കളിപ്പോൾ സരസതരമയ-
ച്ചോരു പദ്യത്തിലുള്ളാ-
'മൂഢൻതാ'നെന്നതോർത്തീടുകിലതിനെന്തു ഭ-
ംഗന്തമല്ലീ മഹാത്മൻ?"

കേ. സി. കേശവപിള്ള.

"സ്നേഹിച്ചീർത്തികുതിയിൽ പഴുതേ ഉരത്ഥ-
മോഹിച്ചതാണു വയമെന്നറിവാകമൂലം
ഖേദിച്ചിടുന്നു; പരമത്രയുമല്ല, മാപ്പു
ചോദിച്ചിടുന്നു സുമതേ, മമ തെറ്റിനായ് ഞാൻ."

കൊട്ടാരത്തിൽ ശങ്കുണ്ണി.

"വല്ലോരും ഹൃദയത്തിലങ്ങനെ ഉര-
ത്ഥം പാർത്തുവെന്നാലതും
നില്ലാതാവതിനിന്നു നമ്മളുടെ സം-
വാദം പരം ഹേതുവായ്;
എല്ലാംകൊണ്ടുമിതിൽ കൃതാർത്ഥതയതും
ഞങ്ങൾക്കുമൊപ്പം; ഭവാൻ
ചൊല്ലാനില്ലിഹ മാപ്പു മൽപ്രിയസഖ-
പ്രോത്സാഹമുക്തമാണേ!"

കേ. സി. കേസവപിള്ള.

ആ വാദപ്രതിവാദം അങ്ങനെ അവസാനിച്ചു. പുറമേ സ്നേഹംനടിയ്ക്കുമാത്രമല്ല, തെറ്റിദ്ധാരണ നീങ്ങി പണ്ടത്തെപ്പോലെ ആത്മാർത്ഥതയോടുകൂടി സ്നേഹിച്ചു കഴിയുകയാണ് അവർ പിന്നീടു ചെയ്തതു്.

"ഹരിശ്ചന്ദ്രചരിതം" മുഖേയ നാടകങ്ങളുടെ കർത്താവായ എം. ചക്രപാണിവാരിയർ അന്നു മനോരമയിലെ കവിപംക്തിയിൽ പതിവായി പ്രത്യക്ഷപ്പെട്ടിരുന്ന രോളേ

യിരുന്നു. മനോരമയിൽ കാണാറുള്ള പദ്യങ്ങളിൽ ഏതെങ്കിലും ഒരു "കുസൃതിത്തം" കണ്ടുപിടിച്ചു് ഒരു ചെറിയ വിനോദത്തിനു വകയുണ്ടാക്കുക അദ്ദേഹത്തിന്റെ ഒരു പതിവായിരുന്നു. ഒരിക്കൽ കുഞ്ഞിക്കുട്ടൻ തമ്പുരാൻ,

"വേണ്ടപോലിഹ മനോരമാശ്രയം
കൊണ്ടതന്നെ പുകഴും കവീന്ദ്രരേ!
കുണ്ഠഭാവമതകന്നൊരുനയേ—
ക്കൊണ്ടു പദ്യമുരചെയ്തിനേവരും."

എന്ന ഒരു ചോദ്യം മനോരമയിലെഴുതിയിരുന്നു. പലരും അതനുസരിച്ചു് ആനയെ വർണ്ണിക്കയും ചെയ്തു. വാരിയരാകട്ടെ, സഹജമായ വിനോദപ്രിയത്വംകൊണ്ടു് ചോദ്യകർത്താവിനെ കളിയാക്കാനായി ഇങ്ങനെ ചോദിച്ചു:—

ഞാനെന്നാകിൽ മനോരമാശ്രയനിമി—
ത്തം മാത്രമായ് പേരെട്ട—
ത്താനല്ലെങ്കിലുമാനയെ പ്രതികൃതി—
പ്പാനില്ലൊരുനാം മമ;
മേനിക്കായ് പാറകല്ല, ചൊറ കപടം
ചേരുന്നഭിപ്രായമീ—
യാനപ്പദ്യമുരപ്പിനെന്നുപറയും
പ്രശ്നത്തിൽ വെച്ചില്ലയോ ?"

കുഞ്ഞിക്കുട്ടൻ തമ്പുരാന്റെ ചോദ്യത്തിൽ കാണുന്ന "മനോരമാശ്രയംകൊണ്ടതന്നെ പുകഴും കവീന്ദ്രരേ!" എന്ന പ്രയോഗത്തെ മനസ്സിൽ വെച്ചുകൊണ്ടാണു് വാരിയർ ഇങ്ങനെ ചോദിച്ചതു്. തമ്പുരാൻ വിട്ടുമോ? "തന്നെ" എന്ന ആ വാക്കിനെത്തന്നെ അവലംബിച്ചുകൊണ്ടു് അദ്ദേഹം ഒരു "ചെപ്പടിവിദ്യ" കാണിച്ചു:

"വേണ്ടും പോലെ മനോരമാശ്രയബലം
കൊണ്ടും സ്വയം തന്നെയും
വീണ്ടും പത്രികകൊണ്ടുതന്നെയുമതും
കൈക്കൊണ്ടു താൻതന്നെയും

കൊണ്ടാട്ടം പുകഴ്പൂണ്ടിട്ടം കവികളെ—
ന്നീ നാലുപാടത്ഥവും
കൊണ്ടീടം മമ വാക്കിലുള്ള പതറി—
യെൻ ചക്രപാണിക്കഹോ!''

വാരിയക്കും ഇത്രമാത്രമേ വേണ്ടിയിരുന്നുള്ളൂ. ഒരു നേരംപോക്കു്, അത്രതന്നെ, പക്ഷേ, ഒരിക്കൽ ഈ കളി കാര്യമായിത്തീർന്നു. രസികരെ വണ്ണിക്കാൻ കവികളെ ക്ഷണിച്ചുകൊണ്ടു് കൊട്ടാരത്തിൽ ശങ്കുണ്ണി മനോരമയിൽ ഒരു ചോദ്യം പ്രസിദ്ധീകരിച്ചിരുന്നു. വാരിയർ അതിനെപ്പറ്റി ഇങ്ങനെയെഴുതി:

''ധരണിയതിലനേകം വസ്തു വണ്ണിക്കുവാനായ്
കരുതീടുകിൽ നമുക്കുണ്ടെങ്കിലും ശങ്കയെന്യേ
വരരസികരെ വണ്ണിക്കേണ്ട കല്പിച്ചതോർത്തൽ
പരമരസികനാണാദ്ദിവൃനാം കാവ്യകർത്താ.''

വാസ്തവത്തിൽ വൈദ്യം വിനോദത്തിനായിട്ടാണു് വാരിയർ ഇങ്ങനെഴുതിയതു്. എങ്കിലും അതു് ശക്തിയായ ഒരു "തിരിച്ചടി"ക്കു കാരണമായിത്തീർന്നു. അടുത്ത ലക്കത്തിൽ പാമ്പിനെ വണ്ണിക്കുവാനാവശ്യപ്പെട്ടുകൊണ്ടു് വാരിയർക്കു ചോദ്യം പ്രസിദ്ധീകരിച്ചു. ഉടനെ ശങ്കുണ്ണി ഇങ്ങനെ ചോദിച്ചു:—

''വരരസികരെ വണ്ണിച്ചീടുവാൻ പൊന്നതീ ഞാൻ
പരമരസികനായിട്ടാണതെന്നാകിലാട്ടേ;
ഉരഗരവനെ വണ്ണിച്ചീടുവാനങ്ങു കല്പി—
ച്ചുരുളിയുരഗം താനാകകൊണ്ടോ മഹാത്മൻ?''

ഇതുകൊണ്ടു മതിയാക്കാതെ, വാരിയർ "ദ്വിജിഹ്വ"നേയും "ജിഹ്മഗ"നേയും അയയ്ക്കുകൊണ്ടാണോ അദ്ദേഹം സപ്പ്വണ്ണനയ്ക്കുവാശ്യപ്പെട്ടതു് എന്നുകൂടി ശങ്കുണ്ണി ചോദിച്ചു.* ചക്ര

* ദ്വിജിഹ്വൻ=പാമ്പു്, ഏഷണിക്കാരൻ. ജിഹ്മഗൻ=പാമ്പു്, വക്രഗതി.

പാണിവാരിയർ അടിയറവു പറയേണ്ടിവന്നു. പക്ഷേ, കൊള്ളിവാക്ക് അദ്ദേഹം ഉപേക്ഷിച്ചില്ല. ഒടുവിൽ അതു് വലിയ ഒരു വാദപ്രതിവാദമായിത്തീർന്നു. കളി മുത്തു കായ്മയായി. രണ്ടുപേരും സഭ്യതയിട്ടുള്ള ചില പദപ്രയോഗങ്ങൾപോലും ഉടഞ്ഞി. അയിടയ്ക്കു് "നിനയ്ക്കുന്നുണ്ടിപ്പോൾ.....വസതികൾ" എന്ന ഒരു സമസ്യ ആരോ മനോരമയിൽ ചേർത്തിരുന്നു. വാദപ്രതിവാദികൾ തങ്ങളുടെ വാക്ക് മനസ്സിൽ വെച്ചുകൊണ്ടു് അതിനെ ഓരോ കാണംവിധം പൂരിപ്പിച്ചു.

"കനക്കും ഉമ്മേഹാൽ കഥകളറിയാതെ ഞെളിയുവാൻ
മിനക്കെട്ടയ്യയ്യോ ! പലവക മുറിപ്പുരുഷന്മോട്ടം
തനിക്കാരും നാലാകിലുമെതിരിനില്ലെന്നു വെറുതേ
നിനയ്ക്കുന്നുണ്ടിപ്പോൾ ചില രസികരീഷ്യുവസതികൾ."

ചക്രപാണിവാരിയർ

"തനിക്കാരും നേരില്ലിഹ കൃതിയതിന്നെന്നു മുടയേ
കനക്കും ഗർവ്വത്താൽ കശപിശ കഥിച്ചാലുമൊടുവിൽ
ഹനക്കേടുണ്ടായിട്ടുകമതിലനല്പം പരിഭവം
നിനയ്ക്കുന്നുണ്ടിപ്പോൾ ചിലർപരിചിലീഷ്യുവസതികൾ."

കൊട്ടാരത്തിൽ ശങ്കുണ്ണി

ഇങ്ങനെ ക്രമത്തിൽ വഴിച്ചുവന്ന ആ വഴക്ക് മധ്യസ്ഥം പറഞ്ഞു് അവസാനിപ്പിച്ചതു് ചരിത്രനായകനത്രെ. അയ്യും കവിതാപംക്തി വഴിയായിത്തന്നെയായിരുന്നു. "ശങ്കുണ്ണിക്കും വാരിയർക്കും" എന്ന തലക്കെട്ടു വെച്ചു് കേ. സി. ഇങ്ങനെ എഴുതി.—

എൻതോഴരായി വിലസുന്നൊരു നിങ്ങളേവം
സന്തോഷഹീനമൊഴികൊണ്ടു പിണങ്ങുവാനായ്
എന്തൊന്നു ഹേതുവിഹ വന്നതതീവ രമ്മെന്നീ—
ബന്ധോദയേയ്യ മരുവേണ്ടവരല്ലയോ നാം?"

ഈ മധ്യസ്ഥരെ സ്വീകരിച്ച് രണ്ടുപക്ഷം വഴക്കവസാനിപ്പിച്ചു. പത്രത്തിൽതന്നെ അതു താനും പ്രസ്താവിക്കയും ചെയ്തു.

"ബന്ധുതുമുള്ളോരു ഭവാനെടെ വാക്യസാരം
ചിന്തിച്ചു വാദമിഹ ഞാൻ മതിയാക്കിടുന്നു ;
എന്തൊന്നു വായ്ത്തരവർകൾക്കഭിലാഷമെന്നാ—
തെൻ തോഴരേ, ഹരി നമുക്കറിവില്ലതാനും."

കൊ. ശങ്കുണ്ണി

"ശങ്കുണ്ണിജ്യേഷ്ഠനെന്തോ ഹൃദയമതിൽ വിചാ—
രിച്ചു ദുഷ്പക്കിനാൽ വി—
ല്ലങ്കം വെട്ടീട്ടടക്കുന്നതിനൊരു ചിഴയായ്
ഹന്ത ! ഞാനെന്തുചെയ്യും ?
എങ്കൽത്തെറ്റെന്നു യുഷ്മാദൃശരിതിൽ വിധി കല്പിക്കുകിൽ സമ്മതിച്ചീ—
പ്പങ്കപ്പാടൊക്കെ നീക്കീടുന്നവധികുറി ഞാൻ
മാപ്പു ചോദിച്ചുകൊള്ളാം."

ചക്രപാണിവാരിയർ.

അയിടയ്ക്ക് മദ്രാസിൽ "ഈ വണ്ണമാക്കിയതു നമ്മുടെ നല്ല കാലം" എന്ന ഒരു സമസ്യ ചോദ്യമുണ്ടായി. ശ്രീകണ്ഠേശ്വരം ജി. പത്മനാഭപിള്ള അവർകളായിരുന്നു അതിന്റെ പ്രയോജകൻ. ജീവനില്ലാത്തനിലയിൽ കഴിഞ്ഞുകൂടിയിരുന്ന കൈരളിയെ കേരളകൗമുദിമാസിക ഭദ്രമാക്കിച്ചു് കാലോചിച്ചു് ഇപ്രകാരത്തിലാക്കിയതു നമ്മുടെ നല്ല കാലംതന്നെ എന്ന രൂപത്തിൽ പൂരിപ്പിക്കുന്നതുദ്ദേശിച്ചുകൊണ്ടാണ് അദ്ദേഹം ആ സമസ്യ നിർമ്മിച്ചതു്. എന്നാൽ ശങ്കുണ്ണിയും വാരിയരുംതമ്മിൽ നടന്ന വാദപ്രതിവാദവും, കെ. സി. ഇടയിൽ കടന്നുണ്ടാക്കിയ സമാധാനവും മനസ്സിൽവെച്ചുകൊണ്ടു്, സംസ്കൃതമായ ഒടുവിൽ കുഞ്ഞുകുഞ്ഞുമേനോൻ അതു പൂരിപ്പിച്ചതു് തഴെ കാണിക്കുംവിധത്തിലായിരുന്നു:—

"ഭാവിച്ചു വാരിയരുമണ്ണിയമൊത്തു യുദ്ധം
കൈവെച്ച മാറവരസിയെങ്കിലുമപ്പൊഴെക്കും
ദൈവേച്ഛയാ സുകവി കേശവപിള്ളയപ്പൂ-
ട്ടീവണ്ണമാക്കിയതു നമ്മുടെ നല്ലകാലം."

ഈ വിധം മനോരമയിലെ കവിപംക്തിയിൽ പ്രത്യക്ഷപ്പെട്ട സാഹിത്യവിനോദങ്ങളും സൗന്ദര്യകലഹങ്ങളും, യുവകവികളുടെ പദ്യരചനാപരിശീലനത്തിനു് എത്രമാത്രം ഫലപ്രദമായ വളമായിത്തീർന്നിരിക്കണമെന്നു വായനക്കാർ ഊഹിച്ചറിയുകയാണു് നല്ലതു്.

ബി കവിനമ്പ്യാർ

കവിപംക്തിയിൽ പ്രത്യക്ഷപ്പെട്ടുന്ന കവികളുടെ സംഖ്യ അനുദിനം വർദ്ധിച്ചുതുടങ്ങി. അവരിൽ പലരും കാര്യമായിട്ടു് ഒരുവിധം നല്ല കവിതയെഴുതുകാരായിത്തീർന്നു. ഇത്രയുമായപ്പോൾ മനോരമാനായകന്റെ വിചാരം ഒരു പുതിയ വഴിയിൽക്കൂടി തിരിഞ്ഞു. ഈ കവികളേയും സാഹിത്യകാരന്മാരേയും എല്ലാം ഒന്നിച്ചു് ഒരു ദിക്കിൽ സമ്മേളിപ്പിക്കുന്നതു് പലതുകൊണ്ടും ആനന്ദപ്രദമായിരിക്കുമെന്നു് അദ്ദേഹം തീരുമാനിച്ചു. പ്രചരണത്തിനു് ഒന്നാംതരം ഒരായുധം അദ്ദേഹത്തിന്റെ സ്വാധീനത്തിലുണ്ടായിരുന്നതുകൊണ്ടു് ആ ആശയം താമസിയാതെ അദ്ദേഹം വെളിക്കുവിട്ടു. നയജ്ഞനായ വരദീസ്മാപ്പിള അക്കാര്യത്തിൽ കമാന്നുമഭിപ്രായപ്പെട്ടില്ല. നീലകണ്ഠൻനമ്പൂരിപ്പാടിന്റെ പേരാണു് മുൻനിർത്തിയതു്. നമ്പൂരിപ്പാടിന്റെ ഒരു ലേഖനം മനോരമയിൽ താമസിയാതെ പ്രത്യക്ഷപ്പെട്ടു.

"കേരളത്തിൽ ആകപ്പാടെ ഇപ്പോൾ അസംഖ്യം ഭാഷാകവികളുണ്ടെന്നു് മനോരമകൊണ്ടുതന്നെ വെളിപ്പെട്ടിരിക്കുന്നു. എന്നാൽ ഇവരുടെ വാസസ്ഥലങ്ങളുടേയും പരിചയങ്ങളുടേയും വ്യത്യാസംകൊണ്ടു കവിതകൾ തമ്മിൽ ഈ

ക്ഷലീക്ഷൽ സമ്പ്രദായഭേദം കണ്ടുവരുന്നുണ്ട്. ഈ ഭേദം ശബ്ദരൂപമായ വാചകങ്ങളിൽ ഇതിലും അധികമായി കണ്ടുവരുന്നു. ഭേദഭാഷകം എന്നും ഓരോ വിധത്തിൽതന്നെ ഇരിക്കുമെങ്കിലും ഗ്രന്ഥത്തിൽ ഏകരീതിതന്നെ വരേണ്ടതും പരിശ്രമത്താൽ കാലക്രമേണ വരുത്തിവുന്നതുമാണല്ലൊ. അതിനാൽ കഴിയുന്നിടത്തോളം കവികൾ ഒരു സമാജമായി, നിശ്ചയിക്കപ്പെട്ട ഓരോ കാലഘട്ടികളിൽ കൂടുന്നപക്ഷം ഇപ്പോൾ പത്രംവഴിയായി മാത്രം ഇവർ തമ്മിലുള്ള സംസ്ലിംനിമിത്തം അവക്കും മറ്റുജനങ്ങൾക്കും ഉണ്ടാകുന്നതായി കാണുന്ന ഇണ്ടാനുഭവം പതിന്മടങ്ങു വൽധിക്കുന്നതിനും എല്ലാവക്കും വളരെ സന്തോഷപ്രദമായും മോഷോപരിഷ്കരണത്തിനു കാരണമായും തീരുന്നതിനു് ഇടയുണ്ടാകുന്നു ഞാൻ വിചാരിക്കുന്നു....."

സുപ്രസിദ്ധമായ "കോട്ടയം കവിസമാജ"ത്തിന്റെ ആവിർഭവത്തിനു നിദാനമായിത്തീർന്നതു ഇവ ലേഖനമാകുന്നു. കേരളവർമ്മവലിയകോയിത്തമ്പുരാൻ, പുന്നശ്ശേരിനമ്പി, കൊച്ചുണ്ണിത്തമ്പുരാൻ, കടത്തനാട്ടു് ഉദയവർമ്മ മനവിക്രമ എട്ടൻതമ്പുരാൻ മുതലായവർ ഈ ആശയത്തോടനുകൂലിച്ചു. സമാജം വിളിച്ചുകൂട്ടുന്നതിനുള്ള ചുമതല വഹിച്ചിരുന്നതു് ഏറവും. ഇതിന്റെയൊക്കെ ഫലമായി 1067-ാം മാണ്ടു് വൃശ്ചികമാസത്തിൽ കോട്ടയം മനോരമ ആപ്പീസിൽവെച്ചു വളരെ കേമമായവിധത്തിൽ "കവിസമാജം" മുന്നു ദിവസങ്ങളിലായി കൊണ്ടാടപ്പെട്ടു. കേരളത്തിലെ സഹോദ്യകാരന്മാരിൽ ഭൂരിക്കപേരും അന്നു് അവിടെ വന്നുചേർന്നിരുന്നു. യുവകവിയായ കേരവചിള്ള സമാജപ്രവർത്തകന്മാരുടെ ക്ഷണപ്രകാരം ഒരു പ്രാസംഗികന്റെ നിലയിലാണു് സന്നിഹിതനായതു്. "ഭാഷാപരിഷ്കരണം" എന്നുള്ളതായിരുന്നു പ്രസംഗവിഷയം. പുന്നശ്ശേരിനമ്പി തിലകണ്ണാരമ്മയുടെ അദ്ധ്യക്ഷതയിൽ കൂടിയ മുന്നാംദിവസത്തെ

യോഗത്തിലായിരുന്ന ആ പ്രസംഗം. മലയാളഭാഷയിൽ ഇംഗ്ലീഷ് വാക്കുകൾ കൂട്ടിക്കലർത്തുന്നതിന്റെ അനൗചിത്യത്തെപ്പറ്റിയാണ് അദ്ദേഹം പ്രസംഗത്തിൽ പ്രധാനമായി പ്രതിപാദിച്ചിട്ടുള്ളത്. അന്നത്തെ സംഭവത്തെപ്പറ്റി കവിതന്നെ പിന്നീട് ഈ വിധം പ്രസ്താവിച്ചുകാണുന്നു:

''പുന്നശ്ശേരിയൽ നമ്പിയാകിയ മഹാ—
നഗ്രാസനസ്ഥാനമാ—
ന്നന്നേരത്തഥ ഭാഷതന്നുടെ പരി—
ഷ്കാരപ്രസംഗത്തെ ഞാൻ
നന്നായിട്ടു രചിച്ചതസ്സഭയതിൽ—
പൊല്ലീടുവാനാസ്സധീ—
മന്നൻ ചൊല്ലി; ഉടൻ സമസ്തമതു ഞാൻ
വായിച്ചലം സ്ഥടമായ്.

'സാരേ! നിങ്ങടെ ഫാദർ പോയതിഹ ഞാൻ
കണ്ടെന്റെ നൂസ് പേപ്പറും
കീറാതേകുക നൈസ്സ് പാക്കിലതുമ—
ങ്ങല്ലെങ്കിലെൻറാട്ടമേ'
ഏവം ഹൃണവചസ്സു കേരളഗിരാ
ചേക്കുന്ന രീതിക്കെഴും
സാവദ്യത്വമതാണതിങ്കൽ വിശദം
ഖണ്ഡിച്ചു ഞാൻ പൊന്നതും.''

യോഗത്തിന്റെ രണ്ടാംദിവസം ഏ. ആർ. രാജരാജവർമ്മ മുതലായവരുടെ നേതൃത്വത്തിൽ സമ്മേളനത്തിൽനിന്ന് ചില പരീക്ഷകളും നടത്തുകയുണ്ടായി. 1. നാടകനിർമ്മാണം, 2. ഘടികാവിലോകനം, 3. കവിതാരചനയിലുള്ള പരീക്ഷ— ഇങ്ങനെയാണ് പരീക്ഷകളെ തരംതിരിച്ചിരുന്നത്. ഒന്നാമത്തെ പരീക്ഷയിൽ കഞ്ഞിക്കുട്ടൻ തമ്പുരാൻ ഉൾപ്പെടെ നാലുപേർ മാത്രമേ ചേർന്നിരുന്നുള്ളൂ. രണ്ടാമത്തേതിൽ പതിനേഴും, മൂന്നാമത്തേതിൽ 26 പേരും ചേരുകയുണ്ടായി. ഈ മണിക്കൂർകൊണ്ട് സദസ്യരുടെ പ്രാപ്തിയെപ്പറ്റി സ്വയം ഒരു

ത്തിൽ ഇരുപതു പദ്യങ്ങൾ നിർമ്മിക്കണമെന്നായിരുന്നു "ഘടികാവിംശതി"യെസംബന്ധിച്ച വ്യവസ്ഥ. കവിതാചാതുര്യപരീക്ഷയിലേക്കുള്ള ഗദ്യം, പദ്യം, സമസ്യാപൂരണം, ശ്ലോകാന്തരീകരണം എന്നിവ നാലും ഉൾപ്പെട്ടിരുന്നു. കുഞ്ഞിക്കുട്ടൻ തമ്പുരാൻ, കൊട്ടാരത്തിൽ ശങ്കുണ്ണി, എം. ചക്രപാണിവാരിയർ, പി. കെ. കൃഷ്ണൻവൈദ്യൻ എന്നീ നാലുപേർ മുന്നു പരീക്ഷകർക്കും ചേർന്നു. "ഗംഗാവതരണം" കഥ, നാലങ്കത്തിലായി, നൂറിൽ കവിയാതെ പദ്യങ്ങളുൾപ്പെടുത്തിക്കൊണ്ടു് അഞ്ചുദിവസങ്ങൾക്കിടയിൽ, ഒരു നാടകരൂപത്തിൽ നിർമ്മിക്കണമെന്നുള്ളതായിരുന്നു ഒന്നാമത്തെ പരീക്ഷയ്ക്കുള്ള ചോദ്യം. അന്നു് അവിടെ കൂടിയിരുന്നവരെയെല്ലാം അത്ഭുതപരതന്ത്രരാക്കുമാറു് നിശ്ചിതസമയത്തിനു മുൻപായിരുന്നു നാടകമെഴുതിത്തീർത്തു് കുഞ്ഞിക്കുട്ടൻതമ്പുരാൻ സമ്മാനാർഹനായിത്തീർന്നു.

ചരിത്രനായകൻ മാറാ രണ്ടു പരീക്ഷകർക്കുമാത്രമേ ചോദ്യമുള്ളൂ. നാടകനിർമ്മാണത്തിനു പ്രഥമസമ്മാനാർഹനായിത്തീർന്ന കുഞ്ഞിക്കുട്ടൻതമ്പുരാനും കൊട്ടാരത്തിൽ ശങ്കുണ്ണിയുമാണു് ഒരേയുള്ള മാറാ ചിലതും അവയിൽ സംബന്ധിച്ചിരുന്നുവെന്നു പറഞ്ഞുകഴിഞ്ഞുവല്ലോ. പക്ഷേ, ആ രണ്ടു പരീക്ഷകർക്കുമുള്ള ഒന്നാംസമ്മാനം കൈക്കലാക്കിയതു് കേരവപിള്ളയാണു്. അനുവദിച്ചിരുന്ന സമയത്തിനു് പതിനഞ്ചു മിനിട്ടിനു മുൻപുതന്നെ—ഏതായതു് 45 മിനിട്ടുകൊണ്ടുതന്നെ—ചരിത്രനായകൻ "ഘടികാവിംശതി" എഴുതിത്തീർത്തു. "സരസഭൂതകവികിരീടമണി"യായ കുഞ്ഞിക്കുട്ടൻതമ്പുരാനു് നാല്പത്തൊൻപതു മിനിട്ടുകൊണ്ടുമാത്രമേ അതെഴുതിത്തീർക്കാൻ സാധിച്ചുള്ളൂ. "കവിതാചാതുര്യപരീക്ഷ"യിലും കുഞ്ഞിക്കുട്ടൻതമ്പുരാനു് ഒന്നാമനാകാൻ കഴിഞ്ഞില്ല. സ്വർണ്ണംകൊണ്ടുള്ള ഒരു മദ്ധ്യസ്ഥമോതിരം ഘടികാവിംശ

ക്കിക്കും, ഒരു സപ്ലൈമെന്റ് കവിതാചരിത്രത്തിനും ചരിത്രനായകനും അന്നു സമ്മാനമായി ലഭിച്ചു. ഈ സമ്മാനങ്ങളേക്കാൾ വലിയ രണ്ടു ലാഭങ്ങൾ അന്നത്തെ ആ സംഭവം നിമിത്തം അദ്ദേഹത്തിനുണ്ടായി: 1. അന്നേക്കുമേൽ പ്രായപ്പൂർത്തിയിലുള്ള ഒരു സ്ത്രീകയിയെ—നാടികാനിമ്മാണത്തിൽ വിസ്മയാവഹമായ വിജയം വരിച്ച കുഞ്ഞിക്കുട്ടൻ തമ്പുരാനെ—രണ്ടു പരീക്ഷകളിൽ പിന്നേക്കും തള്ളാൻ സാധിച്ചുകൊണ്ട്, കവിസമാജങ്ങളിൽ സന്നിഹിതരായവർക്കും അതുവഴി മറവുള്ളവർക്കും തന്നെപ്പറ്റി നേരോന്നിയ ബഹുമാനം; 2. ആ പരീക്ഷാവിജയംവഴിയായി കുഞ്ഞിക്കുട്ടൻ തമ്പുരാനും എ. ആർ. രാജരാജവർമ്മയ്ക്കും തന്നിലുണ്ടായ സൗഹാർദ്ദസമ്മിശ്രമായ വാത്സല്യാതിരേകം.

കോട്ടയത്തു നടന്ന ഈ കവിസമാജത്തെ സംബന്ധിച്ചു വിവരങ്ങളെല്ലാം ഉള്ളടക്കി ചരിത്രനായകനെഴുതിയതാണ് "കവിസമാജയാത്രാന്തകം". യാത്രയുടെ വിവരങ്ങൾ അൻപതു ശ്ലോകത്തിൽ പറഞ്ഞുകേൾപ്പിക്കുന്ന രീതിയിലാണ് അതെഴുതിട്ടുള്ളത്. "ഏഴാം തിയ്യതി തന്നിലക്കവിസമാജത്തിനു ഞാനെത്രയും കേമവിപ്രപ്പെട്ടതു നാണപിള്ളയെന്ന ഭീമയ്ക്ക് വള്ളം കരേറിയതുമുതൽ, സമാജം കഴിഞ്ഞു പാർവൂർ മടങ്ങിയെത്തിയതുവരെയുള്ള സംഭവങ്ങളെല്ലാം അതിൽ ചുരുക്കി വിവരിച്ചിരിക്കുന്നു, വാസ്തവം പറയുകയാണെങ്കിൽ അതിൽ കവിത വളരെ കുറയും. സംഭവകഥനം മാത്രമാണ് അധികം. മാതൃകയ്ക്കായി രണ്ടുമൂന്നു പദ്യങ്ങൾ താഴെച്ചേർക്കാം:—

"മറിയപ്പള്ളിയിൽ നൃപനും
മരിമന്ത്രിഭി! പേരെഴുന്ന വെമ്പണിയും
വിരവൊടു കുഞ്ഞുക്ഷിതപനൊ—
ടരികഗമിച്ചുർ മനോരമനിലയേ."

''പാരം ദൂരത്തിൽ വാണപ്പുതുമധുരിയെ—
കൈവെരിക്കുന്ന പദ്യം
നേരോടന്യോന്യമാ ഹൃദമെവഴി വഴിപോ—
ലോതിയുംപ്രീതിയോടേ
ചാരുശ്രീ ചേർവഴും കവികളെയൊരു സം—
ഘത്തിലായിപ്രകാരം
നേരേ കാണ്മാനണഞ്ഞുള്ളൊരു നിരുപമമാം
പുണ്യമേ പുണ്യമോർത്താൽ.''

''തോഷത്തോടാ നീലകണ്ഠവിദിതൻ
ശമ്മാവു നിമ്മായമരുയം
'ഭാഷാപോഷിണി' യെന്ന പേരതു, സഭ—
യ്ക്കേകേണമെന്നോതിനാൻ;
ശേഷിച്ചുള്ളവർ സമ്മതിച്ചു സരസം;
പിന്നെ പ്രസംഗങ്ങളും
ഭാഷാചാരുപരിഷ്കൃതിയ്ക്കുതകുമാ—
റുണ്ടായി നിശ്ചിതവം.''

സി. ഭാഷാപോഷിണി.

ഈ "കവിസമാജ"മാണ് ഒടുവിൽ "ഭാഷാപോഷിണി"യായി രൂപാന്തരപ്പെട്ടതെന്ന് മേല്പറഞ്ഞിച്ച മൂന്നാമതുള്ള പദ്യത്തിൽനിന്നു വ്യക്തമാകുന്നുണ്ടല്ലോ. പ്രസ്തുതസഭയുടെ ഭരണീയയോഗം രണ്ടുപ്രാവശ്യം, തൃതീയയോഗം കേവലമൊരു പ്രാവശ്യം സമ്മേളിച്ചു. ആ രണ്ടു യോഗങ്ങളിലും കേ. സി. സംബന്ധിച്ചതായി കാണുന്നില്ല. സഭയിലെ അംഗങ്ങളെ സംബന്ധിച്ചു പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതായ "ഭാഷാപോഷിണി" എന്ന പത്രഗ്രന്ഥത്തിൽ * അദ്ദേഹം ഗദ്യരൂപത്തിലും പദ്യരൂപത്തിലും പലതും എഴുതിക്കാണുന്നുണ്ട്. "ശകുന്തളാ ചരിതം" മുതലായ പല ഗദ്യലേഖനങ്ങളും അയിട്ടുണ്ട്

---

*അന്നു "ഭാഷാപോഷിണി" ആണ്ടിൽ മൂന്നുപ്രാവശ്യം മാത്രമേ പ്രസിദ്ധീകരിച്ചിരുന്നുള്ളൂ.

എഴുതിട്ടുള്ളതായി കാണുന്നു. പിന്നീട് "സുഭാഷിത രത്നാകരം" എന്ന പേരിൽ പ്രസിദ്ധീകരിച്ച പുസ്തകത്തിൽ ചേർത്തിട്ടുള്ള കവിതകളിൽ പലതും, "ഭാഷാപോഷിണി" മാസികയിൽ "സുഭാഷിതരത്നം" എന്ന തലക്കെട്ടുവെച്ച് ഇടവിട്ടായി പ്രസിദ്ധീകരിച്ചുവരികയുണ്ടായി.

ഭാഷയിൽനിന്ന് അക്കാലത്ത് സമ്മാനങ്ങൾ നിശ്ചയിച്ചുകൊണ്ട് ചില പുസ്തകങ്ങളെപ്പറ്റി പത്രങ്ങളിൽ പരസ്യപ്പെടുത്തുകയുണ്ടായി. "ഭാഷാനൈഷധീയ"വും "ലക്ഷ്മീകല്യാണം" നാടകവും "ആസന്നമരണചിന്താശതക"വും ഇപ്രകാരം പരസ്യപ്രകാരം എഴുതപ്പെട്ടവയും, ഭാഷയിൽനിന്നു സമ്മാനാർഹങ്ങളായി അംഗീകരിക്കപ്പെട്ടവയുമാകുന്നു. പരസ്യത്തിലെ നിർദ്ദേശമനുസരിച്ച് എഴുതപ്പെട്ടനു പുസ്തകങ്ങൾ കിട്ടിക്കഴിഞ്ഞാൽ, നാലോ അഞ്ചോ വിദ്വാന്മാരെ പരിശോധനയ്ക്കായി ഏല്പിക്കയാണ് അന്നു ചെയ്തിരുന്നത്. ഭാഷയുടെ സ്ഥിരാധ്യക്ഷൻ അവരിൽ ഒരാളായിരിക്കും. പരിശോധകന്മാരുടെ റിപ്പോർട്ടുകളിൽ പുസ്തകം അദ്ധ്യക്ഷന്റെ അടുക്കലെത്തും. അദ്ദേഹം അതിനെപ്പറ്റി ഒരു അവസാനവിധി കല്പിക്കും. ഇതായിരുന്നു അന്നത്തെ പതിവ്. "ഭാഷാനൈഷധീയം" പരിശോധിക്കാൻ ഏല്പിച്ചിരുന്നവരിൽ ചിലർ അതു് പദ്യാനുചാനാർഹമല്ലെന്നു് അഭിപ്രായപ്പെട്ടതും, അതു വകവെക്കാതെ അധ്യക്ഷൻ അതു സമ്മാനാർഹമാണെന്നു നിശ്ചയിച്ചതും, ഒടുവിൽ അക്കാര്യം മിസ്സ് നോട്ടീസ്സുവരെ എത്തിയതും മറ്റും കഴിഞ്ഞ അദ്ധ്യായത്തിൽ നാം വായിച്ചുവല്ലോ. നാല്പതു രൂപയാണ് ആ കൃതിക്കു് ഭാഷയിൽനിന്നു കിട്ടിയ സമ്മാനം. തിരുവിതാംകൂർ മഹാരാജാവു തിരുമനസ്സുകൊണ്ടു് ആ കൃതികണ്ടു സന്തോഷിച്ചു് കൽക്കത്തായിലെ രത്നഖചിതമായ ഒരു മോതിരം സമ്മാനിക്കയുണ്ടായി.

"ലക്ഷ്മീകല്യാണം" കല്പിതമായ ഇതിവൃത്തത്തെ ആസ്പദമാക്കിയുണ്ടാക്കിയ ഒരു നാടകമാകുന്നു. കൊട്ടാരത്തിൽ ശങ്കുണ്ണിയുടെ ദേവീവിലാസം, ആർ. രാമവർമ്മവാര്യരുടെ കളവാണിനാടകം എന്നിങ്ങനെ രണ്ടു കൃതികളും കൂടി അക്കാലം പരിഷ്കാരസമ്പന്നയായി കിട്ടിയിരുന്നു. "കളവാണിനാടകം" കേവലം ബാലിശമെന്ന നിലയിൽ ആദ്യം തന്നെ ഉപേക്ഷിക്കപ്പെട്ടു. മറ്റു രണ്ടു നാടകങ്ങളുടെ കാര്യത്തിൽ പരിഷ്കാരകന്മാർ തിരഞ്ഞെടുപ്പിനായിക്കൂടിയിരുന്നു. അവരിൽ ചിലർ പക്ഷപാതം പ്രദർശിപ്പിച്ചു എന്നാണു് പറയപ്പെടുന്നതു്. പരിഷ്കാരകന്മാരിൽ ഒരാളായിരുന്ന വയസ്സനായ മൂസ്സ് ദേവീവിലാസത്തിനു് അനുകൂലനിശ്ചയിച്ച മാർക്കിനേക്കാൾ പത്തു മാർക്കു കൂടുതൽ കൊടുത്തുവത്രെ! ഇതിനെപ്പറ്റി വലിയകോയിത്തമ്പുരാൻ തന്റെ റിമാർക്കിൽ ഇങ്ങനെ രേഖപ്പെടുത്തിക്കാണുന്നു: "വയസ്സനായ മൂസ്സ് തന്റെ അഭിപ്രായത്തെ എഴുതിയിരിക്കുന്നതു് വളരെ ശ്ലാഘ്യമായ വിധത്തിലാണു്. എന്നാൽ ദേവീവിലാസത്തെക്കുറിച്ചു് അനുകൂലം എഴുതിട്ടുള്ള അഭിപ്രായത്തിൽ, മാർക്കിനുവെച്ച പുള്ളിസംഖ്യ കൊടുത്തതിലും തുച്ഛപ്പെടുത്തെ പിന്നെയും പത്തുമാർക്കു കൊടുത്തതു് എന്തോ അല്പം പക്ഷപാതനിമിത്തമായിരിക്കുമോ എന്നു് ഒരു സംശയം തോന്നുന്നു." ചാത്തുക്കുട്ടിമന്നാടിയാർ ഉൾപ്പെടെയുള്ള മറ്റു പരിഷ്കാരകന്മാരിൽ പലരും ലക്ഷ്മീകല്യാണത്തിന്റെ ഗുണഗണങ്ങളെ പ്രത്യേകം രേഖപ്പെടുത്തിയിരുന്നു. എന്നു മാത്രമല്ല, "ഒന്നിനു മാത്രമേ സമ്മാനം കൊടുക്കുന്നുള്ളുവെങ്കിൽ 50കയും ലക്ഷ്മീകല്യാണത്തിനുതന്നെ കൊടുക്കേണ്ടതാണു്" എന്നു് കവിതർക്കമഹാരാജാവായ മന്നാടിയാർ പ്രത്യേകം രേഖപ്പെടുത്തുകയും ചെയ്തിരുന്നു * ഇങ്ങനെയൊക്കെയാണെങ്കിലും മാർക്കുകൂട്ടിവന്നപ്പോൾ "ദേവീവിലാസം"

---

* നാടകത്തിനു് 50കയാണു് ആകെ നിശ്ചയിച്ചിരുന്ന സമ്മാനസംഖ്യ.

ത്തിനാണ് ഒന്നാംസ്ഥാനം കിട്ടിയതു്. "ലക്ഷ്മീകല്യാണ"ത്തിനു് പൂണ്ണപ്രശംസാപത്രവും ലഭിച്ചു.

"ആസന്നമരണചിന്താശതകം" തിരുവനന്തപുരത്തു വെച്ചു നടന്ന ഭാഷാപോഷിണിസഭയുടെ നാലാമത്തെ സമ്മേളനത്തിലാണു് പദ്യപാരായണത്തിനു വന്നതു്. ആകെ 22 ശതകങ്ങൾ അന്നു പരിശോധനയ്ക്കായി കിട്ടിയിരുന്നു. അവയിൽ നിന്നു് എണ്ണം സമ്മാനാർഹങ്ങളായി തിരഞ്ഞെടുക്കപ്പെട്ടതിൽ പ്രഥമസ്ഥാനം കൈക്കലാക്കി സമ്മാന സംഖ്യയിൽ ഭൂരിഭാഗത്തിനു് അവകാശിയായിത്തീർന്നു് ചരിത്രനായകൻറെ ശതകമത്രേ. ആ യോഗത്തിൽ വെച്ചു നടത്തപ്പെട്ട കവിതാചൗര്യപരീക്ഷയിൽ പ്രഥമസമ്മാനത്തിനു് അർഹനായിത്തീർന്നതും കേ. സി. യല്ലാതെ മറ്റാരുമല്ല. പ്രസ്തുത പരീക്ഷയ്ക്കുള്ള ചോദ്യങ്ങളിൽ "ദുഷ്ടവ്യയം മൂട്ടയുമൊന്നുപോലെ" എന്ന ഒരു സമസ്യകൂടി ഉൾപ്പെട്ടിരുന്നു. കേ. സി. അതു പൂരിപ്പിച്ചതു് ഇങ്ങനെയാണു്:—

'ഉൾക്കാമ്പിനോടിടിന ബാധ നല്ലം
ചിക്കെന്നു ശയ്യാന്തിതോഷമേകും
തീക്കായ്കിൽ വേഗത്തിൽ വളർന്കൂടും
ദുഷ്ടാവ്യയം മൂട്ടയുമൊന്നുപോലെ.'

ഒരു പരീക്ഷയ്ക്കിരുന്നെഴുതിയ "മൃതകവിത" യാണെന്നു പറയാൻ തോന്നാത്തവിധം ഈ പൂരണം അത്രയ്ക്കു മനോഹരമായിട്ടുണ്ടെന്നു് ആരാണു സമ്മതിക്കാത്തതു്?

ഇങ്ങനെ ബാല്യചാപല്യംകൊണ്ടു് കവിതയെഴുതുവാൻ പുറപ്പെട്ട ചരിത്രനായകൻ, നിരന്തരപരിശ്രമത്താലും പരിസരങ്ങളുടെ ആനുകൂല്യത്താലും കോളത്തിലെ കവിസംഖ്യത്തിൽ അപ്രധാനമല്ലാത്ത ഒരു സ്ഥാനം കൈക്കലാക്കി, സാഹിത്യലോകത്തിലെ പല മഹാരഥന്മാരുടേയും കണ്ണിലുണ്ണിയായിത്തീർന്നു, പുരോഗതിപഥത്തിൽക്കൂടി ചരിതരഥമായി പ്രയാണംചെയ്തുകൊണ്ടിരുന്നു.

—:—.—.—

അദ്ധ്യായം ൪

ദ്വിതീയാക്ഷരപ്രാസവാദം.

"ഉത്തമമായ ക്രമത്തിൽ വിന്യസിക്കപ്പെട്ടിരിക്കുന്ന പദങ്ങളും അർത്ഥവും, ഉത്തമമായ ക്രമത്തിൽ വിന്യസിക്കപ്പെട്ടിരിക്കുന്ന ഉത്തമമായ പദങ്ങളും കവിതയുമാകുന്നു" എന്ന് കാർട്ടെൽ അഭിപ്രായപ്പെട്ടിരിക്കുന്നു. ഉത്തമമായ പദങ്ങളും ഉത്തമമായ രീതിയിൽ വിന്യസിക്കുക എന്നു പറഞ്ഞാൽ ശബ്ദങ്ങളുടെ കാര്യത്തിൽ സന്തുലിതമായിരിക്കുക എന്നാണല്ലോ അർത്ഥം. കവിതയിൽ പ്രയോഗിക്കപ്പെടുന്ന ശബ്ദങ്ങളും ഉത്തമങ്ങളായിരുന്നാൽ മാത്രം പോര, അവ വിന്യസിക്കുന്നതും ഉത്തമമായ രീതിയിലുമായിരിക്കണം. ഇതുതന്നെയാണ് ശബ്ദാലങ്കാരം. ശബ്ദാർത്ഥങ്ങൾ വഴിയായി സഹൃദയഹൃദയങ്ങളെ ആഹ്ലാദിപ്പിക്കുന്ന കവിതാധർമ്മമാണല്ലോ അലങ്കാരം. അതു ശബ്ദനിഷ്ഠമായാൽ ശബ്ദാലങ്കാരമെന്നും, അർത്ഥനിഷ്ഠമായാൽ അർത്ഥാലങ്കാരമെന്നും പറയുന്നു. കവികർമം ശബ്ദാലങ്കാരവിഷയത്തിൽ - അനുപ്രാസമായിരിക്കുന്നു — ആയാലും എത്രനന്നായിരുന്നാലും അതു മനോഹരങ്ങളായ ശബ്ദങ്ങൾ വഴിയായി പ്രകാശിപ്പിക്കാതെ വല്ലവിധത്തിലും പ്രകടിപ്പിച്ചാൽപോര — എന്നാണ് കാർട്ടെൽ പറയുന്നതിന്റെ താത്പര്യം.

"അദോഷൗ സഗുണൗ സാലങ്കാരൗ ശബ്ദാർത്ഥൗ കാവ്യം"* എന്നു വിധിച്ച പ്രാചീനാചാര്യന്മാർ ശബ്ദങ്ങളുടെ തൽസംബന്ധികളായ അലങ്കാരങ്ങളെയും അപ്രധാനമാക്കി

---

* ദുഃശ്രവത്വാദിദോഷങ്ങളെ വർജ്ജിച്ച്, പ്രസാദാദി ഗുണങ്ങളോടും പ്രായേണ സമാനലക്ഷണങ്ങളായ അലങ്കാരങ്ങളോടുംകൂടി പ്രയോഗിക്കപ്പെടുന്ന ശബ്ദാർത്ഥങ്ങളെയാണ് കാവ്യമെന്നു പറയുന്നു.

ടിയിൽ ഉള്ളിക്കളയുകയല്ല ചെയ്തിട്ടുള്ളത്. വാസ്തവം പറയുകയാണെങ്കിൽ സുന്ദരമായ ആശയം സുന്ദരമായ ഭാഷയിൽ പ്രകാശിപ്പിക്കയാണ് കലാധർമ്മം. ബഹിരാഭ്യുള്ളായ ആന്തരമഹാഘടകങ്ങളിൽ ഒരുപോലെ ശ്രദ്ധപതിപ്പിക്കുമ്പോഴാണ് ഉത്തമകാവ്യങ്ങൾ ഉണ്ടാകുന്നത്. ഭാവന, വികാരം, വിചാരം എന്നിവയാണ് കവിതയുടെ ആന്തരമായ ഘടകങ്ങൾ. രസം, രമണീയകം എന്നിത്യാദി പദങ്ങളാൽ നാം നിർദ്ദേശിക്കുന്ന കാവ്യജീവൻ ഈ ആന്തരഘടകങ്ങളെ ആശ്രയിച്ചിരിക്കുന്നു. ഛന്ദസ്സ്, രീതി, അലങ്കാരം, ശയ്യ, പദകോമളതയവ ബാഹ്യഘടകങ്ങളാകുന്നു. ഈ ബാഹ്യഘടകങ്ങളിൽ ഉൾപ്പെട്ട അലങ്കാരത്തിനു ശബ്ദാലങ്കാരമെന്നും അർത്ഥാലങ്കാരമെന്നും രണ്ടു പിരിവുകളുണ്ടെന്നു നാം കണ്ടുകഴിഞ്ഞുവല്ലോ. ഈ രണ്ടുതരം അലങ്കാരങ്ങളും എല്ലാഭാഷകളിലും കാണാം. ദേശഭേദമനുസരിച്ച് അവയുടെ നാമരൂപാദികൾക്കു മാറ്റം വരുന്നുണ്ടെന്നേയുള്ളൂ.

ശബ്ദാലങ്കാരങ്ങളിൽ പ്രധാനമായ ഒന്നാണ് പ്രാസം. വരികളിലെ രണ്ടാമത്തെ അക്ഷരം സമാനരൂപമായിരിക്കുന്ന സമ്പ്രദായത്തിനു ദ്വിതീയാക്ഷരപ്രാസമെന്നു പറയുന്നു. ദ്രാവിഡഭാഷകളിൽ ഈ ശബ്ദാലങ്കാരം പണ്ടുമുതല്ക്കേയുള്ള ഒരു പതിവാണ്. മഹാരാഷ്ട്രദേശത്തിലെ കവികൾ അന്ത്യപ്രാസത്തിനാണ് പ്രാധാന്യം കല്പിക്കാറുള്ളത്. ഇംഗ്ലീഷിലും അങ്ങനെതന്നെ; എന്നാൽ അടുത്തടുത്തുള്ള പദങ്ങളെ ഒരേവ്യഞ്ജനംകൊണ്ട് ആരംഭിക്കുന്ന ആദിപ്രാസത്തിനു് ഇംഗ്ലീഷിൽ ധാരാളം പ്രചാരമുണ്ട്. അതുകൊണ്ട് ഈ രണ്ടുതരം പ്രാസങ്ങൾക്ക് കേരളപാണിനി അനുക്രമം "മഹാരാഷ്ട്രപ്രാസ"മെന്നും "ആംഗലപ്രാസ"മെന്നും പേരുകൊടുത്തിരിക്കുന്നു. കേരളീയർക്ക് അത്യന്തം പ്രിയപ്പെട്ട ദ്വിതീയാക്ഷരപ്രാസത്തിനു് "കേരളപ്രാസ"മെന്നാണ് ഞാനേതാം നാമകരണം ചെയ്തിട്ടുള്ളത്.

ചിതിയാക്ഷരപ്രാസം മലയാളത്തിൽ കടന്നുകൂടിയതു് എവിടെനിന്നാണെന്നോ ഏതു കാലത്താണെന്നോ തിട്ടപ്പെടുത്തുവാൻ നിവൃത്തിയില്ല. മാതൃഭാഷയെന്നോ സഹോദരിഭാഷയെന്നോ ഉള്ള നിലയിൽ — ഇന്നും ഇതു വാങ്മയസ്വരൂപമായിരിക്കുന്നതേയുള്ളൂ. മലയാളഭാഷയുമായി ബന്ധപ്പെട്ട തമിഴിൽനിന്നാണു് ഇതു പകർന്നതെന്നുപറയുന്നതിൽ തൊരഞ്ഞായിരിക്കുമെന്നു തോന്നുന്നില്ല. അക്കാര്യം എങ്ങനെയിരുന്നാലും, അതിപ്രാചീനകാലംമുതല്ക്കുതന്നെ ഈ സമ്പ്രദായം മലയാളഭാഷയിൽ കടന്നുകൂടിയിരുന്നു. ഏഴത്തച്ഛന്റേയും മറ്റും കാലമായപ്പോൾ ഒരു നിയമമെന്നുള്ള നിലയിൽത്തന്നെ അതു് ശ്രുതിമധുരമായി കഴിഞ്ഞിരുന്നു എന്നുപോലും പറയാം. ചി: പ്രാസമില്ലാതെ കവിതയെഴുന്നതു് തൽസംബന്ധമായ അശക്തിയുടെ ഓടയാളമായിട്ടാണു് അന്നത്തെ ആളുകൾ വിചാരിച്ചുവന്നിരുന്നതു്. ഏഴത്തച്ഛന്റേയും നമ്പ്യാരുടേയും മറ്റും കവിതകൾ പരിശോധിച്ചുനോക്കിയാൽ അവർ ഇക്കാര്യത്തിൽ എത്രമാത്രം നിർബ്ബന്ധമുള്ളവരായിരുന്നു എന്നു കാണാം. അതിവിസ്തൃതമായ ആ കവിതാസമുദ്രത്തിന്റെ വല്ല മൂലകളിലും മൂലയിലും തപ്പിനോക്കിയാൽ ഒന്നോ രണ്ടോ ഇരുപതിലധികം ചി: പ്രാസമില്ലാത്തവയായി കാണുന്നുണ്ടെങ്കിൽ അതു് സാമാന്യനിയമത്തിനുള്ള ഒരു അപവാദമായി ഗണിക്കാനുള്ളതേയുള്ളൂ. ചമ്പുകാരന്മാരുടെ സ്ഥിതിയും ഇതിൽനിന്നു ഭിന്നമല്ല.

എന്നാൽ ചിതിയാക്ഷരപ്രാസത്തിന്റെ സ്വരവ്യഞ്ജനങ്ങൾക്കു് ഐകരൂപ്യം വേണമെന്നുള്ള നിർബന്ധം അന്നില്ലായിരുന്നു.

"പൂർണ്ണചന്ദ്രാഭാം പുഷ്പകമന്നേരം
കാണായ്ചമഞ്ഞതു ഭൂരി മനോഹരം"

എന്നിങ്ങനെയുള്ള പ്രയോഗങ്ങൾ അന്നു് അസാധാരണമായിരുന്നില്ല. ഒരു വർഗത്തിൽപ്പെട്ട നിന്നക്ഷരങ്ങളെ ആവ

ത്തിക്കുന്നതും ദ്വിതീയാക്ഷരപ്രാസമായിട്ടാണ് ഗണിച്ചിരുന്നതു്.

"മൂർഖത്വമാണ്ടിങ്ങനെ കേരളത്തി-
ലൊക്കെത്തിരഞ്ഞാലുമൊരുത്തനില്ല"

ഇന്നിങ്ങനെയുള്ള പദ്യങ്ങളിൽ പ്രാസനിർബന്ധപരിധിക്കുള്ളിൽത്തന്നെ സസുഖം വിഹരിച്ചിരുന്നു. പ്രാസത്തിനുവേണ്ടി അംഗീകരിക്കുന്ന അക്ഷരങ്ങളിൽ സവർണ്ണീയത്വംമാത്രം മതി എന്നു വെക്കുന്നതു ശരിയല്ലെന്നും, ഈതു് അലകുതിയുടെ ലക്ഷണമാണെന്നും, സമാനങ്ങളായ അക്ഷരങ്ങൾ വേണം അക്കാര്യത്തിൽ സ്വീകരിക്കുവാനുമുള്ള ഒരു അലിഖിതനിയമം ഇടക്കാലത്തു് ഫിലർ നടപ്പിൽ വന്നിരുന്നു. അങ്ങനെ ശരിച്ചു്, കേരളശരിച്ച "മൂർഖത്വമാണ്ടിങ്ങനെ" എന്നു തുടങ്ങുന്ന പദ്യത്തിനു്, ദ്വിതീയാക്ഷരപ്രാസത്തെ സംബന്ധിച്ചിടത്തോളം ദ്വിതീയസ്ഥാനം മാത്രമേയുള്ളു എന്നായി. എന്നാലും,

"ഞായംവഴിക്കു നടകൊള്ളുമവന്നു തിയ്യ-
ക്കായുള്ളവറുതിയുമഹോ തുണയായി നില്ക്കും;
പോയാൽ പിഴച്ചവഴിയായവനെസ്സഗദ്ഗ-
നായോനമന്നു വെടിയും മടിയേതുമെന്യേ"

എന്ന രീതിയിലുള്ള പദ്യങ്ങൾ ഒന്നാംതരം ദ്വിതീയാക്ഷരപ്രാസമുള്ളവയായിട്ടാണ് അക്കാലത്തു് കണക്കാക്കപ്പെട്ടിരുന്നതു്.

കേരളവർമ്മ വലിയകോയിത്തമ്പുരാന്റെ കാലമായപ്പോൾ ഈ നിയമം അല്പമൊരു വ്യത്യാസം വന്നു. ദ്വിതീയാക്ഷരപ്രാസത്തിനു് സ്വീകരിക്കുന്ന അക്ഷരങ്ങൾ സവർണ്ണീയങ്ങളോ സജാതീയങ്ങളോ മാത്രമായാൽ പോരെന്നും, അവയിൽ സ്വരവ്യഞ്ജനൈക്യംകൂടി ഉണ്ടായിരിക്കണമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ആകാലത്തു് ഈ നിയമം അത്ര നിർബന്ധമായിട്ടു കൂടി അനുസരിച്ചിരുന്നതായി കാണു

ന്നില്ലെങ്കിലും, കലാധർമ്മബോധം വഴിച്ചുവന്നതോടുകൂടി ആ കവിയുടെ ഇക്കാര്യത്തിൽ അത്യന്തം ശ്രദ്ധ പതിപ്പിച്ചുതുടങ്ങി. ബാഹ്യവും ആഭ്യന്തരവുമായ ഘടകങ്ങളും പൂർണ്ണമായി പ്രത്യക്ഷപ്പെട്ടില്ലെങ്കിൽ കാവ്യകലയ്ക്ക് അതുകൊണ്ട് അപചയം സംഭവിക്കുമെന്നു മനസ്സിലാക്കിയ ആ വാഗ്വൈചക്ഷണ്യം ആ കലാനിലാന്തരത്തെ കഴിയുന്നിടത്തോളം അതിരിച്ച് തദനുസരണം പ്രവർത്തിച്ചുപോന്നു. അദ്ദേഹം ഒരു പുതിയ പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവല്ലെങ്കിലും, സാങ്കേതികമായ പ്രാചീനരണിപ്രയോഗപ്രസ്ഥാനത്തിലെ അതി പ്രധാനനായ മുഖ്യകവിയാണ്. ആന്തരവും ബാഹ്യവുമായ സൗന്ദര്യസമ്പത്തിയിൽ ആ കവിചക്രവർത്തി തുല്യശ്രദ്ധ പതിപ്പിച്ചിരുന്നതായി അദ്ദേഹത്തിന്റെ കവിതകൾ സൂക്ഷിച്ചു നോക്കിയാൽ കാണാം. അത്യന്താവശ്യമായ ഒരു ശബ്ദഭംഗി അദ്ദേഹത്തിന്റെ കവിതയിൽ നാം കാണുന്നുണ്ടല്ലൊ. സൂക്ഷ്മദൃക്കുകളായ കവിധർമ്മമർമ്മജ്ഞന്മാർക്ക് ഈ ശബ്ദഭംഗിയുടെ അടിയിൽ ആകർഷകമായ ഒരു സംഗീതപ്രവാഹംകൂടി കണ്ടുപിടിക്കാൻ കഴിയും.

"സംഗീതസാഹിതികളിൽ കളിയാടി ലീലാ—
സംഗീ മുഗവ്യയിലുമൽസുകനായ്ചരിപ്പോൻ;
അംഗീകരോമി പരമദ്യ നവപ്രവാള—
ഭംഗീതരംഗിതരഥാംഗധരാംഘ്രിസേവാം"

എന്നു തുടങ്ങിയ പദ്യങ്ങളും മധുരമധുരമായ ഒരു ആന്തരസംഗീതലഹരിയിൽ മനുഷ്യഹൃദയത്തെ ലയിപ്പിക്കുന്നു. ആ പ്രവാഹത്തിൽ സ്വയം ഉയർന്നുവരുന്ന അലകളാണ് പ്രാസാനുപ്രാസാദികളും. സുവ്യക്തിരമണീയമായ ഈ ശ്രുതിസുഭഗത്വമാണ്, ഭോഷ. ചിലപ്പോൾ സാധാരണ ജനങ്ങൾക്കു ദുർഗ്രഹമായിരുന്നിട്ടും, കോയിത്തമ്പുരാന്റെ കവിതയ്ക്കു സുവ്യാഖ്യാനീയതയും സാവ്യക്തികപ്രചാരവും സമ്പാദിച്ചുകൊടുത്തത്.

കേരളവർമ്മദേവനെ അനുകരിക്കാൻ പുറപ്പെട്ട കവികൾ ആ ലാവണ്യപ്രവാഹത്തിന്റെ സംഗീതം ശ്രവിച്ചു; പക്ഷേ തത്ത്വം ഗ്രഹിച്ചില്ല. ഉപരിഭോഗത്തു തിരത്തല്ലുന്ന ദ്വിതീയാക്ഷരപ്രാസദിശബ്ദാലങ്കാരങ്ങൾ മാത്രം ഭർത്രിച്ചു; അങ്ങനെ അനുസ്യൂതസംഗീതത്തിനു പകരം അവരുടെ ശ്രദ്ധയ്ക്കു വിഷയമായതു് തനുലതം അക്ഷുണ്ണരുടെ കാവ്യങ്ങളിൽ സംഗീതാത്മകമായ സങ്കല്പവും മൈസ്റ്റിക്കമായ ശ്രുപ്രസേയഭാഗ്യവും വിരളമായി. കലാമർമ്മജ്ഞതയിൽ അവിചക്ഷണരായ ഒരുകൂട്ടം കവികൾ സജാതീയദ്വിതീയാക്ഷരപ്രാസമാണു് വലിയകോയിത്തമ്പുരാന്റെ വിജയത്തിനു കാരണമെന്നു തെറ്റിദ്ധരിച്ചു് അതിനെ കണ്ണുമടച്ചു് അനുകരിച്ചുതുടങ്ങി. അങ്ങനെ ആ പ്രാസത്തിനു വളരെ വേഗത്തിൽ പ്രചാരം സിദ്ധിച്ചു. ദ്വിതീയാക്ഷരപ്രാസത്തിന്റെ പരിഷ്കരണചരിത്രത്തിൽ മൂന്നാമത്തെ ഘട്ടമായിരുന്നു ഇതു്.

പദസാധീനം പോരാത്ത ചില്ലിക്കു് ഈ പരിഷ്കരണമേ വലിയ ബുദ്ധിമുട്ടിനു കാരണമായിത്തീർന്നു. ഇതു നിർബ്ബന്ധമൊന്നും ഇല്ലാതിരുന്നകാലത്തുതന്നെ പ്രാസമൊപ്പിക്കുന്നതിനുവേണ്ടി ധാരാളം നിരർത്ഥകപദങ്ങളെ വലിച്ചിഴച്ചുകൊണ്ടുവന്നു് വിടവടച്ചിരുന്ന അവർ ഇപ്പോൾ വലിയ കഴപ്പത്തിലായി. അവർ ഒരു പ്രത്യേക കക്ഷിയായി തിരിഞ്ഞുമാറിനിന്നുടങ്ങി. കാലക്രമത്തിൽ ഈ അഭിപ്രായവ്യത്യാസം വർദ്ധിച്ചുപരികയും, എതിർകക്ഷി ദോഷൈകവിതയ്ക്കു് ദ്വിതീയാക്ഷരപ്രാസംതന്നെ ആവശ്യമില്ലെന്നു വാദിച്ചുതുടങ്ങുകയും ചെയ്തു. ഒടുവിൽ അതു് വലിയ ഒരു വാദപ്രതിവാദമായി. ആ "പ്രാസയുദ്ധ"ത്തിന്റെ ചരിത്രം ഇന്നത്തെ ആളുകൾക്കു് രസാവഹമായിരിക്കുമെന്നു വിശ്വസിക്കുന്നു; എന്നുമാത്രമല്ല, ചരിത്രനായകൻ ആ യുദ്ധത്തിൽ ഒരു കക്ഷിയുടെ നേതൃത്വം വഹിച്ച ആളാകയാൽ അതിന്റെ ഒരു വിവരണം ഈ ജീവ

ചരിത്രത്തിന്റെ പൂണ്ണരൂപത്തെ അനപേക്ഷണീയമായി ഭവിക്കയും ചെയ്തിരിക്കുന്നു.

തിരുവനന്തപുരം കോളേജ് മലയാളസമാജത്തിന്റെ ഒരു വാർഷികയോഗത്തിൽ (1083-ൽ) കേ. സി. കേശവപിള്ള വായിച്ച ഒരു ഉപന്യാസമാണ് ദ്വിതീയാക്ഷരപ്രാസസമരത്തിനു വിത്തുവിതച്ചത് എന്നാണ് ഈ പ്രബന്ധം ധരിച്ചുവെച്ചിട്ടുള്ളത്; അതു ശരിയല്ല. പ്രാസസംബന്ധമായ വഴക്ക് അതിനു പത്തുചതിനെട്ട കൊല്ലങ്ങൾക്കു മുൻപുതന്നെ തുടങ്ങിക്കഴിഞ്ഞിരുന്നു. കേശവപിള്ള അക്കാര്യത്തിൽ പ്രത്യക്ഷമായ നേതൃത്വം വഹിച്ചു എന്നേയുള്ളു. അദ്ദേഹം മേൽപറഞ്ഞ ഉപന്യാസം എഴുതിവായിക്കുന്നതിനു മുൻപുതന്നെ ഇരുകക്ഷികളും തമ്മിൽ രഹസ്യമായും പരസ്യമായും ചില പോർവിളികളും, ചില്ലറക്കലഹങ്ങളും തന്നെയും, നടന്നുകഴിഞ്ഞിരുന്നു.

അന്നു സാഹിത്യസംബന്ധമായ വാദപ്രതിവാദങ്ങൾക്കും ലീലകേളഹങ്ങൾക്കും കേളീരംഗമായി വർത്തിച്ചിരുന്നതു് മലയാളമനോരമയാണെന്നു നമുക്കു മനസ്സിലായല്ലൊ. എതോ ഒരു ലേഖകൻ "ഒരു കുത്യക്കുത്ത്" എന്ന പേരുവെച്ചു് "മലയാളഭാഷ" എന്ന തലക്കെട്ടിൽ 1066-ൽ മനോരമയിൽ ഒരു ലേഖനമെഴുതി. ഭാഷയിൽ ഗദ്യത്തേയും പദ്യത്തേയും സംബന്ധിച്ചു വരുത്തേണ്ട ചില പരിഷ്കരണങ്ങളെ നിർദ്ദേശിച്ച കൂട്ടത്തിൽ, ദ്വിതീയാക്ഷരപ്രാസവിഷയകമായ നിർബന്ധം ഉപേക്ഷിക്കേണ്ടതാണെന്നു കൂടി ലേഖകൻ അഭിപ്രായപ്പെട്ടു. "എല്ലാ പാദത്തിനും രണ്ടാമത്തെ അക്ഷരത്തിനു പ്രാസം വേണമെന്നതു് വേദവാക്യംപോലെ മക്കടമുഷ്ടിയായി പിടിച്ചുംകൊണ്ടു് ആയതിനുവേണ്ടി കണ്ണുത്തുലങ്ങളായ ഓരോ ഉപായങ്ങൾ ചെയ്യുന്നതു് നാം പതിവായി മനോരമയിൽ കണ്ടുവരുന്നല്ലൊ.

ഇക്കാര്യത്തിൽ നിരങ്കുശത്വം ഉപപാദിക്കുന്നതിനു് ഇവർക്കു മൈയ്മില്ലാതെ ആയിപ്പോകുന്നു് ഓഷ്ഠകവിതയുടെ കഷ്ടകാലമെന്നേ പറയേണ്ടൂ" എന്നാണു് കൃത്രകൃത്തഴതിയതിന്റെ ചുരുക്കം. ഈ അഭിപ്രായത്തെ വളരെ അവജ്ഞയോടുകൂടിയാണു് അന്നെല്ലാവരും വീക്ഷിച്ചതു്. ആരും മറുപടിപോലും പറഞ്ഞില്ല. അതു് ലേഖകനെ അല്പം കോപിഷ്ഠനാക്കിത്തീർത്തു. അദ്ദേഹം "പ്രാസം" എന്ന തലക്കെട്ടിൽ വീണ്ടും ഒരു നീണ്ട ലേഖനമെഴുതി. അതിൽ ഈവിധം പ്രസ്താവിച്ചിരിക്കുന്നു:—

"പ്രാസം പലവിധമാകുന്നു. അതിൽ ഇപ്പോൾ ഓഷ്ഠകവികൾ മുഖ്യമായി ഉപയോഗിച്ചുവരുന്ന പ്രാസം നവ്യപാദത്തിലും രണ്ടാമത്തെ അക്ഷരത്തിനാണു്. സംസ്കൃതകവികൾ സാധാരണ അംഗീകരിച്ചിട്ടുള്ളതു് വൃത്യനുപ്രാസമാണു്. ഇതു ശ്രവണസുഖദമാണെങ്കിലും, മുൻപറഞ്ഞതു ശ്രവ്യതാവിഷയത്തിൽ യാതൊരു വിശേഷവും ചെയ്യുന്നതായി തോന്നുന്നില്ല. ദ്വിതീയാക്ഷരത്തിനു് പഞ്ചമത്തിനോ സപ്തമത്തിനോ ഉള്ളതിനേക്കാൾ അധികമായി ഒരു വകുപ്പുമുണ്ടെന്നു തോന്നുന്നില്ല. അതിനാൽ അതിനുമാത്രം പ്രാസം വേണമെന്നു വെച്ചിരിക്കുന്ന നിർബന്ധം കേവലം അസ്ഥാനകമെന്നതന്നെ പറയേണ്ടിയിരിക്കുന്നു. അതിരിക്കട്ടെ; ഗുണമൊന്നുമില്ലെങ്കിലും ദോഷമില്ലാതിരുന്നാൽ മതിയായിരുന്നു. അസംബന്ധമായി ശബ്ദങ്ങളെ നടുവിൽവെച്ചു മുറിക്കുക, അനാവശ്യപദങ്ങളെ ചേർക്കുക മുതലായ ദോഷങ്ങൾക്കു ഹേതുവാകുന്നതു കൂടുതലെ, ഈ നിർബന്ധം വലുതായ മറ്റൊരു ദോഷത്തിനുകൂടി കാരണമായിത്തീരുന്നു. അർത്ഥത്തിനുവേണ്ടി ശബ്ദങ്ങൾ പ്രയോഗിക്കുക എന്ന ക്രമം, വിട്ടു്, ശബ്ദങ്ങൾക്കു് അർത്ഥമിടുക എന്ന സ്ഥിതി വരുന്നു. ഇങ്ങനെ യാതൊരു ഗുണവുമില്ലാത്തതും, ശബ്ദത്തിലും അർത്ഥ

ത്തിലും ദോഷകരവുമായ ഈ കവിതാശൈഥില്യത്തെ പൊട്ടിച്ച് സ്വാതന്ത്ര്യത്തെ പ്രാപിപ്പാൻ ഇയ്യവരെയും നമ്മുടെ കവികൾക്ക് ആഗ്രഹം തോന്നാത്തതു് ആശ്ചര്യം തന്നെ....."

ഇങ്ങനെ് പ്രാസവിഷയകമായ വാദപ്രതിവാദത്തിന്റെ ആരംഭം. കേരളവർമ്മ വലിയകോയിത്തമ്പുരാൻ പ്രമാണമായി സ്വീകരിച്ച കലാസിദ്ധാന്തം ഇന്നതാണെന്ന് ഇക്കൂട്ടർ മനസ്സിലാക്കിയതായി കാണുന്നില്ല. ദ്വിതീയാക്ഷരപ്രാസം കവിതാവിഷയത്തിൽ ഒരു ശൈഥില്യമായി അവതരിപ്പിച്ചു എന്നതാണ് ലേഖകനെന്നു് ലേഖനത്തിൽ നിന്നറിയാൻ തരമില്ലെങ്കിലും പ്രാസപക്ഷപാതികളുടെ മനസ്സു് ഭഞ്ജിച്ചു. "കൃത്യവിഡ്ഢി" എന്ന പേരുമിട്ടു് മറ്റൊരു ലേഖകൻ "കൃത്യകൃത്തി"ന്റെ വാദമുഖങ്ങളെ ഖണ്ഡിച്ചുകൊണ്ടു് മറ്റൊരുമയിൽത്തന്നെ ഒരു ലേഖനമെഴുതി. ആ ലേഖകന്റെ വാദമുഖങ്ങൾ താഴെകാണിക്കുന്നവയായിരുന്നു.

"സംസ്കൃതത്തിൽ വൃത്യനുപ്രാസം ഉപയോഗിക്കുന്നതുകൊണ്ടു് മലയാളത്തിലും അങ്ങനെ വാദിക്കുന്നതു്, പരദേശസ്ത്രീകൾ ചേലയുടുക്കുന്നതിനാൽ മലയാളസ്ത്രീകളും അങ്ങനെ ചെയ്യണമെന്നു പറയുന്നതുപോലെയാണു്. ഓരോ രാജ്യക്കാർക്കു് ആചാരഭേദങ്ങളെസംബന്ധിച്ചു് ഓരോ പ്രത്യേകതകളുള്ളതുപോലെ, ഓരോ മനുഷ്യനും ചില പ്രത്യേകതകൾ കാണും. സംസ്കൃതിനു് ബുദ്ധിസും കല്പനയും കൂപ്പായവും ക്ലോക്കും കഴിയുകയില്ല. അതുകൊണ്ടു് മലയാളികൾ മുണ്ടുടുക്കുന്നതു തെറ്റാണെന്നു പറയാമോ? ദ്വിതീയാക്ഷരപ്രാസത്തിനു ശ്രവണസുഖമില്ലെന്നതോന്നുന്നതു ചെവിയുടെ ദോഷംകൊണ്ടായിരിക്കാനേ തരമുള്ളൂ. നിരർത്ഥകപദങ്ങൾക്കുവേണ്ടി പ്രാസം പ്രയോഗിക്കാൻ കഴിയാത്തവർ പ്രാസത്തെ

കാര്യം പറയുന്നതു്. അല്പജ്ഞം പിടിപെട്ടവർ പാൽപ്പായസത്തെ പഴിക്കുന്നതുപോലെയാകുന്നു. പ്രസംഗം ഒരു കവിതയുടെ ശൈലിയായിരുന്നെങ്കിൽ, ആ ദിക്കിലേയ്ക്കു തിരിഞ്ഞുനോക്കാതിരുന്നാൽ മതിയല്ലൊ."

കൃത്യകൃത്തും അടങ്ങിയിരുന്നില്ല. ലേഖനവും മറുപടിയും മറുപടിക്കു മറുപടിയുമായി ആ വാദം മുറുകി. ഒരു ലേഖകൻ ജയിൽ കടന്നു് കേരളമിത്രം, കേരളപത്രിക, വിദ്യാവിനോദിനി മുതലായ പ്രസിദ്ധിനാണങ്ങൾക്കും, കേരളവർമ്മ, രാജരാജവർമ്മ, കൊച്ചുണ്ണിത്തമ്പുരാൻ, കുഞ്ഞിക്കുട്ടൻതമ്പുരാൻ, പുന്നശ്ശേരി, മന്നാടിയാർ തുടങ്ങിയ പ്രമാണികന്മാർക്കും അക്കാര്യത്തിലുള്ള അഭിപ്രായം പ്രസിദ്ധീകരിക്കണമെന്നപേക്ഷിച്ചു. കേരളവർമ്മ, കടുവത്തച്ചൻ, കുഞ്ഞിക്കുട്ടൻതമ്പുരാൻ എന്നിവർ പ്രസംഗത്തെ അനുകൂലിച്ചും രാജരാജവർമ്മ, പുന്നശ്ശേരി, സി. അന്തപ്പായി എന്നിവർ പ്രസംഗത്തെ പ്രതികൂലിച്ചും അഭിപ്രായങ്ങൾ പറഞ്ഞൊഴിവിച്ചു. ചാത്തുക്കുട്ടിമന്നാടിയാർ മദ്ധ്യസ്ഥനായിട്ടാണ് പ്രത്യക്ഷപ്പെട്ടതു്. ഒരോ കക്ഷിയിൽനിന്നും ഒരോരുത്തരുടെ അഭിപ്രായം ഇവിടെ ഉദ്ധരിക്കാം:—

"മലയാളഭാഷയിൽ സാഹിത്യം ആരംഭിച്ചതുമുതൽ ഇതുവരെയും കവികൾ ആദരിച്ചുവന്നതായ പ്രസംഗത്തെ തൃജ്യമായി ഒരിക്കലും വിചാരിച്ചുകൂടാ. കവിതാവാസനയുടെ തരതമ്യം ഉള്ളതുപോലെ പ്രസംഗം ചെയ്യുന്നതിനുള്ള ശക്തിക്കും തരതമ്യമുണ്ടു്. ഭാഷാകവിതകളിൽ ദ്വിതീയാക്ഷരപ്രാസത്തെ സ്വാധ്യജ്ഞാനസമുദായത്തിനു് ഐകകണ്ഠ്യേന തള്ളിത്തന്നെ നിയമേന പ്രയോഗിക്കുന്നവർ അധികം പേരില്ല. ഏകരൂപമായ ദ്വിതീയാക്ഷരപ്രാസം പാടേ ചെയ്യുന്നതിലും ഉള്ള ദോഷങ്ങൾ ഇതിനിന്തനകൃതികളിൽ ഏതിലാണ് അധികമുള്ളതെന്നു് ഏതദ്വിഷയത്തിൽ രസമുള്ള

വർ പരിശോധിച്ചുനോക്കട്ടെ. എന്റെ ഭാഷാശൈലികളുടെ അനേകം ശ്ലോകങ്ങൾ ഇങ്ങനെ ഉണ്ടെന്നുള്ളതുതന്നെ, ഞാൻ പ്രാസം വേണമെന്നുള്ള പക്ഷക്കാരനാണെന്നുള്ളതിലേയ്ക്കു മതിയായ ലക്ഷ്യമാണല്ലോ. കവിതാവാസനയില്ലാത്തവർ കവിതയ്ക്കു് ആരംഭിക്കുങ്കാലത്തുപോലെ, പ്രാസം പ്രയാസംകൂടാതെ പ്രയോഗിക്കുന്നതിനു സാമർത്ഥ്യമില്ലാത്തവർ അതിനു പുറപ്പെടുങ്കാലത്തതുകൊണ്ടു.”

കേരളവർമ്മ.

“മനോരമയിലെ ലേഖകൻ സ്ഥാപിച്ചിടത്തോളം ഭാഷാങ്കം യഥാർത്ഥത്തിൽ മലയാളകവിതയ്ക്കു പ്രാസത്തിൽനിന്നും ഉദ്ഭവിച്ചിട്ടുണ്ടെന്നു പൂർണ്ണമായി സമ്മതിക്കാൻ പാടില്ലെങ്കിലും, പ്രാസമെന്നതു ഭാഷാകവിതയുടെ പദ്ധതിയിൽ ഒഴിച്ചുപോലെ ഒരു പ്രതിബന്ധമായിത്തീർന്നിട്ടുണ്ടെന്നതു തന്നെയാണു് എന്റെയും അഭിപ്രായം. ചി:പ്രാസം ഭാഷയ്ക്കു് അത്യാവശ്യമാണെന്നഭിപ്രായപ്പെട്ടതാണു്, വെളുത്ത ഞൊടികൾക്കേ സമ്മതിയ്ക്കുള്ളൂ എന്നു പാടിക്കണ്ടിട്ടുപോലെയാണു്.....അതിനാൽപ്രാചീനകവികൾ ഉപയോഗിച്ചിട്ടുള്ള ചി: പ്രാസം മാത്രമേ ഭാഷാകവിതയ്ക്കു ക്ഷണമാകുകയുള്ളൂ എന്നു ഭ്രമിക്കാതേ, ശബ്ദത്തിനും അർത്ഥത്തിനും തന്നുപകരങ്ങളായ വൈചിത്ര്യങ്ങളെ ഉല്ലേഖിച്ചു ഭാഷാകവിതയെ പരിപോഷിപ്പിക്കുന്നതിനു ഭാഷാഭിമാനികളെല്ലാവരും ഉദ്യോഗിക്കേണ്ടതാണു്.”

രാജരാജവർമ്മ.

“കല്യാണത്തിൽ സദ്യശ്രമത്തിനുള്ള തിടുക്കംകൊണ്ടു മംഗല്യധാരണം മറന്നു എന്നു പറയുന്നതുപോലെ, ശ്ലാഘനിർമ്മാണത്തിൽ പ്രാസപ്രയോഗത്തിനുള്ള അത്യാസക്തിയാൽ അർത്ഥത്തെ അവഗണിക്കുന്ന വിദ്വാന്മാർ ഇപ്പോഴും വളരെയുണ്ടു്. ഈ കേവലം തെറ്റെന്നു, അർത്ഥകല്പനയു

മെ ചാത്തുപ്പംകൊണ്ടുതന്നെ മനസ്സിന്നിഷ്ടമുള്ളതു ജനിപ്പിക്കുന്നതുപോലെ, പ്രാസംകൊണ്ടും രചനാസൗഷ്ഠവംകൊണ്ടും കണ്ണുനനവും മനസ്സിക്കുന്നതുകയാൽ പ്രാസം കേവലം ഉപേക്ഷിക്കുത്തക്കതല്ല. അർത്ഥഘടനയ്ക്കുവേണ്ടി പ്രാസത്തെ ഉപേക്ഷിക്കുന്നതു കഠിനമായിട്ടില്ല; എന്നാൽ പ്രാസത്തിനു വേണ്ടി അർത്ഥഘടനയെ ഒരിക്കലും കളഞ്ഞുകൂടാ. അർത്ഥത്തിനു ഹാനിവരുത്തുന്നവിധത്തിൽ പ്രാസത്തെയുംകൂടി ഉപയോഗിക്കുന്നതായാൽ അധികം നന്നായിരിക്കുമെന്നർത്ഥം."

ചാത്തുക്കുട്ടിമന്നാടിയാർ.

വാദപ്രതിവാദം അവിടെയും അവസാനിച്ചില്ല; രണ്ടുപക്ഷത്തിലും ആളുകൾ കൂടിത്തുടങ്ങി. ഒടുവിൽ പത്രാധിപർ, സ്ഥലം മുടക്കി ആ വാദം അവസാനിപ്പിക്കേണ്ടിവന്നു. വാദപ്രതിവാദം ഇങ്ങനെ നിലച്ചുവെങ്കിലും, പ്രാസനിർബന്ധംകൂടാതെ കവിത എഴുതുന്നതുകൊണ്ടു വിരോധമില്ലെന്നു് ഇതിൽനിന്നു പ്രത്യക്ഷപ്പെട്ടു; അതോടുകൂടി മനോരമയിലെ കവിതാപംക്തിയിൽ വിഹരിക്കുന്ന കവികളുടെ സംഖ്യ വർദ്ധിച്ചു. പ്രാസനിർബന്ധമില്ലാത്ത ഒരു കവിത ആദ്യം മനോരമയിൽ ചേർത്ത അവസരത്തിൽ, "പ്രാസത്തിനു് പ്രതിരോധിച്ചുകൊണ്ടിരുന്ന കക്ഷികളുടെ ഉത്സാഹവൃക്ഷത്തിന്റെ ഫലം ഇതാ, കണ്ടുകൊണ്ടിരിക്കുന്നു. പ്രാസമില്ലാത്ത ഒരു പദ്യം ആവശ്യം കിട്ടിയിട്ടുള്ളതു് എല്ലാവരും കാണണമെന്നായി കവിതാപംക്തിയിൽ ചേർത്തിട്ടുണ്ടു്" എന്നു് ഒരു കുറിപ്പുകൂടി പത്രാധിപർ എഴുതുകയുണ്ടായി.

'കൃതപാകൃത്രിമകേസരം സടകളും
സ്കന്ധത്തിൽ ബന്ധിച്ചുടൻ
ജ്യേഷ്ഠം വേഷമൊരുക്കിയൊക്കെ ഹരി—
സ്ഥാനത്തിരുന്നീടുകിൽ

നിത്യം മത്തഗജേന്ദ്രമസ്സുകതടം
പൊട്ടുന്ന പൊട്ടിക്കുമ—
പ്പുരീന്ദ്രൻ ചൊരിയുംപടിക്കു ഗുണകൻ
സജ്ജിക്കുമോ ഗ്രജ്ജിതം?'

എന്ന കേരളപാണിനിയുടെ പരിഭാഷാപദ്യമായിരുന്ന ഈ ശ്ലോകത്തിന്റെ കവിതയെഴുതുമെന്നായതിനു ശേഷമാത്രമാണ് മഹാകവിയുടെ കവിതാപംക്തിയിൽ ഈ ശ്ലോകം പ്രത്യക്ഷപ്പെട്ടത്. ഇങ്ങനെ മുന്നനലുത്തവണ പദ്യങ്ങളെഴുതിക്കണ്ടപ്പോൾ രാജരാജവർമ്മയെ അഭിനന്ദിച്ചുകൊണ്ട് കടത്തനാട്ട് ഉദയവർമ്മത്തമ്പുരാൻ മലയാളമനോരമയിൽ ഇങ്ങനെ എഴുതി:—

'ഏറ്റം സംസ്കൃതശോഷതന്നിലറിവാർ—
ന്നാറ്റത്തൊടിംഗ്ലീഷിനോ—
ടേറ്റിട്ടായതിലും ജയിച്ചു മരുവും
ധീമൻ, സഖേ, സൽകവേ!
ഇത്രോടം മലയാണ്മയിൽ മനമഹോ
വെയ്ക്കുന്നത ദോഷത്തെയ—
ങ്ങിപ്പോഠം തീർത്തുകൊണ്ടു ചിത്തമതിലി—
ങ്ങെത്തുന്നു തോഷം പരം.'

ഇതിനു രാജരാജവർമ്മയുടെ മറുപടി:—

'കേടറ്റുള്ളൊരു കൈരളീകവികുലം
ചൂടുന്ന ചൂഡാമണേ!
നാടെല്ലാം കവിതാരസാംബുധി കവി—
ഞ്ഞോളം തകർക്കുംവിധൗ
ആടോപത്തൊടടുത്തിടും തിരകളെ—
പ്പേടിച്ചൊളിച്ചോടുവാൻ—
പാടില്ലെന്നു നിനച്ചു ഞാനിതിനിടെ—
ച്ചാടിക്കുതിച്ചേൻ പരം.
ആഴം, ദീർഘത, ഉർഛടങ്ങളും പലതും
കൂടുന്ന ശൈവ്വാണമാ—

മഴിക്കുള്ളിലിറങ്ങിയേറിയെരുനം പം
നിന്തിത്തുടിച്ചീടിലും,
ദുരം ഗാധതമൂലമോളമധികം
കേറുന്ന ഭാഷാസരഃ—
പുരത്തിൽ കുഴയുന്ന ഞാനൊരുകരം
പ്രാസം മുടക്കീടവേ''

ഇങ്ങനെ "പ്രാസം ഭാഷാകവിതയുടെ പ്രധാനിയിൽ ഉള്ളംപോലെ ഒരു പ്രതിബന്ധമായി" അനുഭവപ്പെട്ട രാജരാജവർമ്മ പ്രാസനിർബന്ധം കൂടാതെയാണ് ഭാഷാകവിത നിർമ്മിച്ചുതുടങ്ങിയതു്. ഇതു കണ്ടപ്പോൾ നടുവത്തച്ഛൻ നമ്പൂരി,

''വാസന തികവുള്ള ഭവാൻ
പ്രാസമപേക്ഷിച്ചതെന്തൊരവശ്യം ?
ക്ലേശലുകൊണ്ടാണെന്നാ—
ഭാസന്മാരിൽ ഭ്രമംവരുത്താനോ?''

എന്നു് ഒരു ന്യായം ചോദിച്ചു. താൻ പ്രാസം പ്രയോഗിക്കാത്തതു് ക്ലേശലുകൊണ്ടല്ലെന്നും മറിച്ചു വിവരിച്ചു കൊണ്ടു് രാജരാജവർമ്മ അതിന്നു് ഒരു മറുപടിയെഴുതി.

''മദ്ധ്യസ്ഥനാകുന്ന ഭവാനുമെന്തോ—
രത്യുത്തരം വന്നതു പക്ഷപാതം !
പാദം പിഴച്ചിട്ടൊരു രോഗമല്ല
വൈദ്യന്നതന്നേ പിടിപെട്ടുപോയോ?''

എന്നതു് ആ മറുപടിയിൽ പെട്ട ഒരു പദ്യമാകുന്നു. മേലിൽ താൻ കഴിയുന്നതും പ്രാസം പ്രയോഗിക്കാൻ ശ്രമിക്കുമെന്നു് ആ കത്തിൽ അഭ്യർത്ഥം വാശിനോടെ ചെയ്തു:—

''എന്നാലും ഭവദുപദേശമാദരിച്ചേ—
നെന്നാലും സുകരമതായ വസ്തുവിങ്കൽ ;
ആസാരം പുനരിനിമേലിലെൻ കൃതിക്കും
പ്രാസനേമം പ്രസരതു വാസനാനുകൂലം.''

അക്കൊട്ടകൂടിത്തന്നെ താഴെ പറയുംവിധത്തിലുള്ള ഒരു കഴികഴിവും അദ്ദേഹം പറയുന്നുണ്ട്.

"എങ്കിലുമത്ഥത്തിങ്കൽ
മങ്ങലിതിന്മൂലമങ്കുരിക്കുമ്പോഠം
ഭംഗിയിതൊന്നു വെടിഞ്ഞാം—
ലിങ്ങു ഭവാനായതും പൊറുക്കേണം."

തനിക്കു പ്രാസം പ്രയോഗിക്കാൻ സാധിക്കായ്കയില്ലെന്നും അങ്ങനെ ചെയ്യാൻ ശ്രമിക്കുമെന്നും പറയുന്ന ഈ പദ്യങ്ങളിൽപോലും സജാതീയമായ ദീർഘാക്ഷരപ്രാസം പ്രയോഗിച്ചുകാണിക്കാൻ അദ്ദേഹത്തിനു സാധിക്കുന്നതുപോയതു കണ്ടപ്പോൾ, അതു് പ്രാസപ്രയോഗവിഷയകമായ അശക്തിയെത്തന്നെയാണു് വിളിച്ചു പറയുന്നതെന്നു പ്രാസപക്ഷപാതികൾ ഉൽഘോഷിച്ചു. 1067-ലെ കഥയാണു് ഇപ്പറഞ്ഞതു്.

കൊല്ലം മുന്നൂറിലേക്കു കഴിഞ്ഞു. പ്രാസത്തിനെതിരായുള്ള കേരളപാണിനിയുടെ പ്രചരണവേലയും കവിതാപരിശ്രമവും ഇടമുറിഞ്ഞുതന്നെയിരുന്നു. 1070-ൽ പ്രസിദ്ധീകരിച്ച "മേഘസന്ദേശതർജ്ജമ" പ്രാസപക്ഷപാതികളെ വല്ലാതെ മുഷിപ്പിച്ചു. ആകൃതിയിൽ അദ്ദേഹം ദീർഘാക്ഷരപ്രാസം പ്രയോഗിച്ചില്ലെന്നു മാത്രമല്ല, മുഖവുരയിൽ പ്രാസപക്ഷപാതികളെ അല്പം കളിയാക്കുകകൂടി ചെയ്തു.

"ഇക്കാവ്യത്തിൽ ദീർഘാക്ഷരപ്രാസം ചെയ്യാത്തതിനു് എനിക്കു സാമർത്ഥ്യമില്ലാത്തതിന്റേയോ അതിനെ വെറുക്കുന്നതിന്റേയോ മാത്രമല്ല, തർജ്ജമകളിൽ അതു് ഒട്ടും ആവശ്യകമല്ലെന്നുള്ള വിചാരവും കാരണമാകുന്നു. കാവ്യസാമാന്യധർമ്മമായ വൃത്ത്യനുപ്രാസം മിക്കവാറും ചെയ്തിട്ടുള്ളതിനാൽ പ്രാസഭംഗിയേ ഇക്കവിതയ്ക്കില്ലെന്നു് ഒരിക്കലും വരുന്നതല്ല. ദീർഘാക്ഷരപ്രാസം ഉപേക്ഷിച്ചാൽ ഭാഷാശ്ലോകം ശ്ലോകമേ അല്ലെന്നു വിചാരിക്കുന്നപക്ഷം, അവസരങ്ങളായ പല

പ്രാചീനശ്ലോകങ്ങളും കവിതയല്ലാതെ പോയേയ്ക്കും. അങ്ങനെ ദ്വിതീയാക്ഷരപ്രാസത്തിന്റെ ആഗമം ആലോചിച്ചാൽ, ആദ്യത്തിൽ, ഒരു ചമൽക്കാരവുമില്ലാത്ത പക്ഷം, ഈ പ്രാസമെങ്കിലുമിരിക്കണമെന്ന ഒരേർപ്പാടുണ്ടായി എന്നും, പിന്നീട് അനുക്രമമായ കവികൾ പ്രാസം ചെയ്യുന്നതിൽ തങ്ങളുടെ കവിത സ്വതേ ചമൽകാരിയാണെന്നു തങ്ങൾതന്നെ നിശ്ചയിച്ചുവെന്നുവന്നേയ്ക്കുമോ എന്നു ഭയപ്പെട്ടിട്ട് വേറെ ചമൽകാരമുള്ള പക്ഷവും പ്രാസംകൂടി ചെയ്യുമെന്നു വെച്ചു എന്നും, ക്രമേണ ഈ വാസ്തവാഗമം മറന്നു ശതാനേകതികന്യായേന കവികൾ പ്രാസത്തെ മണിപ്രവാളത്തിന്റെ ലക്ഷണകോടിയിൽ പ്രവേശിപ്പിച്ചുകളഞ്ഞുവെന്നും ആയിരിക്കാമെന്ന് ഊഹിക്കേണ്ടിയിരിക്കുന്നു. പരിഷ്കാരോന്മുഖമായ ഇക്കാലത്തു് കവിതാമാർഗ്ഗത്തിലും ഏതാനും ഭേദഗതികളാരംഭിച്ചാൽ പിൻതാങ്ങാൻ ചിലർ പുറപ്പെടാതിരിക്കയില്ലെന്നു വിശ്വസിക്കാമല്ലൊ."

ടി: പ്രാസസഹിതങ്ങളായ ചില പഴഞ്ശ്ലോകങ്ങളും മറ്റും ചിലർ ചൊല്ലിക്കേൾക്കുന്നുവെന്നല്ലാതെ ഒരു കൃതി മുഴുവൻ ആ രൂപത്തിൽ അതുവരെ ആരും നിർമ്മിച്ചിരുന്നില്ല. ആ സംഭവം ഒരു പോരുവിളിയായിട്ടാണ് ഏതിരാളികൾ വിചാരിച്ചതു്. മേഘസന്ദേശതർജ്ജമയെഴുതുന്നു് മോഷ്കരമാസൊംഭവംകൂടി അതേവിധം പുറത്തു വന്നപ്പോൾ അവരുടെ ആ വിചാരം ശുദ്ധമൂലമായിത്തീർന്നു. രാജരാജവർമ്മ പ്രാസത്തിനു വിപരീതമായി പ്രചാരണവേല നടത്തുന്നതു് പ്രാസപ്രയോഗത്തിലുള്ള അശക്തികൊണ്ടാണെന്നു് അവർ പത്രപംക്തികളിൽ ഉൽഘോഷിച്ചുകളഞ്ഞു.

മറ്റെ കക്ഷിക്കാരും അടങ്ങിയിരുന്നില്ല. സ്വാതന്ത്ര്യ ദ്വിതീയാക്ഷരപ്രാസം മോഷ്കവിതയ്ക്കു് അപരിഹാര്യമാണെന്നു വാദിക്കുന്ന വലിയകോയിത്തമ്പുരാനെപ്പോലും, അദ്ദേ

ഭത്തിന്റെ മണിപ്രവാളജാകന്തളത്തിലോ അമരുകജാതക
ത്തിലോ ആ പ്രാസം സാധ്വീകമായി പ്രയോഗിക്കാൻ സാ
ധിച്ചിട്ടില്ലെന്നുള്ളതുതന്നെ അതിന്റെ അപ്രായോഗികത
യെയാണ് ഹൃദ്ദിക്കണിക്കുന്നതെന്ന് ആ കൂട്ടർ ഉൽ
ഘോഷിച്ചു. അതിനു് ഒരു മാപടിയായിട്ടുകൂടിയാണ്
കേരളവർമ്മ മയൂരസന്ദേശം എഴുതിയതു്. സരസപ്രാസസ
മ്പുഷ്പമായ ആ കൃതി പുറത്തുവന്നപ്പോൾ എതിരാളികൾ
അല്പമൊന്നു വല്ലാതെയായെങ്കിലും, തരമ്പോലെ ഒരു
പുതിയ വാദമുഖവുംകൊണ്ടു് അവർ വീണ്ടും അരങ്ങത്തി
റങ്ങി. മയൂരസന്ദേശം ഒരു സ്വതന്ത്രകൃതിയായതുകൊ
ണ്ടാണ് അതിൽ ആദ്യവസാനം പ്രാസം പ്രയോഗിക്കാൻ
സാധിച്ചതെന്നും ഒരു തർജ്ജമയിൽ അതു് ഒരിക്കലും സാധ്യ
മല്ലെന്നും ആയിരുന്നു ആ വാദം. വലിയകോയിത്തമ്പുരാനും
വാദി മുഖ്യ. പ്രാസനിർബന്ധം ഉപേക്ഷിക്കാതെതന്നെ
അദ്ദേഹം "അന്യാപദേശശതകം" തർജ്ജമചെയ്തു. 1077-ൽ
അതു പ്രസിദ്ധപ്പെടുത്തിയപ്പോൾ അതിന്റെ പ്രസ്താവന
യിൽ പരിഷ്കർത്താവു് ഇപ്രകാരം എഴുതിക്കാണുന്നു:—

"എന്റെ ആദ്യശ്രമകൃതിയായ കേരളീയഭാഷാശാകു
ന്തളത്തിലും അനന്തരശ്രമകൃതിയായ അമരുകമണിപ്രവാള
ത്തിലും ദീർഘിയാക്ഷരപ്രാസത്തിൽ വ്യഞ്ജനങ്ങൾക്കും സ്വര
ങ്ങൾക്കും ഐകരൂപ്യം ഉണ്ടായിരിക്കണമെന്നുള്ള നിർബ
ന്ധത്തെ അനേകം പദ്യങ്ങളിൽ രചിയിക്കിക്കൊണ്ടുപോയിട്ട
ണ്ടെന്നിരുന്നാലും, സാധ്വീകമായി ഞാൻ ആ നിർബന്ധ
ത്തെ അതിൽ രണ്ടിലും അനുവർത്തിച്ചിട്ടുണ്ടായിരുന്നില്ല.
അതു് ഉദാസീനതകൊണ്ടുമാത്രമല്ലാതേ, അശക്തികൊണ്ടു
മായിരുന്നു എന്നു പറയുന്നതിൽ ആത്മപ്രശംസ സ്ഫുരിക്കുന്നു
ണ്ടെങ്കിൽ മഹാന്മാർ അതു ക്ഷമിച്ചുകൊള്ളുമാറാകണം. ദീ
ർഘിയാക്ഷരപ്രാസംതന്നെ അത്ര ആദരണീയമല്ലെന്നുള്ള അഭി

പ്രായത്തോടടുത്തു. എന്റെ പ്രിയശിഷ്യനായ മഹിനേയൻ മാജരാജവർമ്മ എം. എ., എം. ആർ. എ. എസ്. കോയിത്തമ്പുരാൻ മഹാമേഘസന്ദേശവും ഭാഷാകുമാരസംഭവവും ചമച്ചു സഹൃദയഹൃദയാഹ്ലാദം ജനിപ്പിച്ചപ്പോൾ, ചിരകീയാക്ഷരപ്രായത്തെക്കുറിച്ചുള്ള എന്റെ അസാമാന്യമായ നിർബന്ധത്തെ ഉപേക്ഷിക്കാതെതന്നെ ഒരു സരസകാവ്യം നിർമ്മിക്കാവുന്നതല്ലയോ എന്നു് ഒന്നു പരീക്ഷിക്കണമെന്നായിട്ടാണു് ഞാൻ മയൂരസന്ദേശം എന്ന സ്വതന്ത്രകൃതിയെ അക്കാലത്തു രചിക്കുകയുണ്ടായതു്. എന്നാൽ ഒരു സ്വതന്ത്രകാവ്യത്തിനെന്നപോലെ തന്നെ ഈ ഭാഷാന്തരകൃതിയിൽ മേൽപറഞ്ഞ ചിരകീയാക്ഷരപ്രയോഗവിഷയമായ നിർബന്ധം സാർവ്വത്രികമായി ഘടിപ്പിക്കാവുന്നതാണോ എന്നു പരീക്ഷിക്കാൻ ഈ അന്യപ്രയോഗമണിപ്രവാളത്തിൽ ഞാൻ ചെയ്തിട്ടുള്ള ശ്രമം അനായാസേന സഫലമായിത്തീർന്നിരിക്കുന്നു എന്നുള്ള ബോധം സാമാന്യേന സഹൃദയന്മാർക്കെല്ലാവർക്കും ഉണ്ടാകാതിരിക്കയില്ലെന്നാണു് എന്റെ വിശ്വാസം.

ദേവിഭാഗവതം കേരളീയസംസ്കൃതമായ പ്രൗഢിയോടുകൂടിയ അവ്യഭിചാരേണ ആദരിച്ചുപോന്നതായ ചിരകീയാക്ഷരപ്രയോഗത്തെ തീരെ ഉപേക്ഷിക്കുന്നതിനേക്കാൾ. അതിൽ യഥാശക്തി സഹൃദയജനങ്ങൾക്കു സാരുചര്യത്തെ ഉണ്ടാക്കാൻ ശ്രമിക്കയാണു് ആധുനികകവികളിൽ ശക്തിമാന്മാർ ചെയ്യേണ്ടതെന്നുള്ള എന്റെ അഭിപ്രായത്തെ ഇതോടനുബന്ധമായ സൽകവികളിൽ ചിലർ ആദരിക്കാതിരിക്കുന്നില്ലെന്നുള്ളതു് എനിക്കു് അനല്പമായ ചാരിതാർത്ഥ്യത്തിനു കാരണമാണു്. ഭാഷാകവിതയിൽ പ്രാസനിർബന്ധം കുറഞ്ഞിരുന്നാൽ പദ്യങ്ങൾക്കു് അധികം ലാളിത്യമുണ്ടായിരിക്കുമെന്നുള്ളതു് വാസ്തവമാണെങ്കിൽ, ഭാഷാഗദ്യങ്ങൾക്കു തദധികമായ ലാളിത്യമുണ്ടായിരിക്കുമെന്നുള്ളതു് അതിലുമധികം വാസ്തവ

മാകകൊണ്ട്, ഭാഷാപണ്ഡിതന്മാർ പദ്യനിർണ്ണയത്തിൽ പ്രവർത്തിക്കുന്നതിനിടയാണ് വേണ്ടത്. അല്ലാതെ പദ്യം നിലനിൽക്കുന്ന സ്ഥിതിക്ക്, ഭാഷാകവിതയിൽ യഥേഷ്ടം പ്രാസത്തെ നിർവ്വഹിച്ചുകൊണ്ടുപോകേണമെന്നായാണ് വേണ്ടത് എന്നാണ് എന്റെ പക്ഷം."

ഇതിൽ മഹാകവിയുടെ നേരെ ചില ഒളിയമ്പുകൾകൂടി അന്തർവ്വഹിച്ചിട്ടുണ്ടെന്നുള്ളത് സ്പഷ്ടമാണല്ലോ. അദ്ദേഹത്തിന് അതു തീരെ രസിച്ചില്ല. അമ്മാവനോടു നേരിട്ടെതിരിടുന്നതിന് ആ മാന്യനായ കവിക്കു മനസ്സുവന്നില്ലായിരുന്നു. അതുകൊണ്ട് ഒരു ഗ്രന്ഥത്തിൽക്കൂടെ മറുപടി പറഞ്ഞുകളയാമെന്ന് അദ്ദേഹം നിശ്ചയിച്ചു. അങ്ങനെയിരിക്കയിലാണ് പുറപ്പെട്ട ഭാഷാഭൂഷണത്തിൽ ശബ്ദാലങ്കാരങ്ങളെ വിവരിക്കുന്ന ഘട്ടത്തിൽ ഗ്രന്ഥകർത്താവ് ചിലയിടങ്ങളിൽ പ്രാസത്തെ കഠിനമായി വിമർശിച്ചു:—

"ചിലയിടങ്ങളിൽ പ്രാസത്തെ ഭാഷാകവികൾ തങ്ങളുടെ കവിതാവനിതയ്ക്ക് ഒരു തിരുമംഗല്യമെന്നു വിചാരിച്ചു പോരുന്നു. വേറെ അലങ്കാരങ്ങളും എത്രതന്നെ ഇരുന്നാലും ചിലയിടങ്ങളിൽ പ്രാസമില്ലെങ്കിൽ ശ്ലോകം ശ്ലോകമേ അല്ല എന്നുകൂടി ഗണിക്കുവാൻ അവർ മടിക്കുന്നില്ല. ഈ നാലക്ഷരങ്ങളെ രക്ഷിക്കുവാൻവേണ്ടി കവികളുടെമേൽ കയ്യേറ്റം ചെയ്യുന്നതോ ഷ്ടികരം കൊണ്ടുപോലും കോപത്തിലും ഇടപോലും തപോമാണെന്നുകൂടി പറയുന്നു. ചിലർ യതികളെയെല്ലാം നിഗ്രഹം ചെയ്തുകളയുന്നു; മറ്റു ചിലർ സാധുക്കളായ ശബ്ദങ്ങളെ കഴുത്തറക്കുന്നു; എന്നുവേണ്ട കോലാഹലം പലതും കണ്ടേക്കാം. ഈ പ്രാസത്തെ ഉപേക്ഷിച്ചുകൊണ്ടുതന്നെ നിരർത്ഥകശബ്ദപ്രയോഗം ഭാഷാകവിതയിൽനിന്നൊഴിഞ്ഞു നിൽക്കുന്നതല്ല.....എല്ലാ ഭാഷാകവികളും ബാല്യത്തിൽ പ്രാസപക്ഷപാതം ഉണ്ടായിരുന്നതായി ലക്ഷ്യങ്ങളുണ്ട്. ഭാഷയിലെ

പ്രൗഢത വരുത്തോറും പദ്യകാരന്മാർക്ക് പ്രാസത്തിൽ പ്രീതി കുറയുമെന്നു ചരിത്രകാരന്മാരും സ്ഥാപിക്കുന്നു. നമ്മുടെ ദോഷമല്ലേ അതു പ്രൗഢതവന്നു ഇതേവരെ സിദ്ധിച്ചില്ലല്ലോ എന്നുള്ള പരിതാപത്തിലാണോ ഇവിടെ ഇത്രയും പ്രസ്താവിക്കുന്നതിയെയായ്?.....

കിളിപ്പാട്ടു മുതലായ ദ്രാവിഡവൃത്തങ്ങളിൽ ഛന്ദോബന്ധത്തിനു ദാർഢ്യം കുറയുന്നതിനാലും, ആ മാതിരി കവിതകൾ ജനിച്ച കാലത്തിൽ അച്ചടിയന്ത്രം മുതലായ സൗകര്യങ്ങൾ ഇല്ലാതിരുന്നതിനാലും, പദങ്ങളെ തിരിച്ചറിയുന്നതിനുംമറ്റും ഇതു് ഒരുവിധം ഉപകാരമായിരുന്നു. ആ പൂർവ്വാചാരത്തെ പ്രമാണമാക്കി ഇക്കാലത്തു് സംസ്കൃതവൃത്തങ്ങളിൽ പദ്യങ്ങൾ രചിക്കുന്ന കവികൾ പ്രാസത്തിനുവേണ്ടി പ്രയാസപ്പെടുന്നതു വൃഥാശ്രമമാകുന്നു. പ്രാചീനകവികൾ പോതിയക്ഷരപ്രാസത്തെ അലംഘനീയമായി വിചാരിച്ചിരുന്നു. എന്നും പറയാൻ പാടില്ല. "ഇരുപത്തിനാലുവൃത്ത"ത്തിൽ പല പദ്യങ്ങളിൽ ഈ പ്രാസം കാണുന്നില്ല. ശ്രീകൃഷ്ണചരിതം മണിപ്രവാളത്തിൽ അനുഷ്ടുപ്പുവൃത്തമായ ഏട്ടുസംസ്കൃതത്തിൽ പല ശ്ലോകങ്ങളിലും ഈ പ്രാസമില്ല. "ദിവ്യം കിഞ്ചനവെള്ളമുണ്ടു ജടയിൽ" ഇത്യാദി ചില അത്ഭുതപദ്യങ്ങളായ ഒറ്റശ്ലോകങ്ങളിലും പ്രാസാഭാവം മഹാദോഷമായി ഗണിക്കപ്പെട്ടുകാണുന്നില്ല. വ്യുൽപന്നരായ മഹാകവികൾ സ്വന്തങ്ങളായ പോതിയക്ഷരപ്രാസങ്ങളോടുകൂടി ചമയ്ക്കുന്ന മണിപ്രവാളശ്ലോകങ്ങൾക്കുള്ള രമണീയകവിതാശേഷം ആക്ഷേപമനീയമാകുന്നതുമല്ല. എന്നാൽ ആ മാതിരി കവിതകളിൽ പ്രഥമാക്ഷരപ്രാസമോ തൃതീയാക്ഷരപ്രാസമോ ശൂന്യാക്ഷരപ്രാസമോ ആയാലും ശ്ലോകത്തിനു കുറവുവരുന്നുണ്ടോ എന്നാണു് പിന്നത്തെ ശങ്ക. എല്ലാംകൂടി ആലോചിച്ചുനോക്കുമ്പോൾ, സ്വതേ ഭാഷകളിൽ അക്ഷരതിയെ

അലങ്കാരം അലങ്കരിക്കും; അതില്ലാത്തിടത്തു് അലങ്കാരം ഒരു വ്യർത്ഥഭാരമായ്കയേയുള്ളു എന്നു മാത്രമേ പറയാൻ തോന്നുന്നുള്ളു."

"വിവക്ഷിതത്തിലധികം അല്പം കീഴ്ഞ്ഞാണെന്നു് ഇപ്പോഴോ" എന്നു ഗ്രന്ഥകർത്തൃതന്നെ സംശയിക്കുന്ന ഈ പ്രസ്താവത്തിന്റെ അംശമായി പുറത്തുവന്നപ്പോൾ, കേരളവർമ്മ വലിയകോയിത്തമ്പുരാൻ, തന്റെ ഭാഗിനേയൻ പ്രസവിഷയത്തിൽ തനിക്കു് എതിരായിക്കളയുകയില്ലെന്നുണ്ടു് ആദ്യം തോന്നിയതു്. ഈ തോന്നൽ അദ്ദേഹത്തെ അല്പം ക്ഷോഭിപ്പിച്ചു. അതേ അവസരത്തിൽ, ആ പ്രിയ ഭാഗിനേയൻ ഭാഷയെ പോഷിപ്പിക്കാൻ ചെയ്യുന്ന ഗംഭീരപ്രയത്നം അദ്ദേഹത്തെ വളരെ സന്തോഷിപ്പിക്കയും ചെയ്തു. ഒടുവിൽ ഈ സന്തോഷമാണു് മുന്നിട്ടുനിന്നതു്. ചിതിയക്ഷരപ്രാസത്തിനുവേണ്ടി ചിലർ കൂട്ടിക്കുട്ടുന്ന ഗോഷ്ടികൾ അദ്ദേഹം കാണാതിരുന്നില്ല. ഭാഷാഭ്രഷണത്തിലെ പ്രസ്താവം അങ്ങനെയുള്ളവരെ സംബന്ധിച്ചു് വളരെ അർത്ഥവത്താണല്ലോ എന്നു് അദ്ദേഹത്തിനു തോന്നാതിരുന്നതുമില്ല. ഇടയ്ക്കിടയ്ക്കു് അമ്മയിൽ കണ്ടുകൊള്ളുന്ന അവസരങ്ങളിലൊക്കെ മനുമകൻ അമ്മാവനോടു് ഈ കാര്യത്തെ സംബന്ധിച്ചു സംസാരിക്കാറുണ്ടായിരുന്നു. ഇതിന്റെയൊക്കെ ഫലമായി ഭാഗിനേയ വത്സലനായ ആ ഭാഷാഭിമാനി പ്രസവിഷയത്തിൽ പിന്നെക്കുമനസ്സുപ്പെട്ടുതുടങ്ങി. പ്രാസത്തെ വെടിയുന്നതു് ഒരു പരിഷ്കാരമാണെങ്കിൽ, ഭാഷയുടെ ആ പരിഷ്കാരത്തിൽ താൻ വിലങ്ങടിച്ചു നില്ക്കുന്നതു് ശരിയല്ലെന്നു് അദ്ദേഹത്തിനു തോന്നിയിരിക്കാം. എങ്ങനെയായാലും, ആ സാഹിത്യസമ്രാട്ടു് ഭാഗിനേയൻ "പ്രാസംകൂടാതെയും കവിതയെഴുതുന്നതുകൊണ്ടു വിരോധമില്ല" എന്ന അഭിപ്രായത്തിലെത്തിച്ചേർന്നു. പക്ഷേ,

സ്വതാം കാര്യത്തെ സംബന്ധിച്ചിടത്തോളം സജാതീയ ദ്വിതീയാക്ഷരപ്രാസം നിർബന്ധപൂർവ്വം പ്രയോഗിക്കുന്നു ചെയ്യും. "പ്രാസപ്രയോഗത്തിനു ശക്തിയില്ലാത്തവർ വേണമെങ്കിൽ അതുപേക്ഷിക്കട്ടെ; തനിക്കിക്കാര്യത്തിൽ വിരോധമില്ല" എന്ന നിലയാണു് അദ്ദേഹം ഉള്ളുകൊണ്ടു് അംഗീകരിച്ചതു്.

രാജരാജവർമ്മ ഇത്രയും കൊണ്ടു തൃപ്തിപ്പെട്ടതേ തയ്യാറാണ്ടായിരുന്നില്ല. കേരളവർമ്മയെക്കൊണ്ടുതന്നെ പ്രാസരഹിതമായ ഒരു കാവ്യം എഴുതിച്ചു് അക്കാര്യത്തിൽ "രാജകീയാനുമതി" സമ്പാദിക്കാനായി അദ്ദേഹത്തിന്റെ പിന്നത്തെ ശ്രമം. അതിനുവേണ്ടി അദ്ദേഹം തുടരെത്തുടരെ ആവശ്യപ്പെടുകയും അപേക്ഷിക്കുകയും ചെയ്തതനുസരിച്ചാണു് വലിയകോയിത്തമ്പുരാൻ "ദൈവയോഗം" എഴുതിത്തുടങ്ങിയതു്.

> "പ്രാസപ്രയോഗനിയമത്തെയൊഴിച്ചു നവ്യം
> കാവ്യം ചമയ്ക്കുവതിനെൻ പ്രിയഭാഗിനേയൻ
> ശിഷ്യാഗ്രഗണ്യനരചെയ്തതുപോലെ ഞാനി-
> ന്നിദ്ദൈവയോഗകഥയെന്നു കഥിച്ചിടുന്നേൻ"

എന്നു ഗ്രന്ഥകർത്താവു ഗ്രന്ഥാരംഭത്തിൽ ഇക്കാര്യം തുറന്നു പറഞ്ഞിട്ടുമുണ്ടു്.

ദ്വി: പ്രാസത്തെ സംബന്ധിച്ചു വഴക്കുകൾ ഇവിടെ അവസാനിക്കേണ്ടതായിരുന്നു. പ്രാസത്തിനു് എന്തിനായി വാദിച്ചിരുന്നവരുടെ വാദമുഖങ്ങളെല്ലാം അംഗീകരിക്കപ്പെട്ടുകഴിഞ്ഞു; പ്രാസപക്ഷപാതികളുടെ നേതാവായ സാഹിത്യസാമ്രാട്ടുതന്നെ അതനുസരിച്ചു് ഒരു കാവ്യമെഴുതിത്തുടങ്ങിയപ്പോൾ അതിനു രാജകീയാനുമതിയും സിദ്ധിച്ചുകഴിഞ്ഞു. അതോടുകൂടി ആ വാദം സ്വയം നിലയ്ക്കേണ്ടതായിരുന്നു. പക്ഷേ സംഭവിച്ചതങ്ങനെയല്ല; സാക്ഷാൽ സമരത്തിനു് ആ സംഭവം വിത്തു വിതയ്ക്കുകയാണുണ്ടായതു്.

അമ്മാവൻ പ്രാസനിർബന്ധമില്ലാതെ ഒരു കാവ്യം എഴുതിത്തുടങ്ങിയപ്പോൾ, ആ വിഷയത്തിൽ പുതിയ പ്രചാ

ണവേഷ നടത്തൻ അതു പഠിയ ദൈവസംഭവമെന്നു മനുഷ്യൻ കണ്ടു. അമ്മാവന്റെ ഭാഗം പിടിച്ചു പ്രാസത്തിനനുകൂലമായി ശക്തിപൂർവ്വം വാദിക്കയും, പ്രാസഹിതമായ തന്റെ മേഘസന്ദേശത്തർജ്ജമയെയും മറ്റും പരസ്യമായി ആക്ഷേപിക്കയും ചെയ്ത ചിലരെ ഒന്നു കളിയാക്കണം ആ അവസരം വിനിയോഗിക്കണമെന്ന് അദ്ദേഹം നിശ്ചയിച്ചു. അങ്ങനെയിരിക്കയാണ് കോളേജ് മലയാളസമാജത്തിന്റെ 1083-ലെ വാർഷികയോഗമടുത്തതു്. യോഗത്തിൽ അധ്യക്ഷനായി വലിയകോയിത്തമ്പുരാനെ ക്ഷണിക്കണമെന്നും, അന്നു പ്രാസഹിർഘണ്ഡം ഒഴിവാക്കണ്ടതിന്റെ ആവശ്യകതയെപ്പറ്റി ഒരു ഉപന്യാസം എഴുതിവായിപ്പിക്കണമെന്നും, അങ്ങനെയായാൽ "ദൈവയോഗം" എഴുതിത്തുടങ്ങിട്ടുള്ള അദ്ധ്യക്ഷൻ മൗനമവലംബിക്കുമെന്നും, ആ മൗനം തന്റെ വാദത്തിനു പരസ്യമായ അനുവാദമായിത്തീരുമെന്നും മറ്റും രാജരാജവർമ്മ തീരുമാനിച്ചു. അധ്യക്ഷനെക്ഷണിക്കുന്ന കാര്യം അദ്ദേഹത്തെന്നെ ഏറ്റു. പ്രാസംഗികനായിനമ്മുടെ ചരിത്രാധ്യാപകനെ ക്ഷണിക്കുന്ന ജോലി സമാജകാര്യദർശിയായ മി: പി. അനന്തൻപിള്ളയെ ഏല്പിച്ചു. വാസ്തവത്തിൽ അക്കാര്യത്തെപ്പറ്റി രാജരാജവർമ്മയും കേ. സി. യും തമ്മിൽ അതിനു മുൻപുതന്നെ സംസ്മരിക്കയും പ്രസംഗവിഷയം പോലും തീരുമാനിക്കയും ചെയ്തുകഴിഞ്ഞിരുന്നു. കേ. സി. യെ ക്ഷണിക്കാൻ പോയതിനെപ്പറ്റി മി. പി. അനന്തൻപിള്ള ഇങ്ങനെ എഴുതിക്കാണുന്നു:—"എന്റെ അപേക്ഷാപ്രകാരം അദ്ദേഹം സസന്തോഷം പ്രസംഗം കൈയേറ്റു. കേരളപാണിനിയായി നേരത്തെ ആലോചിച്ചാണ് അപ്രകാരം ചെയ്തതെന്നും, സമാജവാർഷികയോഗത്തിന്റെ പിൻഭാഗത്തായി ഒരു ചെറിയ സാഹിത്യോപജാപം നിർബ്ബാധമായി പ്രവൃത്തിച്ചുവന്നിരുന്നുവെന്നും എനിക്കു തൽക്കാലം ഗ്രഹിക്കാൻ

കഴിഞ്ഞില്ല." ഉപന്യാസവിഷയം ഇന്നതാണെന്ന മനസ്സിലായാൽ വലിയ കോയിത്തമ്പുരാൻ വിസമ്മതം പറയുമോ എന്ന സംശയിച്ചു്, "മോഷ്ടാവിന്റെ"യെപ്പറ്റി കേ. സി. കേശവപിള്ള ഒരു പ്രബന്ധം വായിക്കുന്നതാണെന്നുമാത്രമേ അധ്യക്ഷനെ അറിയിച്ചുണ്ടായിരുന്നുള്ളൂ. കോളേജിലെ വാർഷികയോഗം; ക്ഷണിക്കുന്നതു പ്രിയമോഹിനേയൻ; പ്രസംഗിക്കുന്നതു് അന്നത്തെ വാത്സല്യഭാജനമായ കേ. സി. കേശവപിള്ള; വിഷയമോ "മോഷ്ടാവിന്റെ"—വലിയകോയിത്തമ്പുരാനു് പിന്നിടു യാതൊരു തടസ്സവും പറയാനുണ്ടായിരുന്നില്ല.

യോഗനടപടികൾ ആരംഭിച്ചു. കേ. സി. പ്രബന്ധം വായിച്ചുതുടങ്ങി. "മോഷ്ടാവിന്റെ എന്ന തലവാചകം കേൾക്കുമ്പോൾ അതിവിശാലമായ ഈ വിഷയത്തെക്കുറിച്ചു് പരിമിതമായ സമയത്തിനുള്ളിൽ എന്തൊക്കു് ഉപന്യസിക്കാൻ പോകുന്നു് എന്നൊരു ജിജ്ഞാസ മനുഷ്യസഹജമായ സഭ്യന്മാർക്കുണ്ടാവുന്നതാണു്. എനിക്കു് ഈ വിഷയത്തിൽ പറയേണ്ടവയായ അംശങ്ങളേയെല്ലാം വിവരിക്കുന്ന ഒരു പന്യാസം ചെയ്യുന്നതിനു ഞാൻ ഇപ്പോൾ ഒരുങ്ങിട്ടില്ലെന്നും മോഷ്ടാവിനെയെ സംബന്ധിച്ചു വക്തവ്യമെന്നു് എനിക്കു തോന്നിട്ടുള്ള ഒരു വിഷയത്തെ സംക്ഷിപ്തമായി പ്രസ്താവിക്കണമെന്നുമാത്രമേ ഇവിടെ ഉദ്ദേശിക്കുന്നുള്ളുവെന്നും മുൻകൂട്ടി അറിയിച്ചു കൊള്ളട്ടെ" എന്നുള്ള മുഖവുരയോടുകൂടി ആരംഭിച്ച സുദീർഘമായ ആ ഉപന്യാസത്തിൽ, ബഹുമാന്യനായ ക്ഷണപ്രഭാസത്തിൻ പ്രതികൂലമായ യുക്തികളെ ക്രോഡീകരിക്കയാണു് ചെയ്തിരുന്നതു്. ഉപന്യാസം വായിച്ചുതുടങ്ങിയപ്പോൾതന്നെ, മോഹിനേയൻ തന്നെ വക്തിക്കയാണു് ചെയ്യുന്നതെന്നു് അധ്യക്ഷനു മനസ്സിലായി; എങ്കിലും അദ്ദേഹം കേ. സി. യുടെ പ്രസംഗം ശ്രദ്ധാപൂർവ്വം ശ്രവിച്ചുകൊണ്ടിരുന്നു.

"ഇയാളെയുള്ള ശ്ലോകങ്ങളെ വായിക്കുന്ന കാള ടെ ദൃഷ്ടിയിൽ പ്രത്യേക ഒന്നുമെതായി പതിയുന്നതു് ചിലർ യാക്ഷരപ്രാസവും, അതിന്റെ സ്വരവ്യഞ്ജനങ്ങൾക്കള്ള ക്രമപൂർവമായിട്ടാണു് പരിണമിച്ചിരിക്കുന്നതു്. ആയതിനാൽ ഈ പ്രാസത്തിന്റെ ആഗമം എന്നതെന്നും, അതിന്റെ പ്രാധാന്യം എത്രമാത്രമുണ്ടെന്നും ആലോചിക്കേണ്ടിയിരിക്കുന്നു" എന്ന ഇടങ്ങുന്ന ആ പ്രബന്ധത്തിലും, ശ്ലോകത്തിന്റെ ശൈശവാവസ്ഥയിൽ തന്നെ സിദ്ധിച്ചിട്ടുള്ള ഒരു സമ്പ്രദായമാകുന്നു പ്രാസമെന്നും, കാലക്രമേണ ശ്ലോകത്തു പരിഷ്കാരവും ഗൗരവമുള്ള വിഷയങ്ങളെ പ്രതിപാദിക്കുന്നതിനുള്ള ശക്തിയും വർദ്ധിച്ചുവന്നതോടുകൂടി പ്രാസത്തിന്റെ അധികാരബലം കുറയുകയും തൽസ്ഥാനത്തു് അർത്ഥഗൗരവം പ്രവേശിക്കയും ചെയ്തുവന്നും വിവരിച്ചു്, തമിഴ്പുലവർകളുടെ പാടങ്ങളെ തിരിച്ചറിയുന്നതിനു ദിക്തീയാക്ഷരപ്രാസം അത്യന്തം ഉപയുക്തമായിരുന്നിരിക്കണമെന്നും ഇങ്ങനെ തമിഴിൽ രൂഢമൂലമായിരുന്ന പ്രാസം സംസ്കൃതത്തിൽ മലയാളത്തിലും സംക്രമിക്കുന്നതിനു് സംഗതിയായതായിരിക്കുമെന്നുമുള്ള അനുമാനത്തിൽ എത്തിച്ചേരുന്നു. പ്രബന്ധകർത്താവു് ഇങ്ങനെ ഉടനെ: തമിഴിന്റെ പിടിയിൽനിന്നു വിട്ട സംസ്കൃതവുമായി ബന്ധം തുടങ്ങിയതിനു മേലാണു് ശ്ലോകരീതി മലയാളത്തിൽ കടന്നുകൂടിയതു്. സംസ്കൃതത്തിൽ കവിതയെഴുതിയവർക്കു് ദിക്തീയാക്ഷരപ്രാസത്തിൽ മാത്രം പ്രത്യേകം ഒരു പ്രതിപത്തിയുണ്ടായിരുന്നതായി കാണുന്നില്ല. ആ ശ്ലോകത്തിൽ അലങ്കാരശാസ്ത്രമെഴുതിയവരൊക്കെ തന്നെ പ്രധാനമായ കാവ്യങ്ങളെയാണു് ഉത്തമമായി ഗണിച്ചിട്ടുള്ളതു്. പ്രാസം മുതലായ ശബ്ദാലങ്കാരങ്ങൾക്കു പ്രാധാന്യമുള്ള കാവ്യം അവരുടെ ദൃഷ്ടിയിൽ അധമകോടിയെ മാത്രമേ അർഹിക്കുന്നുള്ളു. മിക്കവർ, "ചവടിസന്നിഭം" എന്ന

വിശിഷ്ടകാവ്യത്തിൽ പ്രസാദഗുണത്തെ നിശ്ശേഷം നിരാകരിച്ചിരിക്കുന്നു; എന്നുമാത്രമല്ല, പദ്യങ്ങളുടെ രസനിഷ്പത്തിയിലും അനുപൂർവ്വമായ ഗുഫനത്തിലും പദങ്ങളുടെ ഹൃദയംഗമമായ ഘടനത്തിലുമാണ് യഥാർത്ഥമായ ആനന്ദജനകത്വം സ്ഥിതിചെയ്യുന്നതെന്നും അല്ലാതെ ചടപടയായമനമായ പ്രസാദഗുണത്തിലല്ലെന്നും അതിനർത്ഥം ഉപേക്ഷണീയത്വത്തിൽ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കേരളകാളിദാസനും ദ്വിതീയാക്ഷരപ്രാസമില്ലാത്ത പല പദ്യങ്ങളും ശാകുന്തളത്തിലും അമരുകശതകത്തിലും എഴുതിയിട്ടുണ്ടല്ലൊ. ഇപ്പോൾ പ്രസാദഗുണത്തിനുള്ള മഴിച്ചുകൊണ്ട് അല്പമെങ്കിലും ഒരു കാവ്യംകൂടെന്ന (ദൈവദശകം) എഴുതിവച്ചുണ്ട്. പ്രാസാദികളായ ശബ്ദാലങ്കാരങ്ങളും ഇത്രമാത്രം നിസ്സാരങ്ങളായിരിക്കെ, അവയിൽ ഒന്നായ ദ്വിതീയാക്ഷരപ്രാസത്തെ സപരവ്യഞ്ജനങ്ങളുടെ ഐകരൂപ്യത്തോടുകൂടി ശ്ലോകങ്ങളിൽ ഘടിപ്പിച്ചിരിക്കുന്നതിനുവേണ്ടി നമ്മുടെ മഹാകവികൾ ചെയ്തവരുന്ന ശ്രമപ്രയത്നത്തിനേറെയും സമയവ്യയത്തിനേറെയും പ്രയോജനം എന്താണെന്നു മനസ്സിലാകുന്നില്ല. പൂർവ്വാചാര്യന്മാരെല്ലാം കണ്ണുമടച്ചുകൊണ്ടു സ്വീകരിക്കേണ്ടതില്ലെന്നും, അവയിൽ ദോഷാവഹങ്ങളായവയെ സധൈര്യം തള്ളേണ്ടതാണെന്നും, ഇക്കാലത്തു് ആരേയും ഉപദേശിക്കേണ്ട ആവശ്യകതയുണ്ടെന്നു തോന്നുന്നില്ല. എന്നിട്ടും നമ്മുടെ കവികൾ ഈ പൂർവ്വാചാരത്തെ ഒരു അനിവാര്യമായ കാര്യമായിട്ടാണ് കരുതിപ്പോരുന്നതു്. അതിനുവേണ്ടി പദങ്ങളുടെ കഴുത്തറക്കാൻപോലും അവർ മടിക്കുന്നില്ല.

"പുരാ സുരരുപദ്രവസ്ഥിതി പൊറുയ്യാൽ കേഴവേ
പുരാസുരരെ വെന്നവൻ വിരവിൽ വേട്ടോർസ്സുന്ദരി
പുരാണപുരുഷാദി പൊന്നവർ പണിഞ്ഞു പോരുന്ന തം—
പുരാട്ടി പരമം പദം ഭവതി ചേർത്തു പാലിക്ക മാം."

ഇവിടെ തമ്പുരാട്ടിയെ സ്തുതിക്കാനായി പുറപ്പെട്ട പദ്യ
കാരൻ അവളെ നിർഭയം തെണ്ടിയായി വെട്ടിമുറിച്ചിരിക്കുന്നു.
ഈ കൊലപാതകത്തിനു കാരണഭൂതൻ ദേവി പ്രസാദമല്ലാതെ
മറ്റാരാണു്? ഇന്നത്തെ പ്രധാന കവികളിൽ ദേവി പ്രസാ
ദത്തിനു മറ്റു പ്രസാദങ്ങളേക്കാളും പ്രാധാന്യം കല്പിക്കാതെ
കവിത എഴുതിത്തുടങ്ങിയാൽ മറ്റുള്ളവരും ആ വഴിയേ
സഞ്ചരിക്കാതിരിക്കയില്ല. അങ്ങനെ ചെയ്യാൽ മാത്രമേ
മേല്പറഞ്ഞിച്ച കുറ്റത്തിലുള്ള അനൗചിത്യങ്ങളും കവിതയിൽ
കടന്നുകൂടാതിരിക്കയുള്ളൂ. പ്രസാദപ്രേമം പ്രമാണികളായ
സംസ്കൃതകവികളെപ്പോലും ചിലപ്പോൾ വഴിചിഴപ്പിച്ചു
പോയി കാണുന്നുണ്ടു്. നൈഷധം മഹാകാവ്യത്തിൽ "തരുണ
നിരുണദ്ധനയാ സ തരുണ്യാ" എന്നവസാനിക്കുന്ന ഒരു പദ്യമു
ണ്ടല്ലൊ. അതിലെ തരുണി ശ്ലേഷണമായ "തരുണ്യാ" എന്ന
ത്തിനു് തരുണകന്മാരെ കൊല്ലുന്നവൾ എന്നർത്ഥമാകുന്നു. തരുൺ
തരുണകന്മാരെ കൊല്ലുന്നവനാണെന്നു പറയുന്നതു് അസംഗ
തമാകയാൽ തരുണീതരുണകന്മാരെ കൊല്ലുന്നവൾ എന്നാണു
വ്യാഖ്യാനം. ഇവിടെ പ്രകരണവശാൽ ഈ അർത്ഥത്തെ
അധ്യവസിക്കാമെങ്കിലും തരുണപദം പ്രയോഗിക്കാഞ്ഞതു്
സ്വല്പം അസംഗിയും, ആ അസംഗിയിൽ മഹാകവിക്കു്
നിസ്സാരതരബുദ്ധിയെ ജനിപ്പിച്ചതു് "തരുണ നിരുണദ്ധനയാ സ
തരുണ്യാ" എന്നുള്ള അനുപ്രാസവുമാണെന്നു സൂക്ഷ്മമാകുന്നു.
ഉണ്ണായിവാര്യരുടെയും പ്രാസനിർബന്ധം ഉപേക്ഷിച്ചിരുന്നു
വെങ്കിൽ അല്പേതിഹാസത്തിനും "നളചരിതം" ഇന്നത്തെ നില
യിൽനിന്നു് തുലോം ഉൽകൃഷ്ടമായിരിക്കുമായിരുന്നു. ഇ
വക സംഗതികളുമോർത്തിട്ടാണു് കേരളപാണിനി ദേവി
പ്രാസനിർബന്ധത്തെ എതിർക്കുന്നതു്. അല്പേതിഹാസത്തിനു ദേ
തീയക്ഷരപ്രാസം വരുത്താൻ കഴിയില്ലെന്നു വല്ലവരും
ചൊല്ലിക്കുന്നുണ്ടെങ്കിൽ അവർക്കു നമസ്കാരം എന്നു പറവാനുള്ളൂ.

കിളിപ്പാട്ട് മുതലായ ഗാനങ്ങൾ കേവലം തമിഴരീതിയെ അനുസരിക്കുന്നവയും സകലങ്ങളുമാകയാൽ അവയിൽ ഒന്നാമത്തെയോ രണ്ടാമത്തെയോ മൂന്നാമത്തെയോ അക്ഷരത്തിനു പ്രാസം വേണമെന്നുള്ള നിയമം പ്രായേണ അനുഭവണീയമല്ല. എന്നാൽ പലവിധം നിർബന്ധമുള്ള സംസ്കൃതവൃത്തങ്ങളിൽ രചിക്കപ്പെട്ടുന്ന ശ്ലോകങ്ങൾക്ക് ഈ ദ്വിതീയാക്ഷരപ്രാസംതന്നെ കൂടിയേ കഴിയൂ എന്നു വെക്കുന്നതു് അനുവേല്യകവും കവികൾക്ക് ഒരു നിയന്ത്രണവുമാകുന്നു. മഹാന്മാരായ പ്രൗഢകവികളുടെ പദ്യകാരന്മാർക്ക് പ്രാസത്തിൽ പ്രീതി കുറയുമെന്നു ചരിത്രകാരന്മാർ സ്ഥാപിക്കുന്നു. ആ പ്രൗഢത്വം നമ്മുടെ ഭാഷയ്ക്കു സിദ്ധിക്കണമെങ്കിൽ ഈ ദ്വിതീയാക്ഷരപ്രാസത്തിലുള്ള വേണ്ടതിലധികമായ പക്ഷപാതം ദൂരത്തു പരിത്യജിക്കേണ്ടതാണു്. അയതിനാൽ ഈ ദ്വിതീയാക്ഷരപ്രാസവും അതിന്റെ ഐകരൂപ്യവുമാണു് ശ്ലോകങ്ങളുടെ ജീവിതസർവ്വസ്വം എന്നുള്ള വിചാരത്തെ ഉപേക്ഷിച്ചു്, സന്ദർഭോചിതമായും രണ്ടോമൂന്നോ എണ്ണമായും മാത്രം പ്രാസാദി അലങ്കാരങ്ങളെ പ്രയോഗിക്കുന്നതിനും, സർവ്വപ്രധാനമായി അർത്ഥചമൽകാരത്തെ ദീക്ഷിക്കുന്നതിനും നമ്മുടെ കവികൾ ഇനിയെങ്കിലും ഉത്സുകരായാൽ മലയാളഭാഷയുടെ ശുക്രദശ ദൂരത്തിലല്ലെന്നു പ്രതിജ്ഞചെയ്യാവുന്നതാണു്."

ഇതാണ് കേ. സി. വായിച്ച ഉപന്യാസത്തിന്റെ രത്നച്ചുരുക്കം. * മൻപ പത്രാംശങ്ങളിലും പുസ്തകങ്ങളിലും പ്രസ്താവിക്കപ്പെട്ടതായി പുതിയ യാതൊരു വാദമുഖവും ഇതിലുണ്ടായിരുന്നില്ല. ആ സ്ഥിതിക്ക് ഇങ്ങനെ ഒരു ഉപന്യാസം

---

* പൂർവ്വപരബന്ധത്തിനു ഹാനിതട്ടാത്തവിധം മീക വാക്കുകളും അതുപോലെ ഉദ്ധരിക്കയാണ് ഇവിടെ ചെയ്തിട്ടുള്ളതു്. ചില ഭാഗങ്ങൾ, ദൈർഘ്യത്തെ ഭയന്നു്, സംക്ഷേപിച്ചിട്ടുണ്ടെന്നേയുള്ളു.

എഴുതിയയിച്ചതും, അതിൽ "സപരവ്യഞ്ജനൈക്യം" എന്ന വാക്ക് പലതവണ ആവർത്തിച്ചതും, യിരിഷ്യ, തന്നെ യോഗത്തിൽ അദ്ധ്യക്ഷനായി ക്ഷണിച്ചതും, എല്ലാം ഒരു ശുഭലോചനയുടെ ഫലമാണെന്ന വലിയകോയിത്തമ്പുരാന്റെ മനസ്സിലായി. പ്രിയഭാഗിനേയന്റെ അഭിപ്രായമനുസരിച്ച് പ്രാസനിർബന്ധംകൂടാതെ താൻ ഒരു കാവ്യം എഴുതിത്തുടങ്ങുകപോലും ചെയ്തിരിക്കെ, വീണ്ടും ഇത്തരത്തിൽ പ്രവൃത്തിച്ചതെന്ന മനഃപൂർവ്വം ആക്ഷേപിക്കാൻവേണ്ടിതന്നെയാണെന്നാണ് അദ്ദേഹത്തിനു തോന്നിയതു്. താൻ കാലെടുത്തു തന്റെ വാത്സല്യഭാജനമായിരുന്ന കേ. സി. കേശവപിള്ള ആ പോർവിളിയിൽ മുൻനിന്നു പ്രവർത്തിക്കാൻ പുറപ്പെട്ടതിലും അദ്ദേഹത്തിനു വലിയ മനോവേദനയുണ്ടായി. ഇങ്ങനെ താൻ ആക്ഷിപ്തനായി എന്ന ബോധവും ആ ബോധത്തിൽനിന്നുണ്ടായ മനോവേദനയും അദ്ദേഹത്തെ പ്രക്ഷുബ്ധനാക്കിത്തീർത്തു. സമജേകർത്തർിയായിരുന്ന മി: പി. അനന്തൻപിള്ള എം. എ. അന്നത്തെ സംഭവത്തെപ്പറ്റി ഇതു വിധം പ്രസ്താവിച്ചുകണ്ടു. "തന്നെക്കണ്ടേ അഗ്രാസനാധിപത്യം സ്വീകരിപ്പിച്ചതിന്റെ ഉദ്ദേശ്യം അദ്ധ്യക്ഷനു് ഉടനെ മനസ്സിലായി; ഉപസംഹാരപ്രസംഗത്തിൽ അദ്ദേഹം ഒരു സംഹാരമൂർത്തിയെപ്പോലെ, കേശവപിള്ളയുടെ പ്രസംഗം അംഗംപ്രതി ഖണ്ഡിച്ചു കീറിക്കളഞ്ഞു" എന്നുപറഞ്ഞാൽ മതിയല്ലോ. പ്രസ്തുത "സംഹാരമൂർത്തിരൂപം" പ്രത്യക്ഷപ്പെട്ടതു്, സഭാതലത്തിലും ഔചിത്യത്തിലുമാണു്. ഭേഷ് കഴിയുന്നതു മുട്ടിപ്പോട്ടുരാൻ അധ്യക്ഷൻ പ്രയത്നകം മനസ്സിലാക്കിയിരുന്നു. അതിൽ അദ്ദേഹം ഇങ്ങനെ പറഞ്ഞു കണ്ടു:—

".....ഈ പ്രസംഗത്തിൽ അന്തർവിച്ച പ്രാസവിദ്യയെക്കുറിച്ചു് പലരുടേയും അഭിപ്രായം, കേശവപിള്ള

ഉപന്യസിച്ചതിൽനിന്നും വ്യത്യസ്തമായി വന്നേക്കയില്ലയോ എന്ന് എനിക്കു സംശയമുണ്ട്. ഭാഷാശ്ലോകങ്ങളിൽ ടി: പ്രാസം ഘടിപ്പിക്കുന്നതു് അവർജ്യമെന്നാണ് ഒരു പക്ഷം; ആ പക്ഷത്തിനു് അവലംബമായി പ്രാചീനന്മാരായ കവികളുടെ സാഹിത്യങ്ങളും കണപ്പെടുന്നു. എന്നാൽ ടി: പ്രാസത്തിൽ സ്വരവ്യഞ്ജനങ്ങൾക്കു് ഐകരൂപ്യം വരുത്തുക എന്ന ഒരു പുതിയ സമ്പ്രദായം, മദുപജ്ഞമായിത്തന്നെയായിരിക്കാം നടപ്പിൽ വന്നിരിക്കുന്നതു്. ഇപ്പോൾ നല്ല വാസനക്കാരായ പല നല്ല ഭാഷാകവികളും ആ സമ്പ്രദായത്തെ ഐകരൂപ്യപ്പെടുന്ന സ്വീകരിച്ചുകണ്ടുവരുന്നുണ്ട്. നമ്മുടെ പ്രസംഗകർത്താവായ കേരളവർമ്മത്തമ്പുരാൻ ടി: പ്രാസത്തിൽ സ്വരവ്യഞ്ജനങ്ങൾക്കു് ഐകരൂപ്യം വരുത്തി അത്യന്തം സുശ്ലിഷ്ടമായ പല ശ്ലോകങ്ങളും ഉണ്ടാക്കീട്ടുണ്ട്. ഇതു് സാഹിത്യത്തിൽ അല്പം ശ്രമസാദ്ധ്യമായ കാര്യമായിരിക്കാം; പക്ഷേ, അതിവാസനക്കാരനായ ഉള്ളൂർ എസ്സ്. പരമേശ്വരയ്യർ മുതലായ ഏതാനും ചില വശ്യവാക്കുകളുള്ള കവികൾക്കു്, ഇതു് ഒട്ടും പ്രയാസമുള്ളതായി കണ്ടറിഞ്ഞില്ല. പരമേശ്വരയ്യർ, ഇപ്പോൾ എഴുതിവരുന്ന ഉമാകേരളം എന്ന ഭാഷാകാവ്യത്തിൽ ടി: പ്രാസത്തെ സാർവ്വത്രികമായി സ്വരവ്യഞ്ജനങ്ങൾക്കു് ഐകരൂപ്യത്തോടുകൂടി വരുത്തിക്കാണുന്നതിനു പുറമേ, അനേകം അതിമനോഹരങ്ങളായ പല അർത്ഥാലങ്കാരങ്ങളെയും ശ്ലേഷവൈചിത്ര്യങ്ങളെയും മറ്റും ഘടിപ്പിച്ചിട്ടുള്ളതു് എല്ലാവരാലും അത്ര സുകരമെന്നു പറയാൻ പാടില്ല.

ടി: പ്രാസത്തെ തീരെ അനാദരിച്ചു് ഒരു ഭാഷാകവിതരീതിക്കു് ഇപ്പോൾ ഒരു മാർദ്ദവകാരിത്തീർന്നു് ഉദ്യോഗിച്ചിരിക്കുന്നതു് എന്റെ പ്രിയഭാഗിനേയനും തിരുവിതാംകൂർ സർവ്വകലാശാലയിൽ എം. എ. ക്ലാസ്സിലെ വിദ്യാർത്ഥിയുമായ എം. ആർ. രാഘവവാരിയരാണെന്നു്.

ഈ പണ്ഡിതവര്യന്റെ അഭിപ്രായം, പ്രാസനിബ്ബന്ധം ഒഴിച്ചുകൂടേണ്ടിയിരിക്കുന്നതു് അത്ഥനൈരന്തര്യത്തിനു ഹേതുവാകുമെന്നാണു്. ഈ അഭിപ്രായത്തിലും കാര്യമായ വാസ്തവമുണ്ടായിരിക്കാം. എന്നാൽ ഭാഷാകവിതയുടെ ഉണ്ടായിയുമുതല്ക്കു നിലനിന്നുപോരുന്ന ദീ:. പ്രാസത്തെ സമൂലച്ഛേദം ചെയ്യുന്നതു് ഒരു സാഹസമല്ലയോ എന്നാണെ ഞാൻ സംശയിക്കുന്നതു്. അത്ഥത്തിൽ പ്രത്യേകമായ ഒരു ചമൽകൃതിവിശേഷത്തിനു വേണ്ടി പ്രാസത്തെ ഉപേക്ഷിച്ചിട്ടുള്ള "ദിവ്യം കിഞ്ചന ചെള്ള മുണ്ട ജടയിൽ" എന്നിത്യാദിയായുള്ള ഏതാനും ശ്ലോകങ്ങളെ വ്യത്യസ്തകോടിയിൽ ഗണിക്കുന്നതിനു് വേണ്ടതെന്തു കൊണ്ടെന്നാ.....തൊണ്ണൂറ്റഞ്ചത്തിലെ "രാജ്ഞോ നിരാജകായാ സരാജ്ഞഃ" എന്നതിലെ "രാജ്ഞ" ശബ്ദം പ്രാസത്തിനായിട്ടുമാത്രം ആ മഹാകവി നിരത്ഥമായി ഘടിപ്പിച്ചുവെന്നാണെന്നു് കേരളപിള്ള പ്രസ്താവിച്ചതു് ക്ഷന്തവ്യമല്ലാത്ത ഒരു സാഹസമാണെന്നു് ഇവിടെ എടുത്തുപറയേണ്ടതില്ലല്ലോ. "രാജ്ഞ ഉപസംഖ്യാനം" എന്ന വാർത്തികത്താൽ നിപാതിതമായ ആ പദത്തിന്റെ അത്ഥവിശേഷത്തെയും, അതിനു പ്രകൃതത്തിലുള്ള യോജിപ്പിനെയും, കേരളപിള്ള തിരെ ഓർക്കാതെയാണു് ആ മഹാപ്രബന്ധകവിയുടെ പ്രയോഗത്തിൽ അവാസ്തവമായി ദോഷാൽഭാവനം ചെയ്തതു്. "ഗുണഗ്രഹനനിരിഹകപടിൽ കപടിചേഷ്ടാസി പ്രയത്നാന്നയം, ഇത്യാദി ഈ കവിയുടെ വാക്കിനെ തൽകൃതിയെ പരിശീലിക്കുന്ന എല്ലാവരും ഓർക്കേണ്ടതാണു്.....സാഹിത്യത്തിൽ അത്ഥപുഷ്ടിക്കായിട്ടാണു് അധികം ശ്രദ്ധിക്കേണ്ടതെന്നുള്ളതു് നിർവ്വിവാദംതന്നെ; എന്നാൽ അത്ഥപുഷ്ടി വരുത്തുന്നതോടൊക്കെ ശബ്ദഭംഗിയേയും മഹാകവികളെല്ലാം വിവക്ഷിച്ചുകൊണ്ടുണ്ടു്. ഭാഷാകവിതയിൽ പ്രചരിച്ചുപോയ്മന്മർ കാഞ്ചിച്ചുതന്നിട്ടുള്ള രീതിയെ കേവലം ഒരുഛന്ദസ്സിതയാക്കിച്ചെ

യുന്നു് യുക്തമായിരിക്കുമോ എന്നു നല്ലവണ്ണം ആലോചിക്കേണ്ടതാണു്.”

മോഷം കലിനോചിതമായ രീതിയിൽ മയപ്പെടുത്തിയിട്ടുണ്ടെങ്കിലും, അധ്യക്ഷന്റെ മനഃക്ഷോഭം മുഴുവൻ ഇതിൽ പ്രതിഫലിച്ചിട്ടുണ്ടെന്നു സൂക്ഷ്മഗ്രാഹികൾക്കു കണ്ടുപിടിക്കുവാൻ കഴിയും. ഇടയ്ക്കിടെ കൊള്ളിച്ചിട്ടുള്ള മുള്ളുകൾ വളരെ മൂർച്ചകൂടിയവയാണെന്നതിനും. എഴുതിത്തുടങ്ങുക മാത്രം ചെയ്തിട്ടുള്ള “ഉമാകേരള”ത്തെപ്പറ്റിയുള്ള പ്രസ്താവവും, ഉള്ളൂരിനെ കൊട്ടത്ത “അതിവാസനക്കാരൻ” എന്ന വിശേഷണവും, അധ്യക്ഷൻ മനഃപൂർവ്വം മറവുള്ളവരെ ആക്ഷേപിക്കുന്നതിനായി കൂട്ടിച്ചേർത്തതാണെന്നു് ചിലർ വ്യാഖ്യാനിക്കുകയുണ്ടായി, സമരത്തിനുള്ള പശ്ചാത്തലം മുഴുവൻ തയ്യാറായിക്കഴിഞ്ഞു.

“മോഷകവിത” എന്ന ഉപന്യാസം (1083 കുംഭം–മീനം ലക്കം) മോഷോപാഷിണിയിൽ പ്രസിദ്ധപ്പെടുത്തിക്കണ്ട ഉടനെ വലിയകോയിത്തമ്പുരാൻ ഉള്ളൂരിനു് ഇങ്ങനെ എഴുതി അയച്ചു: “കേ. സി. മോഷോപാഷിണിയിൽ പ്രസിദ്ധീകരിച്ച ലേഖനം വായിച്ചിരിക്കുമല്ലോ. എത്ര ബാലിശമായിരിക്കുന്നു! “തമ്പുരാട്ടി” തലവെട്ടി പ്രസമനെത്രെ! അതു് ഒരു സമസ്യാപദമാണല്ലോ; ത+പുരാട്ടി. ഇവിടെ തലവെട്ടേണ്ട ആവശ്യം എന്താണെന്നു മനസ്സിലാകുന്നില്ല. നിങ്ങൾ ആ ലേഖനത്തിനു മറുപടി എഴുതുന്നുണ്ടായിരിക്കും; പക്ഷേ, എനിക്കതിൽ നിർബ്ബന്ധമൊന്നുമില്ല.” ഈ എഴുത്തിന്റെ ഉദ്ദേശം സ്പഷ്ടമാണല്ലോ. തൽസമയത്തെ കേ. സി. യുടെ ലേഖനത്തെ ഖണ്ഡിച്ചുകൊണ്ടുള്ള ഉള്ളൂരിന്റെ പ്രത്യാഖ്യാനം മോഷോപാഷിണിയിൽ പ്രത്യക്ഷപ്പെട്ടു.

അതോടുകൂടിയാണു് തരിയോയ “യുദ്ധം” ആരംഭിച്ചതു്. “കേരവനെ ഖണ്ഡിക്കും ചിന്നപ്പുരമേശ്വരൻ മുള്ളിക്കും”

എന്ന് ഒരു കഥി പറഞ്ഞല്ലോ, ആ വാദപ്രതിവാദം നിണ്ടുനിണ്ടു പോയ്ക്കൊട്ടെ പൊയ്ക്കൊണ്ടിരുന്നു. കേരളകൗമുദിയും കേരളപാണിനിയും തിരുമ്മിലയ്ക്കുള്ളിലിരുന്നുകൊണ്ട് സമരത്തിന്റെ സൂത്രധാരത്വം വഹിച്ചു. കേരവപിള്ള പ്രസന്നിർബന്ധമില്ലാതെ നാരായണീയം തർജ്ജമചെയ്ത കാലം (1067) മുതല്ക്കുതന്നെ രാജരാജപക്ഷിയനായിത്തീർന്നിരുന്നു. "മേഘദൂത്" പുറത്തുവന്ന കാലത്തു (1070-ൽ) അതിനെ എതിർത്തുകൊണ്ട് ആരോ മനോരമയിൽ എഴുതിയപ്പോൾ, ആ ഖണ്ഡനത്തിനു് ഒരു പ്രത്യാഖ്യാനമെഴുതിൽ കേരളപാണിനി കേ. സി. യെ പ്രേരിപ്പിച്ചുതായി കാണുന്നുണ്ട്. തിരുവനന്തപുരത്തു ചെന്നതിനു ശേഷം കേരളപാണിനിയുമായി അടുത്തു പെരുമാറുകയും അദ്ദേഹത്തിന്റെ ദോഷാവിഷയകമായ അക്ഷീണപരിശ്രമം കണ്ടറിയുകയും ചെയ്തപ്പോൾ കേ. സി. യുടെ രാജരാജഭക്തി പത്തിരട്ടിയായി വർദ്ധിച്ചു. അങ്ങനെയാണോ അദ്ദേഹം കേരളപാണിനിയുടെ ഉപദേശമനുസരിച്ചു് "ദോഷൈകവിക്ക്" എന്ന ഉപന്യാസം എഴുതിയിക്കാനിടയായതു്. പക്ഷേ, അതെഴുന്ന കാലത്തു് വലിയ ഒരു സമരത്തെ അദ്ദേഹം പ്രതീക്ഷിച്ചിരുന്നില്ല. ഉപസംഹാരപ്രസംഗത്തിൽ കേരളവർമ്മദേവൻ വ്യംഗ്യരംഗത്തിയിൽ പ്രസ്താവിച്ച സംഗതികളിൽ പലതും അദ്ദേഹത്തിൽ ഒരു സമരമനഃസ്ഥിതിയെത്തന്നെ ഉളവാക്കി. വാദപ്രതിവാദത്തിൽ ഏർപ്പെട്ടാൽ പിന്നെ, ആളും തരവും നോക്കുന്ന പതിവു് മലയാളത്തിലില്ലല്ലൊ. കേരളവർമ്മദേവൻ ഉള്ളൂരിനെ വ്യംഗ്യപോലെ, കേരളപാണിനി കേ സി. യേയും സഹായിക്കയും പ്രോത്സാഹിപ്പിക്കയും ചെയ്തു. താനെഴുതിയ പ്രത്യാഖ്യാനങ്ങൾ കേരളപാണിനിയെ കാണിച്ചു തിരുത്തിയതായും, കേരളപാണിനിയുടെ ആശ്രിതനായ രാമകൃഷ്ണപിള്ള പ്രസന്നത്തിനു പ്രതിപക്ഷമായെഴുതി

യ പല ലേഖനങ്ങളും കേരളപാണിനീയുടെ വിമർശനിയിൽ വെച്ചു തർക്കിച്ചുകൊണ്ടിരുന്നു. ഇങ്ങനെ ഇരുഭാഗക്കാരും വളരെ വീറോടുകൂടി വാദം തുടർന്നുകൊണ്ടിരുന്നു. രണ്ടു പക്ഷത്തിലും സഹായത്തിനായി ആളുകൾ ചേർന്നു. സമാനീയദീർഘപ്രയോഗം സാർവ്വത്രികമായി പ്രയോഗിക്കാൻ ആരെക്കൊണ്ടും സാധിക്കയില്ലെന്നു തെളിയിക്കുന്നതിനായി കേ. സി. ആയിട്ടുള്ള മനോരമയിൽ "ദൃഷ്ടനും നൈഷധനും സമന്മാർ" എന്നും, "കാർത്സന്യനകാണാൻ കഴിയാ ജഗത്തിൽ" എന്നും രണ്ടു സമസ്യകൾ പ്രസിദ്ധപ്പെടുത്തി. എന്നാൽ പിള്ളയുടെ പ്രതീക്ഷയ്ക്കു തീരെ വിപരീതമായി, അദ്ദേഹത്തെയും മറ്റുള്ളവരേയും അത്ഭുതപരതന്ത്രരാക്കത്തക്കവിധത്തിൽ കേരളവർമ്മ ആ രണ്ടു സമസ്യകളും ഇങ്ങനെ പൂരിപ്പിച്ചു:—

"നൈഷ്ണമുവൽ പരുഷമോടരീണം
യഷ്ണസമേകൻ സമരത്തിൽ വെന്നു,
ദൃഷ്ണസ്രുപക്കം കനധീനനാമ—
ദൃഷ്ണനും നൈഷധനും സമന്മാർ."

"മാർത്സന്യകയാ കണ്ണിനു ഭംഗിയെങ്ങും
മാർത്സന്യകതാനോ വിളവിൻ വിളർത്തി?
കാർത്സന്യകശ്രുപാ കമനീയതയ്ക്കു
കാർത്സന്യനകാണാൻ കഴിയാ ജഗത്തിൽ."

പ്രാസനിർബന്ധമില്ലാതെ കവിത എഴുതുന്നതു തനിക്കും സമ്മതമാണെന്നു കാണിക്കുന്നതിനായിട്ടോ എന്തോ, ആദ്യത്തെ സമസ്യയ്ക്ക് കോയിത്തമ്പുരാൻ താഴെ കാണിക്കുന്ന മറ്റൊരു പൂരണംകൂടി എഴുതി.

"സമിത്യതിപ്രീണിതവീരസേന—
നമത്ര്യവയ്ക്കു ജ്ഞയെയാടരിച്ചോൻ

ശകുന്തലാഭോകലിതാഭിലാഷൻ
ദുഷ്ഷന്തനും നൈഷധനും സമന്മാർ.''

സമസ്യകളുടെ പ്രയോജകനായ ചരിത്രനായകന്റെ പൂരണങ്ങളാണ് തുടർന്ന് ചേർക്കുന്നു.

''പ്രതാപമേറും പുരുരാജവംശ-
പ്രദീപമാനന്ദിതവീരസേനൻ
ശകുന്തലാഭാധികമോദിതാത്മാ
ദുഷ്ഷന്തനും നൈഷധനും സമന്മാർ.''

''കാവ്യങ്ങളിൽ കേളികലർന്നവയ്ക്കും
കാണാപ്പുതും ദോഷകണങ്ങളും പാർത്താൽ;
കമ്യം ഗുണശ്രേഷ്ഠം പരമൊന്നിലുംതാൻ
കാർത്സ്ന്യനകാണാൻ കഴിയാം ജഗത്തിൽ.''

ഇവ സമസ്യകളുടേയും പൂരണങ്ങളുടേയും കാര്യത്തിൽ അതിൽ, സംബന്ധിച്ചു രണ്ടുകൂട്ടരും തുല്യപോലെ ജയിക്കയും തോല്ക്കുകയുമാണ് വാസ്തവത്തിലുണ്ടായതു്. തീരെ അസഭ്യമാണെന്നു് പ്രയോജകൻ കരുതിയ ഒരു കാര്യം സഭ്യമാണെന്നു തെളിയിച്ചതിൽ വിജയംകൊയിന്നപുരുഷൻ വിജയംനേടി എങ്കിലും, അതിനുവേണ്ടി പ്രയോഗിക്കേണ്ടിവന്ന പദങ്ങളുടെ കാഠിന്യം, പ്രസക്തിർഭ്രംശംകൂടാതെ അടുത്ത ഘടനയെ എഴുതിയ സമസ്യാപൂരണത്തിന്റെ ലാളിത്യവും ആലോചിച്ചാലും, ധാർമ്മികമായ ഒരു പരാജയവും അടുത്ത ഘട്ടത്തിനു പാഠിയിട്ടുണ്ടെന്നു കാണാം. ഞായപേക്ഷ, സമയതീയദ്വിതീയാക്ഷരപ്രാസം കവിതയിൽ കഴിയുന്നതും ഭിക്ഷിക്കേണ്ടതാണെന്നു് ഒരാൾ പറഞ്ഞാൽ, മറവുള്ളവർ തിർച്ചയായിക്കുന്ന ദുർഘടാക്ഷരങ്ങൾ ഘടിപ്പിച്ചുവേണം അങ്ങനെ ചെയ്യുവാനെന്നു് അർത്ഥമില്ലാത്ത സ്ഥിതിക്കു്, പ്രാസം അനാവശ്യമാണെന്നു കാണിക്കുന്നതിനായി വെറും വിഷമാക്ഷരങ്ങളെ ഘടിപ്പിച്ചുകൊണ്ടു് രണ്ടു സമസ്യകളെഴുതേണ്ടിവ

ന്നതു് വാസ്തവത്തിൽ കേ. സി. യുടെ മോതത്തേയ്ക്കു പറ്റിയ ഒരു പരാജയവും, അതേ അവയവത്തിൽ പ്രസന്നിർബന്ധമില്ലെങ്കിൽ പദ്യങ്ങളെ ലളിതങ്ങളാക്കാൻ കഴിയുമെന്നു തെളിയിക്കാൻ സാധിച്ചതു് അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം ഒരു വലിയ വിജയവും ആയിരുന്നു. ഈ തത്വം ചരിത്രനായകനുതന്നെ മനസ്സിലായിരുന്നു എന്നുവേണം വിചാരിക്കുവാൻ. എന്തുകൊണ്ടെന്നാൽ, കേരളവർമ്മദേവന്റെ സമസ്യാപൂരണങ്ങൾ കണ്ടയുടനെ അദ്ദേഹം മനോരമയിൽ ഇങ്ങനെ എഴുതിയതായി കാണുന്നു:—

"ആക്കിയാലുമിതിന്നിണങ്ങിയ സജാ—
തീയം ചിതീയാക്ഷരം
ചേക്കാൻ ദുർഘടമാകുമെന്നു കരുതി—
ച്ചെയ്തേൻ സമസ്യായുഗം;
കൊക്കായുള്ള പദങ്ങളത്ര വിബുധ—
ന്മാക്കാരേറെയില്ലാസദം
കോക്കാനിന്നു നിനച്ചു കാൺകിലിതുപോ—
ലാക്കാണഹോ വൈഭവം!

ഇന്നപ്രാസത്തിനെല്ലാം കുറവരുളുകയാ—
ലചിതീയപ്രഭാവം
ചിന്നും തൻവശ്യവാക്തപ്രസകുതകമിവിട—
ന്നേവമാവിഷ്കരിക്കേ,
മുന്നം മാധവ്യനിൽ ചൊറവനയമരേ—
ധീശസുതൻ നടത്തി—
ത്തനപീഠത്തിൽ മങ്ങും നൃപനെ മതിപൊടി—
പ്പിച്ചതോമ്മിച്ചിടുന്നേൻ."

ചരിത്രനായകൻ കേരളപാണിനിയുടെ, പ്രോണയെന്നു തിരിച്ചു് വാഗ്പ്രകരിവാദത്തിൽ ഏർപ്പെട്ടുവെങ്കിലും. അദ്ദേഹത്തിനു വലിയകോയിത്തമ്പുരാന്റെ നേരെയുള്ള ബഹുമാനാദരിനു യാതൊരു കുറവും തട്ടിയിരുന്നില്ല. ആയിടയ്ക്കു്

അദ്ദേഹം വലിയകോയിത്തമ്പുരാനെ് അയച്ച ഒരു കത്തിൽ ഇപ്രകാരം എഴുതിക്കാണുന്നു:— "പ്രാസത്തെക്കുറിച്ചു് അടിയനെഴുതിയ പ്രസംഗം കേരളപാണിനി ഭാഷാഭൂഷണത്തിലെഴുതീട്ടുള്ള അഭിപ്രായത്തിന്റെ ഒരു വ്യാഖ്യാനമേ ആകുന്നുള്ളൂ. കേരളപാണിനി പ്രാസത്തെപ്പറ്റി എഴുതിയതു് അവിടത്തേയ്ക്കു് പ്രാസംവെച്ചു കവിതയെഴുതുവാൻ സാമർത്ഥ്യമില്ലാത്തതുകൊണ്ടാണെന്നു് ചിലർ വിചാരിച്ചിട്ടുണ്ടു്. അവരുടെ ഈ വിചാരം തെറ്റാണെന്നും പ്രാസവിഷയകമായ അവിടത്തെ ഈ അഭിപ്രായം യുക്തിയുക്തമാണെന്നും തെളിയിക്കുന്നതിനുവേണ്ടി മാത്രമാണു് അടിയൻ അന്നു് ആ പ്രസംഗം എഴുതിവായിച്ചതു്." ഈ കത്തു വായിച്ചു അവസാനത്തിൽ അടുത്തുനിന്നിരുന്നവരോടു്, "അങ്ങനെയാണെങ്കിൽ കൊച്ചുപ്പൻ* എന്തുകൊണ്ടാണു് പ്രാസനിബ്ബന്ധത്തോടുകൂടി ഒരു കവിതയെഴുതത്തതു്? ദ്വിതീയാക്ഷരപ്രാസം അനാവശ്യമാണെന്ന കേൾവപിള്ള പ്രസംഗിച്ചതിൽ, കൊച്ചുപ്പന്നു പ്രാസംവെച്ചു കവിതയെഴുതാൻ കഴിയുമെന്നു് എങ്ങനെയാണു് തെളിയുന്നതു്?" എന്നു കേളുവമ്മ ചിരിച്ചുകൊണ്ടു ചോദിച്ചുവത്രെ!

പരമാർത്ഥം പറയുകയാണെങ്കിൽ, പ്രാസത്തെ സംബന്ധിച്ചു രണ്ടുപക്ഷക്കാരുടെയും അഭിപ്രായങ്ങൾക്കു തമ്മിൽ കാര്യഭേദത്തെ സംബന്ധിച്ചിടത്തോളം വലിയ വ്യത്യാസമൊന്നും ഉണ്ടായിരുന്നില്ല. ദ്വി: പ്രാസമില്ലെന്നുള്ള ഒരാൾക്കാരണംകൊണ്ടു കവിതയെ അപലപിക്കുന്നതു ന്യായമല്ലെന്നും, മറു പ്രാസങ്ങൾക്കും യമകാദികൾക്കും ഉള്ളതിൽക്കൂടുതലായ ഒരു പ്രാധാന്യം ദ്വി: പ്രാസത്തിനു കല്പിക്കേണ്ടതില്ലെന്നുമാണു് ഒരു കൂട്ടർ വാദിച്ചതു്. ദ്വി: പ്രാസം ഉള്ളതുകൊണ്ടുമാത്രം ഒരു കവിതയാകുമെന്നു് ആരും അഭിപ്രായ

---

* രാജരാജവർമ്മയുടെ കാമനപ്പേരാണു് ഇതു്.

പ്പെട്ടന്നില്ലെന്നും, പ്രാസം മോഷ്ടിക്കവിതയുടെ ഒരു പ്രത്യേകതയായി പണ്ടു മുതല്ക്കുതന്നെ കരുതിവരുന്നതിനാൽ നിയുക്തിയുള്ളിടത്തോളം മാത്രം നിയമങ്ങളുടെ കൂട്ടത്തിൽ പ്രാസത്തെക്കൂടി ഉൾപ്പെടുത്തുന്നതു തന്നായിരിക്കുമെന്നു മാത്രമേ തങ്ങൾ പറയുന്നുള്ളുവെന്നും എതിർകക്ഷികളും വാദിച്ചു. വാദത്തിനു തീർപ്പുണ്ടാക്കുവാൻ ഇരുകൂട്ടരും വിഷയം വിട്ടു വ്യക്തിവിദ്വേഷത്തിലേക്കു കടന്നു. കേരളകൗമുദിസംഘം കേരളപാണിനിയുടെ ചിലഭാഗങ്ങളെ ഉദ്ധരിച്ചുകൊണ്ടു ലക്ഷ്യമായിത്തുടങ്ങി. മൂകൻ മുതലായ സംസ്കൃതമഹാകവികളേയും അവർ വെറുതേവിട്ടില്ല. കേരളപാണിനിയുടെ പ്രേരണയനുസരിച്ചാണ് കേ. സി. വാദപ്രതിവാദങ്ങളിൽ പുറപ്പെട്ടതെങ്കിലും, വാശിമൂത്തപ്പോൾ അദ്ദേഹം തീരെ നിരങ്കുശനായിത്തീർന്നു. വഴക്ക് ഏതെങ്കിലും വിധത്തിൽ അവസാനിപ്പിച്ചില്ലെങ്കിൽ, സാഹിത്യസാമ്രാജ്യം വല്ലാതെ കലങ്ങിമറിയുമെന്നും പ്രജകളെല്ലാം പരസ്പരവിദ്വേഷികളായിത്തീരുമെന്നുമുള്ള ഘട്ടമായി. ചക്രവർത്തി ഇരുകക്ഷികളേയും യോജിപ്പിക്കുവാനുള്ള ചുമതല അനന്തരാവകാശിയെ ഏല്പിച്ചു. അതിനെ സംബന്ധിച്ച് കേ. സി. യുടെ ഡയറിയിൽ* ഇങ്ങനെ എഴുതിക്കാണുന്നു:—

"വാദത്തെപ്പറ്റി കേരളപാണിനി എഴുതിവെച്ചിരുന്ന അഭിപ്രായം ശാസ്ത്രീകം വായിച്ചു. അതിൽപിന്നെ എന്റെ അഭിപ്രായം വേണമെന്നാവശ്യപ്പെട്ടപ്രകാരം അവിടെവെച്ച് ഒന്നെഴുതി. ഈ രണ്ടഭിപ്രായവും വലിയകോയിത്തമ്പുരാനയച്ചിട്ട് പരമേശ്വരയ്യരെ കാണിച്ച് തദഭിപ്രായവും എഴുതിച്ച് ഒരു മാസികയ്ക്കയച്ച് വാദം അവസാനിപ്പിക്കണമെന്നാണ് മാളുലടാതിനേയന്നത്തെ അഭിപ്രായം."

---

* 1085 ഇലാം 16

കേളപ്പണിനി എഴുതിയ ഭാഷ്യസ്ഥാധിധി സുപ്രസിദ്ധമാണെങ്കിലും, വിഷയപൂർണ്ണതയ്ക്കു് അതിലെ ചില ഖണ്ഡികകൾകൂടി ഇവിടെ ഉദ്ധരിക്കേണ്ടിയിരിക്കുന്നു.

"ഈ വാദം കൂറെ അതിദീർഘമായിപ്പോയി; ഇതുമായിട്ടും വാദിപ്രതിവാദികൾ മതിയാക്കുന്ന ഭാവം കാണുന്നുമില്ല. വിജിഗീഷാസംരംഭത്തോടെ കേൾവപരമേശ്വരന്മാർ കലഹിച്ചാൽ, പര്യവസാനം എന്തായ്കമെന്നു് ഉൽഘിക്കുവാനും തരം കാണുന്നില്ല. രണ്ടുപേരും കവിതക്കളരിയിൽ വേണ്ടുംവണ്ണം കച്ചകെട്ടിയിട്ടുള്ളവരാകയാൽ, മല്ലയുദ്ധത്തിൽ പിൻവലിക്കുക ഉണ്ടാകുന്നതല്ല..... ഈ കലഹം ഒരോ മാസികകളിലായി വ്യാപിക്കുന്നതു് അനാസംസനീയമാകയാലും വാദിപ്രതിവാദികൾ രണ്ടുപേരും എന്റെ ആപ്തമാരാകയാലും ഇവരുടെ വാദത്തിൽ ഞാൻ ഒരു മാധ്യസ്ഥ്യം വഹിപ്പാനാരംഭിക്കുന്നതാണു് ഇതു്.

പണ്ടൊരിക്കൽ ഒന്തിനെന്റെ നിറത്തെച്ചൊല്ലി രണ്ടുപേർ തങ്ങളിൽ കലഹിച്ചതുപോലെയാണു് പരമേശ്വരയുദ്ധം കേശവപിള്ളയും ശണക്കുട്ടനുമാണു് എന്നാണു് എനിക്കു തോന്നുന്നതു്. രണ്ടുപേരും സ്വാനുഭവത്തെ അടിസ്ഥാനമാക്കി വ്യവഹരിക്കുന്നു; എന്നാൽ, പ്രതിപത്തിയും അനുഭവസാക്ഷികമായിട്ടാണു് വാദിക്കുന്നതു് എന്നുള്ള സംഗതി വിസ്മരിക്കുന്നു. ദ്വിതീയാക്ഷരപ്രാസം എന്നതു് ഭാഷാകവിതാരാജ്യത്തിൽ അനാദിയായി അനുഷ്ഠിച്ചുവരുന്ന ഒരു നാട്ടുനടപ്പാകുന്നു..... .....(അതു്) നിരർത്ഥകയോഗംകൊണ്ടു്, ഭാഷാകവിതയുടെ രീതിയിൽ കണ്ണന്റെ കുണ്ഡലംപോലെ അപ്രധാനമായ ഒരു ആഭരണമായിത്തീർന്നിരിക്കുന്നു....."ഇതു് അപരിഷ്കൃതമട്ടിലുള്ള അലങ്കാരമാകയാൽ ഇതിനെ എല്ലാവരും ഉപേക്ഷിക്കണം" എന്നു ശഠിക്കുന്നതും, "ഇതു് അനാദിയായ ഒരാചാരമാകയാൽ ഇതിനെ എല്ലാവരും അനുഷ്ഠിച്ചുകൊള്ളണം" എന്നു നിർബന്ധിക്കുന്നതും ന്യായമല്ല.

സ്വപക്ഷസ്ഥാപനവ്യഗ്രത്തിലെങ്കിലും കേശവപിള്ള മഹാകവിയുടെ മുകനെപ്പറ്റി പരിഹാസവാക്കുകൾ പ്രയോഗിച്ചതു് സാഹസമായിപ്പോയി.....കേശവപിള്ളയുടെ ഈ സംരംഭം കണ്ടു് പരമേശ്വരയ്യർ "ശാന്തം പാപം!" എന്നു പറഞ്ഞതു് വളരെ ഉചിതംതന്നെ; എന്നാൽ അല്പോഹവും ഭാഷാകുമാരസംഭവത്തിലേയും രാമചന്ദ്രവിലാസത്തിലേയും ശ്ലോകങ്ങളിൽ ദോഷാരോപണത്തിനു പുറപ്പെട്ടതും വേണ്ടിയിരുന്നില്ല.....

.....അഴകെല്ലാം പരിചയംകൊണ്ടു തോന്നുന്നതാണു്. അതിന്റെ അടിസ്ഥാനം വളരെ ദുർബ്ബലമായിരിക്കും. തലമുടി കാർകൊണ്ട മേഘംപോലെ കറുത്തിരുണ്ടിരിക്കുന്നതാണു് നന്നു് എന്നു ഭരതീയർ വിചാരിക്കുന്നു; നേരേമിച്ചു്, യൂറോപ്യന്മാർ സുവർണ്ണവർണ്ണമായ കേശത്തെയാണു് പ്രശംസിക്കുന്നതു്. ഈ അഭിപ്രായഭേദത്തിനുള്ള കാരണം രുചിഭേദമല്ലാതെ മറ്റൊന്താണു്?.....ഇങ്ങനെ അതാതു നാട്ടുനടപ്പനുസരിച്ചു് അഭിരുചിവൈചിത്ര്യങ്ങൾ ഉണ്ടാവുന്നു. അതിനാൽ പരിചയംകൊണ്ടു സുന്ദരത്വോപഹാരമെന്ന സർവ്വസമ്മതമായ ഒരു സിദ്ധാന്തത്തെ ഖണ്ഡിതിയായി മാറുന്നതു് എളുപ്പമല്ലെന്നു മാത്രമല്ല, അതു പല അസംഗതികൾക്കും അനൗചിത്യങ്ങൾക്കും കാരണഭൂതമായിത്തീരുന്നതുമാകുന്നു. ഈ സ്ഥിതിക്കു ചേരിയുക്ഷേപ്രായം ഭാഷാകവിതയിൽ നിത്യപരിചിതവും അതിന്റെ ഗതിക്കു് അത്യന്തോചിതവുമാകയാൽ അതിനെ ഉപേക്ഷിച്ചാൽ എന്തോ ഒരു ന്യൂനതയുള്ളതുപോലെ തോന്നും, അംസ്കൃതത്തിൽ ഈ സ്ഥാനത്തു വൃത്ത്യനുപ്രാസമാണു് വാഞ്ഛിക്കുന്നതെന്നുപറഞ്ഞു് ഭാഷാകവിതയിൽ ചേരിയുക്ഷേപ്രായം വിട്ടു വൃത്ത്യനുപ്രാസം സ്വീകരിച്ചാൽ, ഒരു കേരളസ്ത്രീയെ പരദേശസ്ത്രീയുടെ വേഷം കെട്ടിച്ചാൽ തോന്നുന്നതുപോലെയുള്ള അസ്വാ

രസത്തിനിടയാകും.....ണ്ഡി, വൈദർഭമെന്നും ഗൗഡീയ മെന്നും സുഭദ്രിന്നുള്ളായ രണ്ടു മാർഗ്ഗങ്ങളെ എടുത്തുകാണിക്കുന്നതിൽ, വൈദർഭം കേവലം രീത്യുപധായകവും ഗൗഡീയം ശബ്ദാർത്ഥോഭയോപധായകവുമാകുന്നു. ഈ മാർഗ്ഗദ്വയത്തിൽ വൈദർഭമാർഗ്ഗത്തിൽക്കൂടിയേ സഞ്ചരിക്കൂ എന്നു നിശ്ചയിച്ചിരുന്നവരുടെ സംഖ്യ വളരെ ചുരുങ്ങും. ആദികവിയായ വാല്മീകിയുടേയും കാളിദാസന്റേയും അല്ലാതെ, മറ്റു നാമങ്ങൾ ഇക്കൂട്ടത്തിൽ എനിക്ക് ഓർമ്മതോന്നുന്നില്ല.....കേരളത്തിൽ വാല്മീകികാളിദാസന്മാരോടു തുല്യനായ ഒരു മഹാകവി ജനിക്കുന്നതുവരെ, കൈരളിക്കു വൈദർഭമാർഗ്ഗത്തിൽ സ്വൈരസഞ്ചാരം ചെയ്യുന്നതു സാധ്യമല്ല എന്നു കേരവപിള്ള രാമക്കുറുപ്പിനോടു പറഞ്ഞു.....

വേഷഭൂഷാദികളെല്ലാം നിത്യമെന്നപോലെ പരിഷ്കരിച്ചുവരുന്ന ഇക്കാലത്തിൽ മലയാളത്തിൽ ചിലർ സ്വതന്ത്രസമ്പ്രദായമുപേക്ഷിച്ചു യൂറോപ്യന്മാരുടെ വേഷം സ്വീകരിപ്പാൻ തുടങ്ങിയിട്ടുള്ളതിനാൽ, അവരുടെ കവിതാരീതിയിലും പുതിയ രീതികൾ ആരംഭിക്കുന്നതു കാലഗതിക്ക് ഉചിതംതന്നെയെന്നു സമ്മതിക്കുന്നതിനും വിരോധമില്ല. നാട്ടുനടപ്പുപേക്ഷിക്കുന്നതു ശരിയല്ലെന്നും കഴിയുന്നതും അതിനെ വൃത്തിയായി അനുസരിക്കണമെന്നുമുള്ള അഭിപ്രായത്തിൻപേരിലാണ് എന്റെ ഗുരുവായ മാതുഖപാദർ മഹിതീയക്ഷരപ്രസങ്ങത്തിൽ സ്വരവ്യഞ്ജനൈകരൂപ്യം ചെയ്യുവാൻ തുടങ്ങിയതു്. കേരവപിള്ളയുടെ രീതികൾക്കു പരിഷ്കാരികളാകുവാൻ പരിശ്രമമാണെങ്കിൽ പ്രകൃതപ്രസംഗത്തെ അവർ നിശ്ശേഷം ഉപേക്ഷിച്ചുകൊള്ളട്ടെ. പരമേശ്വരയ്യർ മുതൽപേക്ക് ഈ പ്രാസം രസിക്കുന്നപക്ഷം അവർ അതിനെ പരിഷ്കരിച്ച മട്ടിൽതന്നെ ഉപയോഗിച്ചുകൊള്ളുകയും ചെയ്യട്ടെ....”

ഈ രാജിയെപ്പറ്റി ചരിത്രനായകനെഴുതിയ കുറിപ്പിൽ ഇങ്ങനെയാണ പറഞ്ഞിരിക്കുന്നത്. "ഏകദേശം രണ്ടുവർഷക്കാലമായിനടന്നവരുന്ന ഞങ്ങളുടെ പ്രായവിവാദത്തിൽ ഇരുകക്ഷികളുടേയും വാദങ്ങളെ വേണ്ടുംവണ്ണം കേട്ട നിഷ്പക്ഷപാതമായി ചെയ്തിരിക്കുന്ന ഈ വിധിയെ, അല്ലെങ്കിൽ രാജിയെ, ഞാൻ പൂർണ്ണസമ്മതത്തോടെ സ്വീകരിക്കുന്നു.....വസ്തുവന്തിൽ ദ്വിതീയാക്ഷരപ്രാസത്തിന്റെ നേരെ എനിക്കു ലേശം വൈരസ്യമില്ല. ഞാൻ പല കൃതികളും അങ്ങനെ ദീക്ഷിച്ച് എഴുതിട്ടും എഴുതുന്നും ഉണ്ട്. ഇത് ദോഷൈകദൃക്കുകളിലെ ഒരു നാട്ടുനടപ്പാണെന്നു് എനിക്കറിയാം. നാട്ടുനടപ്പിനെ ലംഘിച്ചു നടക്കണമെന്ന് ഞാൻ വിചാരിച്ചിട്ടില്ല. സാധാരണകവികളിൽ പലരും സ്വന്തകൃതികളിൽമാത്രമല്ല, തജ്ജന്മകളിൽക്കൂടിയും ദ്വിതീയാക്ഷരപ്രാസത്തെ അവശ്യനിയമമായി ഗണിക്കയാൽ കുട്ടിക്കൂട്ടിട്ടുള്ള ശ്ലോകങ്ങളാണ പ്രധാനമായി ആ ഉപന്യാസമെഴുതാൻ എന്നെ പ്രേരിപ്പിച്ചതു്. പ്രകൃതവിഷയത്തിൽ വൈദർഭമാർഗ്ഗത്തെ അവലംബിച്ച് പ്രായത്തിന്റെ നിസ്സാരതയെ കാണിക്കേണ്ടിവന്ന എന്നായുള്ള.....ഒരു നിലയിൽത്തന്നെ യിരുന്നതെ യഥാക്രമം പരിഷ്കരിക്കുകയും ചെയ്യുന്നതു് കവിതാവിഷയത്തിലും ആവശ്യകമാണ്; അങ്ങനെതന്നെ കണ്ടുവരുന്നുമുണ്ട്. ആദികാലങ്ങളിൽ ദോഷൈകദൃക്കുകൾ കരിന്തമിഴും, പിന്നീടു മണിപ്രവാളവും, ഇപ്പോഴിതാ ശ്രീമലയാളവും ആയിത്തീർന്നിട്ടുണ്ടല്ലോ. ഈ രീതി അനുസരിച്ചു സംസ്കൃതമായിലും പരിഷ്കരിക്കപ്പെടുമെന്നാണ് ഞാൻ പറഞ്ഞിട്ടുള്ളൂ." മദ്ധ്യസ്ഥവിധി സ്വീകരിച്ചുകൊണ്ട് ഏകദേശം ഇതേരൂപത്തിൽ ഉള്ളടക്കം ഒരു കുറിപ്പെഴുതി. ഇതെല്ലാം വായിച്ചുകഴിഞ്ഞപ്പോൾ വലിയകോയിത്തമ്പുരാനെഴുതിയ ഒരഭിപ്രായം കൂടി കൂട്ടിച്ചേർത്തു് ഞങ്ങളെല്ലാം മന്നിച്ചുണ്ട് ദോഷൈകദൃക്കുകൾ

ണിയിൽ പ്രസിദ്ധീകരിച്ചു". കോയിത്തമ്പുരാനെഴുതിയ അഭിപ്രായത്തിന്റെ ചുരുക്കം ഇതായിരുന്നു.

"ദേവി: പ്രാരംഭത്തെക്കുറിച്ച്" കേരവപിള്ളയും പരമേശ്വരയ്യരും തമ്മിൽ നടത്തിയ വാദത്തെപ്പറ്റി മദ്ധ്യസ്ഥന്റെ നിലയിൽ എന്റെ അഭിപ്രായവും മുഖ്യശിഷ്യനുമായ ഏം. ആർ. രാജരാജവർമ്മകോയിത്തമ്പുരാൻ രേഖാപദ്ധതിയിണക്കിയച്ച ലേഖനവും അതിനെ സമ്മതിച്ചു വാദപ്രതിവാദികൾ എഴുതിട്ടുള്ള സമ്മതപത്രങ്ങളും വായിച്ചുനോക്കിയതിൽ, ഈ വാദം ഈ വിധത്തിൽ അവസാനിപ്പിക്കുവാൻ കൊല്ലത്തു ചെപ്പട്ട രാജരാജവർമ്മകോയിത്തമ്പുരാന്റെയും അതിനു സമ്മതിച്ചു രണ്ടു കക്ഷികളുടേയും ഉചിതജ്ഞതയെ ഞാൻ അഭ്യനുമോദിച്ചുകൊള്ളുന്നു. കേരവപിള്ളയുടെ "സുദർശന"ലേഖനത്തിനു മറുപടി എഴുതുന്നതിനുള്ള അവസരമാണു പരമേശ്വരയ്ക്കു പ്രാപ്തമായിരുന്നതെങ്കിലും, അദ്ദേഹം അതിനെ കാര്യമാക്കാതെ, ഈ രാജിയിൽ ചേർന്നു് അദ്ദേഹത്തിന്റെ മനോധൈര്യത്തിനും സമബുദ്ധിക്കും ഏറ്റവും യോജിച്ചിരിക്കുന്നു. കേരവപിള്ളയും പരമേശ്വരയ്യരും എന്റെ പ്രീതിക്കും വാത്സല്യത്തിനും തുല്യമായി പാത്രീഭവിച്ചിട്ടുള്ളവരാണു്. രണ്ടുപേരും സാഹിത്യസരണിയിൽ പ്രവർത്തിച്ചു് സാമുദായസമ്മതമായ പ്രതിഷ്ഠയെ പ്രാപിച്ചിട്ടുണ്ടു്. സാമുദായികനന്മയ്ക്കു് ഐകകണ്ഠ്യം വരുത്തി ദ്വിതീയാക്ഷരപ്രാസം ചെയ്യുവാൻ കേരവപിള്ളയ്ക്കു് ഒരു പ്രയാസവുമില്ല. അതുപോലെതന്നെ നിഷ്പ്രയാസകക്ഷികരും പ്രധാനമായി ആവശ്യപ്പെട്ടുന്ന അർത്ഥചമൽക്കാരം പരമേശ്വരയ്യരുടെ കാവ്യങ്ങളിൽ ഉള്ളതിലധികമായി ഒരു ദോഷകവിയുടെ കൃതികളിലും കണ്ടെന്നുമില്ല. ഈ സ്ഥിതിക്കു് കേരവപിള്ള കോളേജ് മലയാളസമാജത്തിൽ ഈ വാദം ആരംഭിച്ചതും, അതിനെ കാര്യമായിക്കരുതി എതിർകക്ഷിയുടെ പ്രതിനിധി

യിയ പരമേശ്വരയ്യർ ഉത്തരം പറഞ്ഞതും ആശ്ചര്യമുളവാക്കാതെ
ല്ലായിരുന്നു..... ആധുനികഭാഷാകവികൾക്കിടയിൽ ഏ
തൃയോ ഉൽകൃഷ്ടമായ ഒരു സ്ഥാനമെങ്കിലുണ്ട് പരമേശ്വര
യ്യർ ആരോക്കണംചെയ്തിരിക്കുന്നതെന്നുള്ള വസ്തുത കേശവ
പിള്ള തല്ക്കാലം സപക്ഷസാധനവ്യഗ്രത്താലായിരിക്കാ
മെങ്കിലും, വിസ്മരിച്ചതു നന്നായില്ല. മേലിൽ ഈ രണ്ടു
പ്രഗൽഭകവികളും ഇതിനു മുൻപുണ്ടായിരുന്ന ബഹുമാനമൈ
ത്രികളെപ്പറ്റിയെന്നു അന്യോന്യം പ്രഖ്യാപിച്ചു്, മഹാകവി
കുഞ്ഞിക്കുട്ടൻതമ്പുരാൻ കവനകൗമുദിയിൽ എഴുതിയിരുന്നതു
പോലെ, വ്യർത്ഥവാദങ്ങൾക്കു കളയുന്ന സമയംകൂടി "കവി
തകളെഴുതിത്തള്ളട്ടെ"ന്നവൻ വിനിയോഗിക്കുമെന്നു ഞാൻ പൂർണ്ണ
മായി വിശ്വസിക്കുന്നു."

ഇതോടുകൂടി പ്രസംഗവഴക്കവസാനിച്ചു. കഴിഞ്ഞതെ
ല്ലാം മറന്നു് എല്ലാവരും തമ്മിൽ രഞ്ജകമനോഭാവം കൈ
ക്കൊണ്ടു. താൻ വാസ്തവത്തിൽ കേരളപാണിനിയുടെ ഒരേ
യുദ്ധം മാത്രമായിരുന്നുവെന്നു് കേശവപിള്ള വലിയകോയി
ത്തമ്പുരാനോടു് ഏറ്റവും പറഞ്ഞു. എന്നു മാത്രമല്ല, ആ ചക്രവ
ർത്തി "ചിരപ്രതിഷ്ഠ"യുപോലെ അദ്ദേഹം തന്റെ സമയം നല്ല
"കവിതകളെഴുതിത്തള്ളട്ടെ"ന്നവൻ വിനിയോഗിക്കയുംചെയ്തു. ഇ
തിന്റെ ഫലമായിട്ടുണ്ടായതാണു "കേശവീയം മഹാ
കാവ്യം." അതിന്റെ മുഖവുരയിൽ ഗ്രന്ഥകർത്താവു പറയു
ന്നതു നോക്കുക:—

"രസം തേച്ചു ഉടയ്ക്കുംതോറും കണ്ണാടിയുടെ തെളിവു
വർദ്ധിക്കുന്നു. പഴുതു നടന്ന നെല്ലിനു് കനത്തു കൂടിവരുന്നു.
വരകുംതോറും പൊന്നിനു് മാറ്റുറയ്ക്കുന്നു. ഇപ്രകാരമെതന്നെ
വാദപ്രതിവാദങ്ങൾകൊണ്ടു് സത്യതത്ത്വം പ്രകാശിക്കുന്നു.
ഈ അഭിപ്രായത്തെ അസ്ഥാനമാക്കിയാണു് ഞാനും എ
ന്റെ മാന്യസുഹൃത്തായ ഉള്ളൂർ എഴുതിയതു്. പരമേശ്വരയ്യർ

അവർകളും തമ്മിൽ ദ്വിതീയാക്ഷരപ്രാസം എന്ന പേരിൽ മുൻനിറുത്തി സാഹിത്യനിരൂപണപരമായ ഒരു വാദം നടത്തിയതു്. ഈ വാദത്തിന്റെ ഫലമായി മലയാളഭാഷയിലെ പദ്യകൃതികൾക്കു് "കേരളവൃത്തപ്രസ്ഥാനം"എന്നും, "രാജരാജവൃത്തപ്രസ്ഥാനം"എന്നും രണ്ടു വിഭാഗങ്ങൾ വെളിപ്പെട്ടു.... ഭാഷാവൃത്തങ്ങൾ (ഈ കേരളവൃത്ത) പ്രസ്ഥാനത്തെ ആദ്യമായി അനുകരിച്ചു് അനേകം പദ്യങ്ങൾ എഴുന്നതിനു സംഗതിയായതു് എനിക്കു് അനുഭവപ്പെട്ടു. ഈ സ്ഥിതിക്കു് "രാജരാജവൃത്തപ്രസ്ഥാനത്തെ അനുകരിക്കുന്നതായി ഒരു മഹാകാവ്യം കൂടി ഉണ്ടായാൽ കൊള്ളാമെന്നു് എനിക്കു് തോന്നിയ കുതൂഹലത്തിന്റെ ഫലമാണു് ഈ "കേരളവീയം".

കേരളപാണിനി പ്രാസത്തിനു് എതിരായി വാദിച്ചു തുടങ്ങിയതു് അദ്ദേഹത്തിനു് പ്രാസപ്രയോഗത്തിലുള്ള അശക്തികൊണ്ടാണെന്നു് വാദിക്കുന്ന ഒരു കൂട്ടരുണ്ടു്. "ദ്രാവിഡവൃത്തങ്ങൾക്കു് പ്രാസം ആവശ്യമാണു്. സംസ്കൃതവൃത്തങ്ങൾക്കാകട്ടെ, കവിയ്ക്കു സ്വാതന്ത്ര്യമാണെങ്കിൽ പ്രാസമാകാം, നിർബ്ബന്ധമില്ല. മലയാളത്തിൽ ദ്രാവിഡത്തിന്റെ പ്രഭാവമുള്ള സംസ്കൃതവൃത്തങ്ങളാണെങ്കിൽ പ്രാസം ഇഷ്ടമുള്ളിടത്തിൽ മാത്രമായാലും മതി. തജ്ജമകളിൽ പ്രാസമേ വേണ്ട". ഇതായിരുന്ന പ്രാസത്തെ സംബന്ധിച്ചു് അവസാനകാലത്തു് കേരളപാണിനിക്കുണ്ടായിരുന്ന അഭിപ്രായം. സ്വന്തം കാര്യത്തെ സംബന്ധിച്ചു പറയുകയാണെങ്കിൽ, അദ്ദേഹത്തിനു് എല്ലാത്തരം കൃതികളും ഒരുപോലെയാണെന്നതാണു്. എന്നുകൊണ്ടെന്നാൽ അദ്ദേഹം പരിഭാഷപ്പെടുത്തിയ കാവ്യങ്ങളിലെ, ദ്രാവിഡവൃത്തങ്ങളുംകൂടി ഉൾപ്പെട്ട "പ്രാസമാല"യിലധികം സംസ്കൃതവൃത്തത്തിലെഴുതിയ സ്വതന്ത്രകൃതിയായ മലയവിലാസത്തിലോ, സജാതീയദ്വിതീയാക്ഷരപ്രാസം സ്വീ

ശ്രീകരമായി പ്രയോഗിച്ചു കാണുന്നില്ല. അവസാനകൃതിയായ "ചാരുദത്ത"നിൽ പ്രാസദീക്ഷയ്ക്കായി പൂർവ്വാധികം ശ്രമിച്ചുകാണുന്നുണ്ട്. "കേർവിക്കർ ബന്ധു! പറയുന്നേരം ഭോഗവതന്മാർ സ്വയം മുഷ്പിക്കുംപോലെ, പന്തളത്തു രാജാവ് തലകുമുക്കുംതോറും പ്രസന്നിഷ്ടനിനു് ഞാൻ വശംവദനായിപ്പോയി" എന്നു് ആ പുസ്തകത്തിന്റെ മുഖവുരയിൽ ഗ്രന്ഥകർത്താവുതന്നെ പറഞ്ഞിരിക്കുന്നു. ഇങ്ങനെയുള്ള കൃതിയിൽപോലും സ്വരവ്യഞ്ജനങ്ങൾക്കു് ഐകരൂപ്യം വരുത്തീട്ടുള്ള പ്രയത്നം വളരെ വിലമതിക്കപ്പെടുന്നവന്നാൽ, അതിൽ തിന്മുഹിക്കേണ്ടതെന്തെന്നുള്ളതു സൂക്ഷ്മമാണല്ലൊ" എന്നൊക്കെയാണു് അക്കൂട്ടരുടെ വാദം. ഈ അഭിപ്രായം ഇന്നോ ഇന്നലയോ തുടങ്ങിയതല്ല. കേരളവർമ്മ വലിയകോയിത്തമ്പുരാൻപോലും ഈ അഭിപ്രായക്കാരനായിരുന്നുവെന്നും, ഇങ്ങനെ അഭിപ്രായപ്പെട്ടവരെ "മഠിഷാകവിത" എന്ന ഉപന്യാസത്തിൽ ചരിത്രനായകൻ വളരെ കർശനമായ ഭാഷയിൽ ആക്ഷേപിച്ചിട്ടുണ്ടെന്നും, നമുക്കു മനസ്സിലായിക്കഴിഞ്ഞിട്ടുണ്ടല്ലൊ.

എന്നാൽ രാജരാജവർമ്മയുടെ പ്രസവിപ്രതിപത്തിക്കു കാരണം അശക്തിയല്ല, അനാസ്ഥയാണു് എന്നു പറയുന്നതായിരിക്കും കൂടുതൽ യുക്തമെന്നു തോന്നുന്നു. കലാവർമ്മജ്ഞനും വിമർശകനുമെന്നുള്ളതു മറന്നിട്ടല്ല ഈ ഉദ്ദേശം, ഉഷിച്ചു സാങ്കേതികപ്രസ്ഥാനാരോഹത്തെ നന്നാക്കുവാനോ നശിപ്പിക്കുവാനോ വേണ്ടിയാണു്. അന്നത്തെ കവികൾ കവിതയുടെ ജീവനാഡിയായി ഭ്രമിച്ചുവന്നായിരുന്ന ചില പ്രാസത്തെത്തന്നെ എതിർക്കുവാൻ ഉദ്യമിച്ചതു്. വാസ്തവത്തിൽ കവികർം കലാശരീരത്തിനു കൃത്രിമഭംഗിയുണ്ടാക്കുവാൻ ശ്രമിച്ചാൽമാത്രംപോരാ; കലാബീജങ്ങളായ ഘടകങ്ങളിലും അവയുടെ അകൃത്രിമാവിഷ്കരണത്തിലുമാണു് അവർക്കു് ആ

ധികം ശ്രദ്ധയേണ്ടതു്. രാജരാജവർമ്മ പ്രാസത്തെ എതിർത്തതു് ഈ കലാമർമ്മം മനസ്സിലാക്കീട്ടായിരിക്കണം. അങ്ങനെയാണെങ്കിൽ, അദ്ദേഹം തന്റെ കൃതികളിൽ പ്രാസനിർബ്ബന്ധം ദീക്ഷിക്കാത്തതിൽ അത്ഭുതമില്ല. "പ്രാസവഴക്കിലെ പ്രധാനകക്ഷികളിൽ കേരളപാണിനിയെ ഒഴിച്ചു് ബാക്കി മൂന്നുപേരും—കേരളവർമ്മ, ഉള്ളൂർ, കെ. സി., എന്നിവർ—സജാതീയപ്രാസം ഉപയോഗിച്ചും അല്പാതേയും പല നല്ല കവിതകളുമെഴുതീട്ടുള്ള സ്ഥിതിക്കു്, ആ വക വഴക്കുകൾക്കെല്ലാം കാരണഭൂതനായ കേരളപാണിനി, കഴിയുമായിരുന്നെങ്കിൽ പ്രാസനിഷ്ഠയ്ക്കുടുതിയെ ഒരു കൃതിയെങ്കിലും എഴുതുമായിരുന്നില്ലേ?" എന്നു ചോദിച്ചാൽ, "അങ്ങനെ വേണമെന്നു നിർബന്ധമൊന്നുമില്ലല്ലൊ" എന്നു് എതിരാളികൾക്കു് സമാധാനം പറഞ്ഞു നിവൃത്തിവരുത്തേണ്ടതേയുള്ളു.

ഇനി, രാജരാജവർമ്മയുടെ കാഴ്ചപ്പാടിൽ ആക്ഷേപങ്ങളെന്തെല്ലാം അഭിപ്രായഭേദങ്ങളുണ്ടായിരുന്നാലും, കെ. സി. കേരളവർമ്മയുള്ള ദീർഘദർശനപ്രാസത്തെ എതിർത്തതു് പ്രാസപ്രയോഗത്തിലുള്ള അപ്രാപ്തികൊണ്ടാണെന്നു് അദ്ദേഹത്തിന്റെ ശത്രുക്കൾപോലും പറയുമെന്നു തോന്നുന്നില്ല. ദ്രുവിഡവൃത്തങ്ങളിലും സംസ്കൃതവൃത്തങ്ങളിലുമായി അദ്ദേഹം എഴുതീട്ടുള്ള പല കൃതികളിലും—സ്വതന്ത്രമെന്നോ തർജ്ജമയെന്നോ ഉള്ള വ്യത്യാസമില്ലാതെ—അനന്യസാധാരണമായ സമർത്ഥിയപ്രാസം ഘടിപ്പിച്ചിട്ടുണ്ടു്. അദ്ദേഹത്തിനു തിരുത്തിയെഴുതേണ്ടിവന്നതു് സ്വതന്ത്രകൃതികളെ സംബന്ധിച്ചു് ഉദാഹരണം ചൂണ്ടിക്കാണിക്കേണ്ട ആവശ്യമേയില്ല. അവ സാധാരണക്കാർക്കു് അത്രമാത്രം പരിചിതങ്ങളായിരിക്കും. ജർമ്മൻ പണ്ഡിതരുടെ ഭാരതീവിലാപത്തിൽനിന്നു തർജ്ജമചെയ്ത "ഒരു വിലാപത്തിലെ ഒന്നാമത്തെ പദ്യങ്ങൾമാത്രം ഇവിടെ ഉദ്ധരിക്കാം:—

"വന്നീടമെന്നെയതിരേറതിരറ മോടം
ചിന്നീടമാറു ചെറുപുഞ്ചിരിതൂകി മന്ദം;
ചൊന്നീടമോമനവചസ്സുകളം നീ, യതെല്ലാം–
മിന്നീവിധം വെടിയുവാനിടയെന്തു ബാലേ!

ദൃഷ്ടിക്കു മഞ്ജുഹിമവാലുകയായ്, ഗളത്തിൽ–
തൃഷ്ടിക്കു കഞ്ജസുമമാലികയായ്, മനസ്സിൽ
തൃഷ്ടിക്കു നൽകവിതയായതിദിവ്യശോഭം–
പുഷ്ടിക്കു പാത്രത കലർന്നവം വണിരുന്നു."

സാധാരണമായി ചതുർത്ഥപാദത്തിൽ മാത്രമാണല്ലോ കവികർമകം പ്രയോഗിക്കാറുള്ളതു്. ചരിത്രനായകൻ നാലു പാദത്തിലും യമകം പ്രയോഗിച്ചു പല പദ്യങ്ങളു മെഴുതിട്ടുള്ളതായി കാണുന്നുണ്ടു്. "കേരവാഷ്ടകം" ഇക്കൂട്ടത്തിൽപെട്ട ഒരു മനോഹരകൃതിയാകുന്നു.

"അവനമാ വനമാലി നടത്തുമെ–
ന്നിഹ മുദാഹമുദാര! നിനച്ചു താൻ
ഭവനപാവന! പാർക്കുവതെന്നതോ–
ർക്കണമിതാണമിതാദരമാശ മേ"

എന്നിങ്ങനെ ആകൃഷ്ടസുന്ദരങ്ങളായ പദ്യങ്ങളാണു് അതിലുള്ളതു്. ഈവിധം കേരളത്തിലെ മറ്റൊരു കവിയേയും കിടയില്ലാത്തവിധം ചിതിയുക്ഷരപ്രയോഗമെന്നല്ല, മറ്റൊരു രംഭാമുകരാവും പ്രയോഗിക്കാൻ കേരവചിള്ളയ്ക്കു താല്പര്യമുണ്ടായിരുന്നു; എന്നുമാത്രമല്ല, കേരളവർമ്മദേവന്റെ കാലടികളെത്തുടർന്നു് സ്വരവ്യഞ്ജനങ്ങൾക്കു് ഐകരൂപ്യത്തെയുളവാക്കി കവിതയെഴുതിത്തുടങ്ങിയ ആദ്യകവികളിൽ പ്രഥമഗണനീയനാരിൽ ഒരാൾ അദ്ദേഹമായിരുന്നതുനോം. "കേരവീയ"ത്തിന്റെ മുഖവുരയിൽ കവിതന്നെ അഭിമാനത്തോടുകൂടി അതു പ്രസ്താവിച്ചിട്ടുമുണ്ടു്. "കേരവചിള്ള ചി: പ്രാസത്തിൽ സ്വരവ്യഞ്ജനങ്ങൾക്കു് ഐകരൂപ്യം വരുത്തി അശ്രുന്തം സഹൃദയഹൃദയസ്പന്ദനകങ്ങളായ പല

ശ്ലോകങ്ങളും ഉണ്ടാക്കിട്ടുണ്ട്" എന്നും, "സ്വരവ്യഞ്ജനങ്ങൾക്ക് ഐകരൂപ്യം വരുത്തി ദ്വിതീയാക്ഷരപ്രാസം ചെയ്യുവാൻ കേശവപിള്ളയ്ക്ക് ഒരു പ്രയാസവുമില്ല" എന്നും കേരളവർമ്മ ദേവൻതമ്പുരാൻ കോളേജ് മലയാളസമാജത്തിന്റെ വാർഷികയോഗത്തിൽ ചെയ്ത ഉപസംഹാരപ്രസംഗത്തിലും, കേരളപാണിനിയുടെ മദ്ധ്യസ്ഥവിധിയെ സംബന്ധിച്ചെഴുതിയ അഭിപ്രായത്തിലും പ്രസ്താവിച്ചതു നാം വായിച്ചുവല്ലൊ.

ഇതുകൊണ്ടും വിവരിച്ചതിൽനിന്നു ചരിത്രജ്ഞനായകൻ ദ്വിതീയപ്രാസത്തെ എതിർത്തുകൊണ്ടു് അരങ്ങത്തിറങ്ങിയതു് ഒരിക്കലും അശക്തികൊണ്ടല്ലെന്നു സ്പഷ്ടമായിരിക്കുമെന്നു വിശ്വസിക്കുന്നു. കേരളപാണിനി ചരടുവലിക്കുന്നതനുസരിച്ചു് ആടിക്കൊണ്ടിരുന്ന ഒരു "വെറും പാവ"യായിരുന്നു കെ. സി. എന്നു പറയുന്നതും ശരിയായിരിക്കയില്ല. പ്രാസനിർബ്ബന്ധത്തെ എതിർക്കാൻ കേരളപാണിനിയെ പ്രേരിപ്പിച്ച കലാമർമ്മജ്ഞതയേതോ അതുതന്നെയാണു കെ. സി യേയും ആ വഴിയിൽക്കൂടി സഞ്ചരിക്കാൻ ആദ്യമായി പ്രേരിപ്പിച്ചതു്. പക്ഷേ, വാദം മുത്തപ്പോൾ ഇതുകൂട്ടത്തം മൂലം മാറ്റാൻ അല്പം വഴിപിഴച്ചു സഞ്ചരിച്ചുപോയി കാണുന്നുണ്ടു്. അതു് ആക്ഷേപയോഗ്യമാകുന്നില്ല. ആളുകൾ വാദപ്രതിവാദങ്ങളിൽ മുഴുകി സാധാരണമായി സംഭവിച്ചുകാണാറുള്ള ഒന്നു മാത്രമാണതു്.

അന്നത്തെ ആ ദ്വിതീയാക്ഷരപ്രാസവിഷയം, മലയാളഭാഷയിൽ ഒന്നാന്തരം രണ്ടു മഹാകാവ്യങ്ങളുടേയും, പദ്യമുകൊണ്ടും പ്രൗഢമായ "ഭാഷാഭാഷാവർമ്മപ്രസ്ഥാന"ത്തിന്റേയും ആവിർഭാവത്തിനു കാരണമായിത്തീർന്നതോർക്കുമ്പോൾ, അതിൽപ്പെട്ട രണ്ടു കക്ഷികളേയും—പ്രത്യേകിച്ചു് ആ വാദത്തിനു കാരണക്കാരായിത്തീർന്ന കക്ഷിയേയും—മലയാളഭാഷ എന്നെന്നും കൃതജ്ഞയായിരിക്കുമെന്നുള്ളതിനു സംശയമില്ല.

അദ്ധ്യായം ന

കവിതാനിരൂപണം

എ. ആമുഖം.

ചരിത്രനായകന്റെ ചില കൃതികളെപ്പറ്റി ഇതിനു മുൻപുള്ള അദ്ധ്യായങ്ങളിൽ അവിടവിടെയായി സന്ദർഭവശാൽ സൂചിപ്പിച്ചിട്ടുണ്ടല്ലൊ. ബാക്കി കൃതികളെല്ലാം ഓരോന്നോരോന്നായി നിരൂപണംചെയ്യുൻ ഉദ്യമിക്കുന്നപക്ഷം, ആ നിരൂപണം വളരെ ദീർഘമായിപ്പോകും. അതിനാൽ ദിങ്മാത്രദർശനത്തിനായി ഏതാനും കൃതികളെ സംക്ഷിപ്തമായി വിമർശിക്കുണമെന്നുമാത്രമേ ഇവിടെ ഉദ്ദേശിക്കുന്നുള്ളൂ. അതിനുമുൻപ് ആമുഖരൂപത്തിൽ രണ്ടുവാക്കു പറയേണ്ടതായിട്ടുണ്ട്.

അൻപതു കൊല്ലങ്ങൾക്കു മുൻപുണ്ടായ കൃതികളെപ്പറ്റിയാണ് ഇവിടെ പറയാൻപോകുന്നതെന്നു് വായനക്കാർ പ്രത്യേകം ഓർക്കേണ്ടിയിരിക്കുന്നു. കവിതാരീതിക്കെന്നല്ല, ഭാഷാരീതിക്കുതന്നെ അന്നും ഇന്നുമായി വളരെ വ്യത്യാസമുണ്ട്. പഴയ രീതിയിലുള്ള സാങ്കേതികപ്രസ്ഥാനത്തിന്റെ യാഥാസ്ഥിതികമായിരുന്നു അന്നു്. സംസ്കൃതത്തിലെ അലങ്കാരശാസ്ത്രങ്ങളാണ കവികളെ നിയന്ത്രിച്ചിരുന്നതു്. ഗദ്യവും പദ്യവും പരിഷ്കരിപഥത്തിലേക്കു കാലുന്നിത്തുടങ്ങിയിരുന്നതേയുള്ള കേരളപാണിനിയുടെ പുതിയ പ്രസ്ഥാനം അടിയുറച്ചുകഴിഞ്ഞിരുന്നില്ല. ചരിത്രനായകന്റെ കൃതികളിൽ "കേരവീയം"മാത്രമേ ആ പുത്തൻ പ്രസ്ഥാനത്തിന്റെ സന്തതിയായിട്ടുള്ളൂ. ഈ ഇ് അദ്ധ്വാനത്തിന്റെ അവസാനകൃതിയാണ്. മറ്റുള്ളതൊക്കെ പഴയ രീതിയിൽ എഴുതപ്പെട്ട കൃതികളാകയാൽ ഇന്നത്തെ നിരൂപണരീതിയനുസരിച്ചു പരിശോധിക്കുന്ന പക്ഷം,

അവയിൽ മിക്കതും കിഷ്കിന്ധാകാണ്ഡമാത്രമേ കാണപ്പെടുകയുള്ളൂ. അന്നത്തെ കവിതകളെ ആധുനികകവിതകളുടെ തരത്തിലേക്കുയർത്തിപ്പെടുത്തിൻ പുറപ്പെട്ടന്നു്, ശൈലിയും മുക്തിയും ധരിച്ചു മട്ടു പ്രാചീനവനിതയെ, ഇരുപതാം നൂറ്റാണ്ടിലെ പരിഷ്കൃതവേഷധാരിണിയായ ഒരു യുവതിയുമായി ഇണക്കം ചെയ്യുന്നതുപോലെ പരിഹാസ്യമായിട്ടേ കാണുകയുള്ളൂ. 1075-ൽ തർജ്ജമ ചെയ്ത "ആംഗലസാമ്രാജ്യം" 1085-ൽ പ്രസിദ്ധീകരിച്ച ഈ ഗ്രന്ഥത്തിൽ "ആറേഴു സംവത്സരങ്ങൾക്കു മുൻപേ എഴുതിത്തീർന്ന ഈ തർജ്ജമയിലെ പ്രയോഗരീതിയും പ്രായേണ അന്നത്തെ രുചിക്കു് അനുരൂപമായിട്ടുള്ളതാകുന്നു" എന്നു ഗ്രന്ഥകാരൻ പ്രസ്താവിച്ചുകാണുന്നു. അന്നു് ആറേഴു കൊല്ലക്കാലത്തിനിടയിൽത്തന്നെ ഭാഷയുടെ പ്രയോഗരീതിക്കുണ്ടായ തമ്മിൽ വലിയ വ്യത്യാസം വന്നുകഴിഞ്ഞിരുന്നു എന്നാണെല്ലോ ഇതിൽനിന്നു തെളിയുന്നതു്. അങ്ങനെയാണെങ്കിൽ, അതിനാശ്ചര്യം പത്തുനാല്പതു കൊല്ലത്തിനിടയിൽ അക്കാര്യത്തിൽ എത്രമാത്രം വ്യത്യാസം വന്നിരിക്കണം? ഈ പരമാർത്ഥത്തിന്റെ പ്രകാശത്തിൽ നമുക്കു ചരിത്രകാരന്റെ കൃതികളെ ഒന്നു പരിശോധിച്ചുനോക്കാം.

ബി. രണ്ടു തർജ്ജമകൾ.

ഭാഷാപോഷിണിസഭയുടെ പ്രാരംഭാഭിലാഷത്തിനു പാത്രമായ "ഭാഷാനാരായണീയ"ത്തെപ്പറ്റി മുൻപു സൂചിപ്പിക്കയുണ്ടായിട്ടുണ്ടു്. അതും "ആംഗല സാമ്രാജ്യ"വുമാണു് കേ. സി. യുടെ രണ്ടു വലിയ തർജ്ജമകൾ. കേരളിശ്വരമണിയായിരുന്ന മേല്പത്തൂർ നാരായണഭട്ടതിരിപ്പാടു് ഭാഗവതം ഒരു മനുഷ്യസ്പന്ദത്തിലെ കഥ ചുരുക്കി ആയിരം ശ്ലോകങ്ങളിലടക്കിക്കൊണ്ടു് സംസ്കൃതത്തിലെഴുതിയ ഒരു വിശിഷ്ടകൃതിയാണു "നാരായണീയം". വാതരോഗബാധിതനായ കവി, വായുപ്രാധിശനെ ഭജിച്ചു ഗുരുവായൂർ തൊഴുതുകൊണ്ടിരുന്ന കാലത്തുണ്ടാ

ക്കിയ വയ്ണ് പ്രസ്തുത കൃതിയെന്നും, അതെഴുതിത്തീർന്നതോടുകൂടി അദ്ദേഹം നിരാമയനായിത്തീർന്നുവെന്നും പറയപ്പെടുന്നു. നാരായണീയത്തിലെ ആയിരം ശ്ലോകങ്ങളെ നൂറു ദശകങ്ങളായിത്തിരിച്ചിരിക്കുന്നു. "എന്നെ വാതരോഗത്തിൽനിന്നു രക്ഷിക്കേണമേ" എന്ന് ഗുരുവായൂരപ്പനെ പ്രാർത്ഥിച്ചുകൊണ്ടാണ് ഓരോ ദശകവും അവസാനിക്കുന്നത്. കേരളത്തിലെ ക്ഷേത്രങ്ങളിലും ഇന്നും "നാരായണീയം" നിത്യപാരായണത്തിനു പറയത്തക്കവണ്ണം വശമായ ഭക്തനായിരുന്ന കേശവപിള്ളയും അക്കൂട്ടത്തിൽപെട്ട ഒരാളായിരുന്നു. ഏഴുത്തച്ഛൻ രാമായണം മുതലായ കൃതികൾ ദേശ്യഭാഷയിലേയ്ക്കു പകർത്തിയതു് സംസ്കൃതമറിഞ്ഞിരുന്ന കേരളീയരെ ഉദ്ദേശിച്ചാണല്ലൊ. അതുപോലെ നാരായണീയവും മലയാളത്തിലേയ്ക്കു തർജ്ജമചെയ്തതിൽ അതു് സംസ്കൃതപരിചയമില്ലാത്തവർക്കു് കൂടുതൽ പ്രയോജനകരമായിരിക്കുമെന്ന തോന്നിയതിന്റെ ഫലമായിട്ടാണ് അദ്ദേഹം അതു തർജ്ജമചെയ്തു തുടങ്ങിയതു്. ഗ്രന്ഥകർത്താവുതന്നെ പറയുന്നതുപോലെ, "ഇന്നത്തെ രുചിക്കു പറ്റാത്ത ചില പ്രയോഗങ്ങളൊഴിച്ചാൽ" നാരായണീയതർജ്ജമ ഒരുവിധം നന്നായിട്ടുണ്ടെന്നുവേണം പറയാൻ. ഏതാനും പദ്യങ്ങൾ ഇവിടെ ഉദ്ധരിക്കാം:—

"വയ്യും രോമാഞ്ചമോടും പെരുകിന പുരസ-
ന്തോഷബാഷ്പങ്ങളോടും
തീക്കണ്ണിന്നാവതല്ലാത്തൊരു രുജകളെ ഞാൻ
വിസ്മരിക്കുംവിധത്തിൽ
ചീക്കും ദുഃഖത്തിനാലിങ്ങിളകിന മമ ചി-
ത്താംബുജത്തിൽപ്പുരാന-
ന്ദോൽകർഷങ്ങാനശ്യപം നരകഹര! വിള-
ങ്ങീടണം നിൻസ്വരൂപം."

ദശകം 3

"പിന്നെത്താമരനാളമൊക്കെ വിധിതാൻ
നന്നായ്ത്തിരഞ്ഞാർത്തനായ്

തന്നത്താനൊരു നൂറുവത്സരമഹോ!
ചെന്നെത്തിയില്ലൊന്നിലും;
പിന്നെത്താൻ സുഖമോടിരുന്നതിലുടൻ
ഭിന്നതപമെന്യേ വിഭോ!
നിന്നെത്തന്നെ സമാധി ശക്തിയോടുമ-
ങ്ങുന്നിത്തപിച്ചീടിനാൻ.'' ദശകം 9

''ക്ഷീണിച്ചോരാം വിയത്തിട്ടെരുവളഴകെഴും
നിന്റെ തോളിൽപ്പിടിച്ചാഗം
ക്ഷീണതപംചേർന്ന പാരം പരിമുകുളിതമാ-
യുള്ള കണ്ണോടുമപ്പോഗം;
ചേണോലും കുന്തലൊട്ടൊട്ടിളകിയെരുവിനൽ-
ച്ചന്ദനത്താൽ മണക്കും
പാണിയ ചുംബിച്ചു രോമാഞ്ചമൊട്ട തവ പരം
വഞ്ചനേനാഞ്ചിതാംഗം.'' ദശകം 69

''നീലശ്രീപൂണ്ട തിങ്കൾക്കലമധികസുധ-
ന്യർബ്ബുദം മയിൽപ്പു-
ഞ്ചീലിച്ചേലോടെ രത്നാഭരണലസിതമാ-
യഗ്രഭാഗേ ചുരുണ്ടും
ചേലേറും മാലയേലും തലമുടിയതു വെൺ-
ഗോപി ചേർന്നുല്ലസിക്കും
ബാലപ്പുന്തികലം തോലിപ്പെട്ടമതിരുചിരം
ഫാലവും കണ്ടിടുന്നേൻ.'' ദശകം 100

ഈ പദ്യങ്ങളിൽനിന്ന് തർജ്ജമയുടെ സ്വഭാവം ഏകദേശം മനസ്സിലാക്കാമെല്ലൊ. അന്നത്തെ നിരൂപകന്മാരിൽ അഗ്രഗണ്യനായിരുന്ന ശ്രീ. അച്യുതമേനോൻ ഭാഷാനാരായണീയത്തെപ്പറ്റി "വിദ്യാവിനോദിനി"യിലെഴുതിയിരുന്ന വിമർശനത്തിലെ ഒരു ഭാഗം, ഈ കൃതിയെപ്പറ്റി അന്ന് വിദ്വല്ലോകത്തിന് എന്തഭിപ്രായമാണുണ്ടായിരുന്നതെന്നു തെളിയിക്കാൻ പര്യാപ്തമായ ഒന്നാകയാൽ അതിവിടെ പകർത്താം:—

"ഹരിണീയത്തിലെ ശ്ലോകങ്ങളിൽ അധികഭാഗവും സ്രഗ്ധര, കുസുമമഞ്ജരി, മാർദ്ദൂലവിക്രീഡിതം മുതലായ വലിയ വൃത്തങ്ങളിലുള്ളവയാകുന്നു. ഇപ്രകാരമുള്ള അയിരത്തിൽ ചിലപാതം സംസ്കൃതശ്ലോകങ്ങൾ അടങ്ങിയിരിക്കുന്ന ഒരു പുസ്തകം മുഴുവൻ പദ്യത്തെപദ്യമായി മലയാളത്തിലേയ്ക്കു ഭാഷാന്തരപ്പെടുത്തുന്നതിനുള്ള ശ്രമം എത്രമഹത്തരമെന്ന പൂർണ്ണമായി അറിവാൻ, ആ വിഷയത്തിൽ പരിശ്രമിച്ചിട്ടുള്ളവർക്കുമാത്രമേ വായിക്കയുള്ളൂ. ഈ ശ്രമം സുലഭമാക്കുന്നതിന് കവിതാസാമർത്ഥ്യവും വ്യുൽപത്തിദാർഢ്യവും, സർവ്വോപരി സ്ഥിരോത്സാഹവും അത്യാവശ്യമാകുന്നു. നാടുവണിയപരിഷ്കർത്താവായ കേ. സി. കേശവപിള്ള അവർകൾ ഈ ശ്രമത്തിൽ പരിപൂർണ്ണമായ വിജയം കൈവരിച്ചുകാണുന്നു. അഭിനന്ദിക്കത്തക്കതും ശ്ലാഘിക്കത്തക്കതുമായിരിക്കുന്ന ഏതു പാരയുന്നതിൽ ഞങ്ങൾ ഒട്ടും സംശയിക്കുന്നില്ല.

ശ്രമസാദ്ധ്യമെന്നുള്ളതുകൊണ്ടുമാത്രം ഒരു തർജ്ജമ ശ്ലാഘ്യമാകുന്നതല്ല. അതിനു വേറെ ചില ഗുണങ്ങൾകൂടി ഉണ്ടായിരിക്കണം. ഒന്നാമതായി നോക്കേണ്ടുള്ളതു മൂലശ്ലോകത്തിന്റെ മുഴുവൻ അർത്ഥവും ഭാഷാശ്ലോകങ്ങളിൽ വന്നിട്ടുണ്ടോ എന്നാണ്. ഞങ്ങൾ ഈ പുസ്തകത്തിലെ പല ഭാഗങ്ങളും മൂലത്തോടുകൂടി ഒത്തുനോക്കിയതിൽ അതിലെ അർത്ഥം ഈ തർജ്ജമയിൽ പൂർണ്ണമായി വന്നിട്ടുണ്ടെന്നു മാത്രമല്ല, അതിന്റെ പ്രകൃതത്തിലെ സൗന്ദര്യങ്ങളും രസങ്ങളുംകൂടി ഇതിൽ സാമാന്യമായി സംഘടിക്കുന്നുമുണ്ട്. രണ്ടാമതായി നോക്കേണ്ടുള്ളതു തർജ്ജമശ്ലോകങ്ങൾക്ക് അർത്ഥസംഘടന വന്നിട്ടുണ്ടോ എന്നാണ്.....ദുർന്വയം കൊണ്ടോ അപ്രസിദ്ധപ്രയോഗംകൊണ്ടോ മറവുവല്ല ക്ലിഷ്ടതകൊണ്ടോ ഇതിൽ അർത്ഥസംഘടനയ്ക്കു ഹാനിവന്നിട്ടില്ലെന്നു ഞങ്ങൾ സന്തോഷപൂർവ്വം സമ്മതിക്കുന്നു.

പിതിയാക്ഷരപ്രസ്തുതത്തെ ഇതരജ്ഞമക്കാരുടെ സാഹിത്യകൃതികളുമായി പരിശീലിച്ചിട്ടില്ല..... അത്തരത്തിനു ഹേതുവായ ക്ലിഷ്ടതയോ വാഗ്വൈഭവത്തിന്റെ അഭാവമോ അനാവശ്യപദങ്ങളുടെ കടന്നുകയറ്റമോ പ്രസ്തുത വൃത്തത്തിനുണ്ടെന്നല്ലാതെ അതിനു ഗദ്യത്തിന്റെ അയവുണ്ടുതാനും. അല്ലാത്തപക്ഷത്തിൽ പ്രസ്തുതവൃത്തത്തെ ഉപേക്ഷിക്കയും ചെയ്തിരിക്കുന്നു. ഇതു സഹൃദയന്മാരുടെ മാർഗ്ഗമാണെന്നാണ് തങ്ങളുടെ അഭിപ്രായം."

ഇൻഡ്യാചരിത്രത്തെ അധികരിച്ച് 23 സർഗ്ഗങ്ങളിലായി കേരളപാണിനി സംസ്കൃതത്തിലെഴുതിയ ഒരു മഹാകാവ്യമാണ് "ആംഗ്ലസാമ്രാജ്യം". ഇതിൽ ആകെ 1910 പദ്യങ്ങളുണ്ടായിരിക്കുന്നു. "ആംഗ്ലസാമ്രാജ്യം" എന്ന പേരുകൊണ്ടുതന്നെ ഇതു ബ്രിട്ടീഷുകാർ ഇൻഡ്യയിൽ പ്രവേശിച്ചതുമുതലുള്ള ചരിത്രത്തിന്റെ ഒരു സംഗ്രഹമാണെന്നു തെളിയുന്നുണ്ടല്ലൊ". ഇൻഡ്യാചരിത്രവിഷയകമായി സംസ്കൃതഭാഷയിലെഴുതപ്പെട്ടിട്ടുള്ള ഒരേഒരു മഹാകാവ്യം "ആംഗ്ലസാമ്രാജ്യം"മാത്രമാകുന്നു. സംസ്കൃതഭാഷയ്ക്കിണങ്ങാത്ത വൈദേശികസംജ്ഞാനാമങ്ങളെക്കൊണ്ടും മറ്റും നിറഞ്ഞ ഒരു ദീർഘചരിത്രം സംസ്കൃതത്തിലാക്കുക—അതും ഒരു മഹാകാവ്യരൂപത്തിൽ—എന്നതു് അത്ര സുകരമല്ല. രാജരാജവർമ്മയുടെ സംസ്കൃതപാണ്ഡിത്യപരിണതിയാണ് ഒരു സാമാന്യതവിജയസ്തംഭമായി "ആംഗ്ലസാമ്രാജ്യം" സംസ്കൃതഭാഷാനിലനില്പുള്ടിടത്തോളംകാലം പരിലസിക്കുമെന്നുള്ളതിനു യാതൊരു സംശയവുമില്ല.

പദ്യായപദങ്ങളും നാനാർത്ഥപദങ്ങളുംകൊണ്ടു നിറഞ്ഞ സംസ്കൃതഭാഷയ്ക്കുപോലും സുകരമല്ലാത്ത ഒരു കൃത്യം, ഇനിയും പദാരിദ്ര്യം തിങ്ങിക്കഴിഞ്ഞിട്ടില്ലാത്ത പാവപ്പെട്ട മലയാളഭാഷയ്ക്ക് എത്രമാത്രം ദുഷ്കരമായിരിക്കുമെന്നു പ്രത്യേകിച്ചു പറയണമെന്നില്ലല്ലൊ. കേരവപിള്ള അത്തരത്തിലുള

മായ സാമർത്ഥ്യത്തോടുകൂടി ആ കൃത്യം നിർവ്വഹിച്ചു. അതേ, അദ്ദേഹം ആംഗലസാമ്രാജ്യം മുഴുവൻ മലയാളത്തിലേക്കു തർജ്ജമചെയ്തു. നാരായണീയം തർജ്ജമചെയ്ത പരിചയം ഇക്കാര്യത്തിൽ അദ്ദേഹത്തെ വളരെ സഹായിച്ചു. മാത്രമല്ല, അന്ന് അദ്ദേഹം തിരുവനന്തപുരത്തു താമസമാക്കിക്കഴിഞ്ഞിരുന്നതിനാൽ, രാജരാജവർമ്മയുടെ സഹായവും ഗണ്യമായ വിധത്തിലുണ്ടായി. "തർജ്ജമയിൽ മേന്മ വരുത്തുന്നതിനു പ്രയാസമായിത്തോന്നിട്ടുള്ള ചില ഭാഗങ്ങളെ കേരംപ്പിക്കുന്ന അവസരത്തിൽ അവിടുന്നു നിഷ്പ്രയാസമായി പറഞ്ഞുതന്നിട്ടുള്ള പാഠാംശങ്ങളുടെ സൗഷ്ഠവം എന്നെ വിസ്മയിപ്പിച്ചിട്ടുള്ളതിനു കണക്കില്ല" എന്നു പരിഭാഷകൻ മുഖവുരയിൽ പറയുന്നു. രാജരാജവർമ്മ ഒരു പരിഭാഷകന്റെ നിലയിൽ സമ്പാദിച്ചിട്ടുള്ള പേരും പെരുമയും മഹയോളിക്കുംക്കെല്ലാം സുപരിചിതമാണല്ലോ. ഗ്രന്ഥകർത്താവ് അദ്ദേഹവുമായി അടുത്തു പരിചയിച്ചുകിന്റെ ഫലം ആംഗലസാമ്രാജ്യപരിഭാഷയിൽ നല്ലപോലെ പ്രതിഫലിച്ചുകാണാനുണ്ട്. പ്രസ്തുതകൃതി, നാരായണീയപരിഭാഷയെ അപേക്ഷിച്ച് എത്രയോ ഉയർന്ന നിലയിലാണ് നില്ക്കുന്നതെന്നു നിസ്സംശയം പറയാം. തർജ്ജമയാണെന്നു പെട്ടെന്നു പറയാൻ തോന്നാത്തവിധം അത്രമാത്രം ഒഴുക്കും അഴകുമുള്ള പദ്യങ്ങളാണ് അതിൽ ധാരാളമുണ്ട്.

"പൂവല്ലി ചുറ്റിയവിധം വിലസുന്ന സുത-
ജാലങ്ങളാം പാമരസംഹമിവറ്റിനാലേ
ചേണാറ കപ്പലുകളെ തിംസയതിന്റെ മദ്ധ്യ-
സ്ഥാനത്തിലുത്തവനപ്പട ചാർത്തിടുന്നു." (സ.1.ശ്ലോ.1.)

"കൃത്യങ്ങളൊക്കെ വഴിപോൽ നിയമിച്ചുറപ്പി-
ത്തൽഭാരവാഹികളെയും പുനരേല്പ്പെടുത്തി
സംഘത്തിലുള്ള ചിലരെസ്സകലാധികാര-
കാര്യം വഹിച്ചിടുവതിന്നവർ നിശ്ചയിച്ചു." (സ.1.ശ്ലോ.20)

"വാണിജ്യത്തിന്നതികൃതകർമം-
ടേവമീയിൻഡ്യയിങ്കൽ"
ചേണാർന്നീടും വിരുതിയലുമിം-
ശ്ലീഷുകാർ വന്നകാലം,
മുൻപേ വന്നീടിന മുഗഢംമഹീ-
വല്ലഭന്മാരമുന്ദം
വൻപേറീടംവിധമിഹ ധരാ-
പാലരായ് വാണിരുന്നു." (സ.2.ശ്ലോ1)

"വേണ്ടുംപോൽ വന്നൊരുകുറി നര-
ന്നുള്ള രക്തം കുടിച്ചാൽ
വീണ്ടും ഗ്രാമങ്ങളിലനുപദം
വ്യാപ്തമെത്തുന്നപോലെ,
കൊണ്ടാടേണ്ടും വിവിധവിഭവം
കണ്ടവൻ കണ്ണുവെച്ചീ-
ട്ടിൻഡ്യാരാജ്യം പലകുറി തരം
നോക്കി വന്നാക്രമിച്ചു." (സ.2.ശ്ലോകം36)

"നിസ്സാരമാം നികൃതിയൊക്കെ നിവൃത്തി; ഭ്രമി-
യെല്ലാം പകുത്തു പുതുതായ് കുടികൊൾക നല്ലീ;
നിസ്സഗ്രശീലനവനാത്തജനാവനത്തിൽ
വർദ്ധിച്ച വാഞ്ഛ വഴിപോലെ വെളിപ്പെടുത്തി." (സ.20.ശ്ലോ.8)

"വൻപൊത്തിവണ്ണമതിവേഗമിയന്ന മിന്നൽ-
ക്കമ്പിത്തപാലിഹ പുരംപ്രതി വന്നമൂലം
ഇമ്പത്തൊടാളുകിം വിളഭഗർത്തൻ ചരിത്രം
തൻപത്തനസ്ഥരുടെയെന്നപോൽ ഗ്രഹിച്ചു." (സ.20.ശ്ലോ.26)

"ക്രിസ്തീയമായ മതമാണ ധരിപ്പതീ നാ-
മെന്നാലുമന്യമതനിന്ദ ഖഹിച്ചിടാ നാം;
സന്മാർഗ്ഗവർത്തികൾടെ വൈരികമായിടുന്നോ-
രാചാരരീതിയിൽ നടക്കിഹ മൗനമത്രെ." (സ.22ശ്ലോ.50)

"നനേധികാരേരണാഹരെ നിശ്ചയിപ്പോ-
രാസ്ഥാകട്ടഞ്ഞി ജനാജാതിമതാടികാഴ്ച്ച്
ഏതും ഗണിച്ചീടകയില്ലൊരുനാളുമെന്ന-
മിഥുജനങ്ങടം വഴിപോലെ ധരിച്ചിടേണം." (സ.22.ശ്ലോ:51)

സാഹിത്യമണ്ഡലത്തിൽ വിമർശകവേണ്യനായിരുന്ന അപ്പൻതമ്പുരാന്റെ ആംഗലസാമ്രാജ്യപരിഭാഷയെഴുതിട്ടുള്ള അവതാരികയിൽ വളരെ വൈദേശ്യുത്തോടുകൂടി അതിനെ മണ്ഡങ്ങളെയെല്ലാം സ്ഥാപിച്ചിട്ടുള്ളതായി കാണുന്നുണ്ട്.

".....ആംഗലസാമ്രാജ്യം ഭാഷാന്തരപ്പെടുത്തുന്നു, സാധാരണ സംസ്കൃതഗ്രന്ഥങ്ങൾ തർജ്ജമചെയ്യുന്നതിപോലെ അത്ര എളുപ്പത്തിൽ സാധിക്കുന്ന ഒരു കാര്യമല്ല. പരിഭാഷകന്റെ സ്വാതന്ത്ര്യത്തിനു തടസ്സം വരുത്തുന്നതായ പല വൈഷമ്യങ്ങളും അതിൽ പരിഗണനീയങ്ങളായിട്ടുണ്ട്. "ഇന്ദ്ര" നോ "ചന്ദ്ര"നോ വൃത്തത്തിൽ ഒതിയില്ലെങ്കിൽ "പാകശാസന" നായിട്ടോ "ശീതകിരണ"നായിട്ടോ വഴിപിടിച്ചു കയറി പരിഭാഷപ്പെടുത്തുവാൻ വിരോധമില്ല. തെളിച്ചുവഴി പോകാത്ത അക്ബർ മുതലായ വൈദേശികവിശേഷനാമങ്ങളെ പോയ വഴിക്കു തെളിക്കുകയല്ലാതെ, മറ്റെന്തെങ്കിലും ഗതിയുണ്ടോ കവിക്കുണ്ടാകുന്നു? "അക്ബർ" വൃത്തത്തിനു ചേർന്നില്ലെങ്കിൽ, വൃത്തം അക്ബർക്കു ചേർക്കേണ്ടതായിരുന്നു. അല്ലാതെ "ആവപേതിതി" മുതലായ സാങ്കേതിക ശബ്ദങ്ങൾ തർജ്ജമചെയ്യുമ്പോഴും ഇതുപോലെ ബുദ്ധിമുട്ടുകൾ നേരിടുന്നതായാണ്..... ....പങ്ങൾ കവിക്കു വശപ്പെട്ടിരിക്കുന്നതു പോയിട്ട്, കവി പടങ്ങൾക്കു അടിമപ്പെടേണ്ടതായി വരുന്ന അവസരങ്ങളിലാണ് പരിഭാഷകനു കവിതയിലുള്ള പരുക്കും തരക്കേടും വാസനയും പൂർണ്ണമായും തെളിഞ്ഞു കാണുന്നത്.....മൊട്ടുവിഷയമായി തന്നിട്ടുപോകുന്ന ചരിത്രസംഭവങ്ങളെ കാവ്യത്തിനുതകുന്ന ചമൽക്കാരത്തോടുകൂടി വർണ്ണിച്ചിട്ടുള്ള മൂല കവിയുടെ ആശയത്തിനു് ഏറാക്കുറവും വിട്ടുവീഴ്ചയും വരാ

ത്തെ, അങ്ങനെ പരിഷ്കൃതനിലയിൽ കിടക്കുന്ന കേരളഭാഷയിൽ പകർത്തുന്നതു് അത്ര സുകരമല്ലെന്നു് അനുഭവസ്ഥന്മാർക്കു് അറിഞ്ഞുകൂടേ.....

ദ്വിതീയാക്ഷരപ്രാസവിരഹംകൊണ്ടു് കൈരളീമഹിളയ്ക്കു വൈധവ്യം വന്നുഭവിച്ചതായി വിചാരിക്കുന്ന കൂട്ടത്തിലല്ല പ്രസ്തുത കവിയെന്നവരികിലും, ഈ തത്ത്വത്തിൽ ഒട്ടുമുക്കാലും ഭാഗങ്ങളിൽ ദ്വിതീയാക്ഷരപ്രാസം പ്രയോഗിച്ചുകാണുന്നുണ്ടു്. പ്രാസാന്തരങ്ങളെക്കൊണ്ടു കൈരളീമഹിളയ്ക്കു നൈടമംഗല്യവും രമണീയതയും ഉണ്ടാക്കുവാൻ കഴിയുമെന്നുള്ളതിനും ധാരാളം ഉദാഹരണങ്ങൾ കാണിച്ചിട്ടുണ്ടു്.....അനുപ്രാസം, ആദ്യക്ഷരപ്രാസം ഇവകൊണ്ടു ദ്വിതീയാക്ഷരപ്രാസത്തേക്കാൾ എന്നല്ല, ദ്വിതീയതൃതീയാക്ഷരപ്രാസങ്ങളേക്കാൾ സ്വാരസ്യം കൂടുതലോ കുറവോ എന്ന കാര്യം ശ്രോതാവിന്റെ രുചിഭേദത്തെ അനുസരിച്ചിരിക്കുന്നതാണു്. മലയാളത്തിൽ തോടയത്തെ ഉപയോഗിച്ചുവരുന്നതെന്നുവെച്ചു് പരദേശത്തെ കമ്മഖിനമേന്തിയില്ലെന്നു പറയുന്നവരോടു് മനനമവലംബിക്കുന്നതല്ലാതെ മറുപടിയൊന്നും പറയണ്ടതില്ല. പരിചയംകൊണ്ടു പ്രതിപത്തി വളർന്നിട്ടില്ലെന്നോ, കഠിനംകൊണ്ടു രുചി ഭേദപ്പെട്ടുകയില്ലെന്നോ, ഖണ്ഡിച്ചുപറവാൻ ഞാൻ തയ്യാറില്ല.....ശബ്ദാലങ്കാരങ്ങളിൽ ദ്വിതീയാക്ഷരപ്രാസത്തിനു് മലയാളത്തിൽ കണ്ണും കണ്ണികയും ബിലിച്ചിട്ടുള്ള പ്രാധാന്യം വാദ്ധ്യാസ്തമെന്നുവന്നപ്പോൾതന്നെ രുചിഭേദം തീർച്ചപ്പെട്ടു. അതു കാലദേശത്തിന്റെ ഫലമാണെന്നേ വിചാരിക്കേണ്ടു ഇതുള്ളൂ..... രാജരാജകവിരാജവിരചിതമായ "ആംഗലസാമ്രാജ്യ"മെന്ന സംസ്കൃതകാവ്യം കേരളഭാഷാദർപ്പണത്തിൽ പ്രതിഫലിച്ചുണ്ടായ ഈ പ്രതിച്ഛായയിൽ, പ്രതിബിംബത്തിയില്ലാത്തവരുണ്ടെങ്കിൽ, അവർ പ്രകൃത്യാ കേരളഭാഷയിൽ വിപ്രതിപത്തിയുള്ളവരായിരിക്കണം....."

രാഘവമാധവം, ലക്ഷ്മീകല്യാണം, സരോജം, വിക്രമോർവ്വശീയം എന്നീ നാല നാടകങ്ങൾ ചരിത്രനായകന്റെ വകയായിട്ടുണ്ട്. വലിയകോയിത്തമ്പുരാന്റെ ശകുന്തളപരിഭാഷയെത്തുടർന്ന് കേരളമൊട്ടാകെ പിടിപെട്ട നാടകഭ്രാന്തിന്റെ സൂചനയാണല്ലൊ. അന്ന് തജ്ജമയായോ സ്വതന്ത്രമായോ ഒരു നാടകമെങ്കിലും എഴുതാത്തവരായി കേളികവികളിൽ അധികം പേരുണ്ടെന്നു തോന്നുന്നില്ല. ശക്തിമത്തായ ആ പ്രവാഹത്തിൽ ചരിത്രനായകനും പെട്ടുപോയതിന്റെ ഫലമാണ് "രാഘവമാധവം." നാടകാന്തം കവിതപോലും എന്ന പൊല്ലാന്തരിച്ചുനോക്കിയാൽ ഒരു നാടകമുണ്ടാക്കാനുള്ള യോഗ്യത തനിക്കുണ്ടെന്നു താൻ വിചാരിക്കുന്നില്ലെന്നും, ഒരു സ്നേഹിതന്റെ നിർബന്ധംകൊണ്ടു താൻ ഒരു നാടകമെഴുതുന്നു എന്നുമാത്രമേയുള്ളുവെന്നും, കേരളവർമ്മ തമ്പുരാൻ ആ നാടകം പ്രസിദ്ധീകരിച്ചു അവതാരികയിൽ പറയുകയുണ്ടായിട്ടുണ്ട്. ഒരു ന്യായപരിഹാരത്തിനായിട്ടുമാത്രമാണ് അദ്ദേഹം അങ്ങനെ പറഞ്ഞതെന്ന്, "ഒരു സമയം ഒന്നോ രണ്ടോ പുതിയ നാടകങ്ങളെ ഇതിന്റെ മേലേ തണിക്കുമെങ്കിലും, അകപ്പാടെ ഇതിനെ ഒന്നാംതരത്തിൽ ചേർക്കേണ്ടതാണെന്നു ഞങ്ങൾ നിസ്സംശയം അഭിപ്രായപ്പെടുന്നു.....പുതിയ നാടകങ്ങളുടെ കൂട്ടത്തിൽ ആടുന്നതിനു് ഇതു നന്നായിട്ടു വേറെ ഒന്നുമില്ലെന്നാണ് ഞങ്ങളുടെ അഭിപ്രായം" എന്നുള്ള "വിദ്യാവിനോദിനി"യുടെ സൂക്ഷ്യപത്രത്തിൽനിന്നു തെളിയുന്നുണ്ടല്ലൊ.

ശ്രീകൃഷ്ണൻ രുക്മിണിയുടേയും ഗരുഡന്റേയും അഹങ്കാരത്തെ തമിപ്പിച്ചതാണ് "രാഘവമാധവ"ത്തിലെ കഥ. കണ്ണത്തിൽ വരമ്പിസ്സ് മാപ്പിളയുടെ "യദുകുലരാഘവം" മുതലായ ചുരുക്കം ചില കൃതികൾക്കു മാത്രമേ ഈ ഇതിവൃത്തം വിഷ

യമായിത്തീർന്നിട്ടുള്ളൂ. അനുവാചകരിലും നൂതൻകരിലും സ
ദാചാരബോധത്തെ ശുദ്ധമുഖമാക്കിത്തീർക്കുവിധം ഇതി
വൃത്തത്തെ പ്രപഞ്ചനം ചെയ്യുന്ന കാര്യത്തിൽ ശ്രദ്ധകത്തുപ്പ്
പ്രത്യേകം ശ്രദ്ധപതിപ്പിച്ചിട്ടുണ്ട്. സന്ദർഭവശമായ ഒരു ഗീതി

'ഭയിതകളിൽ മികച്ചോളെന്നെനിക്കുന്ന ഗർവ്വം
ഭയിതതമ! മനസ്സിൽച്ചേർന്നതിന്നാശു തീർന്നു,
ഭയിതകളുടെ ദോഷം സർവ്വവും ചെയ്യുന്നീശാ—
നായി, തവ കൃപയുണ്ടാകേണമെൻ പ്രാണനാഥ!"

എന്നു് ഒടുവിൽ ക്ഷമായാചനം ചെയ്യുന്നതും, അപ്പോളേക്കു
ഉത്തമനായിത്തീർന്ന ഗന്ധർവൻ അവസാനം, "ഞാൻ ചെയ്ത
തെല്ലാം അബദ്ധമായിപ്പോയി എന്നും, അതിനു കാരണ
മായിത്തീർന്നതു് എന്റെ അഹങ്കാരമാണെന്നും എനിക്കി
പ്പോൾ മനസ്സിലായി; മേലിൽ ഞാൻ വിനയമാകുന്ന ധന
ത്തെ കാൽക്ഷണംപോലും അകറ്റുകയില്ല. ആയതിനാൽ
ഭവാന്മാർ എന്റെ സർവ്വാപരാധങ്ങളേയും ക്ഷമിച്ചു് അനുഗ്രഹിച്ചാലും" എന്നിങ്ങനെ വിനീത
മായി പ്രാർത്ഥിക്കുന്നതുമാണു് നാടകത്തിലെ മർമ്മമായ
ഭാഗം. ചുരുക്കിപ്പറഞ്ഞാൽ നാടകത്തിന്റെ പ്രസ്താവനയിൽ
സൂത്രധാരൻ പറയുന്ന,

'ഞാനെന്നുള്ളൊരു ഭാവമുള്ളിലുള്ളവ—
യെന്നാകിലാരാകിലും
നൂനം നിന്ദിതനായ് തനിക്കു തുണയൊ—
ന്നില്ലാതെ വല്ലാതെയാം;'

എന്ന തത്ത്വം ജനങ്ങളുടെ മനസ്സിലുറയ്ക്കണമെന്നുള്ളതാണു് "വി
ക്രമോർവ്വശീയ"ത്തിന്റെ ഉദ്ദേശം.

ഭാഷാനാടകങ്ങളുടെ രീതിയനുസരിച്ചു് ശ്ലോകങ്ങളും
സംഭാഷണവുമായിട്ടാണു് കേ. രാ. ആദ്യം ഈ നാടകമെഴു
തിയതും അച്ചടിപ്പിച്ചതും. പിന്നീടു് അതഭിനയിച്ച കലാ
സംഘക്കാർ ആവശ്യപ്പെട്ടതനുസരിച്ചു് അതിൽ ഏതാനും

തനങ്ങൾകൂടി എഴുതിച്ചേർത്ത് ഇങ്ങനെ നൈഷം പതിപ്പിൽ വൈഷം "ഭാഷാനൈഷധം" മയിക്കുന്ന "മാഘവമാധവം," രണ്ടാം പതിപ്പായപ്പോൾ "സംഗീത മാഘവമധവ" മയിത്തീർന്നു. ശ്ലോകങ്ങളുടെയും വാക്യങ്ങളുടെയും രചന നന്നായിരിക്കുന്നു. "ഞാത്മനിനു ക്ഷമൽക്കാര്യവും സ്വാതന്ത്ര്യവുമുള്ള "ശ്ലോകങ്ങൾ വളരെയുണ്ട്". ഗാനങ്ങളുടെ ആകർഷകതയും അഭിനന്ദനീയം തന്നെ". അന്നത്തെ പതിവനുസരിച്ചു തമിഴ്നാടകങ്ങളിലെ രീതികളെ അനുകരിച്ചാണ് പാട്ടുകളെഴുതിട്ടുള്ളത്. ഇക്കാലത്ത് അതൊക്കെ "പഴഞ്ചൻ" മട്ടായിത്തീർന്നിട്ടുണ്ടെങ്കിലും, അന്ന് അതെല്ലാം പുഞ്ചൽരീതികളായിരുന്ന എന്നുകൂടി നാം ഓർക്കണം.

'അതിപരിചയമുലം ഹന്ത ! വൈരാഗ്യമാർക്കം
മതിയതിലുളവാകം സംശയം ലേശമില്ല;
മതിമുഖി, മുഗനാഭിക്കുള്ള സൗരഭ്യമേല്പാൻ
കൊതിയതു പൊരുമാകം വാണിജനോർക്കിലുണ്ടോ?''

''നന്മയൊടൊത്തു വസിക്കും
നീർമ്മലജനമോട്ട ചേർന്നെന്നാകിൽ,
കല്മഷമഖിലവുമതിജവ–
മുന്മുലിതമാകുമില്ല കില്ലേതും''

എന്നിങ്ങനെ ലോകോക്തികളും സന്ദർഭോചിതമായ രീതിയിൽ ഇതിൽ ചേർത്തുകണ്ടെന്നുണ്ട്.

ഭാഷാപോഷിണിയുടെ തെ ചരസ്യമനുസരിച്ചെഴുതിയതാണ് "ലക്ഷ്മീകല്യാണം." "ഞാമിജ്ഞന്മാരുടെ ഇടയിൽ അടക്കുന്ന ചില ഉപചോരങ്ങളുടെ ന്യൂജ്യതയെ വെളിപ്പെടുത്തുന്നതിനായി"ട്ടാണ് കവി ഈ നാടകം നിർമ്മിച്ചതു്. ഇതിലെ കഥ താഴെ പറയുംവിധം സംഗ്രഹിക്കാം.

പുരിയായെ രാജധാനിയെ ഭരണകർത്താവായ കൃഷ്ണപിള്ളയെ ക്കൊണ്ടു വിവാഹം ചെയ്യിക്കണമെന്നു കൊച്ചുകുഞ്ഞുപിള്ള തീരുമാനിക്കുന്നു. കൃഷ്ണപിള്ളയാകട്ടെ,

'പുത്തൻപുത്തനതായ നല്ലറിയുടി—
പ്പിക്കുന്ന പുരുങ്ങളെ—
ച്ചിത്താനന്ദമൊടൊക്കെ നോക്കി വഴിപോൽ
സത്വരം ഗ്രഹിച്ചീടണം ;
മെത്തും ബുദ്ധിവിശാലഭാവമരുളും
നവ്യപ്രബന്ധങ്ങളും
കൃത്യാകൃത്യവിബോധപൂർവ്വമഖിലം
വായിക്കണം സൂക്ഷ്മമായ്',

എന്നിങ്ങനെയുള്ള മനഃസ്ഥിതിയോടുകൂടി നവിനവിദ്യാസമ്പാദനങ്ങളിൽ അത്യുത്സുകനായി കഴിയുന്ന ഒരു യുവാവാണു്. വിദ്യാഭ്യാസത്തിനു ബുദ്ധിവിശാലതയാണു് കൊച്ചുകുഞ്ഞുപിള്ള. പെൺകുട്ടികൾ പള്ളിക്കൂടത്തിൽ പോയാൽ പിന്നെ,

'കപ്പായം നിത്യമണക്കസകരിയതിലേ
മിക്കവാറും വസിക്കൂ ;
പൊല്പൊങ്ങും സാരമേറും പഴയ കഥകൾ പൊ—
ല്പീടവാൻ വാഞ്ഛയില്ലാ ;
വയ്യിന്നും പോകയില്ലാ; പുതിയ കവിതാ—
യിക്കുവനായ് മിനക്കെ—
ട്ടെപ്പൊഴും വാണുകൊള്ളും; ചിലകുറി വെറുതേ
പാടി നേരങ്ങൾ പോക്കും'

എന്നാണു് കേരണവരുടെ അഭിപ്രായം. ഭർത്താവിന്റെ ആജ്ഞയനുസരിച്ചു് കമലയിൽ കോപമേയും കവിതയായിക്കാതേയും പഴയ കഥകളും പഠിച്ചു് അഴകുള്ളയിൽ ഇങ്ങനു് പാചകവിദ്യ പരിചയിക്കുന്ന ഗരുഡിയ സഹധർമ്മിണിയാക്കാൻ പരിശ്രുതശ്രേയനായ കുഞ്ഞുപിള്ളയുടെ മനസ്സനുവദിക്കുന്നില്ല,

'പ്രാണാനന്ദത്തോളമെത്തും സുഖവുമനുഖവും
പങ്കുകൊണ്ടുകരിക്കും
പ്രാണപ്രേമം കലർന്നങ്ങനെ വരസഖിയായ്,
ബുദ്ധിയെത്താത്തിടത്തിൽ

വേണം പോൽ വല്ലഭനായ് വിനയമൊടുപദേ-
ശങ്ങളം ചൊല്ലി പ്രഭവാൽ
വണ്ണിടാനുള്ള ദോഷ്ടാരിവകമതിലി-
ല്ലെങ്കിലെന്തൊന്നു സംശയം?'

എന്നാണ് അയാളുടെ സംശയം. സംശയിക്ക മാത്രമല്ല-പിച്ചകശ്ശേരിയിൽ കൊച്ചുലക്ഷ്മി എന്ന അഭ്യസ്തവിദ്യയായ ഒരു യുവതിയെ അയാൾ തന്റെ സഹധർമ്മിണിയായി മനസാ വരിക്കയും ചെയ്തു. മറ്റുമകന്റെ അഭിപ്രായമറിയാനായി അമ്മയോൻ വല്ലതും കയ്ക്കുന്നു. ഇതിനിടയിൽ ഇരിക്കട്ടെ എന്തോ സുഖക്കേടു ബാധിക്കുകയും കൊച്ചുകുഞ്ഞുപിള്ള പ്രസ്തുതരോഗത്തെ വകവെക്കാതെ "വിചാരിപ്പിച്ചു നോക്കി" പ്രേതബാധയും ഭർത്തൃരോഗവും ഒഴിപ്പിക്കുന്നതിനുള്ള ഉപായങ്ങളാരാഞ്ഞിയ ഒരു നീണ്ട ചീട്ടെഴുതി വാങ്ങിക്കയും ചെയ്തു. കൃഷ്ണപിള്ള, ഇതുകൊണ്ട് അന്ധവിശ്വാസങ്ങളെ ഉപേക്ഷിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നുവെന്നും,

'എന്തായാലുമഹോ മരിച്ച ജനമീ
ജീവിച്ചിരിക്കുന്നവ-
ർക്കെന്തുപമിവണ്ണമേകമതിയേ-
യെന്നുള്ളതോ ദോഷകരം;
ചിന്തിച്ചീടിലതൊക്കെ മാനസമതിൻ
സങ്കല്പഭേദങ്ങളാൽ
ചിന്തീടുന്ന വികാരമാണപരമ-
ല്ലെന്നങ്ങു ബോധിക്കണം.'

എന്നും മറ്റും തർക്കിയായി വാദിക്കയും, യോഗ്യനായ ഒരു വൈദ്യനെ വരുത്തി ചികിത്സിപ്പിച്ചു സുഖക്കേടു മാറുകയും ചെയ്തു. തന്റെ സഹോദരനായ പരമേശ്വരൻപിള്ളയെപോലും കൃഷ്ണപിള്ളയുടെ ഭാഗം ചേർന്ന് വാദിച്ചുതുടങ്ങിയതുകൊണ്ടും, വീണ്ടും നിർബന്ധം പിടിക്കുന്നപക്ഷം താൻ ചീത്തയായിപോകയില്ലാതെ മറ്റു പ്രയോജനമൊന്നുമില്ലെന്ന കണ്ടതുകൊണ്ടും, ഒടുവിൽ കൊച്ചുകുഞ്ഞുപിള്ള മനസ്സില്ലാമന

സ്സോടെ കൃഷ്ണപിള്ളയുടെ വിവാഹത്തിനു സമ്മതം മൂളുന്നു. അതനുസരിച്ചു് "ലക്ഷ്മീകൃഷ്ണ"ന്മാരുടെ വിവാഹം ഭംഗിയായി നടക്കുന്നു.

'ഒരുപചാരശ്ലഥമലിനം
ഒന്നാമ്മും കൈവെടിഞ്ഞുടൻ
സൽപരിഷ്കാരസന്നദ്ധം
സവ്യമം സ്വീകരിക്കണം'

എന്നുള്ള ഭരതവാക്യത്തോടുകൂടി നാടകവും അവസാനിക്കുന്നു.

പ്രസ്തുത, നാടകം, മന്ത്രവാദം മുതലായവയിലുള്ള വിശ്വാസത്തെ കവി ഈ നാടകങ്ങളിൽ വളരെ ശക്തിയായ ഭാഷയിൽ ആക്ഷേപിച്ചിരിക്കുന്നു. "തറവാട്ടു വിചാരം കല്യാണം ക്ഷോഭിക്കണം" എന്ന മനഃസ്ഥിതിയെയും ഇതിൽ ഏതിർത്തിട്ടുണ്ടു്. എന്നാൽ കൃഷ്ണപിള്ള അമ്മാവനെ യുക്തിയുക്തമായ വാദംകൊണ്ടു മാനസാന്തരപ്പെടുത്തുകയല്ലാതെ, മറ്റു വിധത്തിൽ നേരിട്ടെതിർത്തതായി കവിതയും പറഞ്ഞിട്ടില്ലെന്നുള്ളതു് ശ്ലാഘാർഹമായ ഒരു സംഗതിയാണു്. അക്കാര്യത്തിലും പരിഷ്കാരികൾക്കു് മാർഗ്ഗദർശനം ചെയ്യുവാൻ കവി ചെയ്തിട്ടുള്ളതെന്നു ഞാൻ പറയുന്നു.

ലക്ഷ്മീകല്യാണത്തിലെ പദ്യങ്ങളെല്ലാം വളരെ ലളിതങ്ങളായിട്ടുണ്ടു്. സാരോപദേശത്രുപത്തിലുള്ള ശ്ലോകങ്ങളും കുറവല്ല.

"കല്യാണം വന്നിടുമ്പോളതു ബഹുവിധ—
ത്തോടു തോഷിച്ചു ഘോഷി—
ച്ചില്ലെന്നാൽ നമ്മെയെല്ലാവരുമിഹ സതതം
നിന്ദ്യരായ് നിന്ദചെയ്യും ;
ഉല്ലാസത്തോടിവണ്ണം കരുതിയധികമായ്
ദ്രവ്യനാശം വരുത്താ—
നില്ലേതും ശങ്ക, കഷ്ടം! കടമുമതിനു വാ—
ങ്ങീടുവാൻ പേടിയില്ല"

എന്ന് ദുരഭിമാനികളെ വളരെ തന്മയത്വത്തോടുകൂടി ചിത്രീകരിക്കുന്നതിനും,

"ഉന്മേഷസ്സു തുടങ്ങി മേനിയിലെഴും
ദോഷങ്ങളെല്ലാം കള-
ഞ്ഞുന്മേഷം ബലവും ദൃഢതവുമലം
വ്യാപാരസാമർത്ഥ്യവും
ചെമ്മേ കാന്തിയുമേകിടും മഹിതമാം
വ്യായാമമീ ജീവിത-
ത്തിന്മേലാഗ്രഹമുള്ളവന്നനുദിനം
കർത്തവ്യമത്രെ ദൃഢം"

എന്നിങ്ങനെ വ്യായാമത്തിന്റെ മാഹാത്മ്യത്തെ വർണ്ണിക്കുന്നതിനും,

"സ്ത്രീക്കും പുമാനും പരമാനുരാഗം
പരസ്പരം മാനസതാരിൽവേണം;
അല്ലാതെ ചെയ്യുന്ന വിവാഹമെല്ലാം
പൊല്ലാതെയായ്ത്തീന്നിടുമില്ല വാദം"

എന്നിവിധം സാമൂഹ്യമായ ഒരു ദോഷപരിഹാരത്തെ ഉപദേശിക്കുന്നതിനും, കഥാഗതിക്കിടയിൽ കവി അവസരമുണ്ടാക്കിട്ടുള്ളതായി കണ്ടെത്തുന്നുണ്ട്. "പരമേശ്വരന്മാരുടെ ഇടയിൽ സാധാരണമായുള്ള ഏതാനും ചില അന്ധവിശ്വാസങ്ങളെ നിരാകരിക്കാൻ കവി പ്രത്യേകം ഉദ്യോഗിച്ചിട്ടുണ്ട്. ആരുടെയെങ്കിലും കണ്ണിലും കാണാത്ത ഒരു വിശ്വവിധിയാണിത്". അങ്ങനെയുള്ള ഗ്രന്ഥകർത്താവും ജനസമുദായത്തിൽ പരിഷ്കാരാഭിവൃദ്ധിക്കു പ്രയത്നകരങ്ങളായിത്തീരുമെന്നുള്ളതിനു സംശയമില്ല" എന്നിങ്ങനെയാണ് വലിയകോയിത്തമ്പുരാൻ ലക്ഷ്മീകല്യാണത്തെപ്പറ്റി അഭിപ്രായപ്പെട്ടിട്ടുള്ളത്.

ദോഷപരിഷ്കാരണിസയിൽനിന്ന്, ലക്ഷ്മീകല്യാണം അമ്മാതിരി മാറ്റാനും എന്ന തീരുമാനിക്കുന്നതിനായി നിയമിച്ച പരിശോധകസംഘത്തിൽ കേറിക്കൂടി മാനവിക്രമ

ഏട്ടൻതമ്പുരാനും ഉൾപ്പെട്ടിരുന്ന നാടകത്തിന്റെ ഘടനയും കവിതാസൗന്ദര്യവും അദ്ദേഹത്തെ അത്യന്തം ആകർഷിച്ചു. തൽഫലമായി "രുക്മിണീസ്വയംവരം"എന്ന അദ്ദേഹം സംസ്കൃതത്തിലേക്കു തർജ്ജമചെയ്യുകയുണ്ടായി. അതിനു മുൻപ് മയൂരസന്ദേശവും ഇന്ദുലേഖയും മാത്രമേ മലയാളത്തിൽനിന്ന് മറ്റൊരു ഭാഷയിലേക്കു തർജ്ജമചെയ്യപ്പെട്ടിരുന്നുള്ളൂ. അവ ഇംഗ്ലീഷിലായിരുന്നുതാനും. മലയാളത്തിൽനിന്നു സംസ്കൃതത്തിലേക്കു തർജ്ജമചെയ്യപ്പെടാനുള്ള മാന്യം ഒന്നാമതായി സിദ്ധിച്ചുള്ളൂ കേ. സി. കേരളവർമ്മയുടെ രുക്മിണീസ്വയംവരത്തിനാകുന്നു.

സദാരമ എന്ന കഥയിലെ കോളിയുടെ ആകർഷണം ആനന്ദസിന്ധുവിൽ ആറാടിച്ച ഒരു സംഗീതനാടകമാകുന്നു. ആ പുസ്തകത്തിനു് പതിനഞ്ചിലധികം പാട്ടുകൾ വേണ്ടിവന്നുവെന്നു പറഞ്ഞാൽ, എത്രമാത്രം ഹൃദയപൂർവ്വമായ സഹകരണമാണു കോളിയരിൽനിന്നു് അതിനു സിദ്ധിച്ചതെന്നു് ഏകദേശം ഊഹിക്കാമല്ലോ. രംഗവിധാനത്തിന്റെ മോടിയും സംഗീതത്തിന്റെ ധാടിയും കൊണ്ടു പ്രേക്ഷകരെ ആഹ്ലാദിപ്പിക്കുന്ന തമിഴ്നാടകസംഘക്കാർ തിരുവനന്തപുരത്തുവെച്ചു് ഒരിക്കൽ "സദാരമ" അഭിനയിക്കയുണ്ടായി. അന്നാണു കവിക്കു് അതൊന്നു പഠിച്ചുരിച്ചു് മലയാളത്തിലാക്കിയാൽകൊള്ളാമെന്നു തോന്നിയതു്. തമിഴ്നാടകരീതിയിൽ തനിക്കനുഭവപ്പെട്ട അനൗചിത്യത്തെയെ സദാരമയുടെ മുഖവുരയിൽ കവി ഇങ്ങനെ വിവരിച്ചിരിക്കുന്നു.

".....അവർ നമ്മുടെ നാട്ടകാര്യപ്രവൃത്തികളെ ഒരോ നാടകങ്ങൾക്കും പ്രത്യേകം ഗദ്യപദ്യങ്ങളെ അഭ്യസിച്ചുവെക്കുകപതിവില്ല. പല നാടകങ്ങളിലും ഭേദപ്പെട്ടഭാഗങ്ങളേയോ സമ്പ്രദായങ്ങളേയോ ചില ഭേദഗതികളോടുകൂടിയോ ഉപയോഗിക്കുവാനുള്ള ഏതാനും പാട്ടുകൾ, വിഷയത്തിനും മുഖ്യമായവ അവർ അ

ച്ചേർത്തിട്ടുണ്ടായിരിക്കും. ഒരിക്കൽ ദമയന്തീനളന്മാരുടെ സല്ലാപത്തിൽ ഉപയോഗിച്ച ഗാനം തന്നെ, മറ്റൊരിക്കൽ ശകുന്തളാദുഷ്യന്തന്മാരുടെ സല്ലാപത്തിൽ ഉപയോഗിക്കുന്നതായി കേൾക്കാം. ശബ്ദങ്ങളും പ്രായേണ നടന്മാരുടെ മനോധർമികാഭിനയത്തിനും വാഗ്വിലാസത്തിനും അനുരൂപമായി ഏറിയോ കുറഞ്ഞോ ഇരിക്കുന്നതല്ലാതെ അവയ്ക്കും ഒരു നിയമം തമിഴ്നാടകത്തിൽ ഉള്ളതായി കാണുന്നില്ല. നടന്മാരുടെ ഈ സ്വാതന്ത്ര്യം ഗുണമായിട്ടും ദോഷമായിട്ടും പരിണമിക്കാവുന്നതാണ്."

തമിഴ്നാടകക്കാർ അഭിനയിച്ച കഥയിൽ അസംഭാവ്യങ്ങളായി തോന്നിയ ഭാഗങ്ങളെയെല്ലാം പരിഷ്കരിച്ചുകൊണ്ടാണ് ചരിത്രനായകൻ പുതിയ സദാരമ എഴുതിയതു്. അതിലേക്കുവേണ്ടി ചില കഥാപാത്രങ്ങളെപ്പോലും അദ്ദേഹം പുതുതായി സൃഷ്ടിച്ചു. സദാരമയിലെ ഗാനങ്ങൾക്കു് പ്രത്യേകം ഒരു പുതുമയുണ്ടു്. അതു കവി മനഃപൂർവ്വം വരുത്തിയതുമാണു്. നാടകത്തിൽ സംഗീതം അനുചിതമല്ലേ എന്നു ചോദിക്കുന്ന ഒരു കൂട്ടർ അന്നുമുണ്ടായിരുന്നു. അവരോടു കവി സമാധാനം പറയുന്നു:—

"അഭിനയത്തിൽ ശ്ലോകങ്ങളേയോ ഗാനങ്ങളേയോ സംഗീതരീത്യാ പ്രയോഗിക്കുമ്പോൾ രംഗസ്ഥിതന്മാർ സംഗീതത്തിൽ മുഴുകിപ്പോകുന്നതിനാൽ അവയ്ക്കു കഥാസംബന്ധത്തെക്കുറിച്ചുള്ള പരിജ്ഞാനവും തജ്ജന്യമായ സന്തോഷവും നാടകീയരസത്തിന്റെ അനുഭവവും ഉണ്ടാകുന്നില്ലെന്നു് ഒരഭിപ്രായമുണ്ടു്. വാസ്തവത്തിൽ സന്ദർഭോചിതശ്ലോകങ്ങളെ പ്രകാശിപ്പിക്കാനായി ഗാനങ്ങളെ ക്രമത്തിലധികം ആവർത്തിക്കുന്നു മാത്രം, നാടകാഭിനയത്തിൽ കഥയുടെ രസധാരയ്ക്കു വിച്ഛേദം വരുത്തുന്നതാകയാൽ ത്യാജ്യമെന്നതാകുന്നു. എന്നാൽ സാഹിത്യത്തിലും സംഗീതത്തിലും വൈ

ദൃശ്യവും ഔചിത്യബോധവുള്ള സമർത്ഥനായ ഒരു നടനു സംഗീതസാഹിത്യ രസങ്ങളെ ക്ഷിപ്രനിരന്തരമായ യോജിപ്പിച്ചു് തദ്വയരസികന്മാരായ ശ്രോതാക്കളെ ഏകകാലത്തിൽതന്നെ ആസ്വദിപ്പിക്കാൻ കഴിയുമെന്നാണു് എന്റെ അഭിപ്രായം. കേവലം ഗാനസമാജങ്ങളിൽ പ്രയോഗികമ്പോൾ ഒരോ അംശങ്ങളേയും അധികം ആവർത്തിക്കേണ്ടവയായ ഗാനങ്ങളെ നാടകാഭിനയത്തിൽ സാഹിത്യരസധാരയ്ക്കു് ഒട്ടും ഭംഗംവരാത്ത വിധത്തിൽ ചുരുക്കിയും സംഗീതഭംഗി വിടാതേയും ചൊല്ലിയാടുന്നതാകുന്നു. ഇങ്ങനെ ചെയ്യാൻ സാധിക്കാത്ത ഗാനരീതികളെ ഈ കൃതിയിൽ സ്വീകരിച്ചിട്ടില്ല."

അധോരേഖകൊണ്ടടയാളപ്പെടുത്തിട്ടുള്ള ഭാഗം പ്രത്യേകം ശ്രദ്ധേയമാകുന്നു. സംഗീതശാസ്ത്രത്തിൽ അഭ്യാസത്തിനുള്ള പ്രായോഗികപരിചയത്തെ അയ്യു് പ്രഖ്യാപനം ചെയ്യുന്നു. ഇങ്ങനെ ശാസ്ത്രീയമായ അടിസ്ഥാനത്തിന്മേൽ അടിയുറച്ചു നിന്നുകൊണ്ടു് ഔചിത്യപൂർവ്വം നിർമ്മിച്ച ഗാനങ്ങളാണു്, "സദാരമ"യ്ക്കു പ്രചുരമായ പ്രചാരം സമ്പാദിച്ചു കൊടുത്തതു്. അക്കാലത്തു് ആ നാടകം കേരളംമുഴുവൻ അഭിനയിക്കപ്പെട്ടിരുന്നു. വണ്ടിമലയിക്കുന്നവരുടെ ഇടയിൽപോലും അതിലെ ചില പാട്ടുകൾ സ്വാധീനശക്തി ചെലുത്തുകയുണ്ടായിട്ടുണ്ടു്. "കടൽതൊട്ടു കൊട്ടാരംവരെ എന്നുള്ള ചൊല്ലു് സദാരമയുടെ സംഗതിയിൽ എനിക്കു് അനുയോജ്യമായിത്തീർന്നിരിക്കുന്നു. ഇവിടെയുള്ള ചില പുലയക്കുട്ടികൾ ഇതിലെ പല പാട്ടുകളും ചൊല്ലുന്നതു് കേട്ടിട്ടുണ്ടു് എന്നാണു് മടവൂർ സി. നാരായണപിള്ള സദാരമയെപ്പറ്റി ഗ്രന്ഥകർത്താവിനു് എഴുതിയയച്ചതു്. കേരളത്തിലെ പത്രങ്ങളിൽ പലതും, നാടകപരിഷ്കരണവിഷയത്തിൽ കേ. സി. യെ മുക്തകണ്ഠം പ്രശംസിക്കുന്ന ഒന്നാംതരം അഭിപ്രായങ്ങൾ പുറപ്പെടു

വിച്ചും മള്ളൂർ ഗോവിന്ദപ്പിള്ള അവർകൾ സദാരമേ വായിക്കാനിടയായപ്പോൾ തൽക്കർത്താവിനു് ഇങ്ങനെ എഴുതി അയച്ചതായി കാണുന്നു:—"എനിക്കു നിങ്ങളുടെ കൃതികളേ ടുള്ളിടത്തോളം ആദരം മഹാനായ ഭാഷാകവിയുടെ കൃതികളേടും തുല്യം. പ്രസ്തുതഗ്രന്ഥം കൊണ്ടു്, നിങ്ങൾക്കു് മഹാമഹിമശ്രീ വലിയകോയിത്തമ്പുരാൻതിരുമനസ്സുകൊണ്ടു് കല്പിച്ചു തന്നിട്ടുള്ള "സരസകവയകകവി" എന്ന അഭിധാനം എത്രയോ അനവദ്യമായിത്തീർന്നിരിക്കുന്നു. നിങ്ങൾ ഞങ്ങളുടെ ഒരു വലിയ സമ്പാദ്യമാണു്." ഒരു ഗ്രന്ഥകർത്താവിനു് വിജ്ഞന്മാരുടെ എത്രയോ ശ്ലാഘനങ്ങളായ അഭിനന്ദനങ്ങൾ എത്രമാത്രം ചരിതാർത്ഥ്യജനകങ്ങളായിരിക്കുമെന്നു് വായനക്കാർ ഉഹിച്ചുകൊണ്ടു കൊള്ളുവു്.

കാളിദാസന്റെ സുപ്രസിദ്ധമായ നാടകത്രയത്തിൽ ഒന്നിന്റെ തർജ്ജമയാണു് "വിക്രമോർവ്വശീയം സംഗീത നാടകം." കൊട്ടാരത്തിൽ ശങ്കുണ്ണിയും കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാനും ആ നാടകം മുൻപുതന്നെ "ഭാഷപ്പെട്ടുത്തി"ക്കഴിഞ്ഞിരുന്നു എങ്കിലും "ഭാഷാനാടകങ്ങളുടെ കലി" കഴിഞ്ഞുകൊണ്ടു് നാടകസംഘക്കാർ അവയെ അഭിനയിക്കാതായതിനാലും, "സദാരമയുടെ പ്രചാരത്തിനും സംഗീതനാടകങ്ങളിൽ ജനസാമാന്യത്തിനുള്ള ആസക്തിക്കും ഉത്തരോത്തരം ആധിക്യം ഉണ്ടാകുന്നു"തായി കണ്ടതിനാലുമാണു് ചരിത്രകാരയകൻ മറ്റു സംഗീതനാടകത്രയത്തിന്റെ വിണ്ടും തർജ്ജമചെയ്തതെന്നു തോന്നുന്നു. പക്ഷേ, സദാരമയ്ക്കു കിട്ടിയതിൽ പത്തിലൊരംശം പ്രചാരംപോലും പ്രസ്തുതനാടകത്തിനു സിദ്ധിച്ചതായി കാണുന്നില്ല. രണ്ടു കൃതികളിലേയും കഥാകഥനത്തിനു തമ്മിലുള്ള വ്യത്യാസമായിരിക്കാം ഇതിനു കാരണം. പണ്ഡിതപാമരഭേദമെന്യേ ഗ്രഹിക്കാനും രസിക്കാനും കഴിയുന്ന ഒരു ഇതിവൃത്തമാണു് സദാരമയിലേതു്. കാളിദാസന്റെ

തിയായ വിക്രമോർവ്വശീയമാകട്ടെ, പരിഷ്കൃതാശയന്മാരായ പണ്ഡിതന്മാർക്കുമാത്രം അഭിരാമമായ തന്നാകട്ടെ.

നാടകങ്ങളിൽ അവസാനത്തേതെന്നു മാത്രമല്ല, ആംഗലസാമ്രാജ്യപരിഭ്രഷ്ടപോലും കഴിഞ്ഞതിനു ശേഷം വീഴുതിയതുംകൂടിയായതുകൊണ്ട് തർജ്ജമയിൽ അത്യുത്തമമായ പ്രത്യേകതകൾ ഈ കൃതിയിൽ കാണുന്നുണ്ട്. ഒരു പരിഭാഷമാത്രമാകയാൽ ഇതിനെപ്പറ്റി കൂടുതലായിട്ടൊന്നെങ്കിലും പറഞ്ഞുണ്ടെന്നു വിചാരിക്കുന്നില്ല. മറ്റു തർജ്ജമകളുമായുള്ള താരതമ്യനിരൂപണവും ഇവിടെ അനുചിതമായിത്തീരും. മുന്നു തർജ്ജമകളിലേയും "നാന്ദി" പകർത്തുകമാത്രമേ ഇവിടെ ചെയ്യുന്നുള്ളൂ.

"വേദാന്തജ്ഞരിലാരെയേകനഖില-
വ്യാപീതിചൊല്ലുന്ന നി-
ർവ്വേദം സാർത്ഥകമായിലീശ്വരപദം
ചേരുന്നതന്യാശ്രയം
മോദാലേവനെ യോഗിവര്യമകമേ
തേടുന്നു മോക്ഷാർത്ഥിയാ-
ലാദേവൻ ഭവതാം സുഭക്തിസുലഭൻ
ശ്രേയസ്സിനായ്ക്കീരണം."

കൊട്ടാരത്തിൽ ശങ്കുണ്ണി

"ലോകവ്യാപിയതെന്നു യാതൊരുവനെ-
ച്ചൊല്ലുന്നു വേദന്തവും,
മഷ്ടാതീശ്വരനെന്ന ശബ്ദമെവനിൽ-
ത്താനേ യഥാർത്ഥപ്പെട്ട,
ഏകാന്തേ കരണങ്ങളം വെന്നവനെയും-
തേടുന്നു മോക്ഷാർത്ഥിമാ-
രേകട്ടേ പ്രിയഭക്തനാശ്രിവനടൻ
നിങ്ങൾക്കു നിശ്രേയസം."

കുഞ്ഞിക്കുട്ടൻ തമ്പുരാൻ

''സർവ്വലോകഗതനേകനെന്നുപനിഷൽഗ—
ണത്തിലുപവർണ്ണിതൻ
സംസ്തുമയ് വിലസുമീശനെന്ന തിരുനാമ—
ധേയമിയലുന്നവൻ
സർവ്വഭോയതികരം മോക്ഷലാലസയെഴുള്ള
കൊണ്ടു തിരയുന്ന നൽ—
സാരഭക്തിസുലഭൻ ശിവൻ പരസുഖത്തെ
നല്കീടുകനിങ്ങളിൽ.''

കേ സി. കേശവപിള്ള.

ഡി. മറെ കൃതികരം.

ആസന്നമരണചിന്താശതകം, സുരേഷിതരത്നാകരം, സൽഹിതൈവിലാസം, മനസോല്ലാസം, ശാന്തിവിലാസം, മംഗല്യധാരണം ഇള്ളൽ, പള്ളിക്കെട്ടവർണ്ണനം ഇള്ളൽ, കൊല്ലം പ്രദർനവർണ്ണനം, ശ്രീകാന്തിയാത്ര, ഇംഗ്ലണ്ടസ്ഥാത്ര ത്രചത്തിലുള്ള പല ചെറിയ പുസ്തകങ്ങരം എന്നിവയാണ് കേ. സി. യുടെ "മറെകൃതികര"ളായി ഇവിടെ ഉല്ലേഖിച്ചിട്ടുള്ളത്. മോഷാപോഷിണിസഭയിൽനിന്നുണ്ടായ ഒരു പരസ്യമനസരിച്ചെഴുതിയതും സഭാക സമ്മാനത്തിനു് അർഹമായിത്തീന്നതുമായ ഒരു സരസകൃതിയാണ് "ആസന്നമരണചിന്താശതകം". മരിക്കാറായി കിടക്കുന്ന ഒരു മനുഷ്യനു് സഹജമായുണ്ടാകുവുന്ന വിചാരങ്ങളെ 100 ശ്ലോകങ്ങളിലാവർണ്ണിക്കയാണ് ഇതിൽ ചെയ്തിട്ടുള്ളത്. ലോകത്തോട് അവസാനയാത്ര പറയാൻ പോകുന്ന ഒരുവനു് എന്തെല്ലാം വിചാരങ്ങളും വികാരങ്ങളുമാണുണ്ടാവുകയെന്നു് ഈ കൃതിവായിച്ചാൽ ഏകദേശം മനസ്സിലാക്കാം. ചുറും കാണുന്ന കാഴ്ചയൊന്നും ഇനിമേലിൽ കാണാൻ സാധിക്കയില്ലെന്നോർക്കുമ്പോളുണ്ടാകുന്ന മനോവേദന, ഭാര്യയും കുട്ടികളും അനാഥരായിത്തീരുമെന്നുള്ള വിചാരംകൊണ്ടുണ്ടാകുന്ന തീവ്രവ്യഥ, മരിച്ചാളുടെ മരണവാർത്ത കേൾക്കുമ്പോരം ശത്രുക്കളു

ടേയും മിത്രങ്ങളുടേയും ഇടയിലുണ്ടാകുവുന്ന വികാരങ്ങൾ തുലോയവയെ ഇതിൽ സരസമായി ചിത്രിച്ചിട്ടുണ്ട്. പ്രസ്തുത ചിന്താരീതി മനസ്സിലാക്കാനായിമാത്രം ചില പദ്യങ്ങൾ ഇവിടെ ഉദ്ധരിക്കാം.

''ഇന്നാളം വേളികഴിച്ചയച്ച കരിമീൻ—
കണ്ണാളം മകൾക്കും ഗ്രണ—
ക്കന്നായ് നന്ദി വളർന്ന മിന്നിടുമെരി—
പ്പൊന്നോമനപ്പുത്രനും
നന്നായുള്ള സുതൻ ചിറന്ന കുതകാൽ
കണ്ടെൻറെയിക്കണ്ണകം—
ക്കൊന്നാനന്ദമിയന്നിടുന്നതിനുമു—
ണ്ടായീല കാലേ വിധി.''

''മുട്ടേതും ചിടിപെട്ടിടാതെ മരുവും
കാലത്തിൽ മാലെത്തിടാ—
തൊട്ടേറെത്തടി വാങ്ങിവെച്ചു ബത ഖം—
ഗ്ളാവൊന്നു തീർപ്പിക്കുവാൻ
കിട്ടേണ്ടും വക ശേഖരിച്ചു ശരിയായ്
ത്തീർത്തിതിന്നുള്ളിലെൻ—
മട്ടോലും മുഴുവാണിയോടമരുവാൻ
കാലം ലഭിച്ചീല മേ.''

''തെങ്ങിൻതൈകളം വരുത്തി ഞാനധികമ—
ത്തോപ്പിൽക്കുഴിപ്പിച്ചുവ—
ച്ചുങ്ങിപ്പുഴവ കായ്കുവാനവസരം
കൈക്കൊണ്ടു നില്ക്കുന്ന ഹാ!
തിങ്ങിപ്പൊങ്ങി വിളങ്ങിയേറമവയിൽ—
ത്തങ്ങും ഫലം ഭംഗിയോ
ടിങ്ങിപ്പുപിയിവതു തെല്ലനുഭവി—
ച്ചീടാൻ കഴിഞ്ഞില്ലഹോ!''

''കണ്ടാലാക്കമനന്ദമേറുമരുളും
കണ്ടങ്ങളം വേണ്ടോളമി—

ങ്ങണ്ടാക്കിച്ച പറമ്പുമേറെറമിഹ സ-
മ്പാദിച്ചുറപ്പിച്ചു ഞാൻ;
കണ്ടാമണ്ടി പിണച്ചിടാതിതുകളെ-
പ്പാലിച്ചു കാലങ്ങളിൽ
പണ്ടാരക്കരവും കൊടുത്തിവർ പൊറു-
ത്തീടാൻ തുനിഞ്ഞീടുമോ?''

''ആരും വന്നു തൊടാതെ ഭദ്രതരമായ്
വീക്ഷിച്ചു സൂക്ഷിച്ചൊരി-
ച്ചാരും ചാരുകസേര, കട്ടിൽ മുതലാം
നിസ്തുല്യവസ്തുക്കളേ
ചേരും ശോഭകലർത്തി മേലുമിതുപോൽ
നന്നാക്കി വെച്ചീടുവാ-
നാരുണ്ടായ്തരുമോ? ധനേച്ഛയുടയോർ
തെറെന്നു വിററീടുമോ?''

"കേരളമിത്രം" അഭിപ്രായപ്പെട്ടതുപോലെ "മരിക്കുവാൻപോകുന്ന ഒരാളുടെ ചിന്തകൾ ഏതുപ്രകാരത്തിലിരിക്കുമെന്നു് ഉൽഘോഷിച്ചറിയുന്നതിനു് ഗ്രന്ഥകർത്താവു വളരെ മനസ്സിരുത്തി ശ്രമിച്ചിട്ടുണ്ടു്," ''എല്ലാവർക്കുമിവണ്ണമന്ത്യഗതിതാൻ
വന്നീടുമെന്നുള്ളതി-
ന്നില്ലാ സംശയമാകയാൽ സകലരും
സന്മാർഗ്ഗകർമ്മങ്ങളിൽ
ഉല്ലാസേന മനസ്സുവെച്ചു ജഗതീ-
സന്താനമാം ശാന്തിയാൽ
നല്ലാനന്ദമിയന്നമന്ദമമിത-
ശ്രീപൂണ്ടു മേവീടേണം''

എന്നുള്ള വിലയേറിയ ഉപദേശത്തോടുകൂടിയാണു് ഈ കൃതി അവസാനിക്കുന്നതു്.

സുഭാഷിതങ്ങളും, ചില നീതിവാക്യങ്ങളും എന്നിതരകൈകളിൽ ഭാഷാപോഷിണിയിലും മറ്റും പല അവസരങ്ങ

ങ്ങളിലായി പ്രതിപാദിക്കുന്നു. ആയിരത്തോളം പദ്യങ്ങൾ കൂട്ടിച്ചേർത്ത് രണ്ടു പ്രകരണങ്ങളായി പ്രതിപാദിക്കുന്നതാണ് "സുഭാഷിതരത്നാകരം". സദാചാരബോധത്തിനു മനുഷ്യജീവിതത്തിലുള്ള സ്ഥാനം അത്ര നിസ്സാരമൊന്നുമല്ല. വിദ്യാഭ്യാസപദ്ധതിയിൽ സന്മാർഗ്ഗബോധത്തിനു തരിയായ ഒരു സ്ഥാനം അനുവദിക്കണമെന്നുപോലും ചിലർ വാദിച്ചുവരുന്നു. "കല കലയ്ക്കുവേണ്ടി"യാണെന്നു വാദിക്കുന്ന ഒരു കൂട്ടരുണ്ടെങ്കിലും, പാശ്ചാത്യരിൽ അധികപേരും, കലയ്ക്കു മറ്റൊരുദ്ദേശംകൂടിയുണ്ടെന്നുള്ള പക്ഷക്കാരാണ്. വായനക്കാരെ കർത്തവ്യത്തിൽ ഉന്മുഖരാക്കിത്തീർക്കുക എന്നുള്ളതായിരിക്കണം കവിയുടെ പ്രധാനോദ്ദേശമെന്ന് അവർ സിദ്ധാന്തിക്കുന്നു. അതിന്ന് സദാചാരത്തെപ്പറ്റി പ്രസംഗിക്കുവാൻ പുറപ്പെട്ടാൽ അതിൽ കവിത കാണാൻ പ്രയാസമാണെന്നു സമ്മതിക്കാതിരിക്കാൻ നിവൃത്തിയില്ലെങ്കിലും, മനഃപാഠമാക്കാൻ ഉതകുന്ന പദ്യമായാൽ ഉപദേശരൂപത്തിലുള്ള ഈ അന്തരം കവിതാകർഷകത്വത്തിനു കുറവുണ്ടാക്കുമെന്നും, ബാലന്മാർക്ക് സുഭാഷിതങ്ങൾ ഉപദേശിച്ചുകൊടുക്കുന്നതിനു മുമ്പ് വളരെ പ്രായമാകുന്നതുവരെ കാത്തിരിക്കണമെന്നുള്ള നിർബ്ബന്ധവുമില്ലല്ലോ. പ്രസംഗികന്മാർക്കും ഉപന്യാസമെഴുത്തുകാർക്കും മാത്രം സന്ദർഭോചിതമായി ഉദ്ധരിക്കാൻ ഉതകുന്ന നല്ല പദ്യങ്ങളൊന്നും അക്കാലത്തു് ഭാഷയിലുണ്ടായിരുന്നുമില്ല. ഈ ആവശ്യങ്ങളെല്ലാം മനസ്സിൽ കണ്ടതിക്കൊണ്ടാണ ചരിത്രനായകൻ "നീതിവാക്യങ്ങൾ" എഴുതിത്തുടങ്ങിയതു്. സംസ്കൃതം, ഇംഗ്ലീഷ്, തമിഴ് എന്നീ മൂന്നു ഭാഷകളിലുമുള്ള പല സദാചാരങ്ങളേയും അദ്ദേഹം ഇതിലേയ്ക്കായി തർജ്ജമചെയ്തിട്ടുണ്ടായി. ആ ഭാഷകളിൽനിന്നു് ആശയങ്ങൾമാത്രം സ്വീകരിച്ചു് സ്വന്തമായെഴുതിയ പദ്യങ്ങളും അക്കൂട്ടത്തിൽ ധാരാളമുണ്ട്. ഇന്ദ്രിയനിഗ്രഹം, ഔദാര്യം, കവി, കൃതജ്ഞത, കോപം,

ദാരിദ്ര്യം, ദുർജ്ജനം, പരോപകാരം, മരുപ്രയാണം മുതലായ അനവധി വിഷയങ്ങളെ ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. ഒരുകാലത്തു് കേരളത്തിലെ പ്രാസംഗികന്മാർ "സുഭാഷിതരത്നാകര"ത്തിലെ പദ്യങ്ങളെ സന്ദർഭോചിതമായി ഉദ്ധരിക്കുന്ന പതിവു് സാധാരണമായിരുന്നു. ഇംഗ്ലീഷിലെ പല നല്ല കവിതകളും തർജ്ജമചെയ്തു ചേർത്തിട്ടുള്ളതിനാൽ ഇംഗ്ലീഷുപഠിച്ചവരും ആ കൃതിയെ ബഹുമാനിക്കുന്നതിനിടയായി. വിദ്യാഭ്യാസ പ്രവർത്തകന്മാരും പ്രസ്തുതകൃതിയെ വേണ്ടപോലെ ആദരിക്കാതിരുന്നില്ല. ഉൽകൃഷ്ടങ്ങളായ സന്മാർഗ്ഗതത്ത്വങ്ങളെ പ്രതിപാദിക്കുന്ന പുസ്തകങ്ങൾ, അവയെ പരിശീലിക്കുന്ന യുവാക്കളെ ഉയർത്തി വിശിഷ്ടതരമായ മാർഗ്ഗത്തിൽ കാലക്ഷേപം ചെയ്യാൻ പ്രേരിപ്പിക്കുന്നതുകൊണ്ടു്, ലൗകികപ്രധാനമായ ഇക്കാലത്തിനു വിദ്യാഭ്യാസത്തിനു് പ്രത്യേകിച്ചും ഒരു വലിയ സഹായമായിത്തീരുന്നതാണെ"ന്നു മനസ്സിലാക്കിയ അവർ "സുഭാഷിതരത്നാകര"ത്തെയും അതിലെ ചില പദ്യങ്ങൾ തിരഞ്ഞെടുത്തുചേർത്തു "നീതിവാക്യങ്ങ"ളെയും പാഠപുസ്തകങ്ങളായി അംഗീകരിക്കയുണ്ടായി. "സുഭാഷിതരത്നാകര"ത്തിന്റെ ഒരു പ്രതി ശ്രീമൂലംതിരുനാൾ മഹാരാജാവുതിരുമനസ്സിലേയ്ക്കു് അടിയറചെച്ച അവസരത്തിൽ തിരുമനസ്സുകൊണ്ടു് അതു വായിച്ചു സന്തോഷിച്ചു് കവിക്കു് ഒരു വീരശൃംഖല സമ്മാനിച്ചു എന്നുള്ളതും പ്രത്യേകം പ്രസ്താവയോഗ്യമാണു്. അതിനു മുൻപു് ഭാഷാകവികളിൽ ഒരാൾക്കും അതു ലഭിച്ചതായ ഒരു രാജസമ്മാനം ലഭിക്കയുണ്ടായിട്ടില്ല.

"രത്നാകര"ത്തിൽനിന്നു് മാതൃക എടുത്തുകാണിക്കാൻ പുറപ്പെടുന്നതു് സാഹസമായിരിക്കും. പ്രകരണപുഷ്ടിക്കായി മാത്രം ചില "രത്ന"ങ്ങളെ ഇവിടെ പ്രദർശിപ്പിക്കാം.

"സുഭാഷിതമയം ദ്രവ്യം
സംഭരിക്കാത്ത പുരുഷൻ

പ്രസംഗയാഗകാലത്തി—
ലെന്തു ദക്ഷിണ നല്കിടും!''

''പരിശ്രമം ചെയ്യുകിലെന്തിനേയും
വശത്തിലാക്കാൻ കഴിവുള്ളവണ്ണം
ദീർഘങ്ങളാം കൈകളെ നല്കിയത്രേ
മനുഷ്യരെപ്പാരിലയച്ചതീശൻ.''

''ഗാത്രത്തെ നല്ലൊന്നയമാക്കിയാലും
കൊക്കിങ്കൽ മണികൃമമുഴിയാലും
പത്രങ്ങൾതോറും മണികെട്ടിയാലും
കാകന്നു ഹംസപ്രഭ സംഭവിക്കാ.''

''നരപതി ധർമ്മം ചെയ്താൽ
പ്രജകളുമതുപോലെ ചെയ്തിടും ധർമ്മം;
പാപം ചെയ്താലുമതുപോൽ;
പ്രജകൾക്കെല്ലാം പ്രമാണമവനീശൻ.''

''കൈത്തുകത്തുള്ളൊരു ചാരുപുഷ്പം
മണത്തിനാൽ വണ്ടറിയുന്നപോലെ
വിദ്വാൻ പരന്മാരുടെ ഹൃൽഗതത്തെ—
ബുദ്ധിവൈഭവത്തിനാൽത്തന്നെയറിഞ്ഞിടുന്നു.''

പ്രധാനമായി വിദ്യാർത്ഥികളെ ഉദ്ദേശിച്ചു പുറത്തുവിടുന്നതെങ്കിലും സുഭാഷിതരത്നാകരം. അതിൽ സ്ഥാനം ലഭിക്കാത്ത പലതരത്തിലുള്ള അനവധി പദ്യങ്ങൾ കേ. സി. യുടെ വകയായി പുറത്തുകിടപ്പുണ്ട്. അവയിൽ ചിലതിന്റെ സമാഹരണമാണ് നാം ''സാഹിത്യവിലാസ''ത്തിൽ കാണുന്നത്. പലതരം സ്തോത്രങ്ങൾ, അനുശാസനങ്ങൾ, ഒറ്റശ്ലോകങ്ങൾ, സമസ്യാപൂരണങ്ങൾ, ചിത്രപ്രശ്നങ്ങൾ മുതലായവയുടെ കൂട്ടത്തിൽ ആകെ 350 പദ്യങ്ങൾ ഇതിലടങ്ങിയിരിക്കുന്നു. ചിലേ പാദങ്ങളിലും യമകം പ്രയോഗിച്ചെഴുതിയ കേരളവിഷ്കം, സംസ്കൃതശ്ലോകങ്ങളുടെ അനേകം രൂപങ്ങളുടെ ചേരുകൾ ഉൾക്കൊള്ളിച്ചുകൊണ്ട്

ദേവീസ്തോത്രപത്രത്തിൽ നിന്നിച്ചിട്ടുള്ള "ദേവീമുഷ്ടകം" മുതലായ കൃതികളും അതിൽ കണ്ടോം. "കവിത"യെപ്പറ്റി ക്ഷരിക്കുന്നതിനെക്കുറിച്ചുള്ള ഇരുപതു പദ്യങ്ങളും ഈ കൃതിയിൽ ചേർത്തിട്ടുണ്ട്.

"രമണീയമർത്ഥവിലാസം
രസപോഷകമായ് കലർന്നിടും വാക്യം
കമനീയതയോടെഴുതാൻ
കഴിയുന്നു ബുധൻ യഥാർത്ഥകവിയത്രെ!"

എന്നും മറ്റുമുള്ള മനോഹരപദ്യങ്ങളും ഈ വിഭാഗത്തിലുള്ള കൃതിയുടെ കൂട്ടത്തിൽപ്പെടുന്നവയാണ്. സാഹിത്യവിലാസത്തിൽ സഹൃദയരെ ഏറ്റവും ആകർഷിക്കുന്ന ഭാഗം അന്യാപദേശങ്ങളാകുന്നു. ജീവയിൽ നിക്ഷിപ്തമായ സംസ്കൃതത്തിൽനിന്നു ഋജുമധുരമായ ഭാഷയിലേക്കുള്ള തർജ്ജമയാണെന്നു തോന്നുന്നു. ആ പദ്യങ്ങളുടെ രമണീയകം അന്യാദൃശമായിരിക്കുന്നു എന്നു് ആരും സമ്മതിക്കും.

"കാറിനാൽ തിരപൊങ്ങുന്നു;
നീ മുഴങ്ങുന്നു കേമമായ്;
നിൻതീരേ നിന്നു മോഹിപ്പോൻ
കുളം തേടുന്നു വാരിധെ!"

"ഉഴിക്കെഴും മോഹമൊഴിക്കുമമ്പോ
മുഴങ്ങിടുന്നെങ്കിൽ മുഴങ്ങിടട്ടെ;
കരുത്തനും മോഹമൊഴിച്ചിടാത്ത
സമുദ്രമെന്തിന്നു മുഴങ്ങിടുന്നു?"

"വാരശി രത്നാകരമെന്നു ചിന്തി-
ച്ചേരാതെ സേവിച്ചു ധനേച്ഛയാ ഞാൻ;
ദൂരത്തുപോട്ടേ ധനം; എന്റെ വായിൽ
ക്ഷാരാംബു പൂരിച്ചതു കഷ്ടമല്ലോ."

"അയ്യോ! സഖേ, ചണ്ഡസമീര, കഷ്ടം!
ചെയ്യാവതോ ചെയ്തതു നീയിതെന്നോ?

വേഴാമ്പലിൻ വായിലഹോ പതിപ്പാൻ
ഭാവിച്ച നീ ഞ്ഞള്ളി തട്ടുവല്ലൊ.''

''വാഴാം കാഞ്ചനപഞ്ജരത്തിലനിശം,
ലാളിച്ചിടും ഭൂവരൻ,
ചൂഴും മാങ്കനി മാതളപ്പഴവുമ-
ങ്ങത്യുജ്ജ്വലം തോയവും,
ആഴിപ്പൊൻകണവൻറെ യാമമരുളാ-
മാനന്ദമേ,യെങ്കിലും
കെഴുന്നു നിജമായ ജന്മതരുവിൽ
പോകുന്നതിന്നായ് ശുകം''.

ഒരുവിധം പ്രാധാന്യമർഹിക്കുന്ന കൃതികളുടെ കൂട്ടത്തിൽ മാണ് ഇവ പറഞ്ഞതു്. മറ്റുള്ളവയിലെ മിക്കതും ചെറിയ പുസ്തകങ്ങളാകുന്നു. കവിത എന്നുള്ള നിലയിൽ വലിയ പ്രാധാന്യമൊന്നും അവയ്ക്കുള്ളതായി പറയാൻ നിവൃത്തിയുമില്ല. ഓരോ തരക്കാരികൗശലങ്ങൾ പ്രകാശിച്ചും, ഓരോരുത്തരുടെ അപേക്ഷയനുസരിച്ചും, എഴുതപ്പെട്ടവയാണു് അവയിൽ മിക്കതും. ഒരു പ്രഭാതത്തിലായിൽ നിരത്തിവെച്ച വസ്തുക്കളെ,

'തടിയൻകായിളവൻകാ
പടവലമതുതൻ മനോജ്ഞമാം ഫലവും
കീരത്തണ്ടു ചുരയ്ക്കാ
കീരകിം മുളകും നിനയ്ക്കിലവധി വരാ'

എന്നിങ്ങനെ പേരുപറഞ്ഞു വിവരിച്ചാൽ അതിൽ "കവിത" യുണ്ടാകുമോ? വഴിയിലുള്ള പുസ്തകങ്ങളുടെ കൂട്ടത്തിൽ ചരിത്രം, ജ്യോതിഷ്കം, വൈദ്യം, ഭാഷാഭേദമെന്നു വേണ്ട എല്ലാവിധത്തിലും ഉപയോഗിക്കത്തക്കവിധം എഴുതിയതും ഇരുപതു "മണിപ്രവാളപടങ്ങൾ" അടങ്ങിയതുമായ "ഭാഷാചന്ദ്രസ്തോത്രം" പ്രാധാന്യത്തെ അർഹിക്കുന്നു.

കേരളപിള്ള സംസ്കൃതത്തിലും കവിത എഴുതീട്ടില്ലെന്നില്ല. കേരളവർമ്മ വലിയകോയിത്തമ്പുരാന്റ് അൻപതു വയസ്സു തികഞ്ഞ അവസരത്തിൽ എഴുതിയ "കേരളവർമ്മവിലാസശതകം" മാത്രമേ പുസ്തകരൂപത്തിലുള്ളതായി കാണുന്നുള്ളൂ. മറ്റുള്ളതൊക്കെ ചില ഛഠശ്ലോകങ്ങളും കുത്തുകളുമാകുന്നു. "ശതക"ത്തെ പത്തു ദശകങ്ങളായി ഭാഗിച്ചിരിക്കുന്നു. ആറാമത്തെ ദശകത്തിൽ യമകവും പ്രയോഗിച്ചിട്ടുണ്ട്. നായകനു് ദീർഘായുരാരോഗ്യങ്ങൾ നല്ലണമെന്നുള്ള പ്രാർത്ഥനയിലോ, അദ്ദേഹം സർവ്വൽകർഷേണ വർത്തിക്കട്ടെ എന്നുള്ള ആശംസയിലോ ആണു് ഓരോ ദശകവും അവസാനിക്കുന്നതു്. അമ്മവഴിയുള്ള നായകചരിത്രം വളരെ സംക്ഷേപിച്ചു്, കവി ആ ശതകത്തിൽ വർണ്ണിച്ചിരിക്കുന്നു. കവിത ലളിതവും രീതി അക്ലിഷ്ടവുമായിട്ടുണ്ടു്.

"സഹ്യാദ്രേ തടനേ മാതുലഭൂപേ
ബാലകേ ഖല ചതുർദ്ദശവർഷഃ
വൈഷ്ണീപരിമളപൂർണ്ണദിഗന്തഃ
പണ്ഡിതശ്രുതിമവാപ ജഗത്യാം." ദശകം 1.

"അഥ നവീനപരിഷ്കൃതിഭാസുരം
വിവിധപുസ്തകതല്ലജസഞ്ചയം
അയമതിവ്യവസായപരോ ഽലിഖൽ
സഹൃദയോ ഹൃദയോരുമുദാവഹം." ദശകം 6.

"യസ്സംപുണ്ണ്യപരോപകാരമഹിതം
പഞ്ചാശദബ്ദം വയഃ
സ്ഥായൽകീർത്തിരതീത്യ സംപ്രതി കൃതീ
വർഷത്തി സർവ്വോപരി,
ശ്രീവഞ്ചീശകുലാബ്ധിസംഭവമഹാ-
ലക്ഷ്മ്യാ സമേതശ്ചിരം
പ്രേയസ്യാ ഭുവി പദ്മനാഭകൃപയാ
സോയം വിജേജീയതാം." ദശകം 10.

ഇ. കേരവീയം

സംസ്കൃതഭാഷയിലെ പരമ്പരാഗതമായ സാങ്കേതികപ്രസ്ഥാനമാണ് മലയാളത്തിലേ മഹാകാവ്യങ്ങൾക്കു മാർഗ്ഗദർശിയായത്തീർന്നതു്. ശ്രീഹർഷൻ, മാഘൻ, ഭാരവി തുടങ്ങിയ മഹാകവികൾ സഞ്ചരിച്ച ആ മാർഗ്ഗംതന്നെയായിരുന്നു രാമചന്ദ്രവിലാസം, കൃഷ്ണഗീതി, ചന്ദ്രോത്സവം മുതലായ മഹാകാവ്യങ്ങളുടെ കർത്താക്കന്മാർക്കും അനുകരണീയമായിത്തീർന്നിയതു്. ആ കാവ്യങ്ങളിലെ രീതി ഉല്കൃഷ്ടവും കൃത്രിമവും ആയിരുന്നതിനുള്ള കാരണം ഇതാകുന്നു. കേരളപാണിനി, കണ്ണമടച്ചുകൊണ്ടുള്ള ഈ സാങ്കേതികപ്രസ്ഥാനാനുകരണത്തിൽ എതിരാളിയായി പുറപ്പെട്ടതിൽ ഗതാനുഗതികന്മാരായ പലരേയും അത്ഭുതപ്പെടുത്തി. ഈ എതിർപ്പിന്റെ ബാഹ്യമായ ഒരു പ്രകടനമായിരുന്ന ദ്വിതീയാക്ഷരപ്രാസവാദം. ഒടുവിൽ അതു് "രാജരാജപ്രസ്ഥാനം" എന്ന ഒരു പുതിയ പല്ലവിയിൽ ചെന്നെത്തുകയാണുണ്ടായതു്. ആ പ്രസ്ഥാനത്തിൽ ഒരു കാവ്യം ചമയ്ക്കണമെന്നു തനിക്കുതോന്നിയ മോഹത്തിന്റെ ഫലമായിട്ടുണ്ടായതാണു് "കേരവീയ"മെന്നു് ചരിത്രനായകൻതന്നെ രേഖപ്പെടുത്തിയ ഭാഗം നാം വായിച്ചുവല്ലൊ.

എന്താണു് ഈ രാജരാജവർമ്മപ്രസ്ഥാനം? പ്രാസവാദത്തിൽ മുഴകിയ അളുകൾ നിഷ്പ്രയോജനമാണു് ആ പ്രസ്ഥാനത്തിന്റെ ജീവനെന്നു് അന്നു തെറ്റിദ്ധരിക്കയുണ്ടായിട്ടുണ്ടു്. ആ ധാരണ ഇന്നും ചിലരിൽ മോഷിച്ചു നില്ക്കുന്നതായി കാണുന്നു. അളുകൾക്കുണ്ടു് രാജരാജവർമ്മ പ്രസ്ഥാനത്തിന്റെ ഒരു സ്വരൂപം മുവിടെ രേഖപ്പെടുത്തേണ്ടതു് ആവശ്യകമായിത്തീർന്നിരിക്കുന്നു. കേരവീയകർത്താവിനെപ്പോലെ ഇക്കൂട്ടത്തിൽ പ്രമാണികനായി മറ്റാരാളുണ്ടാകാനിടയില്ലാത്തതിനാൽ, അദ്ദേഹത്തിന്റെ ഭാഷയിൽത്തന്നെ അതിവിടെ പകർത്തുന്നതായിരിക്കും ഉത്തമം.

"1. കാവ്യങ്ങളിൽ ചിത്രീയരക്ഷാപ്രയത്നത്തിനു പ്രയോ
ന്തരങ്ങളേക്കാൾ പ്രധാന്യം ലക്ഷിച്ചിട്ടുവേശ്യമില്ല; 2. ഞ്ഞാ
ലങ്കാരത്തെയല്ല, അർത്ഥാലങ്കാരത്തെയാണു പ്രധാനമായി
ലക്ഷിക്കേണ്ടതു്; 3. കഥയുടെ മർമ്മമായ അംശത്തെ പ്രധാ
നമായി പ്രതിപാദിക്കണം; 4 കഥയുടെ പരിണാമമെപ്പറ്റി എന്നാ
ണം വേണം; 5. ഉചിതങ്ങളായ പദങ്ങളെ ബന്ധിച്ചു്
അനുഭവനേയ കേകസപദവത്തെ വർണ്ണിക്കണം; 6. "നഗരാർണ്ണവ
ശൈലർത്തു" എന്നിത്യാദികളായ ഏർണ്ണങ്ങളെല്ലാം വർണ്ണിക്കണ
മെന്നോ ഇവയ്ക്കുപുറമേ കണ്ടതു വർണ്ണിച്ചുകൂടെന്നോ ഇല്ല; 7.
ദേവി കിരാതജ്ഞനീയത്തിലും, മാഘൻ ശിശുപാലവധ
ത്തിലും, ചെയ്തപോലെ കഥാമർമ്മത്തെ വിസ്മരിച്ചു് പ്രസക്തി
യോ പ്രധാന്യമോ ഇല്ലാത്ത സംഗതികളുടെ ദീർഘമായ
വർണ്ണനംകൊണ്ടു് ഒരാളെ സ്തുതിച്ചും നിറച്ചു് കാവ്യത്തെ വൃഥാ
സ്ഥലമാക്കരുതു്. ഉണ്ണാൻ വേണ്ടി ജീവിക്കരുതെ, ജീവിക്കാൻ
വേണ്ടി ഉണ്ണണ്ടതുപോലെ, വർണ്ണനയ്ക്കായിട്ടു കഥയെ ഉപ
യോഗിക്കരുതെ കഥയ്ക്കായിട്ടു വർണ്ണനയെ ഉപയോഗിക്കണം;
8. ഹൃദയംഗമമായ സാദൃശ്യമോ പ്രയോജനമോ ഇല്ലാത്ത
തിലയിൽ വസ്തുക്കൾതമ്മിൽ ശ്ലേഷംകൊണ്ടു് ഔചിത്യം
ചെയ്യരുതു്; 9 കാലദേശാദികൾക്കു് അനുകൂലങ്ങളോ അനു
ഭവസാക്ഷികങ്ങളോ അല്ലാത്ത സംഗതികളെ പൂർവ്വകവിപ്ര
യോഗം മാത്രം പ്രമാണമാക്കി പ്രതിപാദിച്ചു് ഔചിത്യ
ഭംഗം വരുത്തരുതു്; 10 കൈയിൽനിന്നു പണ്ടുവിതരിലും മോ
തിരം അണിയുന്നതുപോലെ സാർത്ഥകമായി അലങ്കാരം
വേണമെന്നു ഭ്രമിച്ചു് ഉൽപ്രേക്ഷാദ്യലങ്കാരങ്ങളെ വലിച്ചു
വാരി പ്രയോഗിക്കരുതെ വസ്തുസ്ഥിതിയെ അനുയോജനവി
വരിക്കണം; ഇത്യാദി—അഥവാ,

'പാദം നാലിലുമൊത്തുവെന്നു വരണം
രണ്ടാമതാമക്ഷരം;

വൃത്തം പൂത്തിവരായ്കിലോ വിടവട—
ച്ചീടാം നിരത്ഥോക്തിയാൽ;
യതിക്കേണ്ട യതിക്കു; സംസ്തുതപടം
കുത്തിച്ചെലുത്താം നിറ—
ച്ചു;—ത്ഥം പോൽവരം മുറയ്ക്കു തനിയെ;
ശ്ലോകം ചമച്ചീടുണം'

എന്നതെയ്ക്കുമതേ,

'അന്യൂനാനതിരിക്തമായ്നിലസണം
ശബ്ദങ്ങളത്ഥങ്ങളും,
പ്രാസാദ്യാഭരണങ്ങളും വാങ്ങുവതിനാ—
യത്നം കളഞ്ഞീടൊലാ;
ദോഷം നീക്കി വളച്ചുകെട്ടുകളൊഴി—
ച്ചുചിത്യമോത്തോതണം
സൽകാവ്യോചിതമായ വസ്തു വിവിധം
വ്യംഗ്യം വിളങ്ങുംവിധം'

എന്ന അഭിപ്രായമാണു സ്വീകരിക്കേണ്ടതു്."

ഈ മതത്തെ കഴിയുന്നതും അവലംബിച്ചുകൊണ്ടു്, വൈദർഭീരീതിയിൽ, ഒരു മഹാകാവ്യം എഴുതണമെന്നു് ചേരിരുനായകൻ ഒരുങ്ങിയതു്. അതിനായി അദ്ദേഹത്തിനു് പുതിയ ഒരു ഇതിവൃത്തത്തെ ഒന്നാമതായി കണ്ടുപിടിക്കേണ്ടിവന്നു. പലതും കൈകാര്യംചെയ്തു് വായനക്കാർക്കു് ചിരപരിചിതമായിത്തീർന്ന ഒരു ഇതിവൃത്തമായാൽ, അതിനെ നവീനകല്പനകൾ ചെയ്യുന്നതിനു പ്രയാസം കൂടുമെന്നുള്ളതുകൊണ്ടു്, മലയാളകവികളിൽ അധികമാരും കൈവെച്ചിട്ടില്ലാത്ത ഒരു പുരാണഭാഗം—സ്യമന്തകം കഥ—അദ്ദേഹം തിരഞ്ഞെടുത്തു. ഭാഗവതം ദശമസ്കന്ധത്തിലെ 56—മദ്ധ്യായത്തിൽ 45 ശ്ലോകങ്ങളിലൊതുങ്ങി പ്രതിപാദിച്ചിട്ടുള്ളതാണു് ഈ കഥ. കഥയുടെ സംഗ്രഹം താഴെ ചേർക്കാം:—

"സത്രാജിത്തിനു് സൂര്യനിൽനിന്നു് സ്യമന്തകം എന്ന ഒരു വിശിഷ്ടരത്നം ലഭിച്ചു. ആ മണി ധരിച്ചുകൊണ്ടു് സത്രാ

ജിത്തു് ദ്വാരകയിൽ പ്രവേശിച്ചപ്പോൾ, മണിയുടെ പ്രകാശ ധോരണിനിമിത്തം, സൂര്യൻ ശ്രീകൃഷ്ണനെ സന്ദർശിക്കുന്നതി നായി വരുന്നതായിരിക്കുമെന്നു് ജനങ്ങൾ വിചാരിച്ചുപോ യി. അവർ വിവരം കൃഷ്ണനെ അറിയിച്ചു. അദ്ദേഹം ജന ങ്ങളുടെ തെറ്റിദ്ധാരണ നീക്കുകയും വാസ്തവം അവരെ ധരി പ്പിക്കയും ചെയ്തു. ദിവസംതോറും എട്ടുഭാരം സ്വർണ്ണം വിള യിക്കുന്ന ആ രത്നം തനിക്കു കിട്ടിയാൽ കൊള്ളാമെന്നു് ശ്രീ കൃഷ്ണൻ സത്രാജിത്തിനോടാവശ്യപ്പെട്ടു. സത്രാജിത്തു് വിസ മ്മതിക്കുകയാണുണ്ടായതു്. അങ്ങനെയിരിക്കെ, സത്രാജിത്തി ന്റെ സഹോദരനായ പ്രസേനൻ സ്യമന്തകവും ധരിച്ചു കൊണ്ടു് നായാട്ടിനായി കാട്ടിലേയ്ക്കു പോയി. ഒരു സിം ഹം പ്രസേനനെക്കൊന്നു രത്നവുംകൊണ്ടു കടന്നു. ജാംബവാൻ ആ സിംഹത്തെ വധിച്ചു സ്യമന്തകം കൈക്കലാക്കി. പ്ര സേനൻ തിരികെ വന്നുകാണായ്കയാൽ സത്രാജിത്തു് വ്യസ നിക്കയും, ശ്രീകൃഷ്ണൻ രത്നം അപഹരിക്കുന്നതിനായി പ്രസേ നനെ കൊല്ലിച്ചതായിരിക്കുമെന്നൂഹിക്കയും ചെയ്തു. ഈ വാർത്ത ചെവിക്കുചെവിയായി കാട്ടിലെല്ലാം പരന്നു; ഒടു വിൽ ശ്രീകൃഷ്ണന്റെ ചെവിയിലും എത്തി. അദ്ദേഹം സത്യം കണ്ടുപിടിക്കുന്നായി കാട്ടിലേക്കു പുറപ്പെടുകയും, കാൽച്ചുവ ടുകളെ പിൻതുടർന്നു് പ്രസേനന്റെ ശവശരീരത്തെയും അതി നെത്തുടർന്നു സിംഹശരീരത്തെയും അതുവഴിയായി ജാംബ വാന്റെ വസതിയേയും കണ്ടുപിടിക്കയും ചെയ്തു. അവിടെ വെച്ചു് 28 ദിവസത്തെ യുദ്ധം നടന്നു. ഒടുവിലാണു ജാംബ വാനു പരമാർത്ഥം മനസ്സിലായതു്. ആ കേമശിരോമണി പശ്ചാത്തപിച്ചു മാപ്പുചോദിക്കയും പുത്രിയായ ജാംബവതി യേയും സ്യമന്തകത്തേയും ശ്രീകൃഷ്ണനു സമ്മാനിക്കയും ചെയ്തു. ശ്രീകൃഷ്ണൻ ദ്വാരകയിലെത്തി വിവരം വിശദമായി പറഞ്ഞു ധരിപ്പിച്ചു് രത്നം സത്രാജിത്തിനു കൊടുത്തു. അപവാദം പറ

ഞുപരത്തിയ അപരാധമൊന്നു് ഉപേക്ഷിക്കാത്തവനായ സത്രാജിത്തു് പുത്രിയായ സത്യഭാമയെ ഭാര്യയായും സ്യമന്തകത്തെ സ്ത്രീധനമായും ശ്രീകൃഷ്ണനു കൊടുത്തു."

എഴുത്തച്ഛൻ ഭാഗവതത്തിലും, ചെറുശ്ശേരി കൃഷ്ണഗാഥയിലും കുഞ്ചൻനമ്പ്യാർ ശ്രീകൃഷ്ണചരിതം മണിപ്രവാളത്തിലും ഈ കഥ വിവരിച്ചിട്ടുണ്ടെങ്കിലും അവരെല്ലാം മൂലകഥയെ അക്ഷരംപ്രതി അനുവർത്തിയ്ക്കുണ്ടു് ചെയ്തിട്ടുള്ളൂ. കേരവീയത്തിനുമുൻപു് പ്രസ്തുത കഥയെ ഉപജീവിച്ചുകൊണ്ടു് ഭാഷയിലുണ്ടായിട്ടുള്ള ഒരേഒറ സ്വതന്ത്രകൃതി കുഞ്ചൻനമ്പ്യാരുടെ "സ്യമന്തകംതുള്ളൽ" മാത്രമാകുന്നു കവിയുടെ സഹജമായ നർമ്മരസതന്ത്രവും ഫലിതവും ഒഴിച്ചാൽ കഥയെസ്സംബന്ധിച്ചു് ഒരു നവീനത്വം മാത്രമേ ആ കൃതിയിലും കാണ്മാനുള്ളൂ. ജാംബവാന്റെ വസതിയിൽ പ്രവേശിച്ച അവസരത്തിൽ അവിടത്തെ ഭിത്തിയിൽ ഒരു രമണീയകഥ ചിത്രീകരിച്ചിരിക്കുന്നതു ശ്രീകൃഷ്ണൻ കണ്ടതായിവർണ്ണിക്കുന്ന ഭാഗമാണു്. ആ വനരപുംഗവന്റെ ശ്രീരാമഭക്തിയെ പ്രകാശിപ്പിക്കുന്നതിനുവേണ്ടിയായിരിക്കാം നമ്പ്യാർ ഈ പൊടിക്കൈ പ്രയോഗിച്ചതു്. ഇതല്ലാതെ സ്യമന്തകം കഥയിൽ മറ്റു യാതൊരു വ്യത്യാസവും ആരും വരുത്തീട്ടുള്ളതായി കാണുന്നില്ല.

കേ. സി. കേശവപിള്ള "കാവ്യജീവനായ രസത്തിന്റെ പുഷ്ടിക്കുവേണ്ടി മൂലകഥയ്ക്കു് അവിടവിടെ സ്വല്പം ക്ഷതഭേദഗതികൾ വരുത്തി"യിരിക്കുന്നു. I മൂലകഥയിൽ ഭാഗവതന്റെ ഭാഗധേയം യദൃച്ഛാസംഭവമാണെല്ലോ. എന്നാൽ ശ്രീകൃഷ്ണനിൽ അനുരക്തയായ സത്യഭാമ, അച്ഛൻ തന്നെ ശതധന്വാവിനു ദാനംചെയ്യുൻ നിശ്ചയിച്ചിരിക്കുന്ന വിവരമറിഞ്ഞു വ്യഥയ്ക്കുന്നതായിട്ടും, ഒരു സന്ദേശവാഹകൻ വഴിയായി ഈ വിവരമറിഞ്ഞ ശ്രീകൃഷ്ണൻ സ്യമന്തകം കണ്ടെന്നുള്ള വ്യാജേന ഭാമയെ സാദരം സംഗമംകൊണ്ടനുഗ്രഹിക്കുന്നതിനായി

സത്രാജിത്തിന്റെ രാജധാനിയിൽ ചെല്ലുന്നതായിട്ടും, അവി ടെവെച്ച് ഭീമനെ കാണുന്നതായിട്ടുമാണ് കേരവീയത്തിൽ വിവരിച്ചിട്ടുള്ളത്. കാവ്യത്തിൽ ഘടിപ്പിച്ചിട്ടുള്ള സംഗതി രണ്ടത്തെ പോഷിപ്പിക്കാൻ ഇതു് എത്രമാത്രം സഹായിക്കുന്നു ണ്ടെന്നു് ഭാവുകന്മാർക്ക് എളുപ്പത്തിൽ മനസ്സിലാക്കാൻ കഴി യും. 2. സത്രാജിത്തു് രത്നം ധരിച്ചു് ദ്വാരകയിൽ ചെന്നി രുന്നു എന്ന മൂലകഥാംശം കേരവീയത്തിൽ ഉപേക്ഷിക്കപ്പെ ട്ടിരിക്കുന്നു. ആ ഭാഗം കൂട്ടിച്ചേർക്കുന്നതുകൊണ്ടു കഥയ്ക്കു് യാ തൊരു മെച്ചവും ഉണ്ടാകാനില്ല; വൈരസ്യമില്ല; എന്നുമാത്ര മല്ല, ഭഗവാനു് ഭീമാഗമനത്തിൽ ചെല്ലുന്നതിനു് ഒരു കാരണ മാകത്തക്കവിധം ആ ഭാഗം മറച്ചുവച്ചതു് യുക്തിയുക്തതയ്ക്കും ഗൗരവത്തിനും അനുഗുണമായിത്തീർന്നിട്ടുമുണ്ടു്. 3. അപവാ ദത്തെപ്പറ്റി കേട്ട ഉടനെ സത്യം കണ്ടുപിടിക്കുന്നതിനായി ശ്രീകൃഷ്ണൻ എന്തിനാണ് അനുചരന്മാരോടുകൂടി കാട്ടിലേക്കു പോകുന്നതായിട്ടാണ് മൂലകഥയിൽ പറയുന്നതു്. കേരവീ യത്തിലാകട്ടെ, ചാരന്മാർ അപവാദകഥ വന്നറിയിക്കുന്നു് മന്ത്രാലോചനയിൽവെച്ചാണു്. ആ അവസരത്തിൽ ബലഭദ്രനും ഉദ്ധവനും അവിടെ ഉണ്ടായിരുന്നതായിട്ടാണു്. ഇങ്ങനെയാകട്ടെ ഈ "മന്ത്രാലോചന" യാണു് പിന്നീടുവേണ്ടവിധത്തിലാക്കുന്നതു്. ഈ വ്യത്യിയാനത്തിന്റെ ഉദ്ദേശ്യവും ഔചിത്യവും സ്പഷ്ടം. 4. കഞ്ചൻകന്യാഗൃഹത്തിൽ മൻപിൽ ഒരടിക്കുറി വെച്ചുകൊണ്ടു്, ജാംബവാന്റെ ഇഹാഭിത്തിയിൽ രാമായണകഥയ്ക്കുപുറമേ, ശ്രീകൃഷ്ണചരിതംകൂടി കൊത്തിച്ചിരുന്നതായി കാവ്യത്തിൽ പറഞ്ഞിട്ടുള്ളതാണു് മറ്റൊരു വ്യത്യിയാനം. ഭക്തോത്തമ നായ ജാംബവാനു് ശ്രീരാമനും ശ്രീകൃഷ്ണനും ഒരുപോലെ ആരാധ്യന്മാരായിരുന്നു എന്നു വരുത്തുകയാണു് ഇതിന്റെ ഉദ്ദേശം. അങ്ങനെ തന്റെ ആരാധനാപാത്രമായ രാമന്റെ കഥതന്നെ താൻ 28 ദിവസം—യുദ്ധം ചെയ്തുകൊണ്ടിരുന്നതു്

എന്നു മനസ്സിലാക്കുമ്പോഴാണല്ലോ പശ്ചാത്താപത്തിനു ശക്തി കൂടുക. തട്ടേശമായ ഒരു ഘട്ടത്തിൽ തന്റെ അവിവേകത്തിനു് ഒരു പ്രായശ്ചിത്തമെന്ന നിലയിൽ പൂർണ്ണിയായ ജംബുകത്തിലെ ശ്രീകൃഷ്ണനു പണ്ടൊഗ്രഹണംചെയ്യുകൊടുത്തു എന്നു പറഞ്ഞാൽ അനുവേരസികതപം കൂടും. എത്ര സൂക്ഷ്മമായ കവിധർമ്മമാണിതെന്നു് ചരിത്രജ്ഞനായ കേൻ ഒരോ ഘട്ടത്തിലും മുഖകഥയിൽനിന്നു വ്യതിചലിച്ചിട്ടുള്ളതെന്നു് ഇപ്പോഴും സൂക്ഷ്മമായിരിക്കുമെന്നു വിശ്വസിക്കുന്നു.

കേരവിയത്തിൽ ആകെ 12 സർഗ്ഗമാണുള്ളതു്. "ഭോമനിവേദനം"മാണു് ഒന്നാംസർഗ്ഗം. "രമണീയത്വപ്രതിപാദകഃ ശബ്ദഃ കാവ്യം" എന്ന സിദ്ധാന്തത്തെയാണു് കാവ്യനിർണ്ണയത്തിൽ തൻ പ്രമാണമായി അംഗീകരിച്ചിരിക്കുന്നതെന്നു് പ്രഥമശ്ലോകംകൊണ്ടു സൂചിപ്പിച്ചു്, വൈഭവത്തിൽ കാവ്യം ചമയ്ക്കുന്നുള്ളുതാണു് തന്റെ ഉദ്ദേശമെന്നു ധ്വനിപ്പിക്കുകയും, "കാളിദാസകവിത്വത്തിൻറെ കാൽനഖേന്ദുമരീചികാം കാവ്യാധ്വനിയിൽ സഞ്ചരിക്കു"ന്നതിക്കു് "വഴികാട്ടണ"മെന്നു പ്രാർത്ഥിച്ചുകൊണ്ടു്,

'പശ്ചിമാംബുധിയിൽ പുത്തൻ
മണിമാളികയെന്നപോൽ
ചാരുകാവ്യമയം പണ്ടു
വിളങ്ങിയൊരു പത്തനം'

എന്നിങ്ങനെ കവി ചാരുകൃതിയെ വർണ്ണിച്ചുതുടങ്ങുന്നു. മാധവകവിയുടെ ന്യൂനതകളെ ധ്വനിപ്പിക്കുന്നതരത്തിലുള്ള ചാരുകവിയുടെ സ്തുതി വർണ്ണിച്ചശേഷം, ഭോമയുടെ സന്ദേശവും കൊണ്ടുവരുന്ന ബ്രാഹ്മണനെ കവി സംപ്രീതനാക്കുന്നു. പിതാവു തന്നെ ശത്രുധനപാലനു നല്കുൻ തീരുമാനിച്ചിരിക്കുന്നുവെന്നും, അച്ഛൻറെ ആജ്ഞയെ ലംഘിക്കുന്നതിനു് ആലോചിക്കുന്നുതന്നെ മഹാപാപമാണെന്നു തനിക്കറിയാമെങ്കിലും മനസ്സിനിണങ്ങാത്ത പുരുഷൻറെ കൺമു

പടത്തെക്കാൾ മരണത്തെയാണ് താൻ കാമ്യമായി കരുതുന്നതെന്നും, അതുകൊണ്ട് "കൂരകണ്ടെത്ത കടലിൽ പെട്ടനാഥയായ് കഴുങ്ങു"ന്നതന്നെ രക്ഷിക്കുന്നതിനു ശ്രമിക്കുകയെന്നുള്ള സത്യഭാമയുടെ പ്രാർത്ഥന അത്യന്തം ഹൃദയാകർഷകമായിട്ടുണ്ട്. പ്രസ്തുത കഥാസന്ദർഭത്തെ ഇങ്ങനെ രൂപപ്പെടുത്തുന്നതിൽ "രുക്മിണി"യുടെ ചരിത്രം കവിയെ വളരെ സഹായിച്ചിട്ടുണ്ടായിരിക്കണം.

'പുണ്യശാലിനി വൈദർഭിക്കന്നൊരിപ്പൊരു സങ്കടം
പോക്കിയെന്നല്ലവളെ നീ വേഗം ക്കയും ചെയ്തില്ലയോ?'

എന്ന ഭാമാവാക്യത്തിൽ നിന്ന് ഇതു സ്പഷ്ടമാകുന്നുണ്ട്. കലീനതപത്തിനു യോഗ്യയാകാത്ത ഒരു ഒറവാക്കുപോലും കവി ഭാമയെക്കൊണ്ടു പറയിക്കുന്നില്ലെന്നുള്ളതു പ്രത്യേകം ശ്രദ്ധാർഹമാണ്. എന്നുമാത്രമല്ല, തനിക്ക് അറിയിക്കാനുള്ള സങ്കടമെല്ലാം പറഞ്ഞുകഴിഞ്ഞതിനുശേഷം,

'ദോഷവും ദോഷവും ലേശം താതനുണ്ടായിടാതെ താൻ
താപം മമ ഹരിച്ചീടാൻ തിരുവുള്ളമുദിക്കണം!

എന്ന് ഈ പിതൃഭക്ത പ്രത്യേകം പ്രാർത്ഥിക്കുന്നുമുണ്ട്. ഭാമയുടെ സന്ദേശവാക്യത്തിൽ വ്യംഗ്യഭംഗിക്കാണ് കവി പ്രാധാന്യം കല്പിച്ചിട്ടുള്ളതു്. തന്നെ ഭോഗ്യയായി സ്വീകരിക്കണമെന്നോ മറ്റോ ഭാമ ഒരിടത്തും നേരിട്ടു പറയുന്നില്ല. പക്ഷേ,

പ്രിയനെപ്പിരയാൻ നാണം
നംവിനെത്തടയുന്നു മേ;
അല്ലെങ്കിലായതെന്തിനു
സഖ്യജ്ഞ! പറയുന്നു ഞാൻ?'

എന്ന പദ്യത്തിലെ "സഖ്യജ്ഞ" ശബ്ദത്തിൽനിന്നും, ശ്രീകൃഷ്ണൻ രുക്മിണിയെ രക്ഷിച്ച കഥ സൂചിപ്പിച്ച ശേഷം തനിക്കു രുക്മിണിയുടെ പേരുച്ചരിക്കുന്നതിനുള്ള യോഗ്യതയുണ്ടോയെന്നു പറയുന്നതിൽനിന്നും, അതു വളരെ ഭംഗി

യായ രീതിയിൽ ധ്വനിക്കുന്നുണ്ടെന്നും, വ്യംഗ്യപ്രധാനമായ പ്രസ്തുത സന്ദേശവാക്യത്തിനു ശ്രീകൃഷ്ണൻ പറയുന്ന മറുപടിയും അതേ രൂപത്തിലുള്ളതാണ്.

'കാരസ്സരമരത്തിങ്കൽ കല്പവല്ലി പടർത്തുവാൻ
തുനിയും മനുജന്മാരിങ്ങിനിയും മരുവുന്നുവോ?'

എന്താണ് ഭാഗവാൻ നേരമ്പോക്കായി ചോദിക്കുന്നത്.

താൻ രുക്മിണിയേയാണ് നേരത്തെ സ്വീകരിച്ചതെന്നുള്ള ഭാവം പറഞ്ഞതിനുള്ള മറുപടി ഇതാണ്:—

'വൈദർഭിതന്നിൽനിന്നേറെ തന്നെത്തഴിയരുതില്ലും
വിനീതയവൾ പാർത്തീടിൽ വൈദർഭിക്കു സമാനതാൻ'

ഇതിലെ ചമത്കാരഭാഗം "രുക്മിണി എന്നെ മാത്രമായിരിക്കുന്നതുപോലെ" ഭാര്യയും എന്നെ മാത്രമായിരിക്കണം എന്നു സൂചിപ്പിക്കുന്നു. ഈ ഘട്ടത്തിൽ കവി

'വധുവിൻ മനമേറെതെ വരനെത്തീച്ചയക്കുവോൻ
രുജനിഭനമറിയാതുഷ്ണം നിശ്ചയിച്ചിടും'

എന്ന വിലയേറിയ ഒരു ലോകതത്ത്വം സന്ദർഭോചിതമായി രേഖപ്പെടുത്തിയിട്ടുണ്ട്. ശ്രീകൃഷ്ണന്റെ ഈ മറുപടിയോടുകൂടി നാരദസ്തുതി അവസാനിക്കുന്നു.

അനന്തരം ശ്രീകമിതാവൊരുന്നാളും
സുമന്തകം കാണ്മതിനെന്നു ചൊല്ലി
അനന്തഹേമാഭ കലർന്ന ഭവും
പുലർന്ന ഭാമാഭവനം ഗമിച്ചാൻ'

എന്നിങ്ങനെയാണ് രണ്ടാംസ്തുതിന്റെ ആരംഭം. ഭാഗവാന്റെ വരവുണ്ടെന്നു കേട്ട ഭാമ നേരത്തെ മാളികമുകളിൽ ഫാജർകൊടുക്കുന്നു. ശ്രീകൃഷ്ണൻ സത്രാജിത്തിന്റെ വസതിയിലെത്തിയ ഘട്ടത്തെ കവി വർണ്ണിക്കുന്നതിങ്ങനെയാണ്!

'മനസ്സു മോഷ്ടിച്ചു മറഞ്ഞുമേവ്
മൈക്കണ്ണിയെക്കണ്ടു പിടിക്കുവാനായ്
മുകുന്ദനേശം മണിമേട കാണ്മാൻ
മോഹിച്ച ഭാവത്തൊടണഞ്ഞിതുള്ളിൽ.'

സത്രാജിത്തു് സാദരം ആ യദുവീരനെ ചെന്നെതിരേ
ല്ക്കുന്നു. പക്ഷേ, ജാംബവൻ എതിരേല്ക്കുന്നതിനു മുൻപുതന്നെ
മകളുടെ കണ്ണുകൾ അദ്ദേഹത്തെ എതിരേറ്റു കഴിഞ്ഞിരുന്ന
വത്രെ! കുലപ്പാട്ടുണ്ടല്ലൊ. അവസരനേത്രങ്ങൾ സ്യമന്തക
ത്തിന്റെ കഥ സംഭാഷണവിഷയമാകുന്നു. ശ്ലോകത്തിന്റെ
യും വ്യംഗ്യത്തിന്റെയും സഹായത്തോടുകൂടി കവി ആ സം
ഭാഷണത്തിൽ സ്യമന്തകത്തിന്റെ കഥയോടൊപ്പം സത്യഭാമ
യുടെ കഥയും ഉള്ളടക്കിയിരിക്കുന്നു. തന്നിമിത്തം "ലോകഖ്യസ്യ"
നല്കിയ തന്റെ "ചാതുരീ"യെപ്പറ്റി സൂചിപ്പിച്ചശേഷം,

'കാമനുകൂലം വിഭവം കലന്ദ
രമിച്ചുകൊണ്ടവനെതകുന്നവണ്ണം
മാഹാത്മ്യമേറുന്നൊരതിങ്കലാശ
പലക്കുമങ്ങിന്നു വളന്നിടുന്നു.'

എന്നു സത്രാജിത്തു പറഞ്ഞതിനു്,

''കാമപ്രദം നിൻമണി കണ്ടവനെൻ—
കണ്ണിനു കൗതൂഹലമുണ്ടു പാരം;
സ്ഥാനത്തിൽനിന്നായതു പോയിടാതെ
പാലിപ്പതിന്നും പരമാഗ്രഹം മേ''

എന്നാണു് ഭാര്യാന്റെ മറുപടി. അർത്ഥം അനർത്ഥകാ
രണമാകയാൽ സ്യമന്തകം സൂക്ഷിക്കുന്നതിനായി തന്നെ
ഏല്പിക്കുന്നതു നന്നായിരിക്കുമെന്നും, അതിൽനിന്നു കിട്ടുന്ന
ധനമെല്ലാം സത്രാജിത്തിനു് എത്തിച്ചുകൊടുക്കാമെന്നും,
ഒടുവിൽ ശ്രീകൃഷ്ണൻ പറയുന്നു. "യാദവന്മാരുടെ രാജാവി
നു സമ്മാനിക്കാതെയായി സ്യമന്തകം തനിക്കു തരണമെന്നു
ശ്രീകൃഷ്ണൻ അപേക്ഷിച്ചു*എന്നാണു് ഈ ഘട്ടത്തെപ്പറ്റി
ഭാഗവതത്തിൽ പറയുന്നതു്. "യാദവരാജനു വേണമെന്നി
ങ്ങനെ യാചിച്ചു നിന്നാനന്നമ്മണിയെ" എന്നു ചെറുശ്ശേ
രി അതിനെ പദ്യരൂപമാക്കിയിരിക്കുന്നു. രാ

* സ കാചിതോമണിം കാമാചി യദുരാജായ ശൗരിണാ

മന്ത്രകം കിട്ടിയാൽ യദുരാജാവു വളരെ സന്തോഷിക്കുമെന്നും, അതിനാൽ രാജാവിനു സമ്മാനിക്കാനായി അതു തനിക്കു തരണമെന്നും, എന്തു പ്രതിഫലം വേണമെങ്കിലും നല്കാമെന്നും ശ്രീകൃഷ്ണൻ പറഞ്ഞതായി എഴുത്തച്ഛൻ വർണ്ണിച്ചിരിക്കുന്നു. "എനിക്കിടം രത്നവരം തരുമോ നിനക്കുവേണ്ടും ധനമിന്നതല്ലാം" എന്നിങ്ങനെ എഴുത്തച്ഛന്റെ കാലടികളെ പിൻതുടർന്നുകൊണ്ട് ശ്രീകൃഷ്ണചരിതകർത്താവു പറയുന്നു. ഇല്ലത്തുക്കഥയിലെത്തിയപ്പോൾ ആ ഭാഗം,

'പരമമഹാധനമാകിയ രത്നം
പരിപാലിപ്പാനെളുതല്ലേതും;
ചോരന്മാരുണ്ടനവധി പാർത്താ-
ലാരെന്നാലും സൂക്ഷിക്കേണം;
നിങ്കലൊരമളി വരാതെയിരിപ്പാ-
നെങ്കിലതെങ്കലിരുന്നിടട്ടെ.
ആശയതിങ്കൽ നമുക്കില്ലേതും
നാശം വരുമതുകൊണ്ടു പറഞ്ഞേൻ
ചിത്താനന്ദം മണിയിൽ വിളഞ്ഞൊരു
വിത്തമതൊക്കെ നിനക്കു തരുന്നേൻ.'

എന്നായി മാറി. പരസ്പരാഭിലാഷം ഉത്തമനായകന്റെ മാറാ കൂറ്റുകളയുന്നതാകയാൽ ആ ദോഷം പരിഹരിക്കുന്നതിനു വേണ്ടിയായിരിക്കണം കുഞ്ചൻ നമ്പ്യാർ ഇങ്ങനെ ഒരു മാറ്റം വരുത്തിയതു്. ഉചിതജ്ഞനായ കേശവപിള്ളയും നമ്പ്യാരെ പിൻതുടരാനാണു തീരുമാനിച്ചതു്.

'ധനത്തിലോ രത്നവരത്തിലോ മേ
മനസ്സിലില്ലാശ, നിനയ്ക്ക ധീമൻ!
ശുഭത്തെ വാഞ്ഛിച്ചിതു പൊല്ലി ഞാൻ തേ;
ഹിതത്തെ മിത്രം പറയേണമല്ലൊ'

ഇതിൽ ചതുർത്ഥപാദം കവിയുടെ മനോധർമ്മസന്താനമാണു്. സന്ദർഭത്തിനു് അതു് എത്രമാത്രം യോജിച്ചിരിക്കുന്നു! നായകന്റെ സ്വഭാവത്തെ ഈ വരി വളരെ ഉയർത്തിക്കാണി

ക്കുന്നു; പക്ഷെ, കവി ഇത്രകൊണ്ടും തൃപ്തിപ്പെട്ടുന്നില്ല. കുഞ്ചൻ നമ്പ്യാരെപ്പോലും അതിശയിക്കത്തക്കവിധം, അദ്ദേഹം,

'അരാതിയാൽ കേട്ട വരുതെകണ്ടീ—
രതം സയതം സതതം ഭരിപ്പാൻ
തവാത്മജൈയ്യും തിരഞ്ഞുവെന്നാൽ
തരേണമെന്നില്ലിതിരുന്നിടട്ടെ.'

എന്നുകൂടി കൃഷ്ണനെക്കൊണ്ടു പറയിക്കുന്നു. ചിത്രമെഴുത്തുകാർ ചിലപ്പോൾ ഇവികയുടെ നിസ്സാരമായ ഒരു ഖണ്ഡംകൊണ്ട് തങ്ങളുടെ ചിത്രത്തിനു ജീവൻകൊടുക്കുന്നതുപോലെ, ചരിത്രനായകൻ ഈ ഒരൊറ്റ പദ്യം കൊണ്ടു നായകന്റെ സഹോദരമഹിമയെ വാനോളം ഉയർത്തിയിരിക്കുന്നു.

'ഭോൻ കനിഞ്ഞെന്നുടെ നന്മകൊംക്ക
ഭർത്തൃഭവനേറങ്ങു വസിക്കുമെങ്കിൽ,
ഭയം വേടിഞ്ഞീ മണി ഭംഗമെന്യേ
ഭരിക്കുവേൻ ഞാൻ ഭരണീയഖണ്ഡം!'

എന്നായിരുന്നു സത്രാജിത്തിന്റെ പറപടി. "നന്മകൊം" എന്ന വാക്കിലെ ശ്ലേഷ ഏതു അക്ഷിഷ്ടവും മനോഹരവുമായിരിക്കുന്നു! ഭാമയെക്കുടി സൂചിപ്പിക്കത്തക്കവിധം സത്രാജിത്തിൽനിന്നു പുറപ്പെട്ട ഈ വാക്കു കേട്ട് "എന്നാൽ ഭോൻ ചൊന്നതുപോലെതന്നെ; പിന്നീട് കാണാമിനി" എന്നു യാത്രപറഞ്ഞു് കൃഷ്ണൻ സത്രാജിത്തിന്റെ വസതിയിൽനിന്നു പുറപ്പെടുന്നു. കവി പറയുകയാണു്—

'മകൊംക്കെഴും ദുഷ്ടി തനിച്ചുപോയാൽ
മാഴ്കീടുമെന്നുള്ളിൽ നിനച്ചവണ്ണം
അവൻ മുകുന്ദന്നയയാത്രചൊല്ല
തദാജ്ഞ കൈക്കൊണ്ടു മുദാ മടങ്ങി.
തനിക്കു പോകാൻ കഴിയുന്നദൂരം
വരുന്നു താനേ പിറകേ നടന്നു
വരാംഗിതൻ ദൃഷ്ടി വരേക്ഷണത്തെ—
പ്പുണർന്നു പെട്ടെന്നു മടങ്ങി മന്ദം'

ശ്രീകൃഷ്ണൻ കണ്ണിൽനിന്നു മറയുന്നതുവരെ സത്യഭാമ മാളികപ്പുറത്തുനിന്ന് അദ്ദേഹത്തെ നോക്കിക്കൊണ്ടു നിന്നുവെന്നും, വളരെ അകലെ വെണ്ണേഷ്ടം സത്രാജിത്തു തിരികെ മടങ്ങി എന്നു കണ്ടപ്പോൾ, ശ്രീകൃഷ്ണൻ തിരിഞ്ഞു സത്യഭാമയ്ക്കു ഒന്നു നോക്കിയെന്നും, ഉടനെ ആ കന്യക നാണം കൊണ്ടു മുഖം താഴ്ത്തിക്കളഞ്ഞുവെന്നും ഈ പദ്യങ്ങളിൽ കവി എത്ര ഭംഗിയായി വർണ്ണിച്ചിരിക്കുന്നു! ഒരു സൂക്ഷ്മമായ വർണ്ണനയ്ക്കുള്ള ഉദാഹരണമാണ് ആ സർഗ്ഗം അവസാനിക്കുന്നതു്. താൻ കൊടുത്ത ശതം സത്രാജിത്തു ശ്രീകൃഷ്ണനെ കല്പിതനാണെന്നുകൊണ്ട് കോപിച്ചതുപോലെ സൂര്യൻ ചുവന്നുവെന്നും, "ജഡ"ചാപലം ലോകത്തിൽ സാധാരണമാകയാൽ അതിൽ ദോഷപ്പെടേണ്ടതെന്നു സമുദ്രം "പയശ്ചപലനാമകനു ഭരമാണ്" സൂര്യനോടു പറഞ്ഞുവെന്നും, "വസുപ്രഭവം" നിലനില്ക്കുന്നതുവരെ മാത്രമേ ഒരുവന്റെ പ്രതാപം നിണ്ടുനില്ക്കയുള്ളൂ എന്ന തത്ത്വം മന്ദാനേയെ ഉഷ്ണരശ്മിയിൽനിന്നു പരിരക്ഷിക്കുന്നുവെന്നാണ് അസ്തമയം കണ്ട ലുബ്ധന്മാർ മനസ്സിലാക്കിയതെന്നും, എന്നാൽ,

> "അനിത്യമാം ശ്രീമഹിമാവിയന്നി—
> ട്ടത്യന്തസ്ഥാനമെടുത്തിടുന്നോൻ
> അനർത്ഥമാഴിയിൽ വീണപോലെ"

എന്നുള്ള ലോകതത്ത്വത്തെയാണ് വാസ്തവത്തിൽ ആലിത്യഭഗവാൻ അനുഭവംകൊണ്ടു തെളിയിച്ചതെന്നും, അസ്തമയവർണ്ണനയുപന്യാസത്തിൽ കവി പറയുന്നു.

പ്രസേനന്റെ കഥയാകട്ടെ, മണിഭ്രംശം എന്നിവയാണ് ഉക്തിയചതുർത്ഥസർഗ്ഗങ്ങളിലെ പ്രതിപാദ്യവിഷയം. "തമസ്വിന്നിലപോലെ പച്ചയാകും നിറമാളുന്നൊരുടുപ്പും തൊപ്പി"യുമണിഞ്ഞു മൃഗയാഭ്രമക്കാരനായ പ്രസേനൻ ധരിച്ചിരുന്നതു്. എന്നിട്ടോ,

ഹരിതാഭനവൻ സിതാഭമാകും
മഹിതാശപത്തിൽ മനോഹരം വിളങ്ങി
രജതാചലശൃംഗമേറി നില്ക്കും
നവതുപിഞ്ഛരപലാശിയെന്നപോലെ'

രഘുവംശത്തിലെ ലക്ഷണങ്ങളിലൊന്നായ മൃഗയാവർണ്ണന കഥയിൽ സ്വാഭാവികമായിത്തീർന്നെന്ന കവിയുടെ മുമ്പിൽ വന്ന ചോദ്യം; സ്വാഭാവികമായ രീതിയിൽത്തന്നെ അദ്ദേഹം അതിനെ വർണ്ണിക്കുന്നുമുണ്ട്. പ്രസേനൻ അപ്രത്യക്ഷനായതിനെത്തുടർന്ന് സുഗ്രീവത്തിനുണ്ടാകുന്ന ചിന്താഗതിയെക്കുടി വർണ്ണിച്ചുകൊണ്ടാണ് ചതുർത്ഥസർഗ്ഗം അവസാനിക്കുന്നത്. "ആരാവാമതു ചെയ്തിച്ചാരാവാമിതു ചെയ്യുവൻ? എന്താവാം ഹേതു?" എന്നു തുടങ്ങിയ ആ ചിന്ത,

'പ്രത്യക്ഷമായിരുന്നീടാൻ
പ്രോത്സാഹിപ്പിച്ച വൻകൈതി
പരോക്ഷം ചോരണം ചെയ്യാൻ
പ്രേരണംചെയ്തുചിത്രമോ?

എന്ന അനുമാനത്തിലെത്തിച്ചേരുന്നു. ഇതുവിധം മുന്നോട്ടുപോകുന്ന വിചാരഗതി ശോകോപശാന്തമായി വളർന്ന്, കാമൻ പോലും ഇക്കുട്ടരെ തിരിഞ്ഞു നോക്കുന്നില്ലല്ലൊ എന്ന പരമത്തിലെത്തുന്നു;

'കടലാടി തുടങ്ങീട്ടു,-
ള്ളവയിൽ ചേർന്നു സംസ്മൃതം
യമന്റെ ധർമ്മരാജാഖ്യ
ശുഭമായിച്ചമഞ്ഞതേ'

എന്നാണ് സുഗ്രീവത്തു ആ അവസരത്തിൽ വിചാരിക്കുന്നത്. ഇതോടുകൂടി നാലാംസർഗ്ഗം അവസാനിക്കുന്നു.

ഈ വിവാദം പലരിൽക്കുടി കടന്ന് അഭിപ്രായരൂപത്തിൽ പുരാതത്ത്വവേദികയും ആ "അമാനുഷരഹസ്യം" ഒടുവിൽ "അങ്ങാടിപ്പുരസ്യ"മായിത്തീരുകയും ചെയ്യുന്നു. ഉഭയകക്ഷി

ട്ടും ബലഭദ്രനോടും ഒന്നിച്ച് മന്ത്രശാലയിലിരിക്കുന്ന അവസരത്തിലാണ് ഒരു ചാരൻ വന്ന് ഈ വിവരം ശ്രീകൃഷ്ണനോട് പറയുന്നത്. മന്ത്രശാലയുടെയും ചാരന്റെയും കഥ മാധവരത്തിലില്ലാത്തതാണ്. ദേവാംസമ്പന്നനായ കഞ്ചൻ നമ്പ്യാർക്കുപോലും അങ്ങനെ ഒരു യുക്തി തോന്നിയതായി കാണുന്നില്ല. തോന്നിയിരുന്നു എന്നുവരികിൽ അമ്പലപ്പുഴ, തിരുവനന്തപുരം മുതലായ രാജധാനികളിൽ താമസിച്ചു പഴകിയ അദ്ദേഹം ആ രംഗം വളരെ അനായാസികതയോടുകൂടി വർണ്ണിക്കുമായിരുന്നു. മന്ത്രാലോചന ഹാകുവ്യലക്ഷണങ്ങളിൽ പ്രധാനമായ ഒന്നാകയാലായിരിക്കണം, ചരിത്രനായകന്റെ മാധവം ആ രംഗത്തേക്ക് തിരിഞ്ഞത്. ബലഭദ്രന്റെ ഉജ്ജ്വലഭാവവും ബുദ്ധിശക്തിയും ശ്രീകൃഷ്ണന്റെ നയചതുരതയും തെളിയിക്കുന്നതിനു കവിക്ക് ഈ മന്ത്രാലോചന അവസരം നല്കുന്നു.

'എന്തുകൃഷ്ണ! തവ സാഹസികൃ?—മ
ന്നെന്തിനായ് മണിയിരുന്ന നീ പുഥാ?
ഹന്ത ഹന്ത! വഴിയേ ഗമിക്കുമീ—
ക്കന്തമെന്തിനു വലിച്ചുവെച്ചു നീ?,

എന്നാണ് അല്പം ദ്വേഷ്യത്തോടുകൂടി ജ്യേഷ്ഠൻ അനുജനോടു ചോദിക്കുന്നത്. ആ മുൻകോപിയുടെ ആലോചനയും തീരുമാനവും വേഗം കഴിയും. ചിലപ്പോൾ തീരുമാനം ആദ്യവും ആലോചന പിന്നീടും ആയി എന്നും വരും. ഫലായുധം എന്തിനും തയാറായി എപ്പോഴും മുപ്പുരുടെഞ്ഞുണ്ടുതാനും. സംസാരിച്ചുതുടങ്ങിയ ഉടനെതന്നെ തീരുമാനവും കഴിഞ്ഞു.

'മൂർധ്വ ചൂടിയ കിരീടമാകുമ—
ക്കശ്മലന്റെ നവരക്തധാരയിൽ
ആടുവാൻ തവ പ്രഹിച്ചിടുന്ന മൽ—
ബാഹുദണ്ഡധൃതമായ ലാംഗലം'

ഉശവർ പരിഞ്ഞ മട്ടകാരനാണ്; നയത്തിൽ അതി വിദഗ്ധനും. ആളുകളെ മുഷിപ്പിക്കാതെ കാര്യം പറയാൻ അതിവിരുതൻ.

"ശേഷവാണിയുടെ ശേഷമിന്നിതിൽ
ശേഷമുള്ളവരുരപ്പതെന്തിനായ്?
പുഷ്പമായി മുകിൽ വൃഷ്ടിചെയ്യതിൽ
പിന്നെയുള്ള ജലസേചനം വൃഥാ"

എന്നു പറഞ്ഞുകൊണ്ടാണ് അദ്ദേഹം സംസാരം തുടങ്ങുന്നതു്.. "ഖേദകരമിപ്പോക്ഷണീയമല്ലെന്നതന്നെ ദൃഢമെന്നെയും മതം" എന്നു് ആ ന്യായജ്ഞൻ സമ്മതിക്കയും ചെയ്യുന്നു. പക്ഷേ,

"ദൃഷണാഭിധജലപ്രവാഹമീ-
ഹിംസയാകുമണകൊണ്ടു നിന്നിടാ;
അതുയല്ലിവിടെ ഹിംസ ചെയ്തിലീ-
ദൃഷണം ശതഗുണംവളർന്നിടും."

എന്നുള്ളതാണ് അദ്ദേഹത്തിന്റെ "സിദ്ധാന്ത"പക്ഷം. ഖേദകാര്യങ്ങളിൽ അതിരാറു പരിചയമുള്ള ഒരാളായിരുന്നു ഉശവർ. സേടന്റെ മരണവും സ്വമന്ത്രകനാശവും നിമിത്തം ഉണ്ടായ കഠിനമായ മനോവേദനയിൽ മുഴുകിയിരിക്കുന്ന സത്രാജിത്തിന്റെ സ്ഥിതി അത്യന്തം ദയനീയമാണെന്നും, അങ്ങനെയുള്ള ഒരു ഉന്മത്തചിത്തൻ പറയുന്ന അപവാദത്തിൽ കോപമല്ല താപമാണ് വേണ്ടതെന്നും, സത്യം തെളിയിച്ചാൽ മാത്രമേ ഈ അപവാദത്തിൽനിന്നു രക്ഷനേടാൻ സാധിക്കയുള്ളുവെന്നും അദ്ദേഹം പറയുന്ന അഭിപ്രായം ഇതിനു നല്ല തെളിവാകുന്നു. ബലഭദ്രന്റെയും ഉശവരുടെയും സ്വഭാവങ്ങളെ ഈ സംഭാഷണം മുഴുവനായി ചിത്രീകരിക്കുന്നുണ്ടു്. കേശവീയത്തിലെ ഈ അഞ്ചാംസർഗ്ഗം എഴുതുന്നതിനു് മാഘത്തിലെ രണ്ടാംസർഗ്ഗം ചരിത്രനായകനെ വളരെ സഹായിച്ചിട്ടുണ്ടെന്നു തോന്നുന്നു. രണ്ടിലേയും കഥാ

പാത്രങ്ങൾ ഒന്നുകൊണ്ടു. "കൊയ്ത്തുമേച്ചൽ"സ്ഥലം വളരെ രമ്യം കാണപ്പെടുന്നുണ്ടു്.

രത്നാന്വേഷണത്തിനായി ശ്രീകൃഷ്ണൻ കാട്ടിലേക്കു പുറപ്പെടുന്ന ഘട്ടത്തിൽ ആറാം സർഗ്ഗം ആരംഭിക്കുന്നു. മറ്റു മേച്ചിൽപ്പുറങ്ങളിലേക്കു പോകുന്ന വിഷ്ണുവിനെ വകവെക്കാതെയാണു് വനമാലി വനത്തിലേക്കു യാത്രയായതു്. ജനങ്ങളെ രഞ്ജിപ്പിക്കുക എന്നുള്ളതാണല്ലൊ രാജാക്കന്മാരുടെ പ്രധാനധർമ്മം. യാത്രോദ്യുക്തനായി സപ്തരഥത്തിനുള്ളിലിരിക്കുന്ന ശ്രീകൃഷ്ണനെ പൂർണ്ണചന്ദ്രനോടു കൂടി വിളങ്ങുന്ന ശരത്കാലത്തോടാണു് കവി ഉപമിക്കുന്നതു്. ഈ കേകിദിവാകീർത്തനവർണ്ണനയിലെ ഒരു ശ്ലോകത്തോടുകൂടി ഞാൻ ഇതു നിർത്തുകയാണു്.

കിരീടനാനാമണിദീപ്തി ചിന്നി-
പ്പടരുന്നാരാക്കേശവകേശപാശം
പുരന്ദരൻതന്റെ ശരാസനശ്രീ
പുണർന്ന പൂർണ്ണേന്ദുകിൽപോൽ വിളങ്ങീ."

എന്നു തുടങ്ങുന്ന ആ വർണ്ണന, 22 ശ്ലോകങ്ങളിൽക്കൂടി കടന്നു്,

"യതൊന്നിനുള്ളുന്നവമഞ്ജുളശ്രീ-
യാളുന്ന പുന്നിങ്കളിടിച്ചിടുമ്പോൾ,
ഗോവിന്ദനുള്ളക്കഴലപ്പൊഴുള്ളിൽ
തായുന്ന മോദേന വണങ്ങി ലോകം."

എന്നവസാനിക്കുന്നു. ഗോവിന്ദന്റെ മനോഹരമായ കളേബരം കണ്ണുകളെക്കൊണ്ടു് എത്ര നുകർന്നിട്ടും ജനങ്ങൾക്കു തൃപ്തിവന്നില്ലെന്നുള്ള ആശയം വ്യംഗ്യരീതിയിൽ കവി പ്രകാശിപ്പിക്കുന്നതിങ്ങനെയാണു്:—

"നാഥന്റെ ഏൽമാവമറിഞ്ഞ സൂതൻ
നടത്തിനാൻ തേരഥ മന്ദമന്ദം;
എന്നാകിലും തൽഗതി ശീഘ്രമായ്പോ-
യെന്നാണഹോ! കാണികളോർത്തുള്ളിൽ."

വഴിയരികിലുള്ള ഗൃഹങ്ങളിൽ ഗോവിന്ദർശനോൽസുകകളായി നിന്ന നാരീമണികൾ "നിന്നിമേഷജനം" കൂടി സമ്പൂ

ദിച്ചു് തികച്ചും ദേവസ്ത്രീകളായിത്തീർന്നവരെ! അങ്ങനെ യാത്രചെയ്തു് ആ യദുവീരൻ കാട്ടിലെത്തുന്നു. കുതിരപ്പുറത്തു കേറിട്ടാണു് പിന്നത്തെ യാത്രം. മാധവകാലം. മാധവന്റെ വരവും പ്രതീക്ഷിച്ചിരിക്കയായിരുന്ന. മന്ദമരുതൻ നന്ദനന്ദനനു് ആനന്ദമുണ്ടാകത്തക്കവണ്ണം ഇങ്ങനെ പാടി:

"നിരന്ന മാകന്ദമരങ്ങളിതോറും
ചുരന്ന താർവ്വന്മധുരന്ദമേന്തി,
വരുന്ന കാറിന്റെ വിരുന്നിനാലും—
കുരുന്ന ദേവന്നു വീടൻപാരം."

ചരിത്രനായകന്റെ ആഗമനലക്ഷണത്തെപ്പറ്റി പല ഉത്തമഭിഷ്വാന്മാരും ഇപ്രകാരമാണു് പറഞ്ഞിട്ടുള്ളതു്:

"വിടൻ പുഷ്പങ്ങളിൽ നിറഞ്ഞ പൂഴി
വിളങ്ങിയക്കിംശുകരാശി നീളെ
ചുവന്ന നൽത്തീമലർ നാലുപാടും
ചിന്നും കഴിപ്പൂ നിരയെന്നപോലെ"

ഒരു മലയാളിക്കു് ഏറ്റവും ഹൃദ്യമായ ആലയമാണിതെന്നു തോന്നുന്നു. അതേ അവസരത്തിൽ പുഷ്പമഴ നിറഞ്ഞതും! ഇതാ മറ്റൊന്നു—

"കത്തുന്ന കാന്തിപ്പൂട പൂണ്ടനല്ലം
ശോഭിച്ച പാന്ഥേയസമൃദ്ധം കണ്ടാൽ
വനീവസന്തോപയമത്തിനുള്ള
ഹേമാനലജ്വാലകളെന്ന തോന്നും."

വഴിനടന്നുവല്ലോ ഓരോന്നായി കണ്ടുകൊണ്ടു് വാസുദേവനും കൂട്ടുകാരും വ്യാഘ്രാദിജന്തുക്കൾ വസിക്കുന്ന വൻകാനനത്തിൽ കടക്കുന്നതോടുകൂടി ആറാമത്തെ സർഗ്ഗം അവസാനിക്കുന്നു.

കുതിരക്കച്ചവടക്കാരന്റെ അടയാളത്തെ പിൻതുടർന്നു ചെല്ലുന്ന അവർ പ്രേമനാഥന്റെ ആസ്ഥാനത്തിനടുത്തെത്തുന്നു. എന്താണു് അവർ അവിടെ കണ്ടതു്?

കട്ടനിണമൊഴുകിപ്പടർന്ന ചുവരും
കഠിനത പൂണ്ട കരത്തു നിന്നിരുന്നു;
സ്ഫടരുചി തടവും വിശാലവക്ഷ—
സ്ഥടമവഗാഢതരം പിളർന്നിരുന്നു."

"സുരുചിരത കലർന്ന വില്ലുമമ്പും
കരയുഗസന്നിധിയിൽ പതിച്ചിരുന്നു;
കസവൊളി തിരളുന്ന തൊപ്പിയുരി—
ത്തലയൊട്ട ചേർന്നരികിൽ കിടന്നിരുന്നു."

"അധരയുഗളമല്പമായ് വിടർന്നി—
ട്ടിടയിൽ വിളങ്ങിന ദന്തപംക്തികണ്ടാൽ
അധികചപലമായ മത്തുജന്മ—
സ്ഥിതിയെ നിനച്ചു ഹസിക്കയെന്നു തോന്നും."

ഏതു ദയനീയമായ കാഴ്ച! ആരുടെയും മനസ്സുലയിക്കുവാൻ മതിയായ ഈ കാഴ്ച കണ്ടപ്പോൾ,

"പ്രകൃതിയുടയ ശാംബരീവിലാസം
ദുഡമരിയന്നവനെങ്കിലും മുകുന്ദൻ
ഝടിതി ഗളതലേ നിറഞ്ഞ ബാഷ്പൈൽ—
ഗമമൊട്ട നിന്ന നിലയ്ക്കു നിന്നുപോയി!"

തവണം സ്തംഭിച്ചതിനു വേണ്ട എല്ലാപ്പാടും ചെയ്തു ഭഗവാൻ വീണ്ടും സിംഹത്തിന്റെ കരുക്കൾ പിൻതുടർന്നു. സന്ധ്യയായപ്പോൾ യാത്ര മതിയാക്കി ക്ഷേമമരിച്ചു വിശ്രമിക്കുന്നു. ആ ഭാഗത്തു് ഒരു ചന്ദ്രോദയവർണ്ണനയുണ്ടു്,

"അഥ ശശി നിജവംശരത്നമാണി—
വസതിയിൽ വാഴുവതെന്നറിഞ്ഞ മോദാൽ
കളർമയുടയ തന്റെ വെണ്ണിലാവാ—
മൃതവിടത്തിലുടൻ തളിച്ചു ചാരം."

"മകനിഹ മകഠൻ പതിക്കിവണ്ണം
മികവൊട്ട മനന്തയാചരിച്ചനേരം
സലിലനിധി രസിച്ചു ഹർഷപൂര—
പ്രസരമിയന്നധികം സമുല്ലസിച്ചു."

ചന്ദ്രനുദിച്ചാൽ വേലിയേറ്റമുണ്ടാവുക പതിവാണല്ലൊ. അമ്മ, തന്റെ പുത്രനായ ചന്ദ്രൻ, ജാമാതാവായ ലക്ഷ്മീപതിയെ മനസ്സിച്ചതു കണ്ടു് സന്തോഷത്തിൽ മുഴകിയ സമുദ്രത്തിന്റെ ആനന്ദപ്രകടനമാണെന്നാണു് കവി പറയുന്നതു്.

പ്രഭാതവർണ്ണനയോടുകൂടിയാണു് എട്ടാംസർഗ്ഗത്തിന്റെ ആരംഭം.

"മുകുന്ദയാത്രോത്സവമത്ര കാണ്മാൻ
മുതിർന്നടൻ കൂരിരുളായ കേശം
തുറക്കി മെല്ലെന്ന മുഖം മിനുക്കി—
ത്തുടങ്ങി സംക്രന്ദനദിങ്നതാംഗി"

എന്ന വർണ്ണന പ്രത്യുത സ്വാഭാവികവും മനോഹരവുമായിരിക്കുന്നു! പ്രഭാതത്തിൽ പടകുടിരങ്ങളിൽനിന്നു പുറപ്പെട്ട ശ്രീകൃഷ്ണനും കൂട്ടരും കായലിലൂടെ പിൻതുടർന്നു് ജാംബവാന്റെ "ഗുഹാദ്വാര"ത്തിൽ ചെന്നെത്തുന്നു. ഭാഗവതത്തിലെ ഗുഹയെ കേസവിയമതിൽ "മഹാസൗധ"മാക്കി രൂപാന്തരപ്പെടുത്തിട്ടുണ്ടു്.

"പൈമ്പാമണിപ്രഭതരപ്രകാശം
ചേരും മതിപ്പൊട്ടകം ഗോപുരഭംഗം
വൻപൊത്ത വെണ്മാളികയെന്നിതെല്ലാം
മുമ്പിൽ തെളിഞ്ഞങ്കുരവൈരി കണ്ടു."

അവിടത്തെ ഗുഹാഗൃഹങ്ങളിലെല്ലാം "ശ്രീരാമനാമാങ്കിതമായ പതാകാജാലം" കാറ്റിൽ പാറി കളിച്ചിരുന്നുവത്രെ. ഭോഷ്പുരത്തിനകത്തു കടന്നുനോക്കിയപ്പോൾ ഭിത്തികളിൽ മുഴുവൻ "പുരാണപുരുഷപ്രതിപാദകങ്ങളായ ചിത്രങ്ങൾ" വരച്ചുവെച്ചിരിക്കുന്നതായിട്ടാണു ശ്രീകൃഷ്ണൻ കണ്ടതു്. ആ കൂട്ടത്തിൽ തന്റെ ചരിത്രവും ഉൾപ്പെടുത്തിരുന്നുപോലും!

പീഠം മറിഞ്ഞങ്ങുരലിങ്കൽനിന്നും
പതിക്കവേ താഴെയതിന്നുമേലായ്
ചരിഞ്ഞ പാൽക്കം ഭമൊടൊടിട്ടുനോ—
രുറിക്കെഴും ചോടുപിടിച്ചു ഗാഢം,

ചുണ്ടും പൊളിച്ചിട്ട കരഞ്ഞ കണ്ണീർ
ചൊരിഞ്ഞ തുങ്ങീടിന തന്നെ നോക്കി
യശോദയാം കൈവിരൽ മുക്കിൽവെച്ച''

നില്ക്കുന്ന ചിത്രവും അതിനടുത്തായി,

''കാലിൽ ചവിട്ടീട്ട നിവത്തവേ യ-
ക്കുനിക്കെഴും കായമനോഹരം
കാണിച്ചിടും കോമളമായ.....''

ചിത്രവും, ഇതിനു രണ്ടിനും നടുക്കായി,

''അക്കാളിയൻതൻറഫണത്തിലോമൽ-
തൃക്കാലടിത്താരിണ ചേർത്തു ചെമ്മേ
നൃത്തം നടത്തുന്ന വിധത്തിലുള്ള''

ചിത്രവും, വേറൊരിടത്ത്

'കംസനു വിണ്ണോകിയണഞ്ഞ തന്നെ-
ശ്ശംഖം പുണർന്നക്കവിളിൽ സഖാഷ്ടം
വിലങ്ങെഴും കാലിനൊടുമ്മവെയ്ക്കും'

മാരാരുവിൻറെ ചിത്രവും, ഇപ്രകാരമുള്ള മറ്റനേകം ചിത്രങ്ങളും ആ ഗൃഹഭിത്തിയിൽ ജാംബവാൻ വരപ്പിച്ചുവെച്ചിരുന്നുവെന്നാണ് കവി പറയുന്നത്. അക്കൂട്ടത്തിൽ,

'എടുത്തു തൻപുത്രിയെ ഹർഷമുൾക്കൊ-
ണ്ടിടത്തുഭാഗത്തു വഹിച്ചുമട്ടിൽ
പടുതപമേറീടിന ജാംബവാൻ'

സ്ഫുരമുഖനായിരിക്കുന്ന ഒരു ചിത്രംകൂടി ഉണ്ടായിരുന്നുവത്രെ! ഇതൊക്കെക്കണ്ടു് ആകൃഷ്ടഹൃദയനായിത്തീർന്ന ശ്രീകൃഷ്ണൻ കുറെ മുന്നോട്ടു ചെന്നപ്പോൾ, അവിടെ മുറ്റത്തു് ഒരു കൂട്ടി സ്വമനകരതാം കളിപ്പാട്ടമായുപയോഗിച്ചു ക്രീഡിച്ചുകൊണ്ടിരിക്കുന്നതായി അദ്ദേഹം കാണുന്നു. ആ ഘട്ടത്തിൽ എട്ടാംസർഗ്ഗം അവസാനിക്കുന്നു. തൻപതാംസർഗ്ഗം "ദേവപ്രയുദ്ധ"മാണ്. ശ്രീകൃഷ്ണൻ 28 ദിവസമായിട്ടും തിരിയെ വന്നു കാണാത്തതുകൊണ്ടുള്ള "പുരവിലാപ"മാണ് ഒമ്പതാംസർഗ്ഗത്തിലെ വിഷയം.

പതിനൊന്നാം സർഗ്ഗത്തിൽ, ജാംബവതിസഹിതനായ ശ്രീകൃഷ്ണന്റെ ദ്വാരകയിലേയ്ക്കുള്ള "പ്രത്യാഗമന" മാണ് വർണ്ണിച്ചിട്ടുള്ളത്. ഗരുഡന്റെ പുറത്തു കയറിയായിരുന്നു യാത്ര. ആ പക്ഷീന്ദ്രൻ ആകാശത്തിലേയ്ക്കുയർന്നപ്പോൾ ഭൂമി ക്രമേണ ദൃഷ്ടിയിൽനിന്നകന്നുതുടങ്ങി. ഭഗവാൻ തഴെത്തു് അകലത്തായി കാണുന്ന ഓരോ ഭൂവിഭാഗങ്ങളെ ചൂണ്ടിക്കാണിച്ചു് ജാംബവതിക്കു പരിചയപ്പെടുത്തിക്കൊടുത്തു.

'കൃശാംഗി, കണ്ടീടുക ദൂരവേ പരം
കൃശാഖവിക്കും തവ താതമന്ദിരം
അതിന്നടുക്കൽ ഗിരി ഹേമശൃംഗമാ-
ണതീവ കാന്ത്യാ വിലസുന്നതോമലേ!

അതിൻറെയത്താഴ്വരയിങ്കലാണു നിൻ-
പിതാവു സിംഹത്തെയെതിർത്തു കൊന്നുടൻ
ഹരിച്ചിതീ നമ്മുടെ യോഗഹേതുവായ്
ക്ഷോച്ച ഭാസ്വന്മണി ഭാമിനീമണേ!

വളർന്തിന്നപ്പുറമുള്ള കാണ്മു നീ-
വനത്തിൽവെച്ചാണ വരോരുഹാരമേ!
പ്രസേനനെക്കേസരി ഹിംസചെയ്തതും
പ്രദീപ്തമാമിക്കിണി കൊണ്ടുപോയതും.''

അന്നു് ഗരുഡൻ വിന്ധ്യപർവ്വതത്തിന്റെ മുകളിൽക്കൂടിയാണത്രെ പറന്നുപോയതു്. വിന്ധ്യാചലത്തേയും കേരവിരാജിതമായ സമുദ്രതീരപ്രദേശങ്ങളേയും ശ്രീകൃഷ്ണൻ ജാംബവതിക്കു പരിചയപ്പെടുത്തിക്കൊടുക്കുന്നുണ്ടു്.

'വടക്കുഭാഗത്തു ഹിമാലയംവരെ
ക്കിടക്കുമീടേറിയ പുണ്യഭൂമിയെ
ഇടക്കിടെ രക്ഷിച്ചു വസിച്ചിടുന്നൊരീ
നെടുക്കുമേറും ഗിരി വിന്ധ്യനാണെടോ!

സുവർണ്ണരാജൽഫലമാലഭാരിയായ്
വിളങ്ങിടും കേരവിശേഷരാജിയാൽ
അവർണ്യശോഭം വിലസുന്ന സിന്ധുവിൻ-
തടങ്ങളെക്കാണുക തമാലകാന്തളേ!'

രാവണവധം കഴിഞ്ഞു പുഷ്പകവിമാനത്തിൽ കയറി ലങ്കയിൽനിന്ന് അയോദ്ധ്യയിലേക്കു പുറപ്പെട്ട ശ്രീരാമൻ, മാർഗ്ഗമദ്ധ്യേ കിഷ്കിന്ധ, ഭരദ്വാജാശ്രമങ്ങളെ സീതയ്ക്കു ചൂണ്ടിക്കാണിച്ചു കൊടുക്കുന്നതായി വർണ്ണിക്കുന്ന ഒരു സർഗ്ഗം കാളിദാസന്റെ രഘുവംശത്തിലുണ്ട്. "കാളിദാസകവിത്വത്തിന്റെ കാന്തഭാവമുള്ള മരീചിക"യെ പിൻതുടരുന്ന ചരിത്രനായകൻ കേരളീയത്തിലെ 11-ാംസർഗ്ഗം എഴുതുമ്പോൾ, രഘുവംശത്തിലെ ആ 13-ാംസർഗ്ഗം അദ്ദേഹത്തിനു "വഴികാട്ടി"യായിരിക്കാം. സ്വപ്നതകം കഥയിൽ ശ്രീരാമസാന്നിദ്ധ്യമുണ്ടായതായി ഭാഗവതത്തിൽ പറഞ്ഞിട്ടില്ല. കുഞ്ചൻനമ്പ്യാരും അതിനെപ്പറ്റി ഒന്നും പറയുന്നില്ല.

'തൃക്കൈകൊണ്ടഥ ജംഭവൈരികര-
കമലം താങ്ങിയെഴുന്നള്ളി മലർ
ഗൃഹയിൽനിന്നു പുറത്തുമിറങ്ങി
സപദി മഹാവനമങ്ങു കടന്നു
ഭഗവാൻ ഭരതകനിൽ പുക്കു.'

എന്നുമാത്രമേ ഉള്ളൂവിൽ കാണുന്നുള്ളൂ. രാമപാദരേഖണവും തത്തൽപ്രദേശങ്ങൾക്കു നൽകുന്നതും മറ്റും ചരിത്രനായകന്റെ മനോധർമ്മസന്താനങ്ങളാകുന്നു. അത്തരത്തിലുള്ള ഒരു ഭാവനയ്ക്ക് അദ്ദേഹത്തിനു മാർഗ്ഗദർശനംചെയ്തത് കാളിദാസനല്ലാതെ മറ്റാരുമാകാൻ വഴിയില്ല.

അവസാനത്തെ സർഗ്ഗത്തിൽ നായകനുണ്ടാകുന്ന മാറാക്കുട്ടുന്ന ഒരു മനോഹരരംഗത്തെ കവി സൃഷ്ടിച്ചിട്ടുണ്ട്. സ്വപ്നകവുംകൊണ്ടു നാട്ടിലെത്തിയ ശ്രീകൃഷ്ണൻ സത്രാജിത്തിനെ അഭിമുഖീകരിക്കുന്നു. താൻ പറഞ്ഞുണ്ടാക്കിയ അപവാദം നിർമ്മൂലമാകണമെന്നും, ശ്രീകൃഷ്ണൻ കാട്ടിൽപോയതന്വേഷിച്ചു രത്നം കണ്ടുപിടിച്ചുകൊണ്ടുവന്നിരിക്കുന്നുവെന്നും മനസ്സിലാക്കിയപ്പോൾ സത്രാജിത്തിനു ഭീതിയും പ്രീതിയും, താപവും

ത്രപയും, ദരേസമയത്തുണ്ടാകുന്നു. അങ്ങനെയിരിക്കേയാണ് ദ്വാരകയിൽനിന്നു് ആരംവരുന്നതു്. അദ്ദേഹം ലജ്ജാമുഖം മുഖം താഴ്ത്തിക്കൊണ്ടു് ശ്രീകൃഷ്ണസന്നിധിയിലെത്തുന്നു. സ്വേര മുഖരായ ജനങ്ങളാണെത്ര വഴിനീളെ ആ പ്രഭുവിനെ അഭി മുഖീകരിച്ചതു്. പണ്ടു് കൂട്ടത്തിൽചേർന്നു് കൃഷ്ണനെ പഴിച്ച വരും ആ കൂട്ടത്തിലുണ്ടായിരുന്നിരിക്കണം. അതു ലോകസ ഭാവമാണല്ലൊ. സത്രാജിത്തു് ഭീതനും ലജ്ജിതനുമായി രാജസ ഭയിലെത്തുന്നു. പരംപ്രതിജ്ഞനായ ദേവൻ ആ അവസ രത്തിൽ "മിത്രമേ" എന്നാണാദ്യം സത്രാജിത്തിനെ അഭിസം ബോധനം ചെയ്യുന്നതു്. തന്നെപ്പററി യേകരായ അപ വാദം പറഞ്ഞു പരത്തിയ ഒരാളോടു നേരെയുള്ള ഈ പെരു മാററം, നായകന്റെ സഹോദരൻകൃഷ്ണനെ പ്രഖ്യാപനം ചെയ്യാൻ പര്യാപ്തമായ ഒന്നാണെന്നുള്ളതിനു യാതൊരു സം ശയവുമില്ല. രത്നം കണാതായപ്പോൾ അതിന്റെ മോഷ്ടാവു താരാണെന്നു് സംശയിച്ചതു ഡംഭോചികംമാത്രമാണെന്നും, അതിൽ ആരെയും കുററപ്പെടുത്താനില്ലെന്നും പറഞ്ഞു് ശ്രീ കൃഷ്ണൻ സത്രാജിത്തിനെ സമാധാനിപ്പിക്കാനുംകൂടി ശ്രമി ക്കുന്നു.

"കള്ളനെന്ന വിരുതാദ്യമേ ലഭി-
ച്ചുള്ള പുരുഷനിരന്ന സാധനം
ലുബ്ധമാകിലതെടുത്തതന്യനെ-
ന്നല്ലയും കരുതിടുന്നതാരുവാൻ?"

"യാദവോത്തമ! സഖേ! ഭവാനിതിൽ
ഖേദമേതുമിയലേണ്ട സാമ്പ്രതം"

ഈ ഭാഗം നായകനുണ്ടാകേണ്ട ലക്ഷണംകൊണ്ടു ന്നപോലെ പ്രകാശിപ്പിക്കുന്ന ഒന്നാകുന്നു.

ശ്രീകൃഷ്ണൻ തന്ന രത്നവുംകൊണ്ടു ഗൃഹത്തിലേയ്ക്കു മട ങ്ങിയ സത്രാജിത്തിന്റെ മനസ്സിനു പണ്ടത്തെ സ്വാസ്ഥ്യം വീണ്ടുകിട്ടിയില്ല. താൻചെയ്ത അപരാധത്തിനു തുല്യമായ അപരാ

ധത്തിനു പ്രായശ്ചിത്തമായി സത്യലോകയെയും സ്യമന്തക
ത്തെയും ശൈവനെ കാഴ്ചവെക്കുവാൻ നിശ്ചയിച്ചു് അദ്ദേഹം
വിവരം പുത്രിയെ അറിയിച്ചു. "തപോനിധനെ പിടിച്ചു കെട്ടി
യാം മതയ്ക്കുന്നിടലമെന്നു നവ്യവൃഷ്ടിയായെ"ത്തീർന്നു.

"തംതവാക്കു നിശമിച്ച മാത്രയിൽ
ജാതമായ പുളകംതിരേകയും
സ്ഫീതമാം വിറയലും മറയ്ക്കുവാൻ
കാതരാക്ഷി കഴൽ താണു കൂപ്പിനാൾ."

തോഴിമാർ ഭൂമിയെ അലങ്കരിച്ചു. ശൈവനെന്നറിഞ്ഞുള്ള
ബന്ധുത്വവും പുത്രിയുടെ ഭാഗ്യോദയവുമോർത്തു പരമാനന്ദ
പാരാവാരത്തിൽ നിമഗ്നയായ ജനയിത്രി, ഭർത്തൃഗൃഹത്തിലേ
യ്ക്കു പുറപ്പെട്ട പ്രിയപുത്രിയെ അരികെവിളിച്ചു് വാത്സല്യ
പൂർവ്വം ആലിംഗനംചെയ്തുകൊണ്ടു് ആശംസാത്രുപത്തിൽ ഇ
ങ്ങനെ ഉപദേശിച്ചു

"ഈശനേയുമനുപോലെ നാരിമാർ
കാന്തനേയുമനിശം ഭജിക്കണം;
പേശലാംഗി! തവ കാന്തസേവനം
കേവലം മതിയിവയ്ക്കു രണ്ടിനും

ഭാഗ്യവൈഭവമിതിന്നു ഭൂഷണം
ബാലികേ! വിനയമാണു;—തെയ്യും
ശ്ലാഘ്യമാംവിധമണിഞ്ഞുകൊണ്ടു നീ
ശാശ്വതം സുഖമിയന്നു വാഴുക."

ലോകത്തെ മുഴുവൻ കാത്തുരക്ഷിക്കുന്ന ഒരാളുടെ രാജ
ധാനിയിലേക്കാണു് പോകുന്നതെന്നറിഞ്ഞിട്ടും, പുത്രിവത്സ
ലയായ ആ ജനയിത്രിക്കു് ഗർഗ്ഗഭത്തോടുകൂടിമാത്രമേ പു
ത്രിക്കു യാത്രാനുമതി നല്കുവാൻ കഴിഞ്ഞുള്ളു. വളർത്തുപുത്രി
യായ ശകുന്തളയെ ഭർത്തൃഗൃഹത്തിലേയ്ക്കു യാത്രയാക്കുന്ന അ
വസരത്തിൽ, "അരണ്യൗകസി"യും "സന്ന്യാസി"യുമായ കണ്വ
മഹർഷിയുടെ നയനങ്ങളും "ഗളനിരുദ്ധബാഷ്പകലുഷ"ങ്ങളും
"വിഷാദജഡ"ങ്ങളും ആയ സ്ഥിതിക്കു്, ഔരസപുത്രിക്കു്

യാത്രാനന്തരം നല്ലുപോലെ ഗൃഹിണിയായ ഭോഗമാതാവിന്റെ ആചാരം സാമാന്യമായുള്ള സ്വഭാവികം മാത്രമാകുന്നു. ലോകസ്വഭാവത്തെ കവി ഏതു തന്മയത്വത്തോടുകൂടി പകർത്തിയിരിക്കുന്നു എന്നു നോക്കുക.

"മണിയേ ഭൈമകം സത്യഭാമയെയും" സ്വീകരിച്ച് തന്റെ തെറ്റുകളെല്ലാം പൊറുത്തനുഗ്രഹിക്കണമെന്നാണ് സത്രാജിത്തപേക്ഷിച്ചതെങ്കിലും, ശ്രീകൃഷ്ണന്റെ മറുപടി ഇതായിരുന്നു.

"അന്നേ വൈരം തെല്ലുമില്ലെന്ന നേരെ
ചൊന്നേനല്ലോ രത്നമങ്ങേകിയപ്പോൾ;
ഇന്നേവം നീ തന്ന രത്നങ്ങൾ രണ്ടാ-
ലൊന്നേ ചേരും ധന്യരിൽ ധന്യനാകാൻ.

ആകയാലിവളജസ്രമെന്റെയും
ഭാസുരം മണിവരം ഭവാന്റെയും
ആലയങ്ങളിൽ വിളങ്ങി മേല്ക്കുമേൽ
ശ്രീവിലാസമരുളട്ടെ മംഗളം."

ശ്രീകൃഷ്ണൻ സ്യമന്തകരത്നം സത്രാജിത്തിനുതന്നെ മടക്കിക്കൊടുത്തു. അനർത്ഥകാരണമെന്നുവേണ്ടപ്പെട്ട ആ രത്നം വളരെ വൈമനസ്യത്തോടുകൂടിയാണ് സത്രാജിത്തു സ്വീകരിച്ചതു്. കൃഷ്ണനാകട്ടെ, പുണ്യമനോരഥനായി ദ്വാരകയിൽ "ഭൈമസമേതം സസുഖം വസിച്ചു."

പ്രസ്തുത കഥയിലെ മിക്ക പാത്രങ്ങളുടേയും സ്വഭാവങ്ങളെ ശ്രവൽകരിക്കുന്നതിലും അവയെ പടിപടിയായി ഉയർത്തിക്കൊണ്ടുവരുന്നതിലും കാവ്യകർത്താവു കാണിച്ചിട്ടുള്ള കവിധർമ്മമഭിജ്ഞത അത്യന്തം ശ്ലാഘനീയമായിരിക്കുന്നു. തന്മയീകരണമായകർമ്മത്തെ സംബന്ധിച്ചു് ഗുണങ്ങളുടെ ഏതാനും അംശങ്ങളെ മാത്രമേ ഇവിടെ എടുത്തുകാണിക്കുവാൻ സാധിച്ചിട്ടുള്ളു. മറ്റുള്ളവയുടെ കാര്യത്തിലും ഇതേ ഉചിതജ്ഞതയോടുകൂടിയാണ് കവി പ്രവർത്തിച്ചിട്ടുള്ളതെന്നു പരിശോധിച്ചാൽ കാണാം.

സന്ദർഭോചിതമായവിധം പല ലോകോക്തികളും തത്ത്വ
ശകലങ്ങളും കവി അവിടവിടെ ഘടിപ്പിച്ചിട്ടുണ്ട്. പ്രസ്തു
തന്റെ നവസംസ്കാരക്രിയയിൽ ഏറെപ്പേട്ട യാഥാസ്ഥിതികർ മനു
ഷ്യജീവിതത്തിന്റെ നിസ്സാരതയെപ്പറ്റി ദീർഘമായി ചി
ന്തിക്കുന്ന ഭാഗം വിചാരശീലനായ ഏതൊരു വായനക്കാര
നേയും ആകർഷിക്കും. ബാല്യംമുതൽ മരണംവരെ ഒരു മനു
ഷ്യനു വന്നുചേരുന്ന ദശാന്തരങ്ങളെ ഏറ്റവും സ്വാഭാവിക
മായ രീതിയിൽ കവി ആ ഭാഗത്തിൽ ചിത്രീകരിച്ചിട്ടുണ്ട്.
തനാചാരണത്തെപ്പറ്റിയുണ്ടായ അപവാദകഥ വർണ്ണിച്ചു
കഴിഞ്ഞ കവി,

"മനുഷ്യ! തവ വിശേഷബുദ്ധികൊ-
ണ്ടെന്തുവാനൊരു ഫലം നിനയ്ക്കിൽ?
ഒന്നു കേൾക്കിലതിലെത്ര തത്ത്വമു-
ണ്ടെന്നു നീ തിരയുവാനൊരുങ്ങുമോ?

എന്നു ചോദിക്കുന്നതും മറ്റും ചിന്താശീലങ്ങളായ ഭാഗങ്ങ
ളാണ്. ചുരുക്കിപ്പറഞ്ഞാൽ, ഈ കഥാഘടനയ്യാജേന വി
ശിഷ്ടങ്ങളായ പല ലോകതത്ത്വങ്ങളും വർണ്ണിക്കയാണ്
കേശവപിള്ള ചെയ്തിട്ടുള്ളത്. "ഉചിതങ്ങളായ പാത്രങ്ങളെ
ക്കൊണ്ടിച്ച് തനുഖേന ലോകസ്വഭാവത്തെ വർണ്ണിക്കണം" എ
ന്ന്, ഷേക്സ്പിയർ പ്രസ്ഥാനത്തിന്റെ സ്വരൂപം വിവരിക്ക
ുന്ന അവസരത്തിൽ അഞ്ചൽമഹായി പറഞ്ഞ അംശം കേശവീ
യത്തിൽ തികച്ചും പരിപാലിച്ചിട്ടുണ്ടെന്നു പറയാം. വർണ്ണന
കളെല്ലാം നാടകീയങ്ങളും നാടകീയോചിതങ്ങളുമായിരിക്കുന്നു.
മഹാകാവ്യലക്ഷണങ്ങളെ തികയ്ക്കുന്നതിനുവേണ്ടി, ഔചിത്യ
ത്തെ മറന്നുകൊണ്ടുള്ള വർണ്ണനകൾ ഒരിടത്തും ചെയ്തുകണ്ടു
നില്ല.

ശക്തനാടകത്തിനു കീഴ്പെടാതെ, പഴയസ
ങ്കേതങ്ങളെ ശരണീകരിക്കാതെ, കാലദേശാദികൾക്ക് അ
നുകൂലങ്ങളും അനുഭവസാക്ഷികളുമായ സംഗതികളെമാ

ും വണ്ണിച്ചുകൊണ്ട് കവിപ്രമുഖന്മാർ ബഹുപരികരങ്ങ
യി പുറപ്പെട്ടു കവി, ആദ്യം മുതൽ അവസാനംവരെ ആ
മാർഗ്ഗത്തിൽക്കൂടിത്തന്നെയാണ് സഞ്ചരിച്ചുകാണണമെന്നില്ലെങ്കിലും,
അദ്ദേഹം ബാല്യകാലത്തു് പഠിച്ചിട്ടുണ്ടാവുന്ന മാർഗ്ഗം, കിരാതാ
ർജ്ജുനീയം മുതലായ കാവ്യങ്ങളിലെ സംസ്കാരം ഇതിനുദാഹര
ണമായിപ്പറയാവുന്നതാണ്.

'അനീതിബാധകൃദതേ മാധവൻ നാടു വാഴവേ
അനീതിബാധാകുലമായഹോ ശോഭിച്ചു കേരളം.'

'കനിഞ്ഞമാധവൻ പോറ്റും വൃക്ഷത്തിൻറെ വിഹാരവും
ശിവധർമ്മതപവും ശ്രീമച്ചിനായകവിലാസവും
നന്ദിയാടുന്ന ഭൂതഗ്രഹമളകാപുരസഖ്യവും
മഹാസേനാഭയും പാർത്താലിതു കൈലാസമേ ദൃഢം.''

എന്നുതുടങ്ങിയ ശ്ലോകങ്ങൾ പ്രാചീനകാവ്യങ്ങളിലെ ഉപരി
പ്ലവഭംഗികളുടെ പ്രക്ഷിണനൈകരണമല്ലാതെ മറ്റെന്താണു്?
ചിതീയക്ഷരപ്രൗഢമുള്ളതെല്ലാം കവിതയാണെന്ന ഭ്രമം
പോലെ, ചിതീയക്ഷരപ്രൗഢമില്ലാത്തതെല്ലാം കവിതയ
ല്ലെന്ന ധാടീവും അത്രംതന്നെ അബദ്ധമാണെന്നു് ചില ശ്ലോകങ്ങൾ വാ
യിക്കുമ്പോൾ തോന്നിപ്പോകുന്നു. പക്ഷേ, അതേമില്ല; ഉദാ
ഹരണങ്ങൾ വളരെകുറച്ചു കാണുകയുള്ളൂ. പൊതുവേ നോക്കി
യാൽ, കേരളകവിതാവനിതയെ വൈദർഭമാർഗ്ഗത്തിൽക്കൂടി
നയിക്കുവാൻ ചരിത്രനായകൻ ചെയ്ത ശ്രമം വലിയ വിജ
യത്തിലാണ് പര്യവസാനിച്ചതെന്നു പറയാം. പ്രാസവഴ
ക്കിൽ കേ. സി. യുടെ നേരെ വല്ലാതെ പരിഭവിച്ച കേരള
വർമ്മവലിയകോയിത്തമ്പുരാൻ "കലാവീയം" വായിച്ചുകേട്ട
പ്പോൾ ഇങ്ങനെയായിരുന്നു് അഭിപ്രായപ്പെട്ടതു്.

"കാവ്യങ്ങളിൽ സാർവ്വത്രികമായി ചിതീയക്ഷരപ്രൗ
ഢയും, ഒരു ശ്ലോകപാദത്തിൽ യമകവും
പ്രയോഗിക്കണമെന്ന നിർബന്ധം വെച്ചാൽ, എങ്ങനെയാ
യിരിക്കും, അനാവശ്യപദങ്ങൾ വന്നുചേരാതിരിക്കയില്ല. ആ

മക്കടമുഷ്ടി ഇല്ലായ്കയാൽ, ഈ മഹാകാവ്യം ഉചിതങ്ങളായ ശബ്ദാർത്ഥങ്ങൾകൊണ്ടു് വളരെ ഏടയംശമമായിട്ടുണ്ടു്. വർണ്ണനകളെല്ലാം സന്ദർഭോചിതങ്ങളും, നവീനങ്ങളായ പല ഉല്ലേഖങ്ങളെക്കൊണ്ടു് അത്യന്തം രമണീയങ്ങളും ആയിരിക്കുന്നു. വിവിധങ്ങളായ പ്രാസപ്രയോഗങ്ങൾ ധാരാളം ഉള്ളതിനാൽ, ഇതിൽ ശബ്ദംകിക്കു് ഒട്ടും കാവുവന്നിട്ടില്ല. ഇപ്രകാരം ലക്ഷണങ്ങളൊപ്പിച്ചു് ഒരു മഹാകാവ്യം എഴുതിത്തീർക്കുന്നതിനു വളരെ ശ്രമമുണ്ടു്."

"കേരളത്തിൽ വല്ലീകികാളിദാസന്മാരോടു തുല്യനായി ഒരു മഹാകവി ജനിക്കുന്നതുവരെ, കൈരളിക്കു വൈദേഭീമാർഗ്ഗത്തിൽ സൈരസഞ്ചാരംചെയ്യുന്നതു സാധ്യമല്ല" എന്നഭിപ്രായപ്പെട്ട കേരളപാണിനി, ഗ്രന്ഥകർത്താവു സ്വദേശത്തിനുള്ള സമർപ്പിച്ച കേരവീയം സ്വീകരിച്ചുകൊണ്ടു്, "നിങ്ങൾ വളരെ പ്രയാസപ്പെട്ടു് അത്യുജ്ജ്വലമായ വൈദേഭീമാർഗ്ഗത്തിൽ കൊണ്ടുവന്നേക്കിയ ബാലയായ കേരളസാഹിതി സമതകൊണ്ടു രമ്യമായ ആ മാർഗ്ഗത്തിൽ മേലിൽ സുഖമായി വിഹരിക്കട്ടെ" * എന്നാണു് ആശംസിച്ചിട്ടുള്ളതു്. ഈ ആശംസയെ ആ കൃതി തികച്ചും അർഹിക്കുന്നു.

* * * *

എല്ലാ കവികളുടേയും കൃതികളെ സാർവ്വകാലികങ്ങളെന്നും തൽകാലികങ്ങളെന്നും രണ്ടായി തിരിക്കാം. അതതു കാലത്തെ മാത്രം സ്പർശിക്കുന്ന വല്ല വിഷയങ്ങളേയും പാടി എഴുതുന്നവ—പരിതഃസ്ഥിതികളുടെ അതി പ്രസരം കൂടുതലായി കാണുന്നവ—തൽകാലികങ്ങളായിരിക്കും. അതെഴുതുന്ന കാലത്തുള്ള പരിതഃസ്ഥിതികൾക്കു മാറ്റം വരുന്നതോടുകൂടി അങ്ങനെയുള്ള കവിതകളും നിഷ്പ്രഭങ്ങളായിത്തീരുന്നു.

---

* "ബാലാ കേരളസാഹിതീ സമതയാ രമ്യേ സദത്യുജ്ജ്വലേ
വൈദേഭീധ്വനി മോചിതാഽയ ഭവതാ കൃഛ്രാൽ സുഖം ന്യസ്യതു."

ശാശ്വതങ്ങളായ കലാതത്വങ്ങളെ പ്രധാനമായി അവലംബിച്ച് എഴുതപ്പെട്ടുന്ന കവിതകളാകട്ടെ, എന്നെന്നും വായനക്കാരെ ഒരുപോലെ രസിപ്പിക്കുന്നവയാകയാൽ, സാധ്യകാലികങ്ങളത്രേ. താൽകാലികകവിതകളിൽ വികാരമായിരിക്കും മുന്നിട്ടുനില്ക്കുന്നത്; ഏതെങ്കിലും ഒരു ജീവൽപ്രശ്നത്തെ സംബന്ധിച്ചു പ്രചരണവേലയായിരിക്കും അതിന്റെ പ്രധാനോദ്ദേശം. സാധ്യകാലികകവിതകളിലാകട്ടെ, വിചാരത്തിലായിരിക്കും പ്രാധാന്യം; കലാംശത്തെ കവി കൂടുതൽ ബഹുമാനിക്കയും ചെയ്യും. മറ്റൊരുവിധം പറയുകയാണെങ്കിൽ, ചുറുചുറുക്കുകളെ തീരെ വിസ്മരിച്ച് കലാംശത്തിനു പ്രാധാന്യം കല്പിച്ച് എഴുതപ്പെട്ടുന്ന കവിതകൾപോലെ ആദരിക്കപ്പെടും. കലാംശത്തെ അവഗണിച്ചു ചുറുചുറുക്കുകളുടെ സമ്മർദ്ദത്തിനു വിധേയനായി നിർമ്മിക്കുന്ന കവിതകളാകട്ടെ, ശാശ്വതമായ പ്രതിഷ്ഠ ലഭിക്കാതെ കുറെ കഴിയുമ്പോൾ ഉൽകാലാന്ധകാരത്തിൽ ആണ്ടുപോകും.

കേശവപിള്ളയുടെ കൃതികളിൽ കേശവീയം ശാശ്വതപ്രതിഷ്ഠയെ അർഹിക്കുന്നു. നാടകങ്ങളിൽ ഒന്നുംതന്നെ ഇനി മുന്നോട്ടുവരുമെന്നു തോന്നുന്നില്ല. ആംശല സാമൂഹ്യപരിഷ്കാരങ്ങളെക്കാൾ കൂടുതലായി ജനങ്ങളുടെ ആദരത്തെ അർഹിക്കുന്ന ഒന്നാണ്. ഭാഷാനഭോയണിയും വല്ലപ്പോഴുമുള്ള പദ്യോയണത്തിനു് ഉപയോഗിച്ചുപോയി. സുഭാഷിതരത്നകോശം പണ്ടത്തെ വിസ്മരിക്കപ്പെട്ട വരികയാണ്. പ്രസാധകന്മാർക്ക് അല്പം സൌന്ദര്യബോധമുണ്ടാകുന്നപക്ഷം, ആസന്നമരണചിന്താശതകം ഇന്നത്തേക്കാൾ കൂടുതലായി ആദരിക്കപ്പെടാതിരിക്കയില്ല.

അദ്ധ്യായം ൭

പലവക.

എ. വ്യക്തിമഹത്വം.

കേ. സി. കേശവപിള്ളയിൽ, അദ്ദേഹത്തിന്റെ കവിതയിലെന്നപോലെ അനുഭൂത്യമണ് മുന്നിട്ടുനില്ക്കുന്നതു്. ആകർഷകമനോഹരമായ വലിയ ഒരാസ്തികനുമായിരുന്നു. അചഞ്ചലമായ ഈശ്വരഭക്തിയുണ്ടു് അദ്ദേഹത്തിനു ണ്ടായിരുന്നതു്. എന്നാൽ ആ അടിയുറച്ച ആസ്തികബോധം, അന്ധവിശ്വാസത്തിന്റെ അധികാരം തന്നിൽ ചെലുത്താതിരിക്കാൻ അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചിരുന്നു. "ശകുനവിചാരം" എന്ന ഏതിരുകൊണ്ടു് കേ സി. ഭാഷാപോഷിണിയിൽ ഒരു ലേഖനം പ്രസിദ്ധീകരിച്ചിട്ടുണ്ടു്. പ്രശ്നം, മന്ത്രവാദം മുതലായവയെപ്പറ്റി ചരിത്രനായകനുണ്ടായിരുന്ന അഭിപ്രായം എന്താണെന്നു് "ലക്ഷ്മീകല്യാണ"ത്തിൽനിന്നു തെളിഞ്ഞിട്ടുണ്ടല്ലൊ.

പല നാടകങ്ങളും ആട്ടക്കഥകളും എഴുതിയ നമ്മുടെ കവി ഒന്നാന്തരം ഒരു നടനും ഗായകനുംകൂടിയായിരുന്നു. പതിനാലാമത്തെ വയസ്സിൽ ഹനുമാന്റെ വേഷം കെട്ടിയതു നാം കണ്ടുവല്ലൊ. അന്നത്തെ ആ അഭിനയവാസന പിന്നീടെത്തും അദ്ദേഹത്തെ വിട്ടുപിരിഞ്ഞിരുന്നില്ല. "രാഘവമാധവം" നാടകത്തിൽ നായകന്റെ വേഷംകെട്ടി ഒരിക്കൽ അദ്ദേഹം സദർക്കരെ സന്തോഷിപ്പിക്കയുണ്ടായി. ചെറുപ്പത്തിലെ സംഗീതവാസനയും ക്രമേണ വളർന്നവന്നതായിട്ടാണ കാണുന്നതു്. ആ വിദ്യ മുറപോലെ അഭ്യസിച്ചതല്ലെങ്കിലും നല്ല ശരീരത്തിൽ പാടി ശ്രോതാക്കളെ രസിപ്പിക്കാൻ അദ്ദേഹത്തിനു സാധിച്ചിരുന്നു. സദസ്സുകളിൽപോലും പല

പ്പോഴും പാടിയിട്ടൊന്നാണറിവു്. വലിയ സംഗീതശാസ്ത്രജ്ഞനായിരുന്ന അനന്തപുരത്തു മുത്തകോയിത്തമ്പുരാൻ ഒരു സദസ്സിൽവെച്ചു ചാപിത്രനായകന്റെ പാട്ടുകേട്ടപ്പോൾ ഇങ്ങനെ അഭിപ്രായപ്പെടുകയുണ്ടായത്രെ.

"ഈ സംഗതിയെക്കുറിച്ചു് ഉണ്ടാകുന്ന കേമവിയിൽ അതിന്റെ സ്ഥിതി ഇന്ന നിലവിലെന്നു് ഉഹിക്കുവാൻ പാടുണ്ടു്. പിന്നിട്ടു് അതു പ്രത്യക്ഷത്തിൽ വരുമ്പോൾ മുൻപിൽ വിചാരിച്ചിരുന്നിടത്തോളം ഇല്ലെങ്കിൽ സന്തോഷം അതുപറ്റി തോന്നും; വിചാരിച്ചപോലെ ആയിരുന്നാൽ സന്തോഷമുണ്ടാകും; വിചാരിച്ചതിലും അധികമായിരുന്നാൽ ആശ്ചര്യമാണുണ്ടാകുന്നതു്. ഇതിൽ മുന്നാമത്തെ സ്ഥിതിയാണു് കേമവപിള്ളയുടെ പാട്ടു കേട്ടതിൽ എനിക്കുണ്ടായതു്. നല്ലവണ്ണം അഭ്യസിച്ച ഗുണം കാണാനുണ്ടു്."

സദാരമയിലെ പാട്ടുകാരെ കേൾക്കാൻ സ്നേഹിതന്മാർ ആവശ്യപ്പെടാറുള്ള സന്ദർഭങ്ങളിൽ വളരെ താമസിയാതെതന്നെ സന്ദർഭോചിതങ്ങളായ സ്തോത്രങ്ങളോടുംകൂടി അദ്ദേഹം അതു പാടി കേൾപ്പിക്കാറുണ്ടായിരുന്നുവത്രെ.

കൈയെഴുത്തു് അച്ചടിപോലെ അത്ര മനോഹരമായിരുന്നു. കൈയെഴുത്തിലും കലാംശമുണ്ടെന്നാണു് അദ്ദേഹം പറയാറുണ്ടായിരുന്നതു്. "സചകവിത തന്നത്താൻ തിരുത്തുന്നതിലും പകർത്തി എഴുതുന്നതിലും മറകുള്ള അദ്ദേഹത്തിന്റെ അധ്വാനവും സ്ഥിരോത്സാഹവും അന്യാദൃശങ്ങളായിരുന്നു."

യുവാക്കന്മാരെ പ്രോത്സാഹിപ്പിക്കുന്നതിൽ കണിശ്ശമുള്ള കാരണവന്മാരുടെ കൂട്ടത്തിലായിരുന്നു. അനവധി കൃതികൾക്കു് അവതാരികയും അഭിപ്രായവും എഴുതിക്കൊടുക്കയുണ്ടായിട്ടുണ്ടു്. അതിലധികമെണ്ണം തിരുത്തിക്കൊടുത്തിട്ടുമുണ്ടു്. 1087 ൽ അദ്ദേഹത്തിന്റെ ഡയറി പരിശോധിച്ച ഒരാൾ,

അതിനുതൊട്ടു മൻപുള്ള 12 കൊല്ലങ്ങൾക്കിടയിൽ കേ. സി. പരിശോധിച്ചു തിരുത്തിക്കൊടുത്ത ഗ്രന്ഥങ്ങളുടെ എണ്ണം 121 ആണെന്നു രേഖപ്പെടുത്തിക്കാണുന്നു. അതിനുശേഷവും വളരെ എണ്ണം തിരുത്തിക്കാണണം. ഈ പ്രോത്സാഹനം ചര മശയ്യയിൽ കിടന്ന അവസരത്തിൽപോലും മതിയാക്കിയിരുന്നില്ലെന്നു് അന്നത്തെ ഡയറിക്കുറിപ്പുകൾകൊണ്ടു തെളിയുന്നു.

ഇയ്യിടെ കേ. സി. യെ ഒരു സാഹിത്യകാരൻ കാണുകയുണ്ടായി. സ്നേഹമസൃണമായ രീതിയിൽ മാത്രമേ സംസാരിച്ചിരുന്നുള്ളൂ. ഹൃദയത്തിലെ നൈർമ്മല്യം വാക്കുകളിലും പ്രത്യക്ഷപ്പെട്ടിരുന്നു. തനിക്കു ശരിയാണെന്നു തോന്നുന്ന സംഗതിക്കുവേണ്ടി ഏതു ത്യാഗം സഹിക്കുന്നതിനും മടിച്ചിരുന്നില്ല. സാഹിത്യവിഷയത്തിൽത്തന്നെ പ്രോത്സാഹിപ്പിച്ചവരുടെ നേരെ അവസാനംവരെ കൃതജ്ഞനായിത്തന്നെയാണു വർത്തിച്ചിരുന്നതു്. കണ്ടത്തിൽ വറുഗീസ്സ്മാപ്പിളയെപ്പറ്റി കേ. സി. യ്ക്കുള്ള മതിപ്പു കുറച്ചൊന്നുമായിരുന്നില്ല. സാഹിത്യത്തിൽ പ്രവർത്തിക്കുന്നവരെപ്പോലെതന്നെ പ്രോത്സാഹിപ്പിക്കുന്നവരും ബഹുമതിയെ അർഹിക്കുന്നുവെന്നായിരുന്നു അദ്ദേഹത്തിന്റെ അഭിപ്രായം.

കേ. സി. ക്കു ചിലരിൽനിന്നും കിട്ടിയ സമ്മാനങ്ങളെപ്പറ്റി മൻപു് അങ്ങാങ്ങു ഘട്ടങ്ങളിൽ പറഞ്ഞിട്ടുണ്ടല്ലൊ. കേരളവർമ്മ, റാണിലക്ഷ്മീഭായി, സാമൂതിരിപ്പാട്ടു തമ്പുരാൻ, ആറങ്ങൽ മൂത്തതമ്പുരാൻ, മൂത്തകോയിത്തമ്പുരാൻ മുതലായവരുടെ പക്കൽനിന്നു് അതിനപ്പുറമേയും അദ്ദേഹത്തിനു പല പാരിതോഷികങ്ങളും പലപ്പോഴായി കിട്ടിയിട്ടുണ്ടു്. എന്നാൽ അവ ഒന്നുംതന്നെ അദ്ദേഹത്തെ ഒരിക്കലും ഉലയ്ക്കിത്തീർത്തിരുന്നില്ല.

ബി. കഥകളിയെപ്പറ്റി.

ആദ്യമായി കവിതയെഴുതാൻ തന്നെ പ്രേരിപ്പിച്ചതു് തങ്കിക്കഥകളിയിൽ തോന്നിയ ഭ്രമമായിരുന്നുവെന്നു് കേ. സി. തന്നെ പറഞ്ഞിട്ടുണ്ടല്ലൊ. പിന്നീടു് ആട്ടക്കഥകളും എഴുതിയിട്ടില്ലെങ്കിലും, ഒരു കേരളീയ കലയെന്ന നിലയിൽ കഥകളിയുടെ നേരെ അഭേദ്യമായിരുന്ന മമത അവസാനകാലംവരെ നിലനിന്നിരുന്നു. മരിക്കുന്നതിനു് നാലഞ്ചുകൊല്ലംമുൻപു്—1083-ൽ—"72 ദിവസത്തെ ആട്ടക്കഥ"കൊണ്ടു് എഴുതിക്കൊടുത്ത അവതാരികയിൽ അദ്ദേഹം ഇങ്ങനെ പറഞ്ഞുകാണുന്നു:—

"കഥകളിപ്പാട്ടുകളേയും കഥകളേയും കുറിച്ചു് ആധുനികപണ്ഡിതന്മാരിൽ ചിലർ ചെയ്യുന്ന ആക്ഷേപങ്ങൾ എത്രതന്നെ വാസ്തവങ്ങളായിരുന്നാലും, വേണ്ടതിലധികമായിപ്പോകുന്നു എന്നാണു എന്റെ അഭിപ്രായം. കഥകളിപ്പാട്ടുകളെ നാടകങ്ങളോടു ചേർത്തു താരതമ്യനിരൂപണംചെയ്യുന്നതു് വളരെ ആവശ്യകമാണെന്നു തോന്നുന്നില്ല. അവയുടെ രീതികൾതന്നെ അത്യന്തം ഭിന്നങ്ങളാകുന്നു. ആട്ടക്കഥകളുടെ, കർത്താക്കന്മാർ നാടകലക്ഷണങ്ങളെ ലേശംപോലും ഗണിച്ചിട്ടില്ല. വിശേഷിച്ചും ഔചിത്യം, കഥയുടെ സംഘാതത, യഥാർത്ഥമായ കാവ്യഗുണം, ശബ്ദാർത്ഥശക്തികൾ ഇവയിലധികം ശ്രദ്ധയുള്ളവരായിരുന്നു. കഥകളിയിലും ശൃംഗാരരസത്തിന്റെ സീമാതിലംഘനം കലാശങ്ങളുടെ ആധിക്യം മുതലായി പല ദോഷങ്ങളും ഇല്ലെന്നില്ല; എന്നാൽ ഈവക ദോഷങ്ങൾ എത്രതന്നെ പ്രബലങ്ങളായിരുന്നാലും അനുഭവരസികന്മാരായ സഹൃദയന്മാർക്കു്, ശരിയായ കഥകളിയും കഥകളിപ്പാട്ടുകളും അത്യന്തം ആസ്വാദ്യങ്ങളായിത്തന്നെയിരിക്കുന്നു എന്നുള്ളതു് അനപലപനീയമായ ഒരുത്തമകൃത്യമാകുന്നു. കഥകളി കണ്ടു

രസിക്കുന്നതിൻ് മൻകൂട്ടി ഏതാനും ഒരുക്കങ്ങൾ ചെയ്യേണ്ടതായിട്ടുണ്ട്: കഥ മുഴുവനും നല്ലവണ്ണം വായിച്ചു മനസ്സിലാക്കിയിരിക്കണം; സംഗീതജ്ഞനും ഉണ്ടായിരിക്കണം; കൈമുദ്ര പഠിച്ചിരിക്കണം; കളിയുടെ ചട്ടങ്ങളും അറിയണം; സന്ദർഭോചിതമായി, രംഗത്തിൽ സ്ഫുരിക്കുന്ന ശൃംഗാരാദിരസങ്ങളിൽ മനസ്സിനു് ഒരു പ്രവണത സഹജമായി ഉണ്ടായിരിക്കണം. ഇപ്രകാരമുള്ള യോഗ്യതകളും സമ്പാദിച്ചു വച്ചു കഥകളിയിൽ കൗതുകമായ നടന്മാരുടെ ഉൽകൃഷ്ടങ്ങളായ മേളങ്ങളോടുകൂടി ചെയ്യപ്പെടുന്ന അഭിനയം ഏതൊരു രഞ്ജകമാകുമെന്നു് എങ്ങനെയാണെന്നറിയുന്നില്ല. ഈ പറഞ്ഞ യോഗ്യതകളെല്ലാം സമ്പാദിക്കുക അസാധ്യമാണെന്നു വിചാരിക്കുന്നവർ കഥകളിയെ നിന്ദിക്കുന്നതിൽ ഭേദം അതു കാണുന്നു എന്നു വെച്ചുകൂടുന്നതാകുന്നു. അവരെ രസിപ്പിക്കുന്നില്ല എന്നുള്ളതു് കഥകളിക്കു് ഒരു ന്യൂനതയാണെന്നു പറയുന്നതു യുക്തമായിരിക്കയില്ല. സൂക്ഷ്മിതനായ ഒരു ഭാഗവതർ ഒരു "പല്ലവി" പാടുന്നതു കേട്ടാൽ, അതിസൂക്ഷ്മങ്ങളായ ഭംഗ്യന്തരങ്ങളോടുകൂടിയ അതിന്റെ അസംഖ്യങ്ങളായ ആവർത്തനങ്ങളും, അതിൽ ജ്ഞാനമില്ലാത്ത വരെ ധരിപ്പിക്കുമെന്നുള്ളതിൽ സംശയമില്ല. എന്നാൽ ആയതുകൊണ്ടു് അതുകൊണ്ടു് അതു് അസഹ്യമാണെന്നു വരുന്നില്ലല്ലോ. "ശ്രീകൃഷ്ണൻ മുഖത്തു ചുട്ടിയെഴുതുമ്പോൾ പെട്ടെന്നു കണ്ണാടിയിലെ കൈക്രിയ കാണിക്കയാണോ അന്നു ചെയ്തിരുന്നതു്" എന്നു അപഹസിക്കുന്ന രസികന്മാർ, ഒക്ഷ്യന്റെ മുഖത്തു പൗഡറിടുകയാണു് രാമന്റെയോടുകൂടി ശ്ലോകമോ പാടുന്നതു് എന്നുണ്ടോ അന്നു തെറ്റിദ്ധരിച്ചിരുന്നതെന്നും ഓർക്കേണ്ടതാണു്."

ഇതു് ഈ കഥകളുടെ ഭാഗത്തെയുള്ള ഒന്നാംതരം ഒരു വക്കാലത്താണെന്നുള്ളതു സ്പഷ്ടമാണല്ലോ. കഥകളിയെ

ക്കാർ അടിസ്ഥാനത്തിന്റെ ആരംഭത്തിൽ പാടാറുള്ള "മഞ്ജുത
ര, എന്നാരംഭിക്കുന്ന പദത്തിന്റെ ആദ്യമത്തെപ്പറ്റി കേ.
സി. "ലക്ഷിണദീപം" എന്ന മാസികയിൽ ഒരു ലേഖനം എ
ഴുതിയിട്ടുള്ളതായി ഓർക്കുന്നു. അദ്ദേഹത്തിനു് ആട്ടക്കഥക
ളുടെ നേരെയുണ്ടായിരുന്ന ആത്മാർത്ഥമായ മമതയ്ക്കു് വേ
റെയും പല ദൃഷ്ടാന്തങ്ങളും പറവാൻ കഴിയും.

സി. ഡയറിയെഴുത്തു്.

കേരളവർമ്മ, രാജരാജവർമ്മ എന്നിവരെപ്പോലെ കേര
വപിള്ളയും പതിവായി ഡയറി എഴുതിവന്നിരുന്നു. ഏകദേ
ശമ്മക്കുറിപ്പുകൾ എന്ന രീതിക്കല്ല അതെഴുതിയിരുന്നതു്. കാ
ര്യങ്ങൾ വിശദമായി കുറിക്കുമായിരുന്ന പതിവു്. രാ
ത്രി കിടക്കുന്നതിനുൻപു് അന്നന്നത്തെ സംഭവങ്ങൾ ഡയ
റിയിൽ കുറിച്ചിടുക എന്നതു് ഒരിക്കലും തെറ്റാത്ത ഒരു പ
തിവായി അദ്ദേഹം അംഗീകരിച്ചിരുന്നു. അച്ചടിപോലെ
വൃത്തിയായ കൈയക്ഷരത്തിൽ മംഗിയായി എഴുതി സൂക്ഷി
ച്ചിട്ടുള്ള ആ ഡയറി, സാഹിത്യകാരന്മാർക്കു പ്രത്യേകിച്ചും,
ഒരു മാതൃകയാണെന്നു പറയാം. കേ. സി. യുടെ അന്തിവിശ്വ
സ്തമായ ഒരു ജീവചരിത്രത്തിനുപയോഗിക്കാവുന്ന പല
രഹസ്യസംഭവങ്ങളും അതിൽനിന്നു് മനസ്സിലാക്കുവാൻ ക
ഴിയും. എങ്കിലുമെത്തു് ആരു വായിച്ചാലും കാര്യം വിശദമാ
യി മനസ്സിലാക്കാൻ സാധിക്കത്തക്കവിധത്തിലാണു് ഡയ
റിയെഴുതിട്ടുള്ളതെന്നു കാണിക്കുന്നതിനായിമാത്രം ഒരു ദിവ
സത്തെ കുറിപ്പു് ഇവിടെ ചേർത്തോ:—

"1082 കർക്കടകം 6—ാംനു- തൊഴാഴ്ച:—പതിവുപോലെ
ഇംഗ്ലീഷു വായിച്ചതിന്റെ ശേഷം ത്രൈപത്മാസുരവധം ആട്ട
ക്കഥ കുറെ പകർത്തി. "നിവാതകവചാരവണവധം" ആട്ട
ക്കഥ കുറെ നോക്കിത്തിരുത്തി. മനോരമയും ചിന്താമണി
(സംസ്കൃതമാസിക) രണ്ടുലക്കവും വായിച്ചുതീർത്തു. മി. കെ.

പരമുപിള്ള എം. എ. യുടെ തർജ്ജമയായ "ഒരു സ്വപ്നം" പകരിവായിച്ചു. (ഇതു് ഷേക്സ്പിയരുടെ 'Midsummer Night's Dream' (എന്ന നാടകത്തിന്റെ തർജ്ജമയാണു്.) 10½ മണിക്കു പാലക്കാട്ടുനിന്നും ഒന്നുപേർ കാണാൻ വന്നു. ഒരാൾ "വിചാരസാഗരം" എന്ന വേദാന്തഗ്രന്ഥത്തിന്റെ കർത്താവായ കേരാത്തു നാരായണമേനോൻ അവർകളും മറ്റേതു മേവർക്കിതരനാകർത്താവായ വടക്കേപ്പാട്ടു് നാരായണൻ നായർ എന്നാളുമാണു്. വലിയകോയിത്തമ്പുരാൻ തിരുമനസ്സിലെ കാണാൻ കൂടിച്ചെല്ലുണമെന്നു് ഇവർ ആവശ്യപ്പെട്ടു. സംഭാഷണവിഷയമായി പലതും സംസാരിച്ചു. 11 മണിക്കു പോയി. അവരോടു പഠിത്തിരുന്നതനുസരിച്ചു് നേരത്തേ ക്ഷേണം കഴിച്ചു് 12¾ മണിക്കു തേവാരത്തുകോയിക്കൽ നടയിൽ എത്തി. അവർ അവിടെ നിൽപ്പുണ്ടായിരുന്നു. ഒരുമണി അടിച്ച ഉടൻ അവരെ അകത്തു കൂട്ടിക്കൊണ്ടുപോയി. വലിയകോയിത്തമ്പുരാൻ തിരുമനസ്സിലെ മുഖം കാണിപ്പിക്കയും പരിചയപ്പെടുത്തുകയും ചെയ്തു. പലതും സംസാരിച്ചുശേഷം 1½ മണിക്കു് യാത്രപറഞ്ഞു പോന്നു. അവർക്കു് തിരുമനസ്സിലെ ചില കുങ്കികം കൊടുത്തക്കൂട്ടത്തിൽ ശ്രീ വിശ്വവിദ്യാലയം കാര്യവും, നാരായണീയം കിളിപ്പാട്ടും (ഇതയിടെ ഒരാൾ എഴുതിയതാണു്. ഇതിൽ സ്ഖലിതങ്ങൾ വളരെ ഉണ്ടെന്നു കല്പിച്ചു) തന്നു. നാരായണമേനോൻ അവർകളും "വിചാരസാഗരം" ഒപ്പു തന്നു. "സദാരമേ" അഭ്യർത്ഥിനം, പള്ളിക്കൂട്ടുപാട്ടു നാരായണൻനായരവർകൾക്കും കൊടുത്തു. അനന്തരം അവർക്കു് സദാരമേ പാടിക്കേൾക്കണമെന്നു പറകയാൽ ഉണ്ണുവിളാകത്തു ജാനകിഅമ്മയുടെ ഗൃഹത്തിൽ പോയി അവരെ കൊണ്ടു സദാരമേയിൽ ചില പദങ്ങളും മറ്റു പല പാട്ടുകളും പാടിച്ചു. ഏകദേശം 4 മണിയോടുകൂടി അവിടെ

നിന്നും പോന്നു. വഴിമദ്ധ്യവച്ച് അമ്മയോടു യാത്ര പറഞ്ഞു 5 മണിക്ക് തിരിയെ എത്തി. ശിഷ്യന്മാരെ ഒരു സംസ്കൃത ശ്ലോകം പഠിപ്പിച്ചു. വിശ്വേ വിജയം കാവ്യം പ്രഥമസർഗ്ഗം 44 ശ്ലോകം വായിച്ചു. ഗായിക ജാനകിഅമ്മയ്ക്ക് ഒരു നല്ല പദം വേണമെന്ന് അവർ ആവശ്യപ്പെടുകയാൽ ഒരു പ്രതി അയച്ചു. അതിൽ എഴുതിയ ശ്ലോകം:—

ഗാനകലാനൈപുണ്യം
മാനസഹരശബ്ദമാധുരീരമ്യം
ഊനതയെന്യേ കലരും
ജാനകിയമ്മയ്ക്കിതെൻറെ സമ്മാനം."

ഈ ഡയറിയെഴുത്ത് മരണത്തിന്നു മുന്നു നാലു ദിവസം മുൻപുവരെ അദ്ദേഹമായി ഇടർന്നുകൊണ്ടിരുന്നതായി കാണുന്നു. മരണകാരണമായ സുഖക്കേട് പിടിപെട്ടതു 1089 ചിങ്ങം 11-നു-യാണ്. അന്നത്തെ ഡയറിയിലെ ഒരു ഭാഗം നോക്കുക. "മനോരമ വായിച്ചു. കൊട്ടാരത്തിലെ കൊച്ചുപ്പിൻറെ മകൻ എൻ. മാധവൻപിള്ള കൊണ്ടുവന്ന അദ്ദേഹത്തിൻറെ ചരമോപകാരമായ അമ്പതോളം ശ്ലോകം നോക്കിത്തിരുത്തിക്കൊടുത്തു. ഭാഗ്യോദയം, കേസരി, സത്യനാദം ഇവ വായിച്ചു. തിരുവല്ലാ വേങ്ങൽ കെ. ജി. ഇട്ടി വൈദ്യൻ എന്ന ആൾ അയച്ച ബാലപരിശീലനവും ഉജ്ജീവനിയും ഏകദേശം വഞ്ചിപ്പാട്ടും കിട്ടി വായിച്ചു. അന്തോഷമായെന്ന വിവരത്തിന്ന മറുപടിയെഴുതി....." മരണശയ്യയിൽ കിടക്കുമ്പോഴും കവിത തിരയുന്നു! എന്തൊരു കൃത്യനിഷ്ഠ! എത്ര അഭിയുക്തസഹിഷ്ണുതയും!

ഉപസംഹാരം

താൻ അത്യന്തം സ്നേഹിച്ചിരുന്ന "കേരവീരം" അച്ചടിച്ചു പുസ്തകരൂപത്തിലായിക്കാണണമെന്നതിനുള്ള മോഹം കേരവപിള്ളയ്ക്കുണ്ടായിരുന്നു. പുസ്തകത്തിന്റെ അച്ചടി ഇടക്കിടെ നിന്നിരുന്നു. ടിപ്പണവും അദ്ദേഹം തന്നെ എഴുതിത്തീർത്തു. 1088 കർക്കടകം 20-ൻ മുഖവുരയും എഴുതി. അച്ചടി പന്ത്രണ്ടാംസ്ഥിതിയെത്തിയപ്പോഴേക്ക് അദ്ദേഹം കിടപ്പിലായിപ്പോയി. മൂത്രകൃച്ഛ്രം ഒരു പതിവായിരുന്ന സുഖക്കേട്. അതു മരണത്തിനു കാരണമായിത്തീരുമെന്നു് ആരും വിചാരിച്ചിരുന്നില്ല. ടിക്കിടക്കയിൽ കിടക്കുന്ന അവസരത്തിൽപോലും കേരവീരത്തിന്റെ പ്രൂഫ് അദ്ദേഹം സ്വയം തിരുത്തിക്കൊടുത്തുകൊണ്ടിരുന്നു. അച്ചടിതീരാറാകുംപോലും പുസ്തകത്തിൽ കടന്നുകൂടാൻ സമ്മതിക്കയില്ലെന്നുള്ള തീവ്രവ്രതത്തോടുകൂടിയാണു് ആ മഹാത്മാവിനു പ്രവർത്തിച്ചുകൊണ്ടിരുന്നതു്. 12-ാംസ്ഥിതിന്റെ അവസാനപ്രൂഫ് പോലും ടിക്കിടക്കയിൽ കിടന്നുകൊണ്ടു് അദ്ദേഹം തിരുത്തിക്കൊടുത്തയയ്ക്കുകയുണ്ടായി. ടിപ്പണത്തിന്റെ പ്രൂഫും സ്വയം തിരുത്തണമെന്നു്, സുഖക്കേടു് അധികമായ ഘട്ടത്തിൽപോലും അദ്ദേഹം നിർബ്ബന്ധിച്ചുവെങ്കിലും വൈദ്യനും വീട്ടുകാരും അതിനെ സമ്മതിക്കാതിരുന്നതിനാൽ ബാക്കി പ്രൂഫുകൾ തിരുത്തിക്കൊടുക്കുന്ന ജോലി തന്റെ ഒരു പ്രധാനശിഷ്യനായ കെ. പി. നാരായണനുണ്ണിയെ ഏല്പിച്ചു.

1089 ചിങ്ങം 11-ാം ൻ കേ. സി. കിടപ്പിലായി. അന്നവരെ പതിവുപോലെ കൊട്ടാരത്തിൽ പോയിരുന്ന സുഖക്കേടിന്റെ വിവരമറിഞ്ഞു് ശ്രീമൂലംതിരുനാൾ മഹാരാജാവു തിരുമനസ്സുകൊണ്ടു് കൊട്ടാരം ഡാക്ടറായിരുന്ന വി.

എൻ. നാരായണപിള്ളയെ ചികിത്സയ്ക്കായി പ്രത്യേകം ചട്ടംകെട്ടി അയയ്ക്കുകയുണ്ടായി. സുഖക്കേട് ഇടയ്ക്ക് അല്പ മൊന്നു കുറയുന്ന ഭാവം കാണുകയും ചെയ്തു. 14-ാംന് വരെ വീട്ടുജോലികൾ ഒരുവിധം സ്വയം നിർവ്വഹിച്ചുപോന്നു. 15-ാംന്യതിയെ ഡയറിക്കുടി സ്വന്തം കൈയ്ക്ഷരത്തിൽ എഴുതിയതായി കാണുന്നുണ്ട്. രോഗം മൂർദ്ധന്യദശയിലെത്തിയിരുന്ന അവസരത്തിൽപോലും കേരവിയത്തിന്റെ കുറ്റ്യ ഇടയ്ക്കിടെ അന്വേഷിച്ചുകൊണ്ടിരുന്നുവത്രെ! 20-ാംൻ പകൽ പന്ത്രണ്ടുമണിക്ക് ആ പാവനാത്മാവ് ജഡബന്ധത്തെ കൈവെടിഞ്ഞു. ശവസംസ്കാരത്തിന് "പട്ടും കച്ചയും" കൊട്ടാരത്തിൽനിന്നു കൊടുത്തയച്ചു. ജീവിച്ചിരുന്നപ്പോഴും മരിച്ചപ്പോഴും കൊട്ടാരം ആ കവിശ്രേഷ്ഠനെ വേണ്ടപോലെ ബഹുമാനിച്ചു.

കവി കാലയവനികയ്ക്കുള്ളിൽ അന്തർദ്ധാനംചെയ്തതിനു ശേഷമാണ് കാവ്യം പുറത്തുവന്നത്. "കേരവീയം മഹാകാവ്യം" കെ. സി. കേരവപിള്ളയുടെ "വിജയസ്തംഭ" ത്തിനു പോലെ "സ്മാരകസ്തംഭ" മായും തീരണമെന്നായിരിക്കാം ഈശ്വരേച്ഛ!

Printed at the Saraswathi (Elec.) Ptg. & Pbg. House Trichur.

K.C. കേശവപിള്ള

നിങ്ങളുടെ

ലൈബ്രറിക്കുള്ള പുതിയ പുസ്തകങ്ങൾ.

1.	പ്രണയചികിത്സ (മനഃശാസ്ത്രഹാസനം)	1-0-0
2.	ശിഥിലബന്ധം ടി	1-0-0
3.	തത്ത്വമസി—അഥവാ നരേന്ദ്രബാബു (ബങ്കുരാജിനോവൽ)	2-4-0
4.	മഹാത്മാഗാന്ധി—(മഹാത്മജിയുടെ ജീവചരിത്രം)	2-0-0
5.	ബാപ്പുജി (ഒരു തീരുമാനപഠനം)	2-0-0
6.	തസ്കരപ്രേമം	2-0-0
7.	ജവഹർലാൽ നെഹ്റു	2-0-0
8.	രേണുക	1-8-0
9.	ഒന്നാംശ്ലോകത്തിലെ	2-8-0
10.	ഫലിതപ്രയോഗം	1-8-0
11.	അഹംമതി	2-0-0
12	ഐതിഹ്യമണിമാലയിലെ 8 മുത്തുകൾ കൊരുത്തെടുത്തിന്നു	3-0-0
13.	തങ്കക്കുടം (കവിത)	1-8-0
14.	സാഹിത്യരത്നാകരം (ലേഖനസമാഹാരം)	2-8-0
15.	ചിത്രദർശിനി (തൂലികാചിത്രം)	2-0-0
16.	കാറിനേടേ (മേഘസന്ദേശം തർജ്ജമ)	1-4-0
17.	ചെറുകഥകൾ (നടവിൽമഠം)	2-0-0
18.	സേവാസദനം	2-8-0
19.	കെ. സി. കേശവപിള്ള	1-8-0

Saraswathi (Electric) Printing & Publishing House. TRICHUR.